2020 മാർച്ച്
17
ചൊവ്വ
1195 മീനം 4

# മെട്രൊ വാർത്ത

Scan me
www.metrovaartha.com

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | റായ്പുർ www.metrovaartha.com 12 പേജ് ₹ 7.00 ALAPPUZHA

**തൊടണോ വേണ്ടയോ...?**

*കൊറോണ രോഗ പ്രതിരോധത്തിനായി പലരും മാസ്ക് ധരിക്കാറുണ്ടെങ്കിലും അതിൽ ഇടയ്ക്കിടെ സ്പർശിക്കുന്നതും ഊരി മാറ്റുന്നതും പതിവാണ്. മാസ്കിൽ സ്പർശിച്ചാൽ രോഗാണുക്കൾ പടരാൻ ഇടയുണ്ടെന്ന വസ്തുത പലർക്കും അറിയില്ല. കൊച്ചി നഗരത്തിലൂടെ മാസ്ക് ധരിച്ച് അമ്മയോടൊപ്പം പോകുന്ന പെൺകുട്ടി.* - മനു ഷെല്ലി

## ഡോക്റ്റർക്ക് കൊറോണ: ശ്രീചിത്രയിലെ 76 പേർ നിരീക്ഷണത്തിൽ

- ഇവരിൽ 43 പേർ ഡോക്റ്റർമാർ, 13 നഴ്സുമാർ
- വി. മുരളീധരന്‍റെ ഓഫിസ് വിശദീകരണം തേടി

തിരുവനന്തപുരം: വിദേശത്തു നിന്നു തിരിച്ചെത്തിയ തിരുവനന്തപുരം ശ്രീചിത്ര മെഡിക്കൽ സെന്‍ററിലെ ഡോക്റ്റർക്ക് കൊറോണ വൈറസ് ബാധയുണ്ടെന്നു സ്ഥിരീകരിച്ചതിനു പിന്നാലെ, ഇദ്ദേഹവുമായി സമ്പർക്കം പുലർത്തിയതായി സംശയമുള്ള 76 പേരെ നിരീക്ഷണത്തിലാക്കി. ആറ് വിഭാഗങ്ങളിലെ 43 ഡോക്റ്റർമാരെയും 18 നഴ്സുമാരെയും 13 ടെക്നിക്കൽ സ്റ്റാഫ് അംഗങ്ങളെയുമാണ് വീടുകളിൽ നിരീക്ഷണത്തിലാക്കിയത്.

രോഗം ബാധിച്ച ഡോക്റ്റർ ജോലി ചെയ്ത റേഡിയോളജി ലാബ് അടച്ചുപൂട്ടുകയും ചെയ്തു. അത്യാവശ്യമല്ലാത്ത ശസ്ത്രക്രിയകൾ അടക്കം നിർത്തിവയ്ക്കാനും സാധ്യതയുണ്ട്. സ്പെയിനിലേക്ക് പരിശീലനത്തിന് പോയി തിരിച്ചെത്തിയ ഡോക്റ്റർക്കാണ് രോഗം സ്ഥിരീകരിച്ചിരിക്കുന്നത്. ഇദ്ദേഹമിപ്പോൾ മെഡിക്കൽ കോളെജിൽ ചികിത്സയിലാണ്. വിദേശത്തു നിന്നെത്തിയ ശേഷം ഡോക്റ്റർ മൂന്നുദിവസം ശ്രീചിത്രയിൽ ജോലിക്കെത്തിയിരുന്നു. അതിനാലാണ് ഇത്രയധികം പേരെ നിരീക്ഷണത്തിലാക്കിയത്.

അതിനിടെ, ശ്രീചിത്രയിൽ ശനിയാഴ്ച നടന്ന ഉന്നതതല യോഗത്തിൽ പങ്കെടുത്ത കേന്ദ്രമന്ത്രി വി. മുരളീധരൻ ആശുപത്രി അധികൃതരിൽ നിന്ന് വിശദീകരണം തേടി. യോഗത്തിനു മുമ്പായി ഏതെങ്കിലും തരത്തിൽ മുൻകരുതൽ എടുക്കേണ്ടതുണ്ടോ എന്ന് ആശുപത്രി അധികൃതരോട് മുരളീധരന്‍റെ ഓഫിസ് ചോദിച്ചിരുന്നു. എന്നാൽ അത്തരത്തിൽ ഒരു പ്രശ്നവും ഇല്ലെന്നായിരുന്നു മറുപടി.

തുടർന്ന് മന്ത്രി യോഗത്തിൽ പങ്കെടുക്കുകയും ചെയ്തു. രോഗബാധിതനായ ഡോക്റ്ററോടൊപ്പം ജോലിചെയ്ത ആരെങ്കിലും ഈ യോഗത്തിൽ പങ്കെടുത്തിരുന്നോ എന്ന സംശയത്തിലാണ് മന്ത്രിയുടെ ഓഫിസ് ഇപ്പോൾ വിശദീകരണം തേടിയിരിക്കുന്നത്.

**വൈറസ് ചങ്ങല മുറിക്കുക..!**

തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ ചേർന്ന സർവകക്ഷി യോഗത്തിൽ പങ്കെടുത്ത ശേഷം മടങ്ങുന്ന മുഖ്യമന്ത്രി പിണറായി വിജയന് ജീവനക്കാരി കൈയിൽ പുരട്ടാനായി സാനിറ്റൈസർ കൊടുക്കുന്നു. ആരോഗ്യ മന്ത്രി കെ.കെ. ശൈലജ സമീപം. - കെ.ബി. ജയചന്ദ്രൻ

### പിഎസ്‌സി പരീക്ഷകളും അഭിമുഖങ്ങളും കായിക പരീക്ഷകളും മാറ്റി

തിരുവനന്തപുരം: കൊറോണ വൈറസ് വ്യാപനത്തിന്‍റെ പശ്ചാത്തലത്തിൽ എല്ലാ പിഎസ്‌സി പരീക്ഷകളും അഭിമുഖങ്ങളും കായിക പരീക്ഷകളും മാറ്റിവച്ചു.

ഏപ്രിൽ 14 വരെ നിശ്ചയിച്ചിരുന്ന പരീക്ഷകളാണ് മാറ്റിയത്. മാർച്ച് 31വരെ നിശ്ചയിച്ചിരുന്ന വകുപ്പുതല പരീക്ഷകളും മാറ്റി. ഏപ്രിൽലിലെ ഇന്‍റർവ്യൂ പ്രോഗ്രാം പുതുക്കി പ്രസിദ്ധീകരിക്കും.

നേരത്തേ മാർച്ച് 20 വരെ നിശ്ചയിച്ചിരുന്ന പരീക്ഷകൾ, ഒറ്റത്തവണ പ്രമാണ പരിശോധന, പ്രായോഗിക പരീക്ഷകൾ എന്നിവ മാറ്റിവച്ചിരുന്നു.

### മദ്യശാലകൾ പൂട്ടില്ല: മുഖ്യമന്ത്രി

തിരുവനന്തപുരം: കൊവിഡ് 19 വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ ബെവ്റെജസ് കോർപ്പറേഷൻ മദ്യശാലകൾ അടച്ചിടില്ലെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. അവിടെ ആവശ്യമായ ക്രമീകരണങ്ങൾ നടത്തും. അകലം പാലിച്ചു ക്യൂ നിൽക്കട്ടെയെന്നും അദ്ദേഹം. കുടുംബ കോടതികളിലെ കേസുകൾ നീട്ടിവയ്ക്കാൻ ഹൈക്കോടതി രജിസ്ട്രാറുമായി ബന്ധപ്പെടും- മുഖ്യമന്ത്രി പറഞ്ഞു.

## മൂന്നുപേർക്കു കൂടി രോഗബാധ

**ചികിത്സയിലുള്ളവർ 24**
**നിരീക്ഷണത്തിൽ 12,740**

**സ്വന്തം ലേഖകൻ**

തിരുവനന്തപുരം: കേരളത്തിൽ ഇന്നലെ മൂന്നുപേർക്കു കൂടി കൊവിഡ് 19 കൊറോണ വൈറസ് ബാധ സ്ഥിരീകരിച്ചു. മലപ്പുറം, കാസർകോട് ജില്ലക്കാരാണിവർ. കാസർകോട് സ്വദേശി ദുബായിൽ നിന്നും മറ്റു രണ്ടു പേർ സൗദിയയിൽ നിന്നും വന്നവരാണ്. ഇതോടെ കേരളത്തിൽ ഇതുവരെ കൊറോണ സ്ഥിരീകരിച്ചവരുടെ എണ്ണം 27 ആയി. ഇവരിൽ മൂന്നുപേർ നേരത്തേ രോഗമുക്തി നേടിയിരുന്നു. 24 പേർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്.

വിവിധ ജില്ലകളിലായി 12,740 പേർ നിരീക്ഷണത്തിലാണ്. 12,470 പേർ വീടുകളിലും 270 പേർ ആശുപത്രികളിലും. രോഗലക്ഷണങ്ങളുള്ള 2,297 വ്യക്തികളുടെ സാംപിളുകൾ പരിശോധനയ്ക്ക് അയച്ചിരുന്നു. ലഭ്യമായ 1,693 സാംപിളുകളുടെ ഫലം നെഗറ്റിവാണ്. ഇന്നലെ 72 പേരെ ആശുപത്രികളിൽ പ്രവേശിപ്പിച്ചു. സാംപിൾ പരിശോധനയ്ക്കായി തൃശൂർ മെഡിക്കൽ കോളെജിൽ ഒരു ലാബ് കൂടി ഇന്നലെ പ്രവർത്തനം തുടങ്ങി.

146 ലോക രാജ്യങ്ങളിൽ രോഗം പടർന്നു പിടിക്കുന്നതിനാൽ ജാഗ്രതയും നിരീക്ഷണവും ശക്തിപ്പെടുത്തിയെന്നും, മതസ്ഥാപനങ്ങൾക്കും മറ്റു ചടങ്ങുകൾക്കും ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ ഇനിയും തുടരേണ്ടിവരുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. വിവാഹച്ചടങ്ങുകൾക്ക് നൂറ് പേരിൽ കൂടുതൽ പങ്കെടുക്കാൻ പാടില്ല. ഇന്നലെ ചേർന്ന സർവകക്ഷിയോഗം പ്രതിരോധ പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. എല്ലാവരും ഒരുമിച്ചു നിൽക്കുന്നുണ്ട്- മുഖ്യമന്ത്രി പറഞ്ഞു.

ആരാധനാലയങ്ങളിൽ നിലവിൽ ഏർപ്പെടുത്തിയ നിയന്ത്രണം ഒരു ഘട്ടം കൂടി കടക്കണം. ആളുകൾ കൂടുന്ന സാഹചര്യം ഒഴിവാക്കാൻ മതസ്ഥാപന മേധാവികൾ ശ്രദ്ധിക്കണം. ജോലിയില്ലാത്ത ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടംകൂടി തെരുവിലിറങ്ങാതെ ക്യാംപുകളിൽ തന്നെ കഴിയണം. ആരോഗ്യ മന്ത്രി കെ.കെ. ശൈലജയും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

### നിരീക്ഷണത്തിൽ കഴിഞ്ഞയാൾക്ക് അപകടം: ചികിത്സിച്ച ഡോക്റ്റർമാർ നിരീക്ഷണത്തിൽ

തിരുവനന്തപുരം: വിദേശത്തു നിന്നെത്തി വീട്ടിൽ നിരീക്ഷണത്തിൽ കഴിയാൻ നിർദേശിക്കപ്പെട്ടയാൾ വാഹനവുമായി പുറത്തിറങ്ങി അപകടത്തിൽപ്പെട്ടു. പരുക്കേറ്റ ഇയാളെ ശസ്ത്രക്രിയ നടത്തി. ഇതോടെ ഇയാളെ ചികിത്സിച്ച തിരുവനന്തപുരം മെഡിക്കൽ കോളെദിലെ ഡോക്റ്റർമാരെയെല്ലാം വീടുകളിൽ നിരീക്ഷണത്തിലേക്ക് മാറ്റി.

വിദേശത്തുനിന്ന് അടുത്തിടെ എത്തിയ ഇയാൾക്ക് കൊറോണ രോഗലക്ഷണങ്ങളുണ്ടായിരുന്നു. തുടർന്ന് വീട്ടിൽ ക്വാറന്‍റൈനിൽ കഴിയാൻ നിർദേശിച്ചിരുന്നു. ഇതു ലംഘിച്ചാണ് ഇയാൾ പുറത്തിറങ്ങുകയും വാഹനം അപകടത്തിൽപ്പെടുകയും ചെയ്തത്. പുനലൂരിൽ ഞായറാഴ്ച വൈകിട്ടായിരുന്നു അപകടം. പ്രാഥമിക ചികിത്സയ്ക്കു ശേഷം തിരുവനന്തപുരം മെഡിക്കൽ കോളെജിലെത്തിച്ചു. അവിടെ ശസ്ത്രക്രിയയ്ക്ക് വിധേയനാക്കി.

മെഡിക്കൽ കോളെജിൽ ഇയാളെ ചികിത്സിച്ച കാഷ്വാലിറ്റി, സർജറി വിഭാഗങ്ങളിലെ ഡോക്റ്റർമാരോടാണ് അവധിയിൽ പ്രവേശിക്കാൻ ആവശ്യപ്പെട്ടത്. തുടർചികിത്സയുടെ ഭാഗമായി ഇയാളെ അസ്ഥിരോഗ വിഭാഗത്തിലും സർജറി വിഭാഗത്തിലും കൊണ്ടുപോയിരുന്നു.

ഇന്നലെ രാവിലെയാണ് കൊറോണ സംശയിച്ച് നിരീക്ഷണത്തിലാക്കിയിരുന്ന ആളാണ് ഇയാളെന്ന വിവരം അറിയുന്നത്. അപ്പോൾ തന്നെ ഇയാളെ ഐസൊലേഷനിലേക്ക് മാറ്റി.

എന്നാൽ, ഇയാളുടെ ആദ്യ സാംപിൾ പരിശോധനാ ഫലം ഇന്നലെ വൈകിട്ടു ലഭിച്ചപ്പോൾ അതു നെഗറ്റീവാണ് എന്നത് എല്ലാവർക്കും ആശ്വാസമായിട്ടുണ്ട്.

## മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളും അടച്ചിടാൻ കേന്ദ്ര നിർദേശം

**രാജ്യത്ത് ആകെ രോഗബാധിതർ 114**
**ഡിസ്ചാർജ് ചെയ്യപ്പെട്ടവർ 10**
**രോഗം ഭേദമായവർ 03 മരണം 02**

ന്യൂഡൽഹി: കൊറോണ വൈറസ് വ്യാപനത്തിന്‍റെ പശ്ചാത്തലത്തിൽ രാജ്യത്തെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളും അടച്ചിടാൻ കേന്ദ്ര സർക്കാരിന്‍റെ നിർദേശം. കേന്ദ്ര ആരോഗ്യമന്ത്രി ഡോ. ഹർഷവർധന്‍റെ അധ്യക്ഷതയിൽ ചേർന്ന അഞ്ചംഗ മന്ത്രിതല സമിതിയുടെ യോഗത്തിനു ശേഷമാണ് കർശന പ്രതിരോധ നടപടികൾ പ്രഖ്യാപിച്ചത്. നിയന്ത്രണങ്ങളെല്ലാം നാളെ നിലവിൽ വരും.

സ്കൂളുകൾ, സർവകലാശാലകൾ, ജിനേഷ്യങ്ങൾ, മ്യൂസിയങ്ങൾ, സാംസ്കാരിക-സാമൂഹ്യ കേന്ദ്രങ്ങൾ, സ്വിമ്മിങ് പൂളുകൾ, മാളുകൾ, സിനിമ തിയെറ്ററുകൾ എന്നിവയെല്ലാം അടച്ചിടണം. പൊതുഗതാഗത സംവിധാനത്തിലെ യാത്രകൾ കുറയ്ക്കണം, ജീവനക്കാർക്ക് വീട്ടിലിരുന്ന് ജോലി ചെയ്യാനുള്ള സാഹചര്യം കമ്പനികൾ ഒരുക്കണം, ആളുകൾ തമ്മിൽ ഒരു മീറ്റർ അകലം പാലിക്കണം- ആരോഗ്യവകുപ്പ് ജോയ്ന്‍റ് സെക്രട്ടറി ലവ് അഗർവാൾ അറിയിച്ചു.

കൊറോണ വ്യാപനവുമായി ബന്ധപ്പെട്ട് ഇനിയുള്ള സമയം വളരെ നിർണായകമാണ്. അതിനാൽ ഗൾഫിൽ നിന്ന് വരുന്നവരെ നിർബന്ധമായും മാറ്റിപ്പാർപ്പിക്കണം. യൂറോപ്യൻ യൂണിയൻ രാജ്യങ്ങൾ, യൂറോപ്യൻ ഫ്രീ ട്രെയ്ഡ് അസോസിയേഷൻ, കുർക്കി, ബ്രിട്ടൻ എന്നിവിടങ്ങളിൽ നിന്നുള്ള യാത്രക്കാരെ നാളെ മുതൽ 31 വരെ ഇന്ത്യയിലേക്കു കൊണ്ടുവരരുതെന്ന് വിമാനകമ്പനികൾക്ക് നിർദേശമുണ്ട്. യൂറോപ്പിലേക്കും യാത്രാ നിരോധനം ഏർപ്പെടുത്തി.

കൊവിഡ്19 പരിശോധനയ്ക്കുള്ള പത്തുലക്ഷം കിറ്റുകൾ ജർമനിയിൽ നിന്ന് ഉടൻ എത്തിക്കും. അവശ്യവസ്തുക്കളായി പ്രഖ്യാപിച്ച സാനിറ്റൈസർ, മാസ്കുകൾ എന്നിവയ്ക്കു കുറഞ്ഞ വിൽപന വില നിശ്ചയിക്കാൻ തീരുമാനമായി.

**അതിജാഗ്രത..!**

പാർലമെന്‍റിൽ മാസ്ക് ധരിച്ച് സുരക്ഷാ ഡ്യൂട്ടി ചെയ്യുന്ന ഡൽഹി പൊലീസ് ഉദ്യോഗസ്ഥൻ. - ആർ. രവീന്ദ്രൻ

### മധ്യപ്രദേശ്: സഭാ നടപടികൾ 26 വരെ മാറ്റിവച്ചു

## ഇന്നു വിശ്വാസം തേടണമെന്ന് ഗവർണർ, വിശ്വാസ പ്രമേയം അവതരിപ്പിക്കില്ല: കമൽ നാഥ്

ഭോപ്പാൽ: കൊറോണ ഭീഷണിയുടെ പശ്ചാത്തലത്തിൽ മധ്യപ്രദേശ് നിയമസഭാ സമ്മേളന നടപടികൾ മാർച്ച് 26 വരെ നീട്ടിവച്ച് സ്പീക്കർ. എന്നാൽ, ഇന്നു തന്നെ കമൽ നാഥ് സർക്കാർ സഭയിൽ ഭൂരിപക്ഷം തെളിയിക്കണമെന്ന് ഗവർണറുടെ അന്ത്യശാസനം. ഇന്നലെ രാത്രി ഗവർണർ ലാൽജി ടാൻഡനെ കണ്ട് സർക്കാരിനു ഭൂരിപക്ഷമുണ്ടെന്നും സഭയിൽ വിശ്വാസപ്രമേയം അവതരിപ്പിക്കില്ലെന്നും വ്യക്തമാക്കി മുഖ്യമന്ത്രി കമൽ നാഥ്. ധൈര്യമുണ്ടെങ്കിൽ ബിജെപി അവിശ്വാസ പ്രമേയം കൊണ്ടുവരട്ടെയെന്നു മുഖ്യമന്ത്രിയുടെ വെല്ലുവിളി.

വിശ്വാസ വോട്ടു തേടാൻ സർക്കാരിനോടു നിർദേശിക്കണമെന്നാവശ്യപ്പെട്ട് മുൻ മുഖ്യമന്ത്രിയും ബിജെപി നേതാവുമായ ശിവരാജ് സിങ് ചൗഹാൻ സുപ്രീം കോടതിയെ സമീപിച്ചിട്ടുമുണ്ട്. ഈ ഹർജിയിൽ കോടതിയുടെ വിധിയും ഇന്നുണ്ടാവും. 22 വിമത എംഎൽഎമാരുടെ രാജിയെത്തുടർന്നു പ്രതിസന്ധിയിലായ കോൺഗ്രസ് സർക്കാരിന്‍റെ ഭാവി തുലാസിൽ തുടരുന്നു.

രാവിലെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിനു ശേഷമാണ് സഭാനടപടികൾ മാർച്ച് 26 വരെ നിർത്തിവയ്ക്കാനുള്ള തീരുമാനം സ്പീക്കർ എൻ.പി. പ്രജാപതി പ്രഖ്യാപിച്ചത്. ഭരണപക്ഷത്തിന്‍റെ അഭിപ്രായം കണക്കിലെടുത്തായിരുന്നു ഇത്.

ഇന്നലെ തന്നെ സഭയിൽ വിശ്വാസം തെളിയിക്കണമെന്ന ഗവർണറുടെ നിർദേശം കോൺഗ്രസ് അവഗണിച്ചു. സഭയിലെ ഭൂരിപക്ഷം സംബന്ധിച്ചു തീരുമാനിക്കേണ്ടതു സ്പീക്കറാണെന്നാണ് അവരുടെ വാദം. ഇതിനു പിന്നാലെയാണ് ഗവർണർ വീണ്ടും അന്ത്യശാസനം നൽകിയത്.

**സ്വർണം**

| | |
|---|---|
| ഗ്രാം | - 3,825 |
| പവൻ | - 30,600 |

**മെട്രൊ മാധവം**

ബെഹ്റയ്ക്കും ബാറുകൾക്കും ഇളവു നൽകിയത് ഇരട്ടത്താപ്പ്: ഷാഫി പറമ്പിൽ

താപ്പാനകളല്ലേ...!

www.facebook.com/metrovaarthaofficial

## വാളയാർ കേസ്: വെറുതെവിട്ട പ്രതികളെ അറസ്റ്റ് ചെയ്യാൻ ഹൈക്കോടതി നിർദേശം

കൊച്ചി: വാളയാർ കേസിൽ പാലക്കാട് പോക്സോ കോടതി വെറുതെ വിട്ട നാലു പേരടക്കം അഞ്ചു പ്രതികളെയും അറസ്റ്റ് ചെയ്യാൻ ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ്. വിചാരണ കോടതിയിൽ ഹാജരാക്കിയാൽ പ്രതികൾക്ക് ജാമ്യം അനുവദിക്കണമെന്നും ചീഫ് ജസ്റ്റിസ് അടങ്ങിയ ഡിവിഷൻ ബെഞ്ച് ഉത്തരവിട്ടു. പ്രതികളെ വെറുതെ വിട്ടതിനെതിരേ സംസ്ഥാന സർക്കാർ നൽകിയ അപ്പീലിലാണ് ഹൈക്കോടതി നിർദേശം.

വാളയാർ കേസിൽ തുടരന്വേഷണവും പുനർവിചാരണയും വേണമെന്ന ആവശ്യം ഉന്നയിച്ചാണ് സർക്കാർ ഹർജി നൽകിയത്. ഹൈക്കോടതി ഉത്തരവ് പ്രതീക്ഷ നൽകുന്നതാണെന്നും പ്രതികൾക്കു വധശിക്ഷ കിട്ടുമെന്നാണ് കരുതുന്നതെന്നും പെൺകുട്ടികളുടെ അമ്മ പ്രതികരിച്ചു.

രണ്ടു കേസുകളിലായി പ്രായപൂർത്തിയാകാത്ത ഒരാൾ അടക്കം അഞ്ച് പ്രതികളായിരുന്നു കേസിൽ ഉൾപ്പെട്ടത്. ഇതിൽ പ്രദീപ് എം മധു, വി. മധു, ഷിബു എന്നിവരെയാണ് 2019 ഒക്റ്റോബർ അഞ്ചിനു തെളിവില്ലെന്ന് ചൂണ്ടിക്കാട്ടി പോക്സോ കോടതി കുറ്റവിമുക്തരാക്കിയത്. പ്രായപൂർത്തിയാകാത്ത മറ്റൊരു പ്രതിയുടെ വിചാരണ ജുവനൈൽ കോടതി മരവിപ്പിച്ചിരിക്കുകയാണ്. പ്രതികളെ വെറുതെ വിട്ട നടപടിക്കെതിരേ സർക്കാരും കുട്ടികളുടെ അമ്മയും നൽകിയ അപ്പീൽ വേനലവധി കഴിഞ്ഞ് മേയ് 25ന് ഹൈക്കോടതി വീണ്ടും പരിഗണിക്കും.

വാളയാറിൽ 13 വയസുകാരിയെ 2017 ജനുവരി 13നും സഹോദരിയായ ഒമ്പതു വയസുകാരിയെ 2017 മാർച്ച് നാലിനുമാണ് വീട്ടിനകത്തു തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്. പ്രോസിക്യൂഷന്‍റെയും പൊലീസിന്‍റെയും ഭാഗത്തുനിന്നുണ്ടായ വീഴ്ചകളാണ് പ്രതികളെ വെറുതെ വിടാൻ ഇടയാക്കിയതെന്നും വേണ്ടത്ര തെളിവുകൾ പരിഗണിച്ചിരുന്നില്ലെന്നും സർക്കാർ വാദിച്ചു. നിലവിലുള്ള സാഹചര്യത്തിൽ തുടരന്വേഷണത്തിൽ പ്രതികൾ കുറ്റക്കാരെന്നു കണ്ടെത്തിയാൽ ശിക്ഷിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടാകും. പ്രതികൾ രാജ്യം വിടാൻ പോലും സാധ്യതയുണ്ട് എന്നതു പരിഗണിച്ചാണ് ഹൈക്കോടതി പ്രതികളെ അറസ്റ്റ് ചെയ്ത് ജയിലിൽ ഇടുകയോ ജാമ്യത്തിൽ വിടുകയോ വേണമെന്നു നിർദേശിച്ചത്. ആറ് പ്രതികൾക്കെതിരേ ബെയിലബിൾ അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചു.

## മുൻ ചീഫ് ജസ്റ്റിസ് രഞ്ജൻ ഗോഗോയ് രാജ്യസഭയിലേക്ക്

ന്യൂഡൽഹി: നവംബറിൽ വിരമിച്ച സുപ്രീം കോടതി ചീഫ് ജസ്റ്റിസ് രഞ്ജൻ ഗോഗോയിയെ രാജ്യസഭാംഗമായി രാഷ്ട്രപതി രാംനാഥ് കോവിന്ദ് നാമനിർദേശം ചെയ്തു. നിലവിലുള്ള രാജ്യസഭാംഗങ്ങളിൽ ഒരാൾ വിരമിക്കുന്ന ഒഴിവിലേക്കാണ് അദ്ദേഹമെത്തുക. ഇതുസംബന്ധിച്ച വിജ്ഞാപനം കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഇന്നലെ പുറത്തിറക്കി.

സാമൂഹ്യ- പൊതു രംഗങ്ങൾ, ശാസ്ത്രം, സാഹിത്യം തുടങ്ങിയ മണ്ഡലങ്ങളിൽ മികച്ച സംഭാവന നടത്തിയവരെ രാജ്യസഭയിലേക്ക് രാഷ്ട്രപതിക്കു നാമനിർദേശം ചെയ്യാം. രാജ്യസഭയിലേക്ക് ഒരു മുൻ ചീഫ് ജസ്റ്റിസ് അംഗമായെത്തുന്നത് അപൂർവമാണ്. വിരമിക്കുന്നതിന് തൊട്ടുമുമ്പ് അയോധ്യ കേസ്, ശബരിമല കേസ് തുടങ്ങിയ പല സുപ്രധാന കേസുകളുടെയും വിധികൾ പുറപ്പെടുവിച്ച ബെഞ്ചിന് നേതൃത്വം നൽകിയത് അദ്ദേഹമായിരുന്നു.

രാജ്യത്തിന്‍റെ 46ാമത് ചീഫ് ജസ്റ്റിസായിരുന്നു 1954ൽ ജനിച്ച അസം സ്വദേശിയായ ഗോഗോയി. 2001ൽ ഗുവഹത്തി ഹൈക്കോടതി ജഡ്ജിയായി. തുടർന്ന് പഞ്ചാബ്-ഹരിയാന ഹൈക്കോടതിയിൽ. അക്കൊല്ലം അവിടെ ചീഫ് ജസ്റ്റിസായി. അടുത്ത വർഷം സുപ്രീം കോടതി ജഡ്ജിയായി. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസായി നിയമിതനാകുന്ന ആദ്യ ആളാണിദ്ദേഹം.

## മാറ്റിവച്ചു

ആലപ്പുഴ:മാർച്ച് 31 വരെയുള്ള ഗാന്ധിയൻ ദർശനവേദി, കേരള പ്രദേശ് മദ്യവിരുദ്ധസമിതി എന്നിവയുടെ സമ്മേളനങ്ങൾ, സമരപരിപാടികൾ, മാർച്ച് 29ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന കോട്ടയം നേതൃത്വ പരിശീലനക്യാമ്പ് എന്നിവ മാറ്റിവച്ചതായി ബേബി പാറക്കാടനും ജോൺ മാടമനയും അറിയിച്ചു.

## കരയോഗം രൂപീകരണം

ആലപ്പുഴ:സാധുജന പരിപാലന സംഘം നോർത്താരിയാട് 122-നമ്പർ കരയോഗം രൂപീകരണം ജില്ലാ പ്രസിഡന്റ് സുരേഷ്സഹദേവൻ ഉദ്ഘാടനം ചെയ്തു. സുധാകരൻ അധ്യക്ഷനായി. ഭാരവാഹികൾ : കരുണാകരൻ (പ്രസിഡന്റ്), വി ആർ സുരേന്ദ്രൻ (വൈസ് പ്രസിഡന്റ്), സുധാകരൻ (സെക്രട്ടറി), ബ്രിജേഷ്, സ്നേഹമ്മ (ജോയിന്റ് സെക്രട്ടറിമാർ), സുശീല (ട്രഷറർ).

## കുലവാഴ പുറപ്പാട്

വൈക്കം: തെക്കേനട കാളിയമ്മനട ഭദ്രകാളി ക്ഷേത്രത്തിൽ മീനഭരണി ഉത്സവത്തിന് മുന്നോടിയായി നടത്തിയ കുലവാഴ പുറപ്പാട് ഭക്തിസാന്ദ്രമായി. താലപ്പൊലിയുടെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടെ വൈക്കം മഹാദേവ ക്ഷേത്രത്തിന്റെ കിഴക്കേ ഗോപുരനടയിൽ നിന്നാണ് കുലവാഴ പുറപ്പാട് ക്ഷേത്രത്തിലേക്ക് നീങ്ങിയത്. വൈകിട്ട് ദീപാരാധനയ്ക്കു ശേഷം നാളികേരക്കുലകളും വാഴക്കുലകളും ക്ഷേത്രത്തിന്റെ പ്രധാനഭാഗങ്ങളിൽ കെട്ടി അലങ്കരിച്ചു. 27ന് മീനഭരണി ആഘോഷിക്കും. കളമെഴുത്തുംപാട്ട്, കുംഭകുടം എന്നിവ പതിവുപോലെ നടത്തും. കലാപരിപാടികളും അന്നദാനവും ഒഴിവാക്കിയിട്ടുണ്ട്. കുലവാഴ പുറപ്പാടിന് ക്ഷേത്രം പ്രസിഡന്റ് കെ.പുരുഷോത്തമൻ, സെക്രട്ടറി വി.കെ നടരാജൻ ആചാരി, എസ്.ധനഞ്ജയൻ, കെ.ബാബു, സി.പഴനിയപ്പചെട്ട്യാർ, കെ.പുരുഷൻ, അമ്മിണി ശശി, എം.ടി അനിൽകുമാർ എന്നിവർ നേതൃത്വം നൽകി.

## സമരം നടത്തി

വൈക്കം: പെട്രോളിയം ഉല്പ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ച് ജനങ്ങളെ കൊള്ളയടിക്കുന്ന കേന്ദ്രസർക്കാർ നയത്തിൽ പ്രതിഷേധിച്ച് യൂത്ത് കോൺഗ്രസ് വൈക്കം നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പടിഞ്ഞാറെ നട റോഡിൽ ചക്രസ്തംഭന സമരം നടത്തി. പോലീസ് ഇടപെട്ട് സമരക്കാരെ മാറ്റി ഗതാഗതത്തിന് വഴി തുറന്നു.

## വഴിപാട് നിർത്തി

ചേർത്തല:കൊറോണ വ്യാപനത്തിന്റെ പേരിൽ ആൾക്കൂട്ടങ്ങൾ ഒഴിവാണമെന്ന സർക്കാർ നിർദ്ദേശത്തെ തുടർന്ന് കണിച്ചുകുളങ്ങര ദേവീ ക്ഷേത്രത്തിൽ എല്ലാ ദിവസവും നടത്തി വരുന്ന പുഴുക്കു വഴിപാട് 31 വരെ നിർത്തി വെച്ചതായി ദേവസ്വം സെക്രട്ടറി പി.കെ.ധനേശൻ അറിയിച്ചു.

## കാർ വാടകയ്ക്ക്

ആലപ്പുഴ: കായംകുളം കയർ പ്രോജക്ട് ഓഫീസറുടെ കാര്യാലയത്തിലേക്ക് കാർ (അഞ്ച് സീറ്റ്) വാടകയ്ക്ക് നൽകാൻ താൽപര്യമുള്ള വാഹന ഉടമകളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ചു. മികച്ച പ്രവർത്തനക്ഷമതയുള്ളതും മൂന്നു വർഷത്തിൽ കൂടുതൽ പഴക്കമുള്ളതുമാകരുത്. മാർച്ച് 26 വൈകിട്ട് അഞ്ചു വരെ ക്വട്ടേഷൻ സ്വീകരിക്കും. 28ന് രാവിലെ 11ന് തുറക്കും.വിശദവിവരത്തിന് കായംകുളം കയർ പ്രോജക്ട് ഓഫീസുമായി ബന്ധപ്പെടണം. ഫോൺ 0479-2442469.

## വസ്തു ലേലം

ആലപ്പുഴ: കാർത്തികപ്പള്ളി താലൂക്കിൽ പത്തിയൂർ വില്ലേജിൽ റവന്യൂ റിക്കവറി പ്രകാരം ജപ്തി ചെയ്ത 28413 ാം നമ്പർ തണ്ടപ്പേരിൽ ബ്ളോക്ക് നമ്പർ 21-ൽ റീസർവ്വെ 341/13/2ൽപ്പെട്ട 08.10 ആർസ് നിലം, റീസർവ്വെ 341/15/2ൽ 04.05 ആർസ് നിലം, തണ്ടപ്പേർ നമ്പർ 27697 പ്രകാരമുള്ള റീസർവ്വെ 341/14ൽ 06.42 ആർസ് പുരയിടം എന്നീ വസ്തുക്കളുടെ ലേലം മാർച്ച് 27ന് പകൽ 11ന് പത്തിയൂർ വില്ലേജോഫീസിൽ നടക്കും.

## ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: ഗവ. മെഡിക്കൽ കോളജിലെ ട്രോമാകെയർ വിഭാഗത്തിലേക്ക് ലാമിപഞ്ച് ആൻഡ് ഡിസ്ക് പഞ്ച് വേരിയസ് സൈസ്, ബോൺ നിബ്ലർ ഡബിൾ ആക്ഷൻ ആൻഡ് റിഡക്ഷൻ ഫോർസെഫ് സ്പീഡ് ലോക്ക് പോയിന്റ് സ് വേരിയസ് സൈസ്, ടി ഹാൻഡിൽ ആൻഡ് സെൽഫ് റീടെയിനിങ് റിട്രാക്ടർ അഡ്ജ് ഇന്റർ ചേംബബിൾ ബ്ലെയ്ഡ്, സെൽഫ് റീടെയിനിങ് റിട്രാക്ടർ വേരിയസ് സൈസ് വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു.ഫോൺ:0477-2282015.

*പെട്രോളിയം ഉൽപ്പന്നങ്ങളുടെ ടാക്സ് വർധിപ്പിച്ചതിനെതിരെ യൂത്ത് കോൺഗ്രസ് അമ്പലപ്പുഴ മണ്ഡലം കമ്മിറ്റി നടത്തിയ ചക്രസ്തംഭനം സമരം*

**15 കോടി 40 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് പ്രാജക്ട് റെയിൽവേ ബോർഡ് ചെയർമാന് സമർപ്പിച്ചു**

# ലോക നിലവാരത്തിലേക്ക് ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ

ചെങ്ങന്നൂർ: റെയിൽവേ സ്റ്റേഷൻ ലോക നിലവാരത്തിലാക്കുമെന്ന് കൊടിക്കുന്നിൽ സുരേഷ്എം.പി. പറഞ്ഞു. 15. കോടി നാല്പത് ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് പ്രാജക്ട് റെയിൽവേ ബോർഡ് ചെയർമാന് സമർപ്പിച്ചതായി റെയിൽവേ ബോർഡ് അംഗം കൂടിയായ എം.പി. പറഞ്ഞു.

3.5 കോടി രൂപാ ശബരിമല തീർത്ഥാടകർക്കുള്ള പിൽഗ്രിം സെന്ററിന്റെ വികസനത്തിനായും 3.4 രൂപാ ഉയർന്ന ക്ലാസിലുള്ള യാത്രക്കാരുടെ വെയിറ്റിംഗ് മുറിയുടെയും അനുബന്ധ സൗകര്യങ്ങളുടെയും വികസനത്തിനായും ,80 ലക്ഷം രൂപാ - റെയിൽവേ സ്റ്റേഷൻ കോംപ്ലക്സിനു പുറത്ത് പുതിയ ബുക്കിംഗ് ആഫീസ് നിർമ്മിക്കുന്നതിനും ,2.5 കോടി രൂപാ റെയിൽവേ സ്റ്റേഷന്റെ സർക്കുലേറ്റിംഗ് ഏരിയയുടെ വികസനത്തിനും ബാക്കിത്തുക റെയിൽവേ സ്റ്റേഷന്റെ വിവിധ ഭാഗങ്ങളിലെ അറ്റകുറ്റപണി പൂർത്തീകരിക്കുന്നതിനും ,അനുബന്ധ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും, മുൻവശത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും ചിലവഴിക്കുമെന്നും കൊടിക്കുന്നിൽ സുരേഷ് എം.പി. പറഞ്ഞു.

*ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ*

കായംകുളം ഹരിപ്പാട് എറണാകുളം ചിങ്ങവനം-കുറുപ്പും തറ - ഇരട്ടപ്പാതയുടെ പണി പൂർത്തീകരിക്കേണ്ടതുണ്ട്.ഇതു കാരണമാണ് പുതിയ ട്രയിനുകൾ ഈ റൂട്ടിൽ അനുവദിക്കാത്തത്.ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കാനും ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട് .ഇരട്ടപ്പാതയുടെ നിർമ്മാണം നടക്കുന്ന സ്ഥലങ്ങളിലെ പരിസരവാസികൾക്കും കൃഷിക്കാർക്കും ഒട്ടേറെ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നുണ്ട്. ഇവർക്കുള്ള യാത്രാ സൗകര്യങ്ങൾ കാർഷിക വസ്തുക്കൾ, വളങ്ങൾ, കീടനാശിനികൾ, യന്ത്രങ്ങൾ, പാളം മുറിച്ചു കടക്കുന്നതിനും മറ്റുമുള്ള പലപ്രയാസങ്ങൾ നേരിടേണ്ടി വരുന്നു. റെയിൽവേ പാതയോട് ചേർന്നുള്ള ഭാഗങ്ങൾ പ്രദേശവാസികൾക്ക് സഞ്ചാരയോഗ്യമാക്കി നൽകണമെന്ന് എം.പി. ആവശ്യപ്പെട്ടു.

ഇവർക്കാവശ്യമായ പാത നിർമ്മാണത്തിന് അതാത് പഞ്ചായത്ത് പണം കെട്ടിവെയ്ണമന്നാണ് നിർദ്ദേശം എന്നാൽ ഈ പണം ഒഴിവാക്കണമെന്ന് എം പി ആവശ്യപ്പെട്ടു.

### ചിലവ് ഇങ്ങനെ

**1) 3.5 കോടി രൂപാ ശബരിമല തീർത്ഥാടകർക്കുള്ള പിൽഗ്രിം സെന്ററിന്റെ വികസനത്തിന്.**

**2)3.4 രൂപാ ഉയർന്ന ക്ലാസിലുള്ള യാത്രക്കാരുടെ വെയിറ്റിംഗ് മുറിയുടെയും അനുബന്ധ സൗകര്യങ്ങളുടെയും വികസനത്തിന്.**

**3)80 ലക്ഷം രൂപാ - റെയിൽവേ സ്റ്റേഷൻ ബുക്കിംഗ് ആഫീസ് നിർമ്മിക്കുന്നതിന്.**

**4)2.5 കോടി രൂപാ റെയിൽവേ സ്റ്റേഷന്റെ സർക്കുലേറ്റിംഗ് ഏരിയക്ക്.**

## കനിവിന്റെ ഉറവ് തേടി ഷാജിമോൻ

ചേർത്തല: ഇരുവൃക്കകളും തകരാറിലായ ഗൃഹനാഥൻ ചികിത്സാ സഹായം തേടുന്നു. ചേന്നം പള്ളിപ്പുറം പഞ്ചായത്ത് പതിമൂന്നാം വാർഡ് തിരുനല്ലൂർ കുളത്തിച്ചിറ വീട്ടിൽ ഷാജിമോൻ (52) ആണ് ഉദാരമതികളുടെ സഹായം തേടുന്നത്.ഇരു വൃക്കകളുടെയും പ്രവർത്തനം തകരാറിലായതിനാൽ കഴിഞ്ഞ ഏതാനും മാസങ്ങളായി ഡയാലീസസിന്റെയും മരുന്നിന്റെയും സഹായത്താലാണ് ഈ നിർദന കുടുംബനാഥൻ ജീവൻ നിലനിർത്തുന്നത്. വൈകാതെ കിഡ്ണി മാറ്റി വെക്കണമെന്നാണ് ചികിത്സിക്കുന്ന ഡോക്ടർ പറഞ്ഞിട്ടുള്ളത്. ചേർത്തലയിലെ പൊതുമേഖലാ ബാങ്ക് ശാഖയിലെ പാർടൈം ജോലിക്കാരിയായ ഭാര്യ ശശികലയും ഡിഗ്രിക്കും പ്ലസ്ടുവിനും പഠിക്കുന്ന 2 ആൾ കുട്ടികളും ബ്യൂട്ടിഷ്യൻ കോഴ്സുചെയ്യുന്ന ഒരു പെൺകുട്ടിയും അടങ്ങുന്നതാണ് ഷാജിമോന്റെ കുടുംബം.ഭാര്യക്ക് കിട്ടുന്ന മാസ വരുമാനം പൂർണ്ണമായി ചെലവഴിച്ചാലും ചികിത്സക്ക് തികയുന്നില്ല. കുട്ടികളുടെ പഠിത്തം മുടങ്ങിയ ഘട്ടത്തിലാണ്.ബന്ധുക്കളും നാട്ടുകാരും സഹായിച്ചിട്ടാണ് ചികിത്സ തുടരുന്നത്.



*ഷാജിമോൻ*

ആഴ്ചയിൽ 2 ഡയാലീസസ് ചെയ്യണം. ഇതിന് 6000 രൂപാ വേണം. കൂടാതെ ഇൻജക്ഷനും മരുന്നിനുമായി 3000 വേറേയും. ഇങ്ങനെ മാസം നല്ലൊരു തുക ചികിത്സയ്ക്കായി കണ്ടെത്തേണ്ട അവസ്ഥയിലാണ് ഇവർ. ലോറി ബ്രോക്കർ ഓഫീസിലെ താൽക്കാലിക ജോലിക്കാരനായിരുന്ന ഷാജീ മോന് ഓഫീസ് പ്രവർത്തനം നിലച്ചതോടെ ജോലിയും നഷ്ടമായി. 6 മാസം മുൻപ് ഭാര്യയുടെ മെഡിക്കൽ ക്ലെയിമിന്റെ ഭാഗമായി എറണാകുളത്തെ ഡി.ഡി.ആർ.സി യിൽ പരിശോധിച്ചപ്പോഴാണ് ഷാജിമോന്റെ ബ്ലെഡിൽ ക്രീയാറ്റിന്റെ അളവ് വളരെ അധികമുണ്ടെന്നു കണ്ടെത്തിയത്.തുടർന്നു നടത്തിയ പരിശോധനയിൽ കിഡ്നി രണ്ടും തകരാറിലാണെന്ന് കണ്ടെത്തി മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ അഡ്മിറ്റു ചെയ്തു.21 ദിവസത്തെ ചികിത്സക്ക് 3 ലക്ഷം രൂപയായി.ഇപ്പോൾ ചേർത്തല കെ.വി.എംആശുപത്രിയിലാണ് ഡയാലീസസ് ചെയ്യുന്നത്. വൈകാതെ കിഡ്ണി മാറ്റിവെക്കണം. ബി നെഗറ്റീവ് ബ്ലഡ് ഗ്രൂപ്പായ ഷാജിമോന് ഭാര്യ ശശികലയുടെ കിഡ്നി ചേരില്ല. ശസ്ത്രക്രീയക്കും മറ്റുമായി 30 ലക്ഷത്തോളം രൂപാ വേണ്ടി വരുമെന്നാണ് ആശുപത്രി അധികൃതർ പറഞ്ഞത്. ഇത് കണ്ടെത്താൻ നിർദനനായ ഷാജിമോന്റെ കുടുംബത്തിന് സാധിക്കില്ല. ഉദാരമതികൾ സഹായിക്കണം. ചേന്നം പള്ളിപ്പുറം പഞ്ചായത്ത് പതിമൂന്നാം വാർഡ് അംഗം കെ.എസ് ബാബുവിന്റെ നേതൃത്വത്തിൽ പഞ്ചായത്ത് പ്രസിഡന്റ് പി.ആർ ഹരിക്കുട്ടന്റെയും ശശികലാ ഷാജിയുടേയും പേരിൽ ഷാജിമോന്റെ ചികിത്സാ സഹായ ഫണ്ട് സ്വരൂപിക്കുന്നതിനായി ചേർത്തല ബാങ്ക് ഓഫ് ബറോഡാ

ശാഖയിൽ ഒരു ജോയന്റ് അക്കൗണ്ട് തുറന്നിട്ടുണ്ട്.

അക്കൗണ്ട് നമ്പർ 203401012000276

IFSE CODE BARB 0VJCTHL

# കാവുങ്കൽ ഇനി ഒളിമങ്ങാതെ ക്യാമറാ കണ്ണിൽ

മുഹമ്മ: കാവുങ്കൽ ഗ്രാമവും സമീപ പ്രദേശങ്ങളും ഇനി സി സി ടി വി ക്യാമറ നിരീക്ഷണത്തിൽ ആകും. അഞ്ച് ലക്ഷം രൂപ വിനിയോഗിച്ച് 40 ആധുനിക ക്യാമറകളാണ് സ്ഥാപിക്കുക. മണ്ണഞ്ചേരി , മുഹമ്മ , കഞ്ഞിക്കുഴി പഞ്ചായത്തുകളുടെ സംഗമസ്ഥാനമാണ് കാവുങ്കൽ. കാവുങ്കൽ വടക്കേതറമൂട് മുതൽ മണ്ണഞ്ചേരി ജംഗ്ഷൻ വരേയും പൊന്നാട് മുതൽ ദേശാഭിമാനി വായനശാല, അമ്പലക്കടവ് മുതൽ പടിഞ്ഞാറ് വളവനാട് ജംഗ്ഷൻ വരേയും എല്ലാ ഇടറോഡുകളുടെ ജംഗ്ഷനുകളിലുമാണ് 40 ഹൈ റസലൂഷൻ ഡിജിറ്റൽ നൈറ്റ് വിഷൻ ക്യാമറകളുടെ നിരീക്ഷണത്തിലാകുന്നത്. വർധിക്കുന്ന വാഹനാപകടങ്ങൾ, മോഷണങ്ങൾ, കുട്ടികളെ തട്ടിക്കൊണ്ടു പോകൽ, ബൈക്കിൽ വന്നു മാല പൊട്ടിച്ചു പോകുന്നത് ,മയക്കുമരുന്ന് വിതരണം, ശുചി മുറി മാലിന്യം ജനവാസമേഖലയിൽ തട്ടുന്നത് ,കോഴി മാലിന്യം പൊതുനിരത്തിൽ കൊണ്ടിടുന്നത്, സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള നിരവധി പ്രശ്നങ്ങൾക്ക് ഈ പദ്ധതി നടപ്പാകുന്നതോടെ ഒരു പരിധിവരെ പരിഹാരമാകും.കാവുങ്കൽ ദേവസ്വം സ്കൂളിൽ നടന്ന യോഗത്തിൽ ജനകീയ കമ്മിറ്റി രൂപീകരിച്ചു. മണ്ണഞ്ചേരി സ്റ്റേഷൻ ഹൗസ് ഓഫീസർ ശ്യാം കുമാർ ഉദ്ഘാടനം ചെയ്തു. ആദ്യ സംഭാവന കാവുങ്കൽ ക്ഷേത്ര സന്നിധിയിൽ നടന്ന ചടങ്ങിൽ വിജയൻ പ്രണവം ചെയർമാൻ പി എസ് സന്തോഷ് കുമാറിന് കൈമാറി. ഭാരവാഹികൾ: കെ വി മേഘനാഥൻ, ജയതിലകൻ, മിനി പ്രദീപ് (രക്ഷാധികാരികൾ) വി ടി ഷാജൻ (സർക്കിൾ ഇൻസ്പെക്ടർ ഓഫ് പൊലീസ്) ശ്യാംകുമാർ എസ് എച്ച് ഒ മണ്ണഞ്ചേരി എന്നിവരാണ് ചീഫ് കോർഡിനേറ്റർമാർ. പി എസ് സന്തോഷ് കുമാർ (ചെയർമാൻ ) എം എസ് ജോഷി (വൈസ് ചെയർമാൻ )എം മനോജ് (ജനറൽ കൺവീനർ) സി ജി മധു (ജോയിന്റ് കൺവീനർ) അഡ്വ. സജി ടി തകിടിയിൽ (ട്രഷറർ) ' ഇവരുൾപ്പെടുന്ന 24 അംഗ കമ്മറ്റിയാണ് ഈ പദ്ധതിയ്ക്ക് മേൽനോട്ടം വഹിക്കുന്നത്.

## ദേവി തൃപ്പൂത്തായി:ആറാട്ട് 19ന്

ചെങ്ങന്നൂർ: ചെങ്ങന്നൂർ മഹാദേവക്ഷേത്രത്തിലെ ദേവി തൃപ്പൂത്തായി.ആറാട്ട് വ്യാഴാഴ്ച എട്ടിന് പമ്പാനദിയിലെ മിത്രപ്പുഴക്കടവിൽ നടക്കും.കൊറോണ വൈറസ് ബാധയെ തുടർന്ന് അടിയന്തിര സാഹചര്യം കണക്കിലെടുത്ത് സർക്കാർ നിയന്ത്രണങ്ങൾക്ക് വിധേയമായിട്ടാവും ചടങ്ങുകൾ നടത്തുക.വ്യാഴാഴ്ച രാവിലെ 8ന് ദേവി യെ ക്ഷേത്ര കടവിലേക്ക് എഴുന്നെള്ളിക്കും.പതിവിന് വിപരീതമായി ആനയെ ഒഴിവാക്കി ബിംബം മാത്രമേ എഴുന്നള്ളിക്കൂ.ആറാട്ടിനു ശേഷവും തിരികെ എഴുന്നെള്ളുമ്പോൾ റോഡിന് ഇരുവശവും ഉള്ള നിറപറയർപ്പിക്കുന്നത് ഒഴിവാക്കി. താലപ്പൊലിയും അന്നദാന വഴിപാടും ഇക്കുറി ഇല്ല. തിരികെ എത്തി ദേവനോട് ഒപ്പം പടിഞ്ഞാറേ നടയിൽ തിരക്കു കൂട്ടാതെ ഭക്തർക്ക് നിറപറ സമർപ്പിക്കാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്.മണിക്കൂറുകൾ നീളുന്ന ചടങ്ങുകൾ വെട്ടിക്കുറച്ച് 11ന് മുമ്പേ ക്ഷേത്രത്തിനുള്ളിൽ പ്രവേശിപ്പിക്കുമെന്ന് ദവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എ.സി. ശ്രീകുമാരി, ഉപദേശക സമിതി ഭാരവാഹികളായ എസ്. നന്ദകുമാർ, ശശി. എസ്. പിള്ള തുടങ്ങിയവർ അറിയിച്ചു.

## ബ്രേക്ക് ദി ചെയിൻ പദ്ധതി നടപ്പിലാക്കി തണ്ണീർമുക്കം

ചേർത്തല: തണ്ണീർമുക്കത്ത് കോവിഡ് 19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ബ്രേക്ക് ദി ചെയിൻ എന്ന പദ്ധതിയിലൂടെ ഇനി പഞ്ചായത്തിൽ എത്തുന്ന പൊതുജനങ്ങൾക്ക് കൈകൾ കഴുകുന്നതിനോടൊപ്പം തന്നെ സാനിറ്റൈസർ നൽകി കൊണ്ടും സോപ്പും മാസ്കുകളും കൂടി ലഭ്യമാക്കി കൊണ്ടും ജനകീയ ശുചിത്വ പദ്ധതിക്ക് തുടക്കമായി. പഞ്ചായത്ത് ഓഫീസിൽ എത്തുന്ന ആളുകൾ കൂട്ടം കൂടി നിൽക്കാതിരിക്കുന്നതിനും അവർക്കാവശ്യമുള്ള സേവനങ്ങൾ ലഭ്യമാക്കിയതിനുശേഷം വളരെ പെട്ടെന്ന് മടങ്ങുന്നതിനുള്ള മുന്നറിയിപ്പ് ബോർഡുകളും പഞ്ചായത്ത് സ്ഥാപിച്ചു. ഓ ഫീസിനുള്ളിൽ പ്രവേശിക്കുന്നതിന് മുമ്പ് കൈകൾ സാനിറ്റൈസർ കൊണ്ട് കഴുകി വൃത്തിയാക്കിയതിനുശേഷം ഓഫീസിൽ കയറുന്നതിനുള്ള സംവിധാനവും ഒരുക്കി. പദ്ധതിക്കാവശ്യമായ സാനിറ്റൈസറും മാസ്ക്കുകളും മതിലകം എസ്.എച്ച് ഹോസ്പിറ്റലാണ് ലഭ്യമാക്കിയത്. ബ്രേക്ക് ദി ചെയിൻ പദ്ധതിയുടെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ.പി.എസ് ജ്യോതിസ് നിർവ്വഹിച്ചു.ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ബിനിത മനോജ് അദ്ധ്യക്ഷത വഹിച്ചു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ രമാമദനൻ ഗ്രാമപഞ്ചായത്ത് അംഗങ്ങളായ കെ.ജെ സെബാസ്റ്റ്യൻ,മറിയാമ്മ, മിനി ബിജു , ജോബിൻ ജോസഫ്,സെക്രട്ടറി പി.സി സേവ്യർഎന്നിവർ പങ്കെടുത്തു.

## അദാലത്ത് മാറ്റി

ആലപ്പുഴ :സംസ്ഥാന പട്ടികജാതി പട്ടിക ഗോത്ര വർഗ കമ്മീഷന്റെ 24, 25 തിയതികളിൽ ജില്ലയിൽ നടത്താനിരുന്ന പരാതി പരിഹാര അദാലത്ത് റദ്ദാക്കിയതായി രജിസ്ട്രാർ അറിയിച്ചു.

## വീട് കത്തിനശിച്ചു

ചെങ്ങന്നൂർ:കാരയ്ക്കാട് ഹരിതാ ഭവനത്തിൽ ഗിരിജയുടെ വീടിനാണ് തീപ്പിടിച്ചത്.കാരയ്ക്കാട് മിൽമാ സൊസൈറ്റിയ്ക്ക് സമീപം തയ്യൽക്കട നടത്തുകയാണ് ഗിരിജ. പുതിയ വീട് പണി നടക്കുന്ന വീടിനോട് ചേർന്നുള്ള ചെറിയ പുരയാണ് കത്തി നശിച്ചത്. പോലീസും ഫയർഫോഴ്സും സ്ഥലത്ത് എത്തിയിതീയണച്ചെങ്കിലും വീട് പൂർണ്ണമായും കത്തി നശിച്ചു.

# യൂത്ത് കോൺഗ്രസ് ചക്രസ്തംഭന സമരം നടത്തി

ആലപ്പുഴ: കേന്ദ്ര സർക്കാർ പെട്രോളിന്റെയും ഡീസലിന്റെയും എക്സൈസ് തീരുവ വർദ്ധിപ്പിച്ചതിൽ പ്രതിഷേധിച്ച് യൂത്ത് കോൺഗ്രസ് ആലപ്പുഴ നിയോജകമണ്ഡലം കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ആലപ്പുഴ ജില്ലാക്കോടതി പാലത്തിൽ ചക്രസ്തംഭന സമരം നടത്തി.കോവിഡ്-19 പകർച്ചവ്യാധിയിൽ ദുരിതം അനുഭവിക്കുന്ന ജനങ്ങളെ വീണ്ടും ദുരിതത്തിലാഴ്ത്തിക്കൊണ്ട് ക്രൂഡ് ഓയിൽ വില താഴ്ന്ന ഈ അവസരത്തിലും കേന്ദ്രം വീണ്ടും ഇന്ധനവില വർദ്ധിപ്പിക്കുന്നു. ഈ പകൽകൊള്ളയ്ക്കെതിരെയാണ് ആലപ്പുഴ നിയോജക മണ്ഡലം കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ചക്രസ്തംഭനസമരം നടത്തിയത്.ആലപ്പുഴ ജില്ലാക്കോടതി പാലത്തിന് മുന്നിൽ നടന്ന സമരം യൂത്ത് കോൺഗ്രസ് ജില്ലാ വൈസ് പ്രസിഡന്റ് മുഹമ്മദ് അസ്‌ലം നേതൃത്വം നൽകി. നിയോജകമണ്ഡലം പ്രസിഡന്റ് സരുൺ റോയി അധ്യക്ഷത വഹിച്ചു. സജിൽ ഷറീഫ്, രാഹുൽ കൃഷ്ണൻ, തായിഫുദ്ദീൻ, നിസാം ബഷീർ, അനസ് ബിൻ, എസ്. ഷഫീക്ക്, അൻസിൽ മണ്ണഞ്ചേരി, സുറുമി, ആന്റണി, നുഹുമാൻകുട്ടി, ജിതിൻ ജോർജ്, സിനാനുദ്ദീൻ, തൗഫീക്ക്, ജോൺ വിക്ടർ, ഷാഹുൽ ജെ., സിബി, തുടങ്ങിയവർ നേതൃത്വം നൽകി.

# കോൺഗ്രസ് സ്ഥാനാർത്ഥിതന്നെ മത്സരിക്കണം: കെ.എസ്.യു

ആലപ്പുഴ: നടക്കാനിരിക്കുന്ന കുട്ടനാട് തെരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർത്ഥി തന്നെ മത്സരിക്കണമെന്ന് കെ.എസ്.യു ആവശ്യപ്പെട്ടു. സീറ്റ് കോൺഗ്രസ് ഏറ്റെടുക്കണമെന്ന് കെ.എസ്.യു സംസ്ഥാന കമ്മറ്റി പ്രമേയം പാസാക്കിയിരുന്നു. വരാനാരിക്കുന്ന തദ്ദേശ തെരഞ്ഞെടുപ്പിലുൾപ്പടെ കുട്ടനാട് തെരഞ്ഞെടുപ്പ് നിർണ്ണായകമായ ഘടകമാണ്. വിവാദങ്ങളും തർക്കങ്ങളും ഈ അവസരത്തിൽ പൂർണ്ണമായും ഒഴിവാക്കണം. യു.ഡി.എഫിന് അനുകൂലമായ സാഹചര്യമാണ് കുട്ടനാട് നിയോജക മണ്ഡലത്തിൽ നിലനിൽക്കുന്നത്. കുട്ടനാട് സീറ്റ് കോൺഗ്രസ് ഏറ്റെടുക്കണമെന്ന ആവശ്യം മുതിർന്ന നേതാക്കളെ നേരിൽകണ്ട് അഭ്യർത്ഥിക്കും. പടലപ്പിണക്കങ്ങളും വ്യക്തിതാല്പര്യങ്ങളും പറഞ്ഞ് തർക്കിച്ച് നിൽക്കാനുള്ള സാഹചര്യമല്ല നിലവിലുള്ളത്. ജയസാദ്ധ്യത മാത്രമായിരിക്കണം പരിഗണിക്കപ്പെടേണ്ടത്. കോൺഗ്രസ് നേതൃത്വം ഉചിതമായ തീരുമാനംതന്നെ കൈക്കൊള്ളുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും കെ.എസ്.യു ജില്ലാ പ്രസിഡന്റ് നിതിൻ എ. പുതിയിടം പ്രസ്താവിച്ചു.

*വേമ്പനാകരി പാടശേഖരം നികത്തി റോഡ് നിർമ്മിക്കാൻ പൂഴിയുമായി വന്ന ലോറി ജനകീയ ജലസ്രോതസ്സ് സംരക്ഷണ സമിതി പ്രവർത്തകർ തടയുന്നു.*

## പ്രതിഷേധം ശക്തമാകുന്നു

വൈക്കം: ടവർ നിർമ്മാണത്തിന്റെ പേരിൽ പാടം നികത്തി റോഡ് നിർമ്മിക്കാനുള്ള നീക്കത്തിനെതിരെ പ്രതിഷേധം ശക്തമാകുന്നു. ഉദയനാപുരം പഞ്ചായത്തിൽപ്പെട്ട വേമ്പനാകരി പാടശേഖരത്താണ് കെ.എസ്.ഇ.ബി ക്കു വേണ്ടി ടവർ നിർമ്മിക്കുന്നത്. ഇതിന്റെ മറവിൽ നിയമവിരുദ്ധമായി പൂഴിയിറക്കി റോഡ് നിർമ്മിക്കുകയാണെന്ന് ജനകീയ ജലസ്രോതസ്സ് സംരക്ഷണ സമിതി ആരോപിച്ചു. പൂഴിയിറക്കുന്നത് തടയുകയും ചെയ്തു. തഹസിൽദാറും വില്ലേജ് അധികൃതരും സ്ഥലത്തെത്തി പരിശോധന നടത്തി. വൈക്കം-മുട്ടുങ്കൽ റോഡിന്റെ ഓരത്താണ് കെട്ടിടാവശിഷ്ടങ്ങളും പൂഴിയും ഇറക്കി പത്തു മീറ്ററോളം ഭാഗം നികത്തിയത്. ജനങ്ങളുടെ പ്രതിഷേധത്തെ തുടർന്ന് പൂഴിയിറക്കുന്നത് നിർത്തി. അപ്പർ കുട്ടനാടിന്റെ ഭാഗമായ 40 ഏക്കറോളം വരുന്നതാണ് വേമ്പനാകരി പാടശേഖരം. കുട്ടനാട് പാക്കേജിൽപ്പെടുത്തി പുറംബണ്ട് നിർമ്മിച്ച് കൃഷി വികസിപ്പിക്കുവാൻ നടപടിയായ സാഹചര്യത്തിൽ അനധികൃതമായി പാടം നികത്തി റോഡ് നിർമ്മിക്കുന്നത് പദ്ധതി ലക്ഷ്യത്തിന് തടസ്സമാകുമെന്ന് ജനകീയ സമിതി ആരോപിച്ചു. നികത്തിയ ഭാഗം പൂഴിയും അവശിഷ്ടങ്ങളും മാറ്റി പൂർവ്വ സ്ഥിതിയിലാക്കി നീരൊഴുക്കിനുള്ള സൗകര്യം ഒരുക്കണമെന്ന് ജനകീയ സമിതി ചെയർമാൻ പി.ഡി രാജൻ, സെക്രട്ടറി ആർ.ഷാജി എന്നിവർ ആവശ്യപ്പെട്ടു.

## കൈകഴുകൽ പദ്ധതിക്ക് തുടക്കം

മുഹമ്മ: കോറോണ വൈറസ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ബ്രേക്ക് ദി ചെയിൻ - കൈകഴുകൽ പദ്ധതിക്ക് കഞ്ഞിക്കുഴി സർവ്വീസ് സഹകരണ ബാങ്കിൽ തുടക്കമായി. ബാങ്ക് ഹെഡാഫീസിനു സമീപം നടന്ന ചടങ്ങിൽമുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആർ നാസർ ഉദ്ഘാടനം ചെയ്തു.ബാങ്കിലെത്തുന്ന ഇടപാടുകാർക്കും ദേശീയ പാതയിലൂടെ സഞ്ചരിക്കുന്നവർക്കും പ്രയോജനപ്പെടുത്താവുന്ന രീതിയിൽ പ്രത്യേക ടാങ്കു സംവിധാനത്തിലാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. സാനിറ്റൈസറും ഹാൻഡ് വാഷും ടിഷ്യൂ പേപ്പറും ഉൾപ്പെടെയുള്ളവ ഇവിടെ ഒരുക്കിയിട്ടുണ്ട്. ഇതിനാവശ്യമായ പണം ഭരണ സമിതിയംഗങ്ങളും ജീവനക്കാരും ചേർന്ന് കണ്ടെത്തും. ഉദ്ഘാടന ചടങ്ങിൽ ബാങ്ക് പ്രസിഡന്റ് അഡ്വ.എം സന്തോഷ് കുമാർ അദ്ധ്യക്ഷനായി . ഭരണ സമിതിയംഗങ്ങളായ ജി. മുരളി, വി പ്രസന്നൻ, റ്റി.ആർ ജഗദീശൻ, കെ.കൈലാസൻ ,കെ ഷൺമുഖൻ, റ്റി.രാജീവ്, പ്രസന്ന മുരളി, ബാബു കറുവള്ളി, പി.ഗീത എന്നിവർ പങ്കെടുത്തു.ബാങ്കിന്റെ കൂറ്റുവേലി ,ലൂഥർ ശാഖകളിലും പദ്ധതി നടപ്പാക്കുന്നുണ്ട്.

## ബിവറേജസ് ഔട്ട്ലെറ്റുകൾ അടച്ചിടണം: ഗാന്ധിയൻ ദർശനവേദി

ആലപ്പുഴ: കോവിഡ് -19 രോഗ ഭീഷണി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ജനങ്ങൾ കൂട്ടമായി എത്തുന്ന കേന്ദ്രങ്ങളിൽ സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ സ്വാഗതാർഹമാണെന്നും ബിവറേജസ് ഔട്ട്ലെറ്റിൽകൂടി നിയന്ത്രണം ഏർപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് ഗാന്ധിയൻ ദർശനവേദി ചെയർമാൻ ബേബി പാറക്കാടൻ, കേരള പ്രദേശ് മദ്യവിരുദ്ധ സമിതി സെക്രട്ടറി എം.എ. ജോൺ മാടമന എന്നിവർ എക്സൈസ് വകുപ്പ് മന്ത്രിക്ക് നിവേദനം സമർപ്പിച്ചു .പൊതുനിയന്ത്രണം ഏർപ്പെടുത്തിയ സാഹചര്യത്തിൽ ബിവറേജസ് ഔട്ട്ലെറ്റുകൾ പൂർണ്ണമായും അടച്ചിടണമെന്ന് നിവേദനത്തിൽ ആവശ്യപ്പെട്ടു.

പൊതു അറിയിപ്പ്

ICICI Bank | ശാഖ : ഐസിഐസിഐ ബാങ്ക് ലിമിറ്റഡ് , 4/10 , മൈത്രി ടവർ , ബൊമ്മനഹള്ളി ഹൊസൂർ മെയിൻ റോഡ് ബാംഗ്ലൂർ - 560068

ഈ നോട്ടീസിലൂടെ അറിയിക്കുന്നതെന്തെന്നാൽ താഴെ പറയുന്ന വായ്പക്കാർ വായ്പാ എടുത്ത തുകയുടെ മുതലും പലിശയും തിരിച്ചടക്കുന്നതിൽ പരാജയപ്പെട്ടതിനാൽ ഈ വായ്പകൾ നിഷ്ക്രിയാസ്തികളുടെ പട്ടികയിൽ ഉൾ പെടുത്തിയിരിക്കുന്നു . 2002 ലെ എൻഫോഴ്സ്മെൻറ് ഓഫ് സെക്യൂരിറ്റി ഇൻററസ്റ്റ് ആക്ട് , സെക്യൂരിറ്റൈസേഷൻ ആൻഡ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ് സെക്ഷൻ 13 (2) എന്നിവ പ്രകാരം ഇക്കാര്യം അറിയിച്ചുകൊണ്ട് വായ്പക്കാർ നൽകിയ വിലാസത്തിലേക്ക് നോട്ടീസ് അയച്ചിരുന്നു .താഴെ പറയുന്നവ വായ്പക്കാരുടെ അറിവിലേക്കായി നോട്ടീസ് പ്രസിദ്ധീകരിക്കുന്നു .

| Sr. No. | വായ്പക്കാരൻെറ / സഹ വായ്പക്കാരൻെറ പേരും വിലാസവും | വസ്തുവിൻെറ വിശദാംശങ്ങൾ | നോട്ടീസ് തിയതി / നോട്ടീസ് പ്രകാരം തിരിച്ചടക്കാനുള്ള തുക | എൻ പി എ തിയതി |
|---|---|---|---|---|
| 1. | ചിക്കാഗോ ഫുഡ്സ് / അനിൽകുമാർ സി എം / ആശാമോൾ , പ്രൊപ്രൈറ്റർ അനിൽകുമാർ സി എം 208 , മുക്കത്ത് 7 ഉദയനാപുരം വൈക്കം , കോട്ടയം -686142 117105500101 | കേരളം കോട്ടയം ജില്ലയിൽ ഉദയനാപുരം പഞ്ചായത്ത് , ഇരുമ്പുഴിക്കര കര, വൈക്കം താലൂക്ക് , തലയോലപ്പറമ്പ് ഉപ ജില്ലയിൽ ബിൽഡിംഗ് നമ്പർ III/ 149/ A (V / 221 A ) സർവ്വേ നമ്പർ 159/ 18 B ലെ എല്ലാ വസ്തുവകകളും. നിലവിലുള്ളതും ഭാവിയിൽ ഉണ്ടായേക്കാവുന്നതുമായ എല്ലാ കെട്ടിടങ്ങളും ഘടനകളും ഒപ്പം എല്ലാ പ്ലാന്റുകളും യന്ത്രങ്ങളും ഭൂമിയിൽ ഘടിപ്പിച്ചിട്ടുള്ളതോ ഭൂമിയുമായി ബന്ധിപ്പിച്ചിട്ടുള്ളതുമായ എല്ലാ വസ്തുവകകളും. | Rs. 28.02.2020/ 1818448.47 | 30/12/ 2019 |

നോട്ടീസിൻറെ പകരമുള്ള സേവനത്തിനായി നടപടികൾ സ്വീകരിക്കുന്നു. മുകളിൽ പരാമർശിച്ചിരിക്കുന്ന വായ്പക്കാർ അല്ലെങ്കിൽ ജാമ്യക്കാർ സെക്ഷൻ 13 (2) കീഴിലുള്ള നോട്ടീസ് പ്രകാരമുള്ള തിയതി മുതൽ 60 ദിവസത്തിനുള്ളിൽ പണം തിരിച്ചടക്കേണ്ടതാണെന്ന് അറിയിക്കുന്നു . പണം തിരിച്ചടച്ചില്ലെങ്കിൽ സെക്ഷൻ 13 (2) 2002 ലെ എൻഫോഴ്സ്മെൻറ് ഓഫ് സെക്യൂരിറ്റി ഇൻററസ്റ്റ് ആക്ട്, സെക്യൂരിറ്റൈസേഷൻ ആൻഡ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ് പ്രകാരം മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു .

തിയ്യതി : 17-03-2020
സ്ഥലം : കോട്ടയം

അംഗീകൃത ഓഫീസർ
ഐസിഐസിഐ ബാങ്ക് ലിമിറ്റഡ്

Edited, Printed and Published by K.S.Sasikumar , Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R.Gopikrishnan (Chief Editor), C.P. Rajasekharan* (Controlling Editor,* responsible for selection of news under PRB Act), E.Rudran Warrier (Executive Editor), Vol. 3, Issue No. 85 .RNI No.KERMAL/2018/76414 Printed at M/s S.T. Reddiar & Sons, Veekshanam Road, Kochi- 682035 and Published from Vaartha News Network Pvt.Ltd No. 33 / 758, Vijis Complex, Kallupalam, Iron Bridge P.O., Alappuzha - 688011. Phone - 0477 2252534, E-mail: info@metrovaartha.com



**കൊറോണ സമ്പദ്‌വ്യവസ്ഥയിൽ പല കുഴപ്പങ്ങളും ഉണ്ടാക്കാൻ പോവുകയാണ്. നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനമായ വിദേശ പണത്തിന്റെ വരവ്, ടൂറിസം, നിർമാണം, ട്രാവൽ, ഹോട്ടൽ, കാറ്ററിങ് ഈ മേഖലകളിലോക്കെ വലിയ ഇടിവുണ്ടാകും**



ENTERTAINMENT

## മുൻ കാമുകനെക്കുറിച്ച്

മുൻ കാമുകൻ തന്നെ വഞ്ചിച്ചെന്ന് ബോളിവുഡ് താരം ദീപിക പദുക്കോൺ. കാമുകന്റെ പേര് വെളിപ്പെടുത്താതെയാണ് പ്രണയത്തകർച്ചയെക്കുറിച്ച് താരം വെളിപ്പെടുത്തിയത്. അയാൾ എന്നെ പറ്റിക്കുകയാണെന്ന് ഞാൻ കണ്ടുപിടിച്ചു. എന്നാൽ രണ്ടാമതൊരു അവസരത്തിനായി അയാൾ കേണപേക്ഷിച്ചതോടെ വീണ്ടും ബന്ധം തുടർന്നു. തന്റെ ചുറ്റുമുള്ളവർ അയാൾ വഞ്ചിക്കുകയാണെന്ന് പറഞ്ഞിരുന്നെന്നും അവസാനം കൈയോടെ പിടിച്ചു എന്നുമാണ് താരം പറയുന്നത്.ഇത് തന്നെ വല്ലാതെ വേദനിപ്പിച്ചുവെന്നും താരം വ്യക്തമാക്കി. ഒരു അഭിമുഖത്തിലാണ് ദീപിക തന്റെ പ്രണയത്തകർച്ചയെക്കുറിച്ച് മനസ് തുറന്നത്. എന്നിട്ടും അയാളെ മനസിൽ നിന്നും പുറത്താക്കാൻ സമയമെടുത്തു.

ഒരിക്കൽ തിരിച്ചടി നേരിട്ടാൽ ബന്ധങ്ങളിലുള്ള വിശ്വാസം നശിക്കും ദീപിക പറഞ്ഞു. നടനും മുൻ കാമുകനുമായിരുന്നു രൺബീർ കപൂറിനെക്കുറിച്ചാണ് ദീപിക പറഞ്ഞത് എന്നാണ് ഒരു വിഭാഗം വിലയിരുത്തുന്നത്.

ദീപികയുമായുള്ള പ്രണയത്തിന് ശേഷമാണ് കത്രീന കൈഫുമായി താരം അടുപ്പത്തിലാകുന്നത്. ഇപ്പോൾ ആലിയ ഭട്ടുമായി താരം പ്രണയത്തിലാണ്.

## നവ്യയുടെ രാധാമണി

ബെൻസി പ്രൊഡക്ഷൻസിന്റെ ബാനറിൽ നവ്യാ നായരെ കേന്ദ്രകഥാപാത്രമാക്കി ബെൻസി നാസർ നിർമ്മിച്ച് സംവിധായകൻ വി.കെ പ്രകാശ് ഒരുക്കുന്ന 'ഒരുത്തി' ചിത്രീകരണം പൂർത്തിയായി. വളരെ സാധാരണക്കാരിയായ വീട്ടമ്മയാണ് രാധാമണി (നവ്യാ നായർ) അവരുടെ ജീവിതത്തിലേക്ക് ആകസ്മികമായി വന്നുചേരുന്ന ചില സംഭവങ്ങളും അതിനെ അതിജീവിക്കുകയും ചെയ്യുന്ന ഒരു സ്ത്രീയുടെ പോരാട്ടത്തിന്റെയും സഹനത്തിന്റെയും കഥയാണ് ഒരുത്തി പറയുന്നത്.ഒരു സ്ത്രീയുടെ ജീവിതത്തിൽ മൂന്ന് ദിവസങ്ങളിൽ സംഭവിക്കുന്ന ആകസ്മിക സംഭവങ്ങളാണ് ഒരുത്തിയുടെ ഇതിവൃത്തം. നായക പ്രാധാന്യമുള്ള റോളാണ് വിനായകന്റേത്. പൊതുവെ മലയാള സിനിമയിൽ വിനായകൻ ചെയ്തിട്ടുള്ള വേഷങ്ങളിൽ നിന്ന് വളരെ വ്യത്യസ്തമാണ് ചിത്രത്തിലെ സബ് ഇൻസ്പെക്ടറുടെ വേഷമെന്നും സംവിധായകൻ പറയുന്നു . കൊച്ചിയിലും പരിസരപ്രദേശങ്ങളിലുമായി ഒറ്റ ഷെഡ്യൂളിലാണ് ചിത്രം പൂർത്തീകരിച്ചത്. വൈപ്പിനായിരുന്നു പ്രധാന ലൊക്കേഷൻ.

## മിയ വിവാഹിതയാകുന്നു

മുൻ പോൺതാരവും മോഡലുമായ മിയ ഖലീഫ വിവാഹിതയാകുന്നു. വരുന്ന ജൂൺ 10 നാണ് മിയ ഖലീഫയും കാമുകൻ റോബർട്ട് സാൻഡ്ബെർഗും തമ്മിലുള്ള വിവാഹം. സോഷ്യൽ മീഡിയയിലൂടെയാണ് മിയ ഇക്കാര്യം അറിയിച്ചത്. 2019 മാർച്ച് 12 ന് റോബർട്ട് തന്നോട് വിവാഹാഭ്യർഥന നടത്തിയെന്നും അന്നും ഇന്നും എന്നും തന്റെ മറുപടി യെസ് എന്നാണെന്നും മിയ ഇൻസ്റ്റാഗ്രാമിൽ കുറിച്ചു. സ്വീഡിഷ് ഷെഫാണ് റോബർട്ട്. പോൺ താരമായിരുന്ന മിയ ഇപ്പോൾ സ്പോർട്സ് ഷോയുടെ അവതാരക കൂടിയാണ്.

# കൊറോണക്കാലത്തെ അവധിക്കാലം

*തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ കൊറോണ പ്രതിരോധ നടപടികളെക്കുറിച്ച് ചർച്ച ചെയ്ത സർവ കക്ഷിയോഗത്തിൽ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല മുഖ്യമന്ത്രി പിണറായി വിജയനോട് കുശലം ചോദിക്കുന്നു. തൊട്ടടുത്ത് ആരോഗ്യ വകുപ്പുമന്ത്രി ശൈലജ ടീച്ചർ*

**മുരളി തുമ്മാരുകുടി,**
**നീരജ ജാനകി**

കൊറോണയെ നേരിടാൻ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിട്ടിരിക്കുന്ന സാഹചര്യത്തിൽ അവധിക്കാല ക്ലാസുകളും സർക്കാർ നിരോധിച്ചിട്ടുണ്ട്. കുട്ടികൾക്കും മാതാപിതാക്കൾക്കും വെല്ലുവിളിയായ ഈ സാഹചര്യത്തെ നേരിടാനുള്ള കുറച്ചു നിർദേശങ്ങൾ...

* ഇപ്പോൾ കുട്ടികൾ കാണുന്നതും കേൾക്കുന്നതും സംസാരിക്കുന്നതും കൊറോണയെപ്പറ്റിയാണ്. ഇത് അവരിൽ തീർച്ചയായും ഭീതിയും അരക്ഷിതാവസ്ഥയും ഉണ്ടാക്കും എന്നതിനാൽ ഈ വിഷയം കുട്ടികളോട് വിശദമായി സംസാരിക്കണം. എന്താണ് രോഗം, അതുണ്ടാകാനുള്ള സാധ്യത (വളരെ കുറവ്), നമ്മുടെ സർക്കാർ സംവിധാനങ്ങൾ എങ്ങനെയാണ് കൊറോണ ബാധ നേരിടുന്നത് എന്നതെല്ലാം വീട്ടിൽ ചർച്ചചെയ്യണം. എന്നാൽ ഇതേപ്പറ്റി വളരെ കൂടുതലായ ഉത്കണ്ഠ കുട്ടികൾ പ്രകടിപ്പിക്കുന്നുണ്ടെങ്കിൽ തീർച്ചയായും പ്രൊഫഷണൽ സഹായം തേടാം.

* പരീക്ഷ നടക്കാത്തതും ട്യൂഷനും എൻട്രൻസും ഉൾപ്പെടെ പരിശീലനങ്ങൾക്കും പോകാൻ പറ്റാത്തതും കുട്ടികളിലും ചില മാതാപിതാക്കളിലും ഏറെ വിഷമം ഉണ്ടാക്കിയേക്കാം. മാതാപിതാക്കൾ അവരുടെ ടെൻഷൻ കുട്ടികളെ അറിയിക്കാതിരിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. ഈ സാഹചര്യം എല്ലാവർക്കും ബാധകമായതിനാൽ എൻട്രൻസിനെ ഓർത്ത് അധികം വിഷമിക്കേണ്ട കാര്യമില്ലെന്ന് പറഞ്ഞു മനസ്സിലാക്കണം. ഇതിനെ ഒരു സമയനഷ്ടമായി കണക്കാക്കേണ്ടതില്ല. ഇക്കാര്യത്തിൽ അധ്യാപകർക്കും ഏറെ ചെയ്യാനുണ്ട്. പലപ്പോഴും കുട്ടികൾക്ക് മാതാപിതാക്കൾ പറയുന്നതിനെക്കാൾ വിശ്വാസം അധ്യാപകർ പറയുന്നതാണ്. അതുകൊണ്ട് തന്നെ അവധിയിൽ ഇരിക്കുന്ന കുട്ടികളെ അധ്യാപകർ ആഴ്ചയിൽ ഒരിക്കലെങ്കിലും ടെലിഫോണിൽ വിളിച്ചു സംസാരിക്കുന്നത് നല്ല കാര്യമാണ്.

* എൻട്രൻസ് പരീക്ഷയുള്ളവർക്ക് വീട്ടിലിരുന്നും പഠിക്കാമല്ലോ. ഓൺലൈൻ ആയി മോക് പരീക്ഷകൾ നടത്താനുള്ള സംവിധാനങ്ങൾ ഉണ്ടെങ്കിൽ അവയും ഉപയോഗിക്കണം. ടൈം ടേബിൾ ഉണ്ടാക്കി കൃത്യമായ സമയം ഇതിന് നീക്കിവെയ്ക്കുന്നത് പഠനം നഷ്ടപ്പെടാതിരിക്കാനും ടെൻഷൻ കുറക്കാനും സഹായിക്കും.

* ഭാവിയുടെ ലോകം ഓൺലൈനായിട്ടുള്ള പഠനത്തിന്റെയും ജോലിയുടേതുമാണ്. അത് പ്രാക്റ്റിസ് ചെയ്തു തുടങ്ങാനുള്ള അവസരമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. ഇന്റർനെറ്റിൽ അനവധി കോഴ്സുകൾ, എല്ലാ പ്രായക്കാർക്കും സൗജന്യമായി ലഭ്യമാണ്. ഇഷ്ടമുള്ള വിഷയത്തിൽ ഫ്രീ ഓൺലൈൻ കോഴ്സ് എന്ന് ഗൂഗിൾ ചെയ്താൽ ഇഷ്ടം പോലെ അവസരങ്ങളുണ്ട്.

**പലപ്പോഴും കുട്ടികൾക്ക് മാതാപിതാക്കൾ പറയുന്നതിനെക്കാൾ വിശ്വാസം അധ്യാപകർ പറയുന്നതാണ്. അതുകൊണ്ട് തന്നെ അവധിയിൽ ഇരിക്കുന്ന കുട്ടികളെ അധ്യാപകർ ആഴ്ചയിൽ ഒരിക്കലെങ്കിലും ടെലിഫോണിൽ വിളിച്ചു സംസാരിക്കുന്നത് നല്ല കാര്യമാണ്.**

* അവധിക്കാലത്ത് ഓൺലൈൻ സംവിധാനം ഉപയോഗിച്ച് നാട്ടിലും വിദേശത്തുമുള്ള കൂട്ടുകാരും കസിൻസുമായി എന്തെങ്കിലും ഒരു പ്രോജക്റ്റ് ചെയ്യാൻ പ്ലാൻ ചെയ്യൂ. ഇത് മൊബൈൽ ഉപയോഗിച്ച് ഒരു ഡോക്യൂമെന്ററിയോ ഷോർട്ട് ഫിലിമോ ഉണ്ടാക്കുന്നതോ, ഒരു സ്റ്റാർട്ട് അപ്പ് ഉണ്ടാക്കുന്നതിനെപ്പറ്റിയുള്ള പ്രോജക്റ്റ് ഡിസ്കഷനോ, ഒരു മ്യൂസിക് ആൽബമോ ആകാം. എന്താണെങ്കിലും remote, online, collaborative എന്നീ മൂന്നു വാക്കുകളാണ് പ്രധാനം. ഇതാണ് ഭാവിയുടെ രീതി; ഇക്കാര്യത്തിലും അധ്യാപകർക്ക് പല സഹായവും ചെയ്യാനാകും.

* ഇത് അധ്യാപകരോടാണ്; സ്കൈപ്പോ വാട്ട്സാപ്പോ ഉപയോഗിച്ച് അധ്യാപകർക്കും ട്യൂഷൻ തുടരാവുന്നതാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ കാലമായതുകൊണ്ടുതന്നെ മറ്റുള്ള ഓൺലൈൻ ടീച്ചിങ് പ്ലാറ്റ്ഫോമുകളും ഈയവസരത്തിൽ പരിചയപ്പെടാനും പ്രയോജനപ്പെടുത്താനും ശ്രമിക്കാം. ഗൂഗിൾ ക്ലാസ് റൂം പോലുള്ള ഫ്രീ വെബ് സർവീസുകളും പ്രയോജനപ്പെടുത്താൻ ശ്രമിക്കുക. അധ്യാപകർക്കും അവരുടെ സ്കില്ലുകൾ ആധുനികമാക്കാൻ ഇതൊരവസരമാകട്ടെ.

* ഭാഷ പഠിക്കാനോ നന്നാക്കാനോ ഇതിലും നല്ല സമയമില്ല. ചുരുങ്ങിയത് ഇംഗ്ലീഷ് ഭാഷയെങ്കിലും കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കുക. ഇതിനും ഓൺലൈൻ വിഭവങ്ങൾ ലഭ്യമാണ്. ദിവസത്തിൽ ഒരു മണിക്കൂറെങ്കിലും അതിനായി ഉപയോഗിക്കുക.

* പുസ്തക വായന എന്ന സ്വഭാവം ഇല്ലാതായിക്കൊണ്ടിരിക്കുന്ന കാലത്ത് അതു തിരിച്ചു പിടിക്കാൻ പറ്റിയ സമയമാണ്. ഇംഗ്ലീഷിലും മലയാളത്തിലും ഒരോ പുസ്തകമെങ്കിലും ആഴ്ചയിൽ വായിക്കാൻ ശ്രമിക്കാം. ആയിരക്കണക്കിന് പുസ്തകങ്ങൾ ഫ്രീ ആയി ഓൺലൈനിൽ ലഭ്യമാണ്. ഓരോ വീട്ടിലും വായിക്കാതെയിട്ടിരിക്കുന്ന പുസ്തകങ്ങൾ ഒരു ഡസനെങ്കിലും കാണും. നാട്ടിലെ ലൈബ്രറികളുമായി ബന്ധപ്പെടാനുള്ള അവസരമാണ്, ലൈബ്രേറിക്കാർക്ക് കുട്ടികളെ അവരിലേക്ക് അടുപ്പിക്കാൻ പറ്റിയ സമയവും. വേണ്ടാ, പുസ്തകങ്ങൾ വീട്ടിലെത്തിച്ച് കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കാമല്ലോ.

* പുതിയതായി എന്തെങ്കിലും സ്കിൽ പഠിക്കാനുള്ള അവസരമാണ്. ഏറ്റവും എളുപ്പം വീട്ടിൽ നിന്നു തുടങ്ങാവുന്ന പാചകം തന്നെയാകട്ടെ ആദ്യം. വീട് വൃത്തിയാക്കാനും തുണി കഴുകാനും വീട്ടുപകരണങ്ങൾ (മിക്സി തൊട്ട് വാഷിങ് മെഷീൻ വരെ) ശരിയായി ഉപയോഗിക്കാനും പഠിക്കാം. ഗാർഡനിങ് തൊട്ട് മരപ്പണി വരെ എന്തും പഠിക്കാനുള്ള അവസരമാണ്. ഓൺലൈൻ ആയി കാര്യങ്ങൾ പഠിച്ചു തുടങ്ങുക, ഓൺലൈൻ ഗ്രൂപ്പുകളിൽ അംഗമാകുക എന്നിങ്ങനെ പലതും ഈ വിഷയത്തിൽ ചെയ്യാനുണ്ട്. ഒരു വീട്ടിലെ മിക്ക കാര്യങ്ങളും കൈകാര്യം ചെയ്യാനുള്ള അറിവ് ഈ അവധിക്കാലത്ത് ഉണ്ടാക്കിയെടുത്താൽ ഇത് പ്രയോജനപ്രദമായ ഒരു അവധിക്കാലം ആകും. കുട്ടികൾക്കൊപ്പം മാതാപിതാക്കളും കൂടി ശ്രമിച്ചാൽ നടക്കുന്ന കാര്യമേ ഉള്ളൂ.

* നമ്മുടെ ലോകത്തിന്റെ ഭാവി കൂടുതൽ അറിയാനുള്ള ഒരവസരമാണ്. ആഗോളവൽക്കരണം എങ്ങനെയാണ് ലോകത്തെ മാറ്റിയിരിക്കുന്നത്, നിർമിത ബുദ്ധി എങ്ങനെയാണ് ലോകത്തെ മാറ്റാൻ പോകുന്നത്, കാലാവസ്ഥ വ്യതിയാനം എന്തു രീതിയിലാണ് ലോകത്തെയും നമ്മളെയും ബാധിക്കാൻ പോകുന്നത്, ഇതൊക്കെ അറിയാൻ പറ്റിയ സമയമാണ്. ഓൺലൈനിൽ ടെഡ് ടോക്കിൽ നിന്നു തുടങ്ങി പുസ്തകങ്ങൾ വായിച്ച് കൂടുതൽ താല്പര്യമുണ്ടെങ്കിൽ ഓൺലൈൻ കോഴ്സുകളും ചെയ്യാം.

* എന്തായിരിക്കണം നിങ്ങളുടെ ഭാവി എന്ന് ചിന്തിക്കാൻ പറ്റിയ സമയമാണ്. മാതാപിതാക്കളോടൊപ്പം കൂടുതൽ സമയം കിട്ടുന്നതിനാൽ അവരുമായി സംസാരിക്കുക. വിവിധ കരിയറുകളെപ്പറ്റിയും സാധ്യതകളെ കുറിച്ചും അറിവ് നേടുക. അവധിക്കാലം കഴിയുമ്പോഴേക്കും ഈ വിഷയങ്ങളിൽ ചിന്തകൾ കൂടുതൽ തെളിച്ചമുള്ളതാക്കുക.

* മറ്റുള്ളവരെ എങ്ങനെയാണ് സഹായിക്കാനാകുക എന്ന് ചിന്തിക്കാനുള്ള കാലം കൂടിയാണ് ഇത്. കൊറോണ ഈ വിധത്തിൽ തുടർന്നാൽ കോളെജ് വിദ്യാർഥികൾ സന്നദ്ധ പ്രവർത്തനത്തിനായി രംഗത്തിറങ്ങേണ്ടി വരും. മാത്രമല്ല, നമ്മുടെ സമൂഹത്തിൽ വയസായവർ, ഭിന്നശേഷി ഉള്ളവർ, മറുനാട്ടുകാർ എന്നിങ്ങനെ നമ്മുടെ സഹായം വേണ്ടവർ ധാരാളമുണ്ട്. വ്യക്തിപരമായും സംഘടിതമായും എന്താണ് അവർക്കു വേണ്ടി ചെയ്യാൻ സാധിക്കുന്നതെന്ന് ചിന്തിക്കുക.

* കൊറോണ സമ്പദ്‌വ്യവസ്ഥയിൽ പല കുഴപ്പങ്ങളും ഉണ്ടാക്കാൻ പോവുകയാണ്. നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനമായ വിദേശ പണത്തിന്റെ വരവ്, ടൂറിസം, നിർമാണം, ട്രാവൽ, ഹോട്ടൽ, കാറ്ററിങ് ഈ മേഖലകളിലോക്കെ വലിയ ഇടിവുണ്ടാകും. നമ്മുടെ നാടിന്റെ തൊഴിൽ രംഗത്തെ ഇപ്പോൾ പിടിച്ചുനിർത്തുന്ന മറുനാടൻ തൊഴിലാളികൾ പലരും തിരിച്ചുപോരേണ്ട സാഹചര്യം ഉണ്ടാകും. കോളെജ് വിദ്യാർഥികൾ പഠനത്തിന്റെ കൂടെ പാർട്ട് ടൈം ജോലി ചെയ്യേണ്ടതിനെക്കുറിച്ച് മുഖ്യമന്ത്രി ഈ വർഷം ആദ്യം പറഞ്ഞിരുന്നുവല്ലോ. ഇത് പ്രാബല്യത്തിലാക്കാൻ പറ്റിയ അവസരമാണ്. ജൂണിനപ്പുറം കൊറോണയിൽ നിന്നും ലോക സമ്പദ്‌വ്യവസ്ഥ തിരിച്ചു കയറുന്ന സമയത്ത് നമ്മുടെ വിദ്യാർഥികളും യുവാക്കളും ആയിരിക്കണം കേരളത്തിൽ അതിനെ നയിക്കേണ്ടത്.

* അവധിക്കാലം എപ്പോഴും അപകടങ്ങളുടെ കാലം കൂടിയാണ്. പ്രതീക്ഷിക്കാതെ കിട്ടിയ ഈ അവധിക്കാലം സുരക്ഷിതമായി വേണം ആഘോഷിക്കാൻ, വെള്ളത്തിലുള്ള അപകടങ്ങളും ബൈക്ക് അപകടങ്ങളും ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

* മാർച്ച് മുതലാണ് കുട്ടികളുടെ അവധിക്ക് മാതാപിതാക്കൾ പ്ലാൻ ചെയ്തിരുന്നത്. ഇപ്പോൾ അപ്രതീക്ഷിതമായ അവധിക്കാലം വന്നപ്പോൾ വീട്ടിൽ തനിയെ വിട്ടു പോരാൻ പറ്റാത്ത കുട്ടികളെ (ആംഗൻവാടി തൊട്ട് ഹൈസ്കൂൾ വരെ) എന്ത് ചെയ്യും എന്നത് പലയിടത്തും പ്രശ്നമാകും. ഇക്കാര്യത്തിൽ വേഗത്തിൽ തീരുമാനങ്ങളെടുക്കേണ്ടി വരും. ശ്രദ്ധിക്കുക, നിങ്ങളുടെ കുട്ടികളെ ആരുടെ അടുത്താണോ ആക്കുന്നത് അവിടെ അവർ സുരക്ഷിതരാണെന്നും ദുരുപയോഗം ചെയ്യപ്പെടില്ലെന്നും ഉറപ്പുവരുത്തുക (എത്ര അടുത്ത ബന്ധുവിന്റെ/സുഹൃത്തിന്റെ അടുത്താണെങ്കിൽ പോലും).

* അവധിക്കാലം ആഘോഷത്തിന്റെ കൂടി കാലമാണ്. കുറച്ചു നാൾ കൂടുതൽ അവധി കിട്ടിയത് പരമാവധി ആഘോഷിക്കുക. കൂട്ടം കൂടുന്ന സാഹചര്യങ്ങൾ ഒഴിവാക്കണമെങ്കിലും മുറ്റത്തെ മാവിന്റെ ചോട്ടിൽ അടുത്ത വീട്ടിലെ കുട്ടികളുമായി ഇരിക്കാനും കളിക്കാനും അവസരമുള്ള കുട്ടികൾ ഇനിയും കേരളത്തിൽ ഉണ്ടെങ്കിൽ ആ ചാൻസ് കളയരുത്. സുരക്ഷിതരായിരിക്കുക, പക്ഷെ കൊറോണയെപ്പറ്റി മാത്രം ചിന്തിച്ചു വിഷാദമായിരിക്കുന്ന ഒരു അവധിക്കാലമല്ല, മറിച്ച് അടുത്ത കാലത്തുണ്ടായിട്ടുള്ളതിൽ ഏറ്റവും അടിപൊളിയായ ഒരു അവധിക്കാലം ഉണ്ടാകട്ടെ.

*ഈ കൈകൾ ക്ലീൻ...തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ കൊറോണ പ്രതിരോധ നടപടികളെക്കുറിച്ച് ചർച്ച ചെയ്ത സർവ കക്ഷിയോഗത്തിൽ പങ്കെടുക്കാനെത്തിയ പി.സി ജോർജ് എം.എൽ.എ ഹാളിൽ കയറുന്നതിനു മുമ്പ് ജീവനക്കാരി സാനിറ്റൈസർ കൈയിൽ പുരട്ടാൻ കൊടുത്തപ്പോൾ തടഞ്ഞുകൊണ്ട് പറയുന്നു, ഞാൻ ഇപ്പോ പുരട്ടിയിട്ടു വന്നതേയുള്ളൂ അല്ലേ മണത്തു നോക്കി കൊള്ളൂ*

*-കെ.ബി. ജയചന്ദ്രൻ*

മെട്രോ വാർത്ത
ലോകാഃ സമസ്താഃ സുഖിനോ ഭവന്തു
1195 മീനം 4 റജബ് 21
2020 മാർച്ച് 17 ചൊവ്വ

## കൊറോണയുടെ പേരിൽ ആശുപത്രികൾ സ്തംഭിക്കരുത്

കുറുന്തോട്ടിക്കു വാതം വന്ന അവസ്ഥയിലേക്ക് കേരളത്തിലെ കൊറോണ മുൻകരുതലുകൾ നീങ്ങുന്നത് ഒഴിവാക്കേണ്ടിയിരിക്കുന്നു. അവശ്യ സേവനങ്ങൾക്കു നിയോഗിക്കപ്പെടുന്ന ഡോക്റ്റർമാരും ആശുപത്രി ജീവനക്കാരും നിരീക്ഷണത്തിലും ദീർഘകാല അവധിയിലും പ്രവേശിക്കുന്നതിലൂടെ സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ അടിയന്തര ചികിത്സകൾ പോലും മുടങ്ങുകയാണ്. തിരുവനന്തപുരം ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, കളമശേരി മെഡിക്കൽ കോളെജ് തുടങ്ങിയവ ഉദാഹരണങ്ങൾ. ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ നിലവാരമുള്ള സംസ്ഥാനത്തെ മികച്ച സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാണു തിരുവനന്തപുരത്ത് മെഡിക്കൽ കോളെജിനോടു ചേർന്നുള്ള ശ്രീ ചിത്ര മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്. ഹൃദ്രോഗ ചികിത്സയ്ക്ക് രാജ്യത്തേക്കും മികച്ച ആശുപത്രികളിലൊന്ന്. ആയിരക്കണക്കിനു സാധാരണക്കാരായ രോഗികളാണ് ഇവിടെ അവസരം കാത്തു കഴിയുന്നത്.

ശ്രീചിത്രയിലെ ശസ്ത്രക്രിയകൾ പൊടുന്നനെ തീരുമാനിക്കപ്പെടുന്നതല്ല. മാസങ്ങൾക്കു മുൻപേ നിശ്ചയിക്കപ്പെടുന്നതാണ്. ഒരു ദിവസത്തെ ശസ്ത്രക്രിയ മാറ്റിവച്ചാൽ അടുത്ത ദിവസങ്ങളിലേക്കു നിശ്ചയിക്കപ്പെട്ട ശസ്ത്രക്രിയകളും അനിശ്ചിതമായി നീളും. അങ്ങനെയൊരു അവസ്ഥയാണിപ്പോൾ ശ്രീചിത്രയിൽ വന്നു പെട്ടിരിക്കുന്നത്. വളരെ മുൻകൂട്ടി തീരുമാനിക്കപ്പെട്ടതനുസരിച്ച് ഇവിടെയുള്ള ഒരു ഡോക്റ്റർ വിദേശയാത്ര പുറപ്പെട്ടു. സ്പെയ്നിൽ നടന്ന ഒരു മെഡിക്കൽ പരിശീലന ക്യാംപിൽ പങ്കെടുത്ത ശേഷം ഈ മാസം ഒന്നിന് അദ്ദേഹം നാട്ടിൽ തിരിച്ചെത്തി. ഇദ്ദേഹം സ്പെയ്നിൽ ആയിരുന്ന കാലത്ത് അവിടെ കൊറോണ റിപ്പോർട്ട് ചെയ്തിരുന്നില്ല. മടങ്ങിവന്നപ്പോൾ രോഗ ലക്ഷണങ്ങൾ പ്രകടമായതുമില്ല. എങ്കിലും അദ്ദേഹം ശ്രീചിത്രയിലെ മെഡിക്കൽ വിഭാഗത്തെയും ആരോഗ്യ വകുപ്പിന്റെ കൊറോണ സ്പെഷ്യൽ ടീമിനെയും വിവരം ധരിപ്പിച്ചിരുന്നു. രോഗലക്ഷണങ്ങൾ പ്രകടമാകാത്തതിനാലും അദ്ദേഹം സ്പെയിനിൽ ഉണ്ടായിരുന്ന കാലത്ത് അവിടെ രോഗം റിപ്പോർട്ട് ചെയ്യാതിരുന്നതിനാലും സംശയിക്കേണ്ടതായ ഒരു സാഹചര്യവുമില്ലായിരുന്നു. അതുകൊണ്ടു തന്നെ ശ്രീചിത്രയിൽ ഡ്യൂട്ടിക്കെത്തുകയും ചെയ്തു.

എന്നാൽ പിന്നീടു കൊറോണ വൈറസിന്റെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുകയും പരിശോധനാ ഫലത്തിൽ പോസിറ്റിവ് ആണെന്നു വ്യക്തമാകുകയും ചെയ്തതോടെ അദ്ദേഹത്തെ നിരീക്ഷണത്തിലാക്കി. ആശുപത്രിയിലും പുറത്തും അതീവ ജാഗ്രതയോടെയാണ് ഡോക്റ്റർ പെരുമാറിയത്. എങ്കിലും ആശുപത്രിയിൽ അദ്ദേഹവുമായി നേരിട്ടു ബന്ധപ്പെട്ട 25 ഡോക്റ്റർമാരോടും നാലു ജീവനക്കാരോടും അവധിയിൽ പ്രവേശിക്കാനാണ് അധികൃതരുടെ നിർദേശം. അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ അതീവ ഗുരുതരം തന്നെ. നൂറുകണക്കിന് രോഗികളുടെ അടിയന്തര ശസ്ത്രക്രിയകളടക്കം അനിശ്ചിതമായി മാറ്റിവച്ചിരിക്കയാണ്.

ഇത്രയും ഗുരുതരമല്ലെങ്കിലും എറണാകുളം കളമശേരി മെഡിക്കൽ കോളെജിലും സമാനമായ സ്ഥിതിയുണ്ട്. വിദേശത്തു വന്ന മൂന്നു വയസുകാരനു കോവിഡ് 19 സ്ഥിരീകരിച്ചതോടെ ചികിത്സ നൽകിയത് ഇവിടെയാണ്. ഈ കുട്ടിയുടെ മാതാപിതാക്കളുമായി അടുത്തിടപഴകിയ രണ്ടു ഡോക്റ്റർമാരും ഒരു നഴ്സും നിരീക്ഷണത്തിലായി. ഇവരും അവധിയിലാണ്. ഇവരുമായി സമ്പർക്കം പുലർത്തിയ മറ്റു ഡോക്റ്റർമാരുടെ ആരോഗ്യ സ്ഥിതി പരിശോധിച്ചു വരുന്നതേയുള്ളൂ. ഫലം പോസിറ്റിവ് ആയാൽ കൂടുതൽ ഡോക്റ്റർമാരും നഴ്സുമാരും അവധിയിൽ പോകേണ്ടി വരും.

കഴിഞ്ഞ ദിവസം പുനലൂരിൽ അപകടത്തിൽപ്പെട്ട ഒരു യുവാവിനെ ചികിത്സിച്ച തിരുവനന്തപുരം മെഡിക്കൽ കോളെജിലെ ഏതാനും ഡോക്റ്റർമാരും ജീവനക്കാരും ഇതുപോലെ നിരീക്ഷണ ഭീഷണിയിലായിരുന്നു. സൗദി അറേബ്യയിൽ നിന്നു വന്ന യുവാവ് വീട്ടിൽ നിരീക്ഷണത്തിലായിരുന്നു. അതിനിടെയാണ് സ്വന്തം വാഹനത്തിൽ പുറത്തു പോയി അപകടത്തിൽപ്പെട്ടത്. ഒപ്പമുണ്ടായിരുന്ന ഉറ്റവർക്കും പരുക്കേറ്റു. സാരമായി പരുക്കേറ്റ യുവാവിനു പെട്ടെന്നു ശസ്ത്രക്രിയ വേണ്ടി വന്നു. ശസ്ത്രക്രിയയ്ക്കു നേതൃത്വം നൽകിയ ഡോക്റ്റർമാരും നഴ്സുമാരുമാണ് അങ്ങനെ നിരീക്ഷണത്തിലായത്.

അതിനിടെ, തൃശൂരിൽ രോഗമുണ്ടെന്ന സംശയത്താൽ ദമ്പതിമാരെ ഫ്ലാറ്റിനുള്ളിൽ പൂട്ടിയിട്ട സംഭവവും ഉണ്ടായി. അവധിക്കു സൗദിയിൽ പോയി മടങ്ങിയെത്തിയ ദമ്പതികൾക്കാണു ദുരനുഭവം. വിദേശ യാത്രാ വിവരം അധികൃതരെ യഥാവിധി അറിയിക്കുകയും സ്വന്തം വീട്ടിൽ സുരക്ഷിതമായി കഴിയുകയും ചെയ്യുന്നതിനിടെയാണ് അയൽ ഫ്ലാറ്റുകാർ ഇവരെ ഫ്ലാറ്റിനുള്ളിൽ പൂട്ടിയിട്ട് പുറത്തു കൊറോണ എന്നു ബോർഡ് തൂക്കിയത്. കടുത്ത മനുഷ്യാവകാശ ലംഘനവും കുറ്റകൃത്യവുമാണിത്. ഇതു ചെയ്തവർക്കെതിരേ കേസ് രജിസ്റ്റർ ചെയ്ത് റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികളെ അറസ്റ്റ് ചെയ്തിരിക്കയാണു പൊലീസ്.

കൊറോണയ്ക്കെതിരേ മുൻകരുതലെടുക്കേണ്ടത് അനിവാര്യം തന്നെയാണ്. രോഗലക്ഷണങ്ങൾ ഡോക്റ്റർമാരിൽ നിന്നു മറച്ചു വയ്ക്കുന്നതും നിരീക്ഷണത്തിലുള്ളവർ സ്വതന്ത്രരായി വിഹരിക്കുന്നതും നിയന്ത്രിച്ചേ മതിയാകൂ. റാന്നിയിൽ ഒരു കുടുംബത്തിനു സംഭവിച്ച നോട്ടപ്പിശകാണു കേരളത്തിൽ രണ്ടാംഘട്ട രോഗവ്യാപനത്തിന് ഇടയാക്കിയത്. അതേ മാതൃകയിൽ കൂടുതൽ പേർ ഒളിച്ചുകളിക്കുന്നതും ആശുപത്രികളുടെ പ്രവർത്തനങ്ങൾ പോലും തടസപ്പെടുത്തുന്നതും അങ്ങേയറ്റം അപകടകരമാണ്. കുറ്റകരവും.

## mപവർബാങ്ക്

### നിയന്ത്രിക്കാം, ആശകളെ

സമയനിഷ്ഠകൊണ്ട് മനസിന്റെ ശക്തി വർധിപ്പിക്കാൻ കഴിയും. ശാന്തമായ മനസിൽ സദ്ചിന്തകൾ വരുന്നു. പ്രശ്നങ്ങൾ ഇല്ലാത്ത ജീവിതമില്ല. നമുക്കു വേണ്ടത് പ്രശ്നങ്ങൾ അലട്ടാത്ത ജീവിതമാണ്. മനസിനെ ഒരു വിളക്കുമാടമാക്കണം.

ഒരാൾ എത്ര കണ്ട് പുരാണഗ്രന്ഥങ്ങൾ വായിച്ചുവെന്നതിലോ ആരാധനാലയ ദർശനം നടത്തി എന്നതിലോ അല്ല മറിച്ച് മനസിനെ എത്രകണ്ട് ഏകാഗ്രമാക്കാൻ കഴിഞ്ഞുവെന്നതാണു പ്രധാനം. ബാങ്കിൽ ഇട്ട പണത്തിന് പലിശ വർധിക്കുന്നപോലെ നമ്മുടെ മനസ് ഏകാഗ്രതയിൽ അർപ്പിതമാകുമ്പോൾ കൂടുതൽ അനുഗ്രഹങ്ങളും മനഃശാന്തിയും താനേ വന്നുകൊള്ളും.

മനസിന്റെ അവസ്ഥയെ നേരെയാക്കാൻ മനസ് എവിടെ വേണമെന്ന് ആദ്യം ചിന്തിച്ചുറപ്പിക്കണം. അതിനുശേഷം മനസിനെ 'റേഡിയോ സ്റ്റേഷൻ' ട്യൂൺ ചെയ്യുന്ന പോലെ ട്യൂൺ ചെയ്യണം. പലപ്പോഴായി ഇതു പരിശീലിച്ചാൽ ഏകാഗ്രത കൈവരിക്കാനുള്ള കഴിവ് താനേ വന്നുകൊള്ളും.

മനുഷ്യനു വികാരങ്ങളെ നിയന്ത്രിക്കാനും അത് വിവേകാത്മകമായി ഉപയോഗിക്കാനും അവനിൽ അന്തർലീനമായ ഒരു ശക്തിവിശേഷമുണ്ട്. ഈ ശക്തിവിശേഷത്തെ ഇന്നത്തെ സമൂഹം കണ്ടെത്തുകയോ, പ്രയോജനപ്പെടുത്തുകയോ ചെയ്യാതെ പോകുന്നതുകൊണ്ടാണ് വികാരത്തിന്റെ തീവ്രതയിൽ തനിക്കും ചുറ്റുപാടിനും വേദനയും അശാന്തിയും നൽകുന്നത്.

'മനസ്' ഒരു സോഫ്റ്റ്വെയറാണ്. ശരീരം ഒരു ഹാർഡ്‌വെയറും. ശാന്തമായ മനസ് നിശ്ചലമായ ജലം പോലെയാണ്. വിചാരം ബുദ്ധിയും വിവേകം മനസുമാണ്. ശ്രദ്ധിക്കേണ്ടത് സ്വന്തം മനസിനെയാണ്. വിശ്വത്തോളം വിശാലത ഉണ്ടാക്കേണ്ട മനസിൽ നിന്ന് വരുന്ന ഏറ്റവും ചെറിയ ആഗ്രഹങ്ങളെ നിയന്ത്രിച്ച് അതിനു തുടക്കം കുറിക്കാം.

# സിദ്ദുവിന്റെ സിക്സർ, അമരീന്ദറിന്റെ ക്യാച്ച്

**സി.പി. രാജശേഖരൻ**

നവജ്യോത് സിങ് സിദ്ദു ഒരു രാഷ്ട്രീയക്കാരനേ അല്ല. മികച്ചൊരു ക്രിക്കറ്ററാണ്. ഇന്ത്യൻ ക്രിക്കറ്റിന്റെ സുവർണ കാലഘട്ടത്തെ മികച്ച ബാറ്റ്സ്മാൻ. ക്രിക്കറ്റ് ദൈവം സാക്ഷാൽ സച്ചിൻ ടെൻഡുൽക്കറെക്കാൾ വേഗത്തിൽ സിക്സർ പായിച്ചിട്ടുണ്ട്, സിദ്ദു. അതുകൊണ്ടു തന്നെ സിക്സർ സിദ്ദു എന്നായിരുന്നു ഒരുകാലത്ത് അദ്ദേഹത്തിന്റെ ചെല്ലപ്പേര്. ക്രിക്കറ്റിൽ നിന്നു വിരമിച്ചപ്പോൾ രാഷ്ട്രീയം പയറ്റി നോക്കാമെന്ന പ്രതീക്ഷയിൽ ബിജെപിയിലെത്തി. തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ തിളങ്ങുകയും ചെയ്തു. എന്നാൽ പഞ്ചാബിലെ രാഷ്ട്രീയ ചതുരംഗക്കളിയിൽ തനിക്കു ചേരുന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസ് ആണെന്നു തിരിച്ചറിഞ്ഞപ്പോൾ ബിജെപി ഉപേക്ഷിച്ച് കോൺഗ്രസിലെത്തുകയായിരുന്നു. അതൊരു ലാഭക്കച്ചവടമായിരുന്നെങ്കിലും സിദ്ദുവിന്റെ ആഗ്രഹങ്ങളെല്ലാം അപ്പാടെ സാക്ഷാത്കരിക്കാൻ ഈ കൂടുമാറ്റം കൊണ്ടു കഴിഞ്ഞില്ല.

ഇന്ത്യൻ നാഷണൽ കോൺഗ്രസിനു വലിയ തോതിൽ തിരിച്ചടി ഉണ്ടാകേണ്ടിയിരുന്ന പഞ്ചാബിൽ ഇപ്പോഴും പാർട്ടിക്കു വലിയ മുൻതൂക്കമുണ്ട്. അത് എങ്ങനെ തനിക്ക് അനുകൂലമാക്കാമെന്ന ആലോചനയിൽ മുതിർന്ന നേതാവും മുഖ്യമന്ത്രിയുമായ അമരീന്ദർ സിങ്ങിനെ വട്ടംകറക്കുകയായിരുന്നു സിദ്ദു. അമരീന്ദർ സിങ്ങിനെ റൺ ഔട്ട് ആക്കാനുള്ള സിദ്ദുവിന്റെ നീക്കത്തെ ഉജ്വലമായ ക്യാച്ചിലൂടെ വരുതിയിലാക്കി, രാജ്യത്തെ ഏറ്റവും മുതിർന്ന മുഖ്യമന്ത്രി ക്യാപ്റ്റൻ അമരീന്ദർ സിങ്. 2017ലെ തെരഞ്ഞെടുപ്പിൽ വളരെ അപ്രതീക്ഷിതമായാണു കോൺഗ്രസ് ഭൂരിപക്ഷം നേടിയതും അമരീന്ദർ സിങ് മുഖ്യമന്ത്രിയായതും. മധ്യപ്രദേശിലും രാജസ്ഥാനിലും പോലെ, പഞ്ചാബിലും പാർട്ടിയുടെ യുവരക്തം അധികാരത്തിനായി ദാഹിച്ചു. അതിന്റെ നായകനായിരുന്നു നവജ്യോത് സിങ് സിദ്ദു.

പഞ്ചാബിലെ സാധാരണ യുവാക്കളെ എങ്ങനെ സംരക്ഷിക്കണമെന്ന് സിദ്ദു ഒരിക്കലും ആലോചിച്ചതേയില്ല. പകരം, രാഷ്ട്രീയത്തിലെ തന്റെ വിലപേശൽ ശക്തി എങ്ങനെ തനിക്ക് അനുകൂലമാക്കാമെന്നു മാത്രമാണ് അദ്ദേഹം കണക്കു കൂട്ടിയത്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഈ ആലോചന മറനീക്കി പുറത്തു വന്നു. സിദ്ദുവിന്റെ ഭാര്യ ഡോ. നവജ്യോത് കൗർ സിദ്ദുവിന് പാർലമെന്റിലേക്കു മത്സരിക്കണമെന്ന് ഒരു പൂതി. സാക്ഷാൽ സിദ്ദു തന്നെ അതു പാർട്ടിക്കു മുന്നിൽ വച്ചു. സീറ്റ് വേണമെന്നു മാത്രമല്ല, അമൃതസർ തന്നെ വേണമെന്നു നിർബന്ധം പിടിക്കുകയും ചെയ്തു. എന്നാൽ കൗർ മത്സരിക്കുന്നെങ്കിൽ ഭട്ടിൻഡയിൽ ആയിക്കോട്ടെയെന്നും അമൃതസറിൽ പറ്റില്ലെന്നും അമരിന്ദർ സിങ്ങും വാശിപിടിച്ചു. ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണം കൊടുമ്പിരിക്കൊണ്ടിരിക്കെ, പഞ്ചാബിൽ ഈ നേതാക്കളുടെ കലഹം തീർക്കാനായിരുന്നു കോൺഗ്രസ് നേതൃത്വത്തിന്റെ കഠിന ശ്രമം. ഒടുവിൽ അമൃതസറിൽ അല്ലാതെ വേറൊരിടത്തും മത്സരിക്കാനില്ലെന്നു പറഞ്ഞു നവജ്യോത് കൗർ പിന്മാറിയതോടെ അമൃതസറിൽ അമരീന്ദർ സിങ്ങിന്റെ വിശ്വസ്തൻ ഗുർജീസ് സിങ് ഔജല മത്സരിച്ച് ഒരു ലക്ഷത്തിലധികം വോട്ടിന്റെ വോട്ടിന്റെ ഭൂരിപക്ഷത്തിൽ തെരഞ്ഞെടുക്കപ്പെട്ടു.

ലോക്സഭാ തെരഞ്ഞെടുപ്പിൽ അമൃതസർ സീറ്റ് കിട്ടാതിരുന്ന നവജ്യോത് സിങ് സിദ്ദു, പാർട്ടിക്കെതിരായി വലിയ ക്യാംപെയ്ൻ തന്നെ നടത്തി. മുഖ്യമന്ത്രി അമരീന്ദർ സിങ്ങിനെതിരേ അഴിമതിയുടെയും സ്വജന പക്ഷപാതത്തിന്റെയും ആരോപണങ്ങളുടെ സിക്സർ പായിച്ച്, കളം നിറഞ്ഞു കളിച്ചു സിദ്ദു. പക്ഷേ, സൈന്യത്തിലെ മികവാർന്ന സേവനവും രാഷ്ട്രീയത്തിലെ ഇരുത്തം വന്ന നേതൃപാടവവും അമരീന്ദർ സിങ് എന്ന രാഷ്ട്രീയ നേതാവിനെ തെല്ലും ബാധിച്ചതേയില്ല. തുടർച്ചായി സിക്സർ പായിച്ച സിദ്ദുവിന്റെ ക്യാബിനറ്റ് പദവിയിൽ കൈവച്ച് അമരീന്ദർ സിങ് കളിയുടെ ഗതിയൊന്നു മാറ്റി. ടൂറിസം, നഗര വികസനകാര്യ മന്ത്രിയായിരുന്ന നവജ്യോത് സിങ് സിദ്ദുവിന്റെ പോർട്ട് ഫോളിയോ മാറ്റി പകരം അപ്രധാനമായ വൈദ്യുതി വകുപ്പ് നൽകി. ഇതു സ്വീകരിക്കാൻ സിദ്ദു തയാറായില്ല. ലോക്സഭാ തെരഞ്ഞെടുപ്പ് കാലത്ത് പാർട്ടി താത്പര്യങ്ങൾ മാനിക്കാതെ ഭാര്യക്കു സീറ്റിനു വേണ്ടി കലപില കൂടിയെന്നാരോപിച്ച് അമരീന്ദർ സിങ് സിദ്ദുവിനു മൂക്കുകയറിടാൻ നോക്കി. ഇതിനെതിരേ സിദ്ദു ഹൈക്കമാൻഡിനെ സമീപിച്ചെങ്കിലും ഹൈക്കമാൻഡ് ഇടപെട്ടതേയില്ല. പാർട്ടിയിൽ നിന്നു രാജി വയ്ക്കുമെന്ന് ഭീഷണിപ്പെടുത്തിയെങ്കിലും ഹൈക്കമാൻഡും സംസ്ഥാന നേതൃത്വവും കുലുങ്ങിയില്ല. ഒടുവിൽ അമരീന്ദർ മന്ത്രിസഭയിൽ നിന്നു രാജി വച്ച് സിദ്ദു സ്വയം കീഴടങ്ങി.

ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിലാണു സിദ്ദുവിന്റെ പേര് പിന്നീടു കേട്ടത്. കോൺഗ്രസ് പ്രചാരണവിഭാഗത്തിന്റെ നേതൃത്വം സ്വയം ഏറ്റെടുത്ത് രംഗത്തിറങ്ങി. എന്നാൽ പഞ്ചാബ് നിയമസഭയിലേക്ക് ഒരു അംഗത്തെപ്പോലും വിജയിപ്പിക്കാൻ കഴിയാതെപോയ കോൺഗ്രസിന് നവജ്യോത് സിങ് സിദ്ദുവിനോട് അപ്പോഴും അപ്രിയമാണു തോന്നിയത്. അമരീന്ദർ സിങ്ങിനെ വെട്ടാനുള്ള തന്ത്രം അവിടെയും പാളിപ്പോയ നവജ്യോത് സിങ് സിദ്ദു, എങ്ങനെയും തിരിച്ചു വരാനുള്ള നീക്കത്തിലാണിപ്പോൾ. പക്ഷേ, ക്യാപ്റ്റൻ അമരീന്ദർ സിങ് അക്ഷോഭ്യനും. ലോക്സഭാ തെരഞ്ഞെടുപ്പ് കാലത്ത് സിദ്ദുവിന്റെ എതിർ പ്രചാരണം കൊഴുത്തില്ലായിരുന്നെങ്കിൽ പഞ്ചാബിൽ കോൺഗ്രസിന്റെ നില കുറച്ചു കൂടി മെച്ചമാകുമായിരുന്നു എന്നാണ് അമരീന്ദർ സിങ് വെളിപ്പെടുത്തിയത്.

ഇരു നേതാക്കളും തമ്മിലുള്ള കലഹം കൊടുമ്പിരിക്കൊണ്ടിട്ടും പഞ്ചാബിൽ ആകെയുള്ള 13 സീറ്റുകളിൽ എട്ടിലും വിജയിച്ചു കോൺഗ്രസ്. അതും ഒറ്റയ്ക്കു മത്സരിച്ച്. ശക്തമായ നേതൃത്വവും മികവാർന്ന തന്ത്രങ്ങളുമുണ്ടായിരുന്നെങ്കിൽ പഞ്ചാബിൽ കുറഞ്ഞതു പത്തു സീറ്റെങ്കിലും കിട്ടുമായിരുന്നു എന്ന കാര്യം വേറേ. കാര്യങ്ങൾ കൈലിട്ടു പോയിട്ടും ലോക്സഭാ തെരഞ്ഞെടുപ്പിൽ നഗരപ്രദേശങ്ങളിൽ 63 ശതമാനം വോട്ട് നേടാൻ കോൺഗ്രസിനു കഴിഞ്ഞു. ഗ്രാമങ്ങളിൽ 55 ശതമാനവും. രണ്ടു മേഖലകളിലും കൂടി 69 നിയമസഭാ മണ്ഡലങ്ങളിൽ വ്യക്തമായ ലീഡ്. 2017ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ 117ൽ 77 സീറ്റ് നേടിയാണു കോൺഗ്രസ് അധികാരത്തിലെത്തിയത്. അതും പഞ്ചാബ് ഏറ്റവും കൂടുതൽ കാലം ഭരിച്ച ശിരോമണി അകാലിദൾ-ബിജെപി സഖ്യത്തെ മൂന്നാം സ്ഥാനത്തേക്കു പിന്തള്ളി.

" പഞ്ചാബിൽ പാർട്ടിക്കു പ്രാമുഖ്യം കിട്ടണം. വ്യക്തികൾക്ക് അമിത പ്രാമുഖ്യം നൽകരുത്". നവജ്യോത്സിങ് സിദ്ദുവിന്റെ അനാവശ്യ ഇടപെലുകൾക്കെതിരേ ക്യാപ്റ്റൻ അമരീന്ദർ സിങ്ങിന്റെ മുന്നറിയിപ്പ് ഇങ്ങനെ. പക്ഷേ, ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിൽ സ്റ്റാർ ക്യാംപെയ്നറായി പാർട്ടി നിയോഗിച്ചത് സിദ്ദുവിനെ. ഒരു സീറ്റിൽ പോലും വിജയിക്കാൻ കഴിഞ്ഞില്ലെങ്കിലും സിദ്ദു തന്നെയാണ് ഇപ്പോഴും നമ്പർ 10 ജൻപഥിലെ വിഐപി. ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പ് ഫലം ചർച്ച ചെയ്യാൻ സാക്ഷാൽ സോണിയ ഗാന്ധി നേരിട്ടാണു സിദ്ദുവിനെ ക്ഷണിച്ചത്. സോണിയ ഗാന്ധി, രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി എന്നിവരുമായി ഒന്നര മണിക്കൂറിലധികം സിദ്ദു സംസാരിച്ചു. എന്നാൽ രാജ്യത്തേക്കും മുതിർന്ന മുഖ്യമന്ത്രിയായ ക്യാപ്റ്റൻ അമരീന്ദർ സിങ്ങിനെ ചർച്ചയ്ക്കു പോലും ക്ഷണിച്ചില്ല ഇവരാരും. കേരളം കഴിഞ്ഞാൽ കോൺഗ്രസിന് ഏറ്റവും കൂടുതൽ എംപിമാരുള്ള സംസ്ഥാനമാണു പഞ്ചാബ്. അവിടുത്തെ തലമുതിർന്ന നേതാവിനോടു പോലും ഹൈക്കമാൻഡിന് ഒട്ടും മമതയില്ല. പല നേതാക്കളോടും ഈ മമത ഉണ്ടായിരുന്നെങ്കിൽ പശ്ചിമ ബംഗാളിലെ മമത ബാനർജിയെ നഷ്ടപ്പെടില്ലായിരുന്നു, കോൺഗ്രസിന്. അങ്ങനെ പലരെയും.

**നാളെ: ഒട്ടും മമതയില്ല, അവിശ്വാസികളോട്**

# സ്തുതി ഗീതങ്ങൾ ഗുണകരമല്ല

**ഡോ. ആസാദ്**

ആരോഗ്യമന്ത്രി കെ.കെ. ശൈലജ അഭിനന്ദനം അർഹിക്കുന്നു. എൽഡിഎഫ് മന്ത്രിസഭയിലെ കർമശേഷിയുള്ള മന്ത്രിയാണവർ. പൊതുജനാരോഗ്യം മുൻനിർത്തി കേരളം കൈവരിച്ച നേട്ടങ്ങളുടെ സാമൂഹിക രാഷ്ട്രീയ പ്രേരണകളും ലക്ഷ്യങ്ങളും ബോധ്യമുണ്ടവർക്ക്.

സോഷ്യലിസ്റ്റ് ആസൂത്രണത്തിന്റെ വിദൂര സ്വാധീനം കേരളീയ ആരോഗ്യ മേഖലയ്ക്കു നൽകിയ ദീർഘവീക്ഷണവും പ്രയോഗശേഷിയും നിസാരമല്ല. അതു പ്രയോജനപ്പെടുന്ന സന്ദർഭങ്ങളാണ് നിപ്പയും കൊറോണയും പ്രളയവുമെല്ലാം കടന്നാക്രമിച്ചപ്പോൾ ഉണർന്നു നിന്നത്. അത് ഉജ്വലിപ്പിക്കാനുള്ള നേതൃശേഷി തീർച്ചയായും ശൈലജയുടെ പ്രവർത്തനങ്ങളിൽ കാണാം. ഇത്തരം സന്ദർഭങ്ങളിൽ ഇടതുപക്ഷ സർക്കാരിൽനിന്നു ജനങ്ങൾ പ്രതീക്ഷിക്കുന്നത് നൽകാൻ ആരോഗ്യ വകുപ്പിനു കഴിഞ്ഞിട്ടുണ്ട്.

ഇടതുപക്ഷ സർക്കാർ ജനങ്ങൾക്കു വേണ്ടിയുള്ള ആസൂത്രണത്തിന്റെയും പ്രയോഗത്തിന്റെയും മാതൃകാ നേതൃത്വമാവണം. ഓരോ വകുപ്പിലും ജനക്ഷേമം മുൻനിർത്തിയുള്ള ഈ ഉണർവ്വു കാണണം. ആരോഗ്യ വകുപ്പിൽ നാം കണ്ടത് ജനങ്ങളെ പരിഗണിച്ചുള്ള പ്രവർത്തനമാണ്. നിപ്പയെയും കൊറോണയെയും നേരിടുമ്പോൾ അതു കണ്ടു.

*കെ.കെ. ശൈലജ*

*ഗൗരിയമ്മ*

ഔഷധ വില നിയന്ത്രണത്തിലും സ്വകാര്യ മേഖലയുടെ ഹിംസാത്മക കടന്നുകയറ്റത്തിലും രോഗമെത്തിക്കുന്ന സാഹചര്യങ്ങളോടുള്ള പോരാട്ടത്തിലും ജനപക്ഷത്തു നിൽക്കാൻ ഇനിയും ശ്രദ്ധ ആവശ്യമാണ്. അതു ജനങ്ങളെ പുറംതള്ളുന്ന മുതലാളിത്ത വികസനത്തോടു വിട്ടുവീഴ്ച്ചയില്ലാതെ പൊരുതുന്ന നിലപാടിൽനിന്നേ വരൂ. പകർച്ചവ്യാധികളിൽ നിന്നുള്ള രക്ഷ ആ വ്യാധികൾ സൃഷ്ടിക്കുന്ന മുതലാളിത്തത്തിനും നിർബന്ധമാണല്ലോ. അതിലെ ജനതാത്പര്യത്തിനു പുറകിൽ മുതലാളിത്ത താത്പര്യങ്ങൾക്കും ഒളിച്ചു നിൽക്കാനാവും. പക്ഷെ, രോഗം സൃഷ്ടിക്കുന്ന സാഹചര്യത്തോടു പൊരുതുമ്പോൾ ജനശത്രുക്കൾക്ക് ഒളിച്ചു നിൽക്കാനാവില്ല.

നിപ്പ, കൊറോണ രോഗാണുക്കൾക്കെതിരായ പോരാട്ടത്തിൽ ഇടതുപക്ഷ സർക്കാർ നേടിയ ജനവിശ്വാസം ശ്ലാഘനീയമാണ്. അത് കേരളം വളർത്തിയെടുത്ത ആരോഗ്യ സമീപനത്തിന്റെ വിജയമാണ്. ഒരു ദിവസം ഒരു നേതാവിനോ മന്ത്രിക്കോ പൊടുന്നനെ കാണിക്കാവുന്ന മാന്ത്രിക വൃത്തിയല്ല അത്. കേരളീയ ആരോഗ്യ മേഖലയിൽ ജീവൻപകർന്ന ദർശനമേത് എന്ന തിരിച്ചറിവും അത് അടിസ്ഥാനമാക്കി രൂപപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളെ എങ്ങനെ യുദ്ധസജ്ജമാക്കാമെന്ന അറിവുമാണ് ആരോഗ്യ മന്ത്രി ശൈലജയെ വ്യത്യസ്തയാക്കുന്നത്. രാഷ്ട്രീയം കൈമോശം വരുന്ന നേതാക്കൾക്കിടയിൽ ഇത് ഒരത്ഭുതമായി തോന്നാം. അതുകൊണ്ടാണ് ഏറെ വാഴ്ത്തുപാട്ടുകളുണ്ടാവുന്നത്.

എന്നാൽ, സ്തുതി ഗീതങ്ങൾ എപ്പോഴും ഗുണകരമല്ല. ചരിത്രത്തിൽ വ്യക്തിക്കുള്ള ഇടം നാം അറിയാതെ പോവരുത്. ശൈലജ മുഖ്യമന്ത്രിയാവണം എന്നും മറ്റുമുള്ള അതിവാദങ്ങളിലേക്ക് സ്തുതി വളരുന്നത് വലതുപക്ഷ രാഷ്ട്രീയത്തിനേ ഗുണം ചെയ്യൂ. ഗൗരിയമ്മയെ മുഖ്യമന്ത്രിയായി കാണാൻ കൊതിച്ചവരുടെ അനുഭവം മുന്നിലുണ്ടല്ലോ. രോഗത്തിന്റെയും പരിചരണത്തിന്റെയും രാഷ്ട്രീയം സംസാരിക്കേണ്ട നേരത്ത് വിടുവായത്തം പറയുന്നതു ഗുണമാവില്ല. കേവലസ്തുതിക്ക് (ഉയർത്തിപ്പിടിക്കേണ്ട) രാഷ്ട്രീയത്തെ മായ്ച്ചുകളയാൻ ശേഷി കാണും മിക്കപ്പോഴും. അതോർമ വേണം.

# ജിഎസ്ടി നെറ്റ്‌വർക്കും കൊറോണയും

**ഡോ. തോമസ് ഐസക്ക്**

കൊറോണ വൈറസ് ആഗോള സപ്ലൈ ചെയിനുകളെ തകർത്തു കൊണ്ടിരിക്കുകയാണ്. ഇത് ജിഎസ്ടി നെറ്റ് വർക്കിനെ എങ്ങനെ ബാധിക്കുന്നുവെന്ന് കഴിഞ്ഞ ദിവസമാണ് ബോധ്യപ്പെട്ടത്. ജിഎസ്ടിയുടെ ഐടി ബാക്ക് ബോണിന്റെ പ്രവർത്തനം സാമാന്യം കുളമാണ്.

ഇതു പരിഹരിക്കാൻ സാക്ഷാൽ നന്ദൻ നീലേക്കനിയെ ഉത്തരവാദിത്തം ഏൽപ്പിച്ചിരിക്കുകയാണ് കേന്ദ്ര സർക്കാർ. ജിഎസ്ടി കൗൺസിലിൽ പുതിയ ഐടി നെറ്റ്‌വർക്കിനെയും റിട്ടേൺ സമ്പ്രദായത്തെയും കുറിച്ചുള്ള തന്റെ ആശയങ്ങൾ അദ്ദേഹം പങ്കുവയ്ക്കുകയുണ്ടായി. മന്ത്രിമാരുടെ ഒരു പ്രധാന പരാതി നെറ്റ്‌വർക്കിൽ വരുന്ന കാലതാമസവും നെറ്റ്‌വർക്ക് ഹാങ്ങ് ആകുന്നതും സംബന്ധിച്ചായിരുന്നു. ഒന്നേകാൽ ലക്ഷം പേർക്ക് ഒരു സമയം ഒന്നിച്ച് ലോഗിൻ ചെയ്യാനുള്ള കപ്പാസിറ്റിയേയുള്ളൂ.

ഇത് രണ്ടര ലക്ഷമായി ഏതാനും മാസം കൊണ്ട് ഉയർത്തുമ്പോൾ പ്രശ്നമെല്ലാം തീരും എന്നാണ് അദ്ദേഹം പറഞ്ഞത്. രണ്ടു മാസം മുൻപും ഇതു പറഞ്ഞതാണല്ലോ; ഇനിയും മൂന്നു മാസമോ എന്നായി ചിലരുടെ മറുചോദ്യം. അപ്പോഴാണ് വെളിപാടുണ്ടായത്. ഹാർഡ് വെയർ ചൈനയിൽ നിന്നു വരണം. ഇനിയും രണ്ടു മൂന്നു മാസങ്ങളെടുക്കും സപ്ലൈ ചെയിനുകൾ നേരെയാകാൻ. അങ്ങനെ കൊറോണ ജിഎസ്ടി നെറ്റ്‌വർക്കിനെയും ബാധിച്ചിരിക്കുകയാണ്.

ഇങ്ങനെ സപ്ലൈ ചെയിനുകൾ തകരുമ്പോൾ പല ഉത്പന്നങ്ങൾക്കും നാട്ടിൽ ക്ഷാമമുണ്ടാകും. അവയുടെ വില കൂടും. അങ്ങനെ മാന്ദ്യകാലത്തും വില കൂടുന്ന പ്രതിഭാസത്തിലൂടെ നമ്മൾ കടന്നുപോകുകയാണ്. അതിനാൽ മാന്ദ്യം നേരിടാൻ ഉത്തേജക പാക്കേജുകൾ വേണം. കമ്മി കൂടുമ്പോൾ വിലക്കയറ്റം കയറു പൊട്ടിക്കാം. അതുകൊണ്ട് വിലക്കയറ്റം നിയന്ത്രിക്കാനുള്ള നടപടിയും സ്വീകരിച്ചേ പറ്റൂ. പക്ഷേ, ആ തിരിച്ചറിവ് കേന്ദ്ര സർക്കാരിനില്ല.

അതുകൊണ്ട് ജിഎസ്ടി കൗൺസിലിൽ അവർ കൊണ്ടുവന്ന നിർദേശം വിചിത്രമായി എനിക്കു തോന്നി. വളം, തുണി, ചെരുപ്പ് എന്നിവയുടെ നികുതി അഞ്ചിൽ നിന്ന് 12 ശതമാനവും മൊബൈൽ ഫോണിന്റേത് 12ൽ നിന്ന് 18 ശതമാനവുമാക്കി ഉയർത്താനായിരുന്നു അവരുടെ ഉദ്ദേശം. കൊറോണക്കാലത്ത് പറ്റിയ പണിയല്ലിതെന്ന് പറഞ്ഞ് ഞാൻ എതിർത്തു. അങ്ങനെ തുണിയും വളവും ചെരുപ്പും ഒഴിവായി. മൊബൈലിനു മാത്രം 12ൽ നിന്ന് 18 ആയി ഉയർത്താൻ തീരുമാനമായി.

പുറത്തിറങ്ങിയപ്പോഴാണ് അറിയുന്നത് പെട്രോളിന്റെയും ഡീസലിന്റെയും എക്സൈസ് ഡ്യൂട്ടി വർധിപ്പിച്ച വിവരം. എണ്ണ വില കുറയുന്നതിന്റെ നേട്ടം ജനങ്ങൾക്കു കൊടുക്കാതെ തട്ടിയെടുക്കുകയാണ് കേന്ദ്ര സർക്കാർ ചെയ്യുന്നത്. ഞാൻ ഇത് പറഞ്ഞപ്പോൾ പത്രക്കാരിലൊരാൾ ചോദിച്ചു: പെട്രോൾ നികുതി വർധിപ്പിക്കുന്നു എന്ന് മന്ത്രി വിമർശിച്ചെങ്കിലും ഇതിന്റെ ഗുണം നിങ്ങൾക്കും കിട്ടുമല്ലോ!

കേന്ദ്ര എക്സൈസ് നികുതിയുടെ 42 ശതമാനം സംസ്ഥാനത്തിന് അവകാശപ്പെട്ടതാണ്. ഇത് മനസിൽ വച്ചായിരുന്നു ചോദ്യം. പക്ഷേ, കേന്ദ്രത്തിന്റെ സൂത്രം നോക്കിക്കേ, എക്സൈസ് നികുതിയായാൽ 42 ശതമാനം സംസ്ഥാനത്തിനു കൊടുക്കണം. അതുകൊണ്ട് അഡിഷണൽ എക്സൈസ് നികുതിയാണ് വർധിപ്പിച്ചത്.

*നന്ദൻ നീലേക്കനി*

**മാന്ദ്യം നേരിടാൻ ഉത്തേജക പാക്കേജുകൾ വേണം. കമ്മി കൂടുമ്പോൾ വിലക്കയറ്റം കയറു പൊട്ടിക്കാം. അതുകൊണ്ട് വിലക്കയറ്റം നിയന്ത്രിക്കാനുള്ള നടപടിയും സ്വീകരിച്ചേ പറ്റൂ. പക്ഷേ, ആ തിരിച്ചറിവ് കേന്ദ്ര സർക്കാരിനില്ല.**

# രജിത് കുമാറിന് സ്വീകരണം; രണ്ടു പേർ അറസ്റ്റിൽ

കൊച്ചി: ബിഗ്ബോസ് താരം രജിത് കുമാറിന് നെടുമ്പാശേരി വിമാനത്താവളത്തിൽ ആരാധകർ സ്വീകരണം നൽകിയ സംഭവത്തിൽ സ്വീകരണത്തിന് എത്തിയ രണ്ടുപേരെ അറസ്റ്റ് ചെയ്തു. ചേലാമറ്റം സ്വദേശികളായ നിബാസ്, മുഹമ്മദ് അഫ്സൽ എന്നിവരെയാണ് നെടുമ്പാശേരി സിഐ പി.എം. ബൈജു അറസ്റ്റ് ചെയ്തത്. മറ്റുള്ളവരെയും അറസ്റ്റ് ചെയ്യുമെന്നും രജിത് കുമാർ ഒളിവിൽ പോയെന്നാണു വിവരമെന്നും മന്ത്രി വി.എസ്. സുനിൽ കുമാർ പറഞ്ഞു.

വിമാനത്താവളത്തിലെ സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ച് രജിത്തിനെ സ്വീകരിക്കാൻ വരികയും മുദ്രാവാക്യം വിളിക്കുകയും ചെയ്ത മുഴുവൻ ആളുകളെയും തിരിച്ചറിയാനുള്ള ശ്രമം പൊലീസ് തുടരുകയാണ്. പരിപാടിക്ക് എത്ര പേരുണ്ടെങ്കിലും അവരെയെല്ലാം അറസ്റ്റ് ചെയ്യാനാണ് പൊലീസിന് നൽകിയിരിക്കുന്ന നിർദേശം. നാടിനാകെ അപമാനം സൃഷ്ടിച്ച ഈ സംഭവം അതീവ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നതെന്നും സുനിൽ കുമാർ വ്യക്തമാക്കി. കൊച്ചിയിൽ കോവിഡ് 19 അവലോകന യോഗത്തിന് ശേഷം മാധ്യമങ്ങളോടു സംസാരിക്കുകയായിരുന്നു മന്ത്രി.

കേസെടുത്ത പൊലീസിന് രജിത്തിനെ കണ്ടെത്താൻ സാധിച്ചിട്ടില്ല. ഇയാൾ ഒളിവിലാണ് എന്നാണ് മനസിലാക്കുന്നത്. രാജ്യം മുഴുവനും കൊറോണയ്ക്കെതിരേ പോരാട്ടം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനിടയിലാണ് ചിലർ ഇങ്ങനത്തെ കൂത്താട്ടവും കോമാളിത്തരവും കാണിക്കുന്നത്. ഇതൊക്കെ വളരെ അപഹാസ്യമാണ്. വളരെ പെട്ടെന്നാണ് അവർ അവിടെ ആളുകളെ സംഘടിപ്പിച്ചതും മുദ്രാവാക്യം വിളിച്ചു സ്വീകരണം നൽകിയതും. ഇതൊന്നും അംഗീകരിക്കാനാവില്ല. നല്ല മനസുള്ളവർക്കൊന്നും കൊറോണ വരില്ലെന്നും മറ്റും രജിത്കുമാർ പറഞ്ഞ കാര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വിമാനത്താവളത്തിലെ സംഭവം അറിഞ്ഞപ്പോൾ തന്നെ എറണാകുളം ജില്ലാ കലക്റ്റർ വിഷയത്തിൽ ഇടപെട്ടിരുന്നു. പിന്നീട് ഞാനും കലക്റ്ററുമായും പൊലീസുദ്യോഗസ്ഥരുമായും സംസാരിച്ചു. ഇക്കാര്യത്തിൽ ശക്തമായ നടപടിയുമായി സർക്കാർ മുന്നോട്ടു പോകുകയാണ്. സ്വീകരണ പരിപാടിയിൽ പങ്കെടുത്ത രണ്ടു പേരെ അതിനോടകം അറസ്റ്റ് ചെയ്തു കഴിഞ്ഞു. പത്ത് മിനിറ്റ് കൊണ്ടാണ് ഇത്രയും പേർ അവിടെ സംഘടിച്ചത്. സിയാലിന്റെ എംഡിയുമായി ഇതേക്കുറിച്ച് സംസാരിച്ചിട്ടുണ്ട്. വിമാനത്താവളത്തിനകത്ത് വച്ച് ജീവനക്കാർ രജിത് കുമാറിനൊപ്പം സെൽഫി എടുത്തതടക്കം സിയാലിന്റെ ഭാഗത്ത് എന്തെങ്കിലും വീഴ്ച വന്നോ എന്നു പരിശോധിക്കാൻ അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. രജിത്തിന് സ്വീകരണം കൊടുക്കാനെത്തിയവരെ കണ്ടെത്താൻ ഇപ്പോഴും സിസിടിവി ദൃശ്യങ്ങൾ പൊലീസ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്- മന്ത്രി പറഞ്ഞു.

അതേസമയം, സ്വീകരണം നൽകിയ കേസിൽ 79 പേർക്കെതിരേ കേസെടുത്തു. ബിഗ് ബോസ് താരം രജിത്കുമാർ ഉൾപ്പെടെ നാലു പേർക്കും കണ്ടാലറിയാവുന്ന 75 പേർക്കെതിരേയുമാണ് നെടുമ്പാശേരി പൊലീസ് കേസെടുത്തത്.

രജിത്കുമാർ ഫാൻസ് അസോസിയേഷൻ വിമാനത്താവളത്തിന്റെ പരിസരത്ത് ഞായറാഴ്ച രാത്രിയാണു സ്വീകരണമൊരുക്കിയത്. നിയമവിരുദ്ധമായ സംഘം ചേരൽ, കലാപശ്രമം, സർക്കാർ ഉത്തരവു ലംഘനം, പൊതുഗതാഗത സംവിധാനം തടസപ്പെടുത്തി ജനങ്ങൾക്ക് അപകടമുണ്ടാക്കുക തുടങ്ങിയ വകുപ്പുകൾ പ്രകാരമാണ് കേസ്. വിമാനത്താവളത്തിന്റെ 500 മീറ്റർ പരിധിയിൽ സംഘം ചേരരുതെന്ന ഹൈക്കോടതി ഉത്തരവ് മറികടന്നായിരുന്നു സ്വീകരണം.

*മീനമാസ പൂജകൾക്കായി നട തുറന്ന ശബരിമല സന്നിധാനത്ത് ദർശനത്തിനായി എത്തിയ ഇതരസംസ്ഥാനങ്ങളെ ഭക്തർ. കൊറോണ മുൻകരുതലിന്റെ ഭാഗമായി സന്നിധാനത്തേക്കു നാമമാത്രമായാണു ഭക്തർ എത്തുന്നത്.*

## കൊറോണ: ആർഎസ്പി വാർഷികം മാറ്റി

തിരുവനന്തപുരം: ആർഎസ്പി എൺപതാം വാർഷിക പരിപാടികൾ മാർച്ച് 21ന് കൊല്ലത്തും ആർവൈഎഫ് സംസ്ഥാന സമ്മേളനം ഏപ്രിൽ 17, 18ന് കോട്ടയത്തും ഐക്യ കർഷക സംഘം സംസ്ഥാന സമ്മേളനം മാർച്ച് 22ന് ആലപ്പുഴയിലും നടത്താൻ തീരുമാനിച്ചിട്ടുള്ളത് മാറ്റിവയ്ക്കാൻ ആർഎസ്പി സംസ്ഥാന സെക്രട്ടേറിയറ്റ് തീരുമാനിച്ചു. പ്രൊഫ: ടി.ജെ.ചന്ദ്രചൂഡന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഡീസലിനും പെട്രോളിനും അമിതമായ നികുതി വർധിപ്പിച്ച കേന്ദ്ര ഗവണ്മെന്റ് നടപടിയിൽ പ്രതിഷേധിച്ചു. സംസ്ഥാന സെക്രട്ടറി എ.എ. അസീസ്, ഷിബു ബേബി ജോൺ, ബാബു ദിവാകരൻ എന്നിവർ പ്രസംഗിച്ചു.

## ജൂനിയർ മെഡിക്കൽ വിദ്യാർഥികൾക്ക് അവധി

തിരുവനന്തപുരം: സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജൂനിയർ വിദ്യാർഥികൾക്കും അവധി ബാധകമാക്കാൻ തീരുമാനിച്ചതായി മുഖ്യമന്ത്രി അറിയിച്ചു. നേരത്തെ, പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചപ്പോൾ ഇവർക്ക് അവധിയില്ലെന്ന് സർക്കാർ അറിയിക്കുകയായിരുന്നു. എന്നാൽ ഹൗസ് സർജൻമാർ, പിജി വിദ്യാർഥികൾ എന്നിവർ രോഗചികിത്സയ്ക്ക് അത്യാവശ്യമായതിനാൽ അവധി ബാധകമല്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. മെഡിക്കൽ, ആയുർവേദ, ഹോമിയോ, സിദ്ധ, നഴ്സിംഗ്, ഫാർമസി കോളെജുകളിലെ ജൂനിയർ വിദ്യാർഥികൾക്ക് അവധി ബാധകമാണ്.

## സെൻസസിന് തീരുമാനം: മുഖ്യമന്ത്രി

തിരുവനന്തപുരം: സെൻസസ് നടക്കേണ്ടത് അനിവാര്യമായതിനാൽ അതുമായി സഹകരിക്കാൻ സർവകക്ഷി യോഗം തീരുമാനിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. ദേശീയ ജനസംഖ്യാ രജിസ്റ്റർ (എൻപിആർ) സംബന്ധിച്ച എല്ലാ പ്രവർത്തനങ്ങളും സംസ്ഥാന സർക്കാർ സ്റ്റേ ചെയ്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട ഒരു പ്രവർത്തനവും സംസ്ഥാനത്തു നടക്കില്ല. അക്കാര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുമുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു.

സെൻസസിന്റെ ചോദ്യാവലിയിലെ 31 ചോദ്യങ്ങൾ നേരത്തെ ഗസറ്റിൽ പ്രസിദ്ധീകരിച്ചവയാണ്. ഇത് രണ്ട് ഘട്ടമായാണ് നടക്കുന്നത്. മേയ് ഒന്നുമുതൽ 30 വരെ വീടുസംബന്ധിച്ച ചോദ്യങ്ങളാണ് ആദ്യഘട്ടത്തിലുണ്ടാവുക. അടുത്ത വർഷം ഫെബ്രുവരി 9 മുതൽ 28 വരെയാണ് രണ്ടാം ഘട്ടം. സെൻസസ് സംബന്ധിച്ച് ഒരു ആശങ്കയും ആവശ്യമില്ല. നാടിന്റെയാകെ സഹകരണം ഇതിനുണ്ടാകണമെന്ന് മുഖ്യമന്ത്രി അഭ്യർഥിച്ചു.

അതേസമയം, എൻ.പി.ആറിന്റെ കാര്യത്തിൽ കേന്ദ്രത്തിൽ നിന്ന് വ്യക്തമായ വിശദീകരണം വാങ്ങിയ ശേഷമേ സെൻസസ് നടപടികൾ ആരംഭിക്കാവൂ എന്നും അല്ലെങ്കിൽ ആപത്തായിരിക്കുമെന്നും സർവകക്ഷി യോഗത്തിൽ യുഡിഎഫ് ആവശ്യപ്പെട്ടതായി പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. എന്നാൽ സെൻസസ് നടപടികളുമായി മുന്നോട്ടു പോവുകയാണെന്ന് സർക്കാർ അറിയിച്ചിട്ടുണ്ട്. അതിൽ യുഡിഎഫിന്റെ ശക്തമായ പ്രതിഷേധം അറിയിച്ചിട്ടുണ്ടെന്നും ചെന്നിത്തല പറഞ്ഞു.

# പക്ഷിപ്പനി: നാശനഷ്ടമുണ്ടായവർക്ക് 31നകം നഷ്ടപരിഹാരം

കോഴിക്കോട്: ജില്ലയിൽ പക്ഷിപ്പനിയെ തുടർന്ന് കൊന്നൊടുക്കിയ പക്ഷികളുടെ ഉടമകൾക്ക് 31നകം നഷ്ടപരിഹാരം ബാങ്ക് അക്കൗണ്ടിൽ എത്തിച്ചു നൽകുമെന്ന് മൃഗസംരക്ഷണ വകുപ്പ് മന്ത്രി കെ. രാജു. പക്ഷിപ്പനി നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കലക്റ്ററേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

രണ്ടു മാസത്തിൽ താഴെ പ്രായമുള്ള കോഴിക്ക് ഒന്നിന് 100 രൂപയും ഇതിനു മുകളിൽ പ്രായമുള്ള കോഴിക്ക് ഒന്നിന് 200 രൂപയും കോഴിമുട്ട ഒന്നിന് അഞ്ച് രൂപ ഇനത്തിലുമാണു നഷ്ടപരിഹാരം നൽകുക. രോഗബാധ സ്ഥിരീകരിച്ച ഒരു കിലോമീറ്റർ ചുറ്റളവ് പ്രത്യേക നിയന്ത്രണ പ്രദേശമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ഇവിടേക്ക് ജീവനുള്ള പക്ഷികളെ കൊണ്ടുവരാനോ പുറത്തേക്കു കൊണ്ടുപോവാനോ പാടില്ല. ഈ പ്രദേശങ്ങളിലെ കോഴിക്കടകൾ അടച്ചിടുന്നതു തുടരും. 10 കിലോമീറ്റർ ചുറ്റളവിൽ നിലവിൽ കടകളിൽ സൂക്ഷിച്ച കോഴികളെ വിൽപ്പന നടത്താം. സംസ്കരിച്ച ചിക്കൻ വിൽപ്പന നടത്തുന്നതിനും നിയന്ത്രണമില്ല. പുറത്തുനിന്ന് ജീവനുള്ള പക്ഷികളെ കൊണ്ടുവരാനോ പുറത്തേക്ക് കൊണ്ടുപോവാനോ പാടില്ല എന്നേയുള്ളൂ.

അരുമ പക്ഷികളെ നശിപ്പിച്ച ഇനത്തിൽ ഉടമകൾക്ക് നിലവിലുള്ള നിരക്കിൽ നഷ്ടപരിഹാരം നൽകും. ജില്ലയിലെ കൂടുതൽ പ്രദേശങ്ങളിലേക്ക് പക്ഷിപ്പനി പടരാതെ നിയന്ത്രിക്കാൻ സാധിച്ചു. പരിശോധന നടത്തിയ കേന്ദ്ര സംഘം പ്രവർത്തനങ്ങളിൽ സംതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ട്.

മനുഷ്യരിലേക്കു പക്ഷിപ്പനി പടരുന്ന സാഹചര്യം ഇല്ലെങ്കിലും നിയന്ത്രണങ്ങൾ തുടരും. 14 ദിവസം ഇടവിട്ട് സാമ്പിളുകൾ ഭോപ്പാൽ ഹൈ സെക്യൂരിറ്റി ലാബിലേക്ക് അയക്കും. മുഴുവൻ പരിശോധനാ ഫലങ്ങളും നെഗറ്റീവായാൽ മാത്രമേ നിയന്ത്രണങ്ങൾ പിൻവലിക്കാൻ സാധിക്കൂ.

ഒരു മാസം കഴിഞ്ഞ് ഇക്കാര്യത്തിൽ വീണ്ടും അവലോകന യോഗം ചേരുമെന്നും അദ്ദേഹം പറഞ്ഞു.

യോഗത്തിൽ ഗതാഗത വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ, ജില്ലാ കലക്റ്റർ സാംബശിവറാവു, മൃഗസംരക്ഷണ വകുപ്പ് ഡയറക്റ്റർ ഡോ.എം.കെ പ്രസാദ് തുടങ്ങിയവർ പങ്കെടുത്തു.

## രാജിയിലുറച്ച് എംഎൽഎമാർ; ഗുജറാത്ത് കോൺഗ്രസിലും പ്രതിസന്ധി

അഹമ്മദാബാദ്: രാജ്യസഭാ തെരഞ്ഞെടുപ്പിന് ഒരാഴ്ച മാത്രം അവശേഷിക്കെ അഞ്ച് എംഎൽഎമാർ രാജിവച്ചതിനെത്തുടർന്ന് ഗുജറാത്ത് കോൺഗ്രസിൽ ഉടലെടുത്ത പ്രതിസന്ധിക്ക് പരിഹാരമായില്ല. ഹൈക്കമാൻഡ് പ്രതിനിധികളായി ബി.കെ. ഹരിപ്രസാദും രജ്നി പട്ടേലും ഇന്നലെ ഗാന്ധിനഗറിലെത്തി ചർച്ച നടത്തിയെങ്കിലും വിമതർ അനുനയ സൂചനകൾ നൽകിയിട്ടില്ല. പ്രതിസന്ധി പരിഹരിച്ചില്ലെങ്കിൽ സംസ്ഥാനത്ത് കോൺഗ്രസിന് ഒരു രാജ്യസഭാ സീറ്റ് നഷ്ടമാകും.

ജെ.വി. കക്കാഡിയ, സോമാ പട്ടേൽ എന്നിവരടക്കമാണ് അഞ്ച് എംഎൽഎമാർ രാജിവച്ചത്. ഇതോടെ, കോൺഗ്രസിന്റെ അംഗബലം 68 ആയി ചുരുങ്ങി. സ്വതന്ത്രൻ ജിഗ്നേഷ് മേവാനി കൂടി ചേർന്നാലും 69 പേരുടെ പിന്തുണ മാത്രം.

ഒരു സ്ഥാനാർഥിയെ വിജയിപ്പിക്കാൻ 37 വോട്ടുകൾ വേണം. 103 അംഗങ്ങളുള്ള ബിജെപിക്ക് മൂന്ന് രാജ്യസഭാ സ്ഥാനാർഥികളെ ജയിപ്പിക്കാൻ 111 ഒന്നാം വോട്ടുകൾ ആവശ്യമാണ്. വരും ദിവസങ്ങളിൽ കൂടുതൽ കോൺഗ്രസ് എംഎൽഎമാർ രാജിവച്ചു ബിജെപിക്ക് അനുകൂല സാഹചര്യമൊരുക്കുമെന്നാണു റിപ്പോർട്ട്.

ബിജെപി നേരത്തേ തന്നെ അഭയ് ഭരദ്വാജ്, രമില ബര എന്നിവരെ സ്ഥാനാർഥികളായി പ്രഖ്യാപിച്ചിരുന്നു. ശക്തിസിങ് ഗോഹിലും ഭരത് സിങ് സോളങ്കിയുമാണു കോൺഗ്രസ് സ്ഥാനാർഥികൾ. കോൺഗ്രസിൽ നിന്നു കൂറുമാറിയെത്തിയ നരഹരി അമിനെ അവസാന നിമിഷം മൂന്നാം സ്ഥാനാർഥിയായി ബിജെപി അവതരിപ്പിച്ചേക്കുമെന്നാണു റിപ്പോർട്ട്.

# കൊറോണ: ഇറക്കുമതി ചെയ്ത ഭക്ഷ്യവസ്തുക്കളെ ബാധിക്കില്ല

തിരുവനന്തപുരം: കൊവിഡ് 19 വ്യാപനം ഇറക്കുമതി ചെയ്ത ഭക്ഷ്യവസ്തുക്കളെ യാതൊരു വിധത്തിലും ബാധിക്കില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചതായി മന്ത്രി കെ.കെ. ശൈലജ. ഈ സാഹചര്യത്തിൽ രാജ്യത്തേക്ക് ഇറക്കുമതി ചെയ്യപ്പെടുന്ന ഭക്ഷ്യവസ്തുക്കൾ സുരക്ഷിതമാണോ എന്ന ആശങ്ക നിലനിൽക്കുന്നതിനാൽ ഇതേ വിഷയത്തെക്കുറിച്ച് പഠിക്കുന്നതിനായി വിദഗ്ധ കമ്മിറ്റിയെ ദേശീയ ഭക്ഷ്യസുരക്ഷാ അഥോറിറ്റി നിയോഗിക്കുകയുണ്ടായി. ഈ കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ച് ഭക്ഷ്യവസ്തുക്കൾ വഴി കൊവിഡ് 19 പടരുന്നതായി തെളിയിക്കുന്ന യാതൊരു റിപ്പോർട്ടും ലഭ്യമായിട്ടില്ല. ശരിയായ താപനിലയിൽ പാകം ചെയ്ത ഇറച്ചി സുരക്ഷിതമാണെന്നും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

മുൻകരുതലുകൾ എന്ന രീതിയിൽ പാകം ചെയ്യാത്തതോ ശരിയായ രീതിയിൽ പ്രോസസ് ചെയ്യാത്തതോ ആയ ഇറച്ചി ഒഴിവാക്കാനും കമ്മിറ്റി നിർദ്ദേശിച്ചു. പാകം ചെയ്യാത്ത പച്ചക്കറികളും പഴങ്ങളും ശരിയായ രീതിയിൽ വൃത്തിയാക്കിയതിനു ശേഷം മാത്രമേ ഉപയോഗിക്കാവൂ. ശീതീകരിച്ച ഇറച്ചി തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ ശരിയായ താപനിലയിൽ പാകം ചെയ്ത് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.

കേന്ദ്ര ഭക്ഷ്യസുരക്ഷാ അഥോറിറ്റി നിലവിലെ സാഹചര്യം സൂക്ഷ്മമായി നിരീക്ഷിക്കുന്നുവെന്നും ഇതുമായി ബന്ധപ്പെട്ട് മറ്റ് അന്തർദേശീയ ഏജൻസികളുടെയും ശാസ്ത്രീയ ഗവേഷണ സ്ഥാപനങ്ങളുടെയും പഠനങ്ങൾ വിലയിരുത്തുന്നുവെന്നും അറിയിച്ചിട്ടുണ്ട്. ഇറക്കുമതി ചെയ്യപ്പെട്ട ഭക്ഷ്യവസ്തുക്കൾ വഴി രോഗം പകരുമെന്ന മിഥ്യാധാരണ പൊതുജനങ്ങൾക്കിടയിൽ നിന്നും തുടച്ചുനീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മിഷണർമാർക്കും കേന്ദ്ര ഭക്ഷ്യസുരക്ഷാ അഥോറിറ്റി ഇതിനകം നിർദ്ദേശം നൽകിയിട്ടുള്ളതായും മന്ത്രി പറഞ്ഞു.

## സാമൂഹിക ജീവിതം സ്തംഭിച്ച അവസ്ഥ: മുഖ്യമന്ത്രി

■ കെഎസ്ആർടിസി നേരിടുന്നത് കോടികളുടെ നഷ്ടം

തിരുവനന്തപുരം: കൊറോണ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് വ്യാപാര മേഖല ഏതാണ്ട് നിർജീവമായ അവസ്ഥയിലാണുള്ളതെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. ഇത് ദൈനംദിന ജീവിതത്തെ തന്നെ ബാധിച്ചു. കച്ചവടക്കാർ വലിയ പ്രതിസന്ധി നേരിടുന്നുവെന്നാണ് സർക്കാർ മനസിലാക്കുന്നത്. ഗതാഗത മേഖലയും തകർന്ന പോലെയാണ്. കോടിക്കണക്കിനു രൂപയുടെ നഷ്ടമാണ് കെഎസ്ആർടിസി മാത്രം നേരിടുന്നത്.

വിനോദസഞ്ചാര മേഖലയിലെ നിയന്ത്രണങ്ങൾ മൂലം വലിയ നഷ്ടമാണ് ഉണ്ടാവുന്നത്. സാമൂഹിക ജീവിതം സ്തംഭിച്ച അവസ്ഥയാണ്. ഈ നില തുടർന്നാൽ വരും ദിവസങ്ങളിൽ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാവുമെന്നും മുഖ്യമന്ത്രി. സാമൂഹിക ജീവിതം അതേ രീതിയിൽ തുടർന്നു കൊണ്ടു തന്നെ കൊവിഡ് വൈറസിനെതിരേയുള്ള ജാഗ്രത തുടരണം എന്നാണ് സർക്കാരിന്റെ നിലപാട്. സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന സ്തംഭനാവസ്ഥ പരിഗണിച്ച് വായ്പ തിരിച്ചടവിനു സമയം നൽകുന്നതു ചർച്ച ചെയ്യാൻ ബാങ്കേഴ്സ് സമിതി യോഗം വിളിക്കും. കൊവിഡ് 19 പ്രതിരോധത്തിനുള്ള ജാഗ്രത ഇനിയും കൂടുതൽ ശക്തമാക്കണമെന്നും എല്ലാ പഴുതുകളും അടയ്ക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു. ഇനി വിമാനത്താവളങ്ങളിൽ ആഭ്യന്തര യാത്രക്കാരെയും പരിശോധിക്കും. വിമാനത്താവളങ്ങൾ വഴി വിദേശത്തേക്കു പോകുന്നവരെയും പരിശോധിക്കും. ഇതിന്റെ ഭാഗമായി എമിഗ്രേഷൻ, കസ്റ്റംസ് കൗണ്ടറുകളുടെ എണ്ണം വർധിപ്പിക്കും. രോഗലക്ഷണമുള്ളവരെ നേരിട്ട് ആശുപത്രിയിലേക്കു മാറ്റും. നിരീക്ഷണം കഴിഞ്ഞ് ആശുപത്രികളിൽ നിന്നും ഡിസ്ചാർജ് ചെയ്യുന്നവരെ സർക്കാർ നേരിട്ട് വീടുകളിലെത്തിക്കും. വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നതിനിടെ രോഗലക്ഷണങ്ങൾ കാണിക്കുന്നവരെ സർക്കാർ ഇടപെട്ട് ആശുപത്രിയിലെത്തിക്കും.

രോഗികളെയും രോഗലക്ഷണം ഉള്ളവരെയും കൊണ്ടുപോകുന്നതിനായി കൂടുതൽ ആംബുലൻസുകൾ വിമാനത്താവളങ്ങളിൽ സജ്ജീകരിക്കും. കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി കൂടുതൽ ആരോഗ്യ പ്രവർത്തകരെ ആവശ്യമുണ്ട്. വിമാനത്താവളങ്ങളിൽ യാത്ര അയക്കാനും സ്വീകരിക്കാനും വരുന്നവരുടെ എണ്ണം നിയന്ത്രിക്കുമെന്നും മുഖ്യമന്ത്രി.

## കൊറോണ നിരീക്ഷണത്തിലായിരുന്ന യുവാവ് അപകടത്തിൽ മരിച്ചു

ചാലക്കുടി: കൊറോണ നിരീക്ഷണത്തിലായിരുന്ന യുവാവ് മോട്ടോർ ബൈക്ക് അപകടത്തിൽ മരിച്ചു. മേച്ചിറ കാര്യാടൻ സുരേഷിന്റെ മകൻ സുജിത് (30) ആണ് മരിച്ചത്. ശനിയാഴ്ച അർധരാത്രിയിൽ മേച്ചിറയിൽ വച്ചായിരുന്നു അപകടം.

കഴിഞ്ഞ പതിനൊന്നാം തിയതിയാണ് സുജിത് നാട്ടിൽ വന്നത്. കൊറോണ ഭീതിയെ തുടർന്ന് പതിനാലു ദിവസത്തേക്ക് നിരീക്ഷണത്തിൽ കഴിയണമെന്നും പുറത്തേക്ക് ഇറങ്ങരുതെന്നും ആരോഗ്യ വകുപ്പ് അധികൃതർ വീട്ടിലെത്തി നിർദ്ദേശം നൽകിയിരുന്നു. ഇതിനിടയിൽ സുഹൃത്തിനു പരുക്കേറ്റതിനെ തുടർന്ന് കൂട്ടുകാർക്കൊപ്പം രണ്ട് ബൈക്കുകളിൽ ശനിയാഴ്ച രാത്രിയിൽ പോകുമ്പോഴാണ് അപകടം സംഭവിക്കുന്നത്. കൂടെ യാത്ര ചെയ്തിരുന്ന തുമ്പരത്തുക്കുടി അർജുൻ അന്നു തന്നെ മരിച്ചിരുന്നു. ഗുരുതരമായി പരുക്കേറ്റ സുജിത്തിനെ തൃശൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ചികിത്സയിലിരിക്കെ ചൊവ്വാഴ്ച ഉച്ചയോടെ മരണമടയുകയായിരുന്നു.

കൊറോണ നിരീക്ഷണത്തിലായിരുന്നതിനാൽ സുജിത്തിന്റെ മൃതദേഹം തൃശൂർ ജില്ലാ ആശുപത്രിയിലേക്കു മാറ്റിയിരിക്കുകയാണ്.

കൊറോണ പരിശോധനാ ഫലം ലഭിച്ച ശേഷമേ മൃതദേഹം പോസ്റ്റ്മോർട്ടം നടത്തുവെന്ന് അധികൃതർ പറഞ്ഞു. സുജിത്തിന്റെ അമ്മ രാജി. സഹോദരൻ സുജീഷ്.

## കൊച്ചിയിൽ മരിച്ച അച്ഛനുമായി കൊവിഡ് നിരീക്ഷണത്തിലുള്ള വിദ്യാർഥി നേരിൽ കണ്ടിട്ടില്ല

കൊച്ചി: കൊച്ചിയിൽ മരിച്ച അച്ഛനുമായി കൊവിഡ് നിരീക്ഷണത്തിലുള്ള വിദ്യാർഥി നേരിൽ കണ്ടിട്ടില്ലെന്ന് സ്ഥിരീകരണം. അച്ഛൻ ആശുപത്രിയിൽ ഗുരുതരാവസ്ഥയിൽ ആയതിനെ തുടർന്നാണ് കുട്ടി നാട്ടിലെത്തിയത്. നാട്ടിൽ എത്തിയ ദിവസം മുതൽ കുട്ടി വീട്ടിൽ തന്നെ നിരീക്ഷണത്തിൽ കഴിയുകയായിരുന്നു. കുട്ടിയുടെ അച്ഛൻ ഏറെ നാളുകളായി ക്യാൻസർ രോഗത്തിനു ചികിത്സയിലായിരുന്നു.

ചൈനയിൽ നിന്നെത്തി 10 ദിവസമായി വീട്ടിൽ നിരീക്ഷണത്തിൽ കഴിയുകയായിരുന്ന പത്തനംതിട്ട വല്ലന സ്വദേശിനിയായ വിദ്യാർഥിനിയുടെ അച്ഛനാണ് ഇന്നലെ രാവിലെ മരിച്ചത്. എറണാകുളത്തെ ആശുപത്രിയിലായിരുന്നു അന്ത്യം. അതേസമയം, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കൊവിഡ് രോഗബാധിതരുള്ള പത്തനംതിട്ടയിൽ അതീവ ജാഗ്രത തുടരുകയാണ്.

ഇറ്റലിയിൽ നിന്നുള്ള 17 പേർ ഉൾപ്പെടെ വിവിധ രാഷ്ട്രങ്ങളിൽ നിന്നായി 726 പേരാണ് വിദേശത്ത് നിന്ന് പത്തനംതിട്ടയിൽ തിരികെ എത്തിയിരിക്കുന്നത്. ഇവർ വീടുകളിൽ നിരീക്ഷണത്തിലാണ്.

മൊത്തം 29 പേർ ജില്ലയിലെ വിവിധ ആശുപത്രികളിലായി നിരീക്ഷണത്തിലാണ്. പത്തനംതിട്ടയിൽ 1250 പേരാണ് വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നത്.

## വ്യാജ ഫോൺ കോളുകൾക്കെതിരേ സൈബർ ഡോം പുറത്തിറക്കിയ ബി സേഫ് സൂപ്പർ ഹിറ്റിലേക്ക്

■ 48 മണിക്കൂറിനകം ഡൗൺലോഡ് ചെയ്തത് 7000ത്തിലധികം പേർ

തിരുവനന്തപുരം: വ്യാജ ഫോൺ കോളുകൾ ഉപയോഗിച്ച് ഓൺലൈൻ തട്ടിപ്പു നടത്തുന്നത് തടയാൻ കേരള പൊലീസിന്റെ കീഴിലുള്ള സൈബർ ഡോമിന്റെ നേതൃത്വത്തിൽ പുറത്തിറക്കിയ ബി സേഫിന്റെ (BSAFE) മൊബൈൽ ഫോൺ ആപ്ലിക്കേഷൻ സോഷ്യൽ മീഡിയയിൽ വൻ ഹിറ്റ്. ആപ്ലിക്കേഷൻ പുറത്തിറക്കി 48 മണിക്കൂർ തികയുന്നതിനിടെ ആപ്പ് ഡൗൺ ലോഡ് ചെയ്ത് ധന ഉപയോഗം സുരക്ഷിതമാക്കിയത് 7000ത്തിലധികം പേരാണെന്ന് സൈബർ ഡോം നോഡൽ ഓഫിസറും എഡിജിപിയുമായ മനോജ് എബ്രഹാം അറിയിച്ചു. ആദ്യമണിക്കൂറിൽ തന്നെ മികച്ച പ്രതികരണം ലഭിച്ച ബി സേഫ് പ്ലാറ്റ്ഫോം കൂടുതൽ ജനപ്രിയമാകുമെന്നാണു പ്രതീക്ഷ. സംസ്ഥാനത്ത് രൂക്ഷമായി വന്ന ഓൺ ലൈൻ, മൊബൈൽ ഫോൺ വഴിയുള്ള പണം തട്ടിപ്പു തടയുന്നതിനു വേണ്ടിയാണ് സൈബർ ഡോമിന്റെ നേതൃത്വത്തിൽ ബി സേഫ് പ്ലാറ്റ്ഫോം പുറത്തിറക്കിയത്. മൊബൈൽ ആപ്ലിക്കേഷനായും ഓൺലൈനായും ഉപഭോക്താക്കൾക്ക് ഇതിന്റെ സേവനം കൂടുതൽ ലഭ്യമാകും.

സ്പാം ഫോൺ കോളുകൾ ഓട്ടോമാറ്റിക്കായി ബ്ലോക്ക് ചെയ്യുന്നതിനുള്ള സംവിധാനമാണ് ഈ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആപ്പ് വേർഷന്റെ സഹായത്തിലൂടെ ഉപഭോക്താവിന് ഓട്ടോമാറ്റിക് ആയി ഇത്തരത്തിലുള്ള കോളുകൾ അറ്റൻഡ് ചെയ്യാതെ തന്നെ ഒഴിവാക്കാനുള്ള സംവിധാനവും ലഭ്യമാണ്. ഇതിലൂടെ തട്ടിപ്പിനിടയാക്കുന്ന ഫോൺകോളുകൾക്കായി അനാവശ്യമായി സമയം നഷ്ടമാകുന്നതും ഒഴിവാക്കാൻ സാധിക്കുന്നു.

ഓരോ ദിവസവും പുതിയ നമ്പരുകളിൽ നിന്ന് സ്പാം കോളുകൾ വരാനുള്ള സാധ്യതയുള്ളതുകൊണ്ടു തന്നെ ആപ്പ് സെർവറിന് പുറമെ ഉപഭോക്താവിനും അനാവശ്യ നമ്പറുകൾ സ്വയം ബ്ലോക്ക് ചെയ്യുന്നതിന് സൗകര്യമുണ്ട്. ഇതിന് പുറമേ സ്പാം ആയി തോന്നുന്ന ഒരു നമ്പർ, ഇൻസ്റ്റന്റ് മെസഞ്ചർ, സോഷ്യൽ മീഡിയ പോസ്റ്റ് എന്നിവയിലൂടെ ലഭിക്കുന്നവയായാലും സെർച്ച് ചെയ്യുന്നതിന് സെർച്ച് ഓൺ കോപ്പി ഓപ്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. ആപ് വേർഷനു പുറമെ സെർച്ച് ചെയ്യുന്നതിനുള്ള ഓപ്ഷൻ bsafe.kerala.gov.in എന്ന വെബ്സൈറ്റ് വഴിയും ലഭ്യമാണ്.

കേരള പൊലീസ് സൈബർഡോമിന്റെയും റിസർവ് ബാങ്കിന്റെയും സംയുക്ത മേൽനോട്ടത്തിലാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. ബാങ്കുകൾ, മൊബൈൽ വാലറ്റുകൾ, ഇ കൊമേഴ്സ് സൈറ്റുകൾ, ജില്ലാ സൈബർ സെല്ലുകൾ, ഹൈടെക് സെൽ, സൈബർ പിഎസ് എന്നിവ പ്രധാന പങ്കാളികളാണ്.

## എംജി സർവകലാശാലാ പരീക്ഷകൾക്ക് മാറ്റമില്ല

■ വൈസ് ചാൻസലറുടെ പേരിൽ വ്യാജ സന്ദേശം; സർവകലാശാല നിയമ നടപടിക്ക്

കോട്ടയം: മഹാത്മാഗാന്ധി സർവകലാശാല പരീക്ഷകൾ മുൻ നിശ്ചയപ്രകാരം നടക്കുമെന്നും പരീക്ഷകൾ മാറ്റിവച്ചിട്ടില്ലെന്നും വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അറിയിച്ചു. നാലാം സെമസ്റ്റർ യു.ജി. പരീക്ഷകൾ ഇന്ന് ആരംഭിക്കും. നിശ്ചയിച്ച പരീക്ഷളൊന്നും മാറ്റിയിട്ടില്ല. സർവകലാശാല പരീക്ഷകൾ മാറ്റിവച്ചതായും വിദ്യാർഥികൾ കോളെജുകളിൽ എത്തേണ്ടതില്ലെന്നും എം.ജി. സർവകലാശാല വൈസ് ചാൻസലറുടെ പേരിൽ സാമൂഹിക മാധ്യമങ്ങളിൽ വ്യാജപ്രചാരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉത്തരവാദികൾക്കെതിരേ കർശന നിയമനടപടികൾ സ്വീകരിക്കുമെന്ന് സർവകലാശാല അറിയിച്ചു.

## വാളയാർ വിധി സ്വാഗതാർഹം: മന്ത്രി ബാലൻ

തിരുവനന്തപുരം: വാളയാറിലെ സഹോദരിമാരുടെ മരണവുമായി ബന്ധപ്പെട്ട അപ്പീൽ കേസുകളിൽ ഉണ്ടായ ഹൈക്കോടതി വിധി സ്വാഗതാർഹമാണെന്ന് മന്ത്രി എ.കെ. ബാലൻ. കേസ് പരിഗണനക്കെടുത്തതിനൊപ്പം, കീഴ്ക്കോടതി വെറുതെവിട്ട പ്രതികളെ അറസ്റ്റ് ചെയ്യാനുമുള്ള ഉത്തരവ് ഉണ്ടായിരിക്കുകയാണ്. വാളയാർ കേസിലെ കീഴ്ക്കോടതി വിധി വന്നപ്പോൾ വലിയ വിമർശനം സർക്കാരിനെതിരേ ഉണ്ടായിരുന്നു. കേസിൽ അപ്പീൽ പോകുമെന്നു വിധി വന്ന 2019 ഒക്റ്റോബർ 27നു തന്നെ മാധ്യമ പ്രവർത്തകരോട് നിയമവകുപ്പ് മന്ത്രിയെന്ന നിലയിൽ പറഞ്ഞിരുന്നു. അന്വേഷണത്തിലും പ്രോസിക്യൂഷൻ ഭാഗത്തും വീഴ്ചയുണ്ടായിട്ടുണ്ടോ എന്നു പരിശോധിക്കുമെന്നും സൂചിപ്പിച്ചിരുന്നു.

കീഴ്ക്കോടതി വിധിക്കെതിരെ കേവലം അപ്പീൽ നൽകുക മാത്രമല്ല, കേസിൽ തുടരന്വേഷണം നടത്തി കൂടുതൽ തെളിവുകൾ ശേഖരിച്ചും കൂടുതൽ സാക്ഷികളെ കണ്ടെത്തിയും പുനർവിചാരണ നടത്തി പ്രതികൾക്ക് പരമാവധി ശിക്ഷ നൽകണമെന്നാണു സർക്കാരിന്റെ വാദം. ഇത്തരം അപ്പീൽ കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്യാൻ ഉത്തരവിടുന്നത് അസാധാരണമാണ്. സർക്കാരിന്റെ പ്രത്യേക നിർദേശ പ്രകാരം സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ വാദിച്ചതുകൊണ്ടാണ് ഇത്തരമൊരു ഉത്തരവ് പുറപ്പെടുവിക്കാൻ ഇടയായിട്ടുള്ളത്.

രണ്ടാമത്തെ മരണം നടന്ന 2017 മാർച്ച് നാലിന് ശേഷം മാർച്ച് 11ന് വാളയാറിലെത്തി കുട്ടികളുടെ മാതാപിതാക്കളെ കാണുകയും പഴുതുകളില്ലാത്ത അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിനു മുന്നിലെത്തിക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്തിരുന്നു.

കൊറോണ ഭീഷണിയെ തുടർന്ന് കേരളത്തിൽ ആകമാന തൊഴിൽ മേഖലയും സ്തംഭിച്ചതോടെ സ്വന്തം നാട്ടുകളിലേക്ക് മടങ്ങാൻ ട്രെയിൻ കാത്തിരിക്കുന്ന ഇതര സംസ്ഥാനക്കാർ. എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ നിന്നുള്ള ദൃശ്യം. മനു ഷെല്ലി

# "ഭയക്കേണ്ടതില്ല, രാജ്യം നിങ്ങൾക്കൊപ്പമുണ്ട്"

രോഹിത് ദത്ത

ന്യൂഡൽഹി: "വെറും സാധാരണക്കാരനാണു ഞാൻ. അങ്ങനെയുള്ള ഒരാളെയാണ് കേന്ദ്ര ആരോഗ്യ മന്ത്രി നേരിട്ടു വിളിച്ചു സുഖവിവരങ്ങൾ അന്വേഷിച്ചത്. ഭയക്കേണ്ടതില്ല, ഈ കൊറോണയെ. ആരോഗ്യമുള്ള വ്യക്തികൾക്ക് അതിവേഗം രോഗം ഭേദമാകും. ഇതിനുപുറമെ നിങ്ങൾക്കു പിന്തുണ നൽകി ഒരു രാജ്യം തന്നെയുണ്ടെന്നും അറിയുക "- രാജ്യം കൊറോണ ഭീതിയിലായിരിക്കെ ഡൽഹിയിലെ ആദ്യ രോഗബാധിതരിലൊരാളായ രോഹിത് ദത്തയുടെ വാക്കുകളാണിത്. അറുപത്തഞ്ചുകാരൻ രോഹിത് രോഗം ഭേദമായി ആശുപത്രി വിട്ടശേഷം ഒരു ദേശീയ ദിനപത്രത്തിനു നൽകിയ അഭിമുഖത്തിലാണ് കൊറോണയ്ക്കെതിരേ ഇന്ത്യ നടത്തുന്ന യുദ്ധത്തിന്റെ നേർസാക്ഷ്യം. മയൂർ വിഹാറിലെ സ്വന്തം വീട്ടിലാണിപ്പോൾ രോഹിത്ത്. 14 ദിവസം ഹോം ക്വാറന്റൈൻ തുടരാൻ അധികൃതർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇറ്റലിയിൽ നിന്നു തിരിച്ചെത്തിയപ്പോഴായിരുന്നു രോഗം സ്ഥിരീകരിച്ചത്.

"അവിശ്വസനീയമാണ്. ഡൽഹിയിലെ സഫ്ദർജങ് ആശുപത്രിയിലെ ഐസൊലേഷൻ വാർഡ്. ഇപ്പോഴും വിശ്വസിക്കാനവുന്നില്ല ഒരു സർക്കാർ ആശുപത്രിയിലെ വാർഡാണതെന്ന്. ഒരു ആഡംബര ഹോട്ടലിനപ്പുറമായിരുന്നു അവിടത്തെ സൗകര്യം. ദിവസം രണ്ട് നേരം കൃത്യമായി കഴുകിത്തുടക്കും. വിരികളും പുതപ്പും മാറ്റും. ജീവനക്കാരടക്കം മികച്ച രീതിയിൽ ശുചിത്വം പാലിക്കുന്നുണ്ട്.

രോഗക്കിടക്കയിലും ഫോൺ ഉപയോഗിക്കാൻ അനുവദിച്ചു. കുടുംബാംഗങ്ങളുമായി വിഡിയൊ കോൾ നടത്തി. നെറ്റ്ഫ്ലിക്സ് വീഡിയൊകൾ കണ്ടു. 14 ദിവസം ആശുപത്രിയിൽ കഴിഞ്ഞപ്പോഴും ഒറ്റപ്പെടൽ തോന്നിയതേയില്ല.

ഹോളി സമയത്താണ് കേന്ദ്ര ആരോഗ്യമന്ത്രി ഹർഷ് വർധൻ വിളിച്ചത്.എനിക്കു ഹോളി ആശംസകൾ നേർന്ന അദ്ദേഹം രോഗവിവരങ്ങൾ തിരക്കി. ആശുപത്രി ഭക്ഷണത്തെ കുറിച്ചും അവിടുത്തെ സൗകര്യങ്ങളെ കുറിച്ചും അന്വേഷിച്ചു. കൊറോണ ബാധിതരുടെ അവസ്ഥകൾ താനും പ്രധാനമന്ത്രിയും നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ഞാൻ ഒരു സാധാരണക്കാരനാണ്. രാജ്യത്തെ ആരോഗ്യമന്ത്രിയാണ് എന്നെ വിളിക്കുന്നത്. ഞാൻ അദ്ഭുതപ്പെട്ടു.

രണ്ട് നിലകളിലായുള്ള ഐസൊലേഷൻ വാർഡിൽ തനിക്ക് അനുവദിച്ച ഒറ്റമുറിയിൽ പ്രാണായാമം പരിശീലിച്ചെന്നും അദ്ദേഹം. ബാക്കി സമയം പുസ്തകങ്ങൾ വായിച്ചും മൊബൈലിൽ സിനിമകൾ കണ്ടും കഴിഞ്ഞു. ആശുപത്രി ജീവനക്കാരും നന്നായി സഹായിച്ചു.

ഫെബ്രുവരി 25നു തിരികെയെത്തുമ്പോൾ ചെറിയ പനിയുണ്ടായിരുന്നു. അടുത്തുള്ള ക്ലിനിക്കിൽ പോയി മരുന്നു വാങ്ങി. പിറ്റേന്നു പനി കൂടുതലായപ്പോൾ പരിശോധിച്ചു. അതോടെയാണ് കൊവിഡ് 19 സ്ഥിരീകരിച്ചത്.

സത്യത്തിൽ ഞാൻ ഭയന്നു പോയിരുന്നു. ഇതൊരു പുതിയ രോഗമായതിനാൽ തന്നെ ഞാൻ മരിക്കുമെന്ന് കരുതി. എന്നാൽ, ഡോക്റ്റർമാർ പരിശോധിച്ചശേഷം നേരിയ ചുമയും പനിയും മാത്രമേയുള്ളൂ വെന്നും വേഗം സുഖം പ്രാപിക്കുമെന്നും പറഞ്ഞു. ഞാൻ നഴ്സുമാരോടും ഡോക്റ്റർമാരോടും നന്ദി അറിയിച്ചു. കാരണം അവർക്കുപോലും എന്റെ ഈ രോഗം കാരണം ജീവൻ അപകടത്തിലായേക്കാം. പക്ഷെ അവർ എന്നോട് പറഞ്ഞു. ഞങ്ങളുടെ കടമയാണിതെന്നും ഇത് ഞങ്ങൾ തിരഞ്ഞെടുത്ത തൊഴിലാണെന്നുമായിരുന്നു.

കമ്പനിയുടെ ആവശ്യത്തിനായി ഫെബ്രുവരി പകുതിയോടെ ഇറ്റലിയിലേക്ക് പോയതാണ് ദത്ത. യാത്ര ചെയ്യുന്ന സമയത്ത് അവിടെ കൊറോണ വൈറസിനെ കുറിച്ച് ഒരു വാർത്തകളുമുണ്ടായിരുന്നില്ലെന്ന് അദ്ദേഹം പറയുന്നു.

സർക്കാർ സംവിധാനങ്ങളുടെ വേഗം അഭിനന്ദനീയമെന്നും ദത്ത. എനിക്ക് കൊവിഡ് സ്ഥിരീകരിച്ച് 30 മിനിറ്റിനുള്ളിൽ സഫ്ദർജങ് ആശുപത്രിയിലെ ഐസൊലേഷൻ വാർഡിലാക്കി. ഈ സമയത്തിനുള്ളിൽ ആരോഗ്യപ്രവർത്തകർ എന്റെ വീട്ടിലെത്തി കുടുംബാംഗങ്ങളെയും പരിശോധനയ്ക്കു വിധേയരാക്കി. അവർക്കു സമ്പർക്ക വിലക്കും ഏർപ്പെടുത്തി. എന്നോട് അടുത്തിടപഴകിയ എല്ലാവരെയും നിമിഷങ്ങൾക്കുള്ളിൽ കണ്ടെത്തി. പിറ്റേന്ന് സ്കൂളിലും പരിശോധന നടത്തി. രോഗപ്രതിരോധത്തിനു സർക്കാർ ശ്രമം തുടരുമ്പോൾ രോഹിത് ദത്തയ്ക്ക് ഒന്നേ പറയാനുള്ളൂ- വൈറസ് ബാധിതർ ഒന്നും ഒളിച്ചുവയ്ക്കരുത്. എവിടെയൊക്കെ പോയി എന്നതും ആരുമായൊക്കെ അടുത്തിടപഴകി എന്നതും വിശദമായി വെളിപ്പെടുത്തണം. കാരണം ഈ മഹാവിപത്തിനെ നേരിടാൻ ലോകം ഒറ്റക്കെട്ടായി ശ്രമിക്കുമ്പോൾ ദുർബലപ്പെടരുത് അതിലൊരു കണ്ണിയും....

## ഹൈക്കോടതിയിൽ നിയന്ത്രണം

കൊച്ചി: കൊവിഡ് 19ന്റെ പശ്ചാത്തലത്തിൽ മുൻകരുതൽ നടപടികൾ ഊർജിതമാക്കി കേരള ഹൈക്കോടതി. രോഗപ്രതിരോധ നടപടികളുടെ ഭാഗമായി കർശന നിയന്ത്രണങ്ങളാണ് ഹൈക്കോടതിയിൽ ഏർപ്പെടുത്തിയത്. അദാലത്തുകൾ രണ്ടാഴ്ച നിർത്തിവയ്ക്കാൻ ചീഫ് ജസ്റ്റിസ് മണികുമാർ നിർദ്ദേശിച്ചു.

കോടതി മുറിയിൽ കേസുമായി ബന്ധമുള്ളവരെ മാത്രമേ പ്രവേശിപ്പിക്കൂ. കേസ് റിപ്പോർട്ട് ചെയ്യാൻ കോടതിയിലെത്തുന്ന മാധ്യമപ്രവർത്തകരും നിബന്ധനകൾ പാലിക്കണം. അവർക്ക് ഐഡി കാർഡുമായി എത്താം. കോടതിയിലേക്കുള്ള എല്ലാ ഗേറ്റിലും തെർമൽ സ്കാനിങ് നിർബന്ധമാക്കി. പ്രവേശനം ഒരു ഗേറ്റിലൂടെ മാത്രമാക്കും.

## ബെവ്റിജസ് ഔട്ട്ലെറ്റുകൾ പൂട്ടണം: ഉമ്മൻചാണ്ടി

തിരുവനന്തപുരം: കൊറോണ വൈറസ് പടരുന്ന സാഹചര്യത്തിൽ ബെവ്റിജസ് കോർപ്പറേഷന്റേയും കസ്യൂമർ ഫെഡിന്റെയും മദ്യ ഔട്ട്ലെറ്റുകൾ പൂട്ടണമെന്ന് മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. ഇത് ഉൾപ്പെടെ ഏഴിന നിർദേശങ്ങൾ മുഖ്യമന്ത്രിക്കു നൽകിയ കത്തിലുണ്ട്.

തൊഴിൽനഷ്ടം, വ്യാപാരരംഗത്തെ മാന്ദ്യം, കാർഷിക ഉത്പങ്ങളുടെ വിലയിടിവ് തുടങ്ങിയവയുടെ സാഹചര്യത്തിൽ ബാങ്കുകളുടെയും സഹകരണ സ്ഥാപനങ്ങളിലേയും കടങ്ങൾക്ക് ഒരു വർഷത്തേയ്ക്കു മോറട്ടോറിയം നൽകണം. അടിയന്തരമായി മുഖ്യമന്ത്രി ബാങ്കുകളുടെ യോഗം വിളിച്ച് ജപ്തി നടപടികൾ നിർത്തിവയ്പ്പിക്കണം. സഹകരണ ബാങ്കുകൾക്ക് ഇതിനുള്ള നിർദേശം നൽകണം.

വീടുകളിലും ആശുപത്രികളിലും നിരീക്ഷണത്തിൽ കഴിയുന്നവരിൽ സാമ്പത്തിക സഹായം ആവശ്യമുള്ള കുടുംബങ്ങൾക്ക് സഹായം നല്കുന്നതിന് വേണ്ട നിർദേശം ജില്ലാ കലക്റ്റർമാർക്ക് നൽകണം. ക്ഷേമനിധി പെൻഷനുകളും സാമൂഹ്യക്ഷേമ പെൻഷനുകളുടെയും കുടിശിക സഹിതം അടിയന്തരമായി വിതരണം ചെയ്യണം. ഇറാനിലുള്ള മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ വിദേശരാജ്യങ്ങളിൽ കുടുങ്ങിക്കിടക്കുന്ന എല്ലാവരെയും തിരിച്ചുകൊണ്ടുവരാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട് സത്വര നടപടികൾ സ്വീകരിക്കണം എന്നതുൾപ്പടെയുള്ള ആവശ്യങ്ങളാണ് ഉമ്മൻ ചാണ്ടി കത്തിലൂടെ ആവശ്യപ്പെടുന്നത്.

# കെഎസ്ആർടിസിയുടെ വരുമാനം പകുതിയായി

കോഴിക്കോട്: കൊറോണ ഭീതിയിൽ യാത്രക്കാരുടെ എണ്ണം ഗണ്യമായി കുറഞ്ഞതിനാൽ ഒട്ടേറെ ഷെഡ്യൂളുകൾ വെട്ടിക്കുറക്കാൻ കെഎസ്ആർടിസി നിർബന്ധിതമാവുകയാണെന്ന് ഗതാഗത വകുപ്പു മന്ത്രി എ.കെ. ശശീന്ദ്രൻ.

പല റൂട്ടുകളിലേക്കും യാത്രക്കാർ ഇല്ലാത്ത അവസ്ഥയാണ്. ഇത് കെഎസ്ആർടിസിയുടെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കി. 10 ലക്ഷത്തോളം യാത്രക്കാരുടെ കുറവുണ്ടായി. കോഴിക്കോട് മാത്രം 300ഓളം ഷെഡ്യൂളുകളാണ് വെട്ടിച്ചുരുക്കിയത്. ഏതെങ്കിലും റൂട്ടുകളിലേക്ക് യാത്രക്കാർ ഉണ്ടെങ്കിൽ അത്തരം ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കില്ല. സ്വകാര്യ ബസ് സർവീസും സമാന പ്രതിസന്ധിയിലായതിനാൽ നികുതി അടയ്ക്കാനുള്ള തീയതി നീട്ടിനൽകുന്ന കാര്യം മുഖ്യമന്ത്രിയുമായി ചർച്ചചെയ്ത് തീരുമാനിക്കും.

ഈ മാസം 10ന് 5.62 കോടി രൂപ വരുമാനം ഉണ്ടായിരുന്നിടത്ത് ഇന്നലെ കേവലം 2.83 കോടിയായി ചുരുങ്ങി. ശരാശരി ഒരു കിലോമീറ്ററിൽ ഒൻപതു രൂപയുടെ നഷ്ടമാണ് ഈ ദിവസങ്ങളിൽ നേരിടുന്നത്. പത്താം തീയതി ഒരു കിലോമീറ്ററിന് ശരാശരി 38 രൂപ ലഭിച്ചിരുന്നിടത്ത് തൊട്ടടുത്ത ദിവസം ഇത് 27.42 രൂപയായി കുറഞ്ഞു- മന്ത്രി കൂട്ടിച്ചേർത്തു.

# 156 രാജ്യങ്ങളിലായി 1,67,860 പേർ രോഗബാധിതർ മരണം 6500 കടന്നു

### രോഗബാധിതരുടെ എണ്ണത്തിൽ ചൈനയെ മറികടന്ന് ലോകരാജ്യങ്ങൾ

ചൈനയിൽ 80,860; മറ്റുരാജ്യങ്ങളിൽ 87,000

70 കഴിഞ്ഞവർക്ക് ബ്രിട്ടനിൽ സമ്പർക്ക വിലക്ക്

ഫ്രാൻസിൽ രോഗബാധിതർ 5423. മരിച്ചത് 127 പേർ. ഓരോ മൂന്നു ദിവസത്തിലും വൈറസ് ബാധിതരുടെ എണ്ണം ഇരട്ടിയാകുന്നു. 400 പേരുടെ നില ഗുരുതരം. ആശങ്കാജനകമെന്ന് അധികൃതർ.

ഓസ്ട്രിയ, ഡെന്മാർക്ക്, ഫ്രാൻസ്, ലക്സംബർഗ്, സ്വിറ്റ്സർലൻഡ് എന്നിവയുമായുള്ള അതിർത്തികൾ അടച്ച് ജർമനി. അടിയന്തരാവശ്യങ്ങളുമായി എത്തുന്നവരെ ആവശ്യമായ രേഖകൾ കാണിച്ചാൽ മാത്രം അതിർത്തി കടക്കാൻ അനുവദിക്കും.

ഓസ്ട്രേലിയയിൽ രോഗബാധിതരുടെ എണ്ണം 350 ആയി ഉയർന്നു. രാജ്യത്ത് മരിച്ചവരുടെ എണ്ണം അഞ്ചായി. വിദേശത്തു നിന്നു തിരികെയെന്നു മുഴുവൻ പേർക്കും രണ്ടാഴ്ച സമ്പർക്കവിലക്ക്. ലംഘിക്കുന്നവർക്കു പിഴ. സ്കൂളുകൾ അടച്ചു.

തായ്വാനിൽ എട്ടു പേർക്കു കൂടി കൊവിഡ് 19. ആകെ രോഗബാധിതർ 67. വിദേശത്തു നിന്നെത്തുന്നവർക്കു യാത്രാ വിലക്ക് ഏർപ്പെടുത്തി.

ഇറാനിൽ കുതിച്ചുയർന്നു മരണ സംഖ്യ. 24 മണിക്കൂറിനിടെ മരിച്ചത് 129 പേർ. ആകെ മരണസംഖ്യ 853. 14,991 പേർക്കു രോഗം. ആരും വീടിനു പുറത്തിറങ്ങരുതെന്നു പ്രസിഡന്റ് ഹസൻ റൂഹാനി.

ഓൾഗ കുരിലെങ്കോ

പ്രതീക്ഷയില്ലാതെ സ്പെയ്ൻ. മരണസംഖ്യ 300. പുതുതായി 1000ഓളം പേർക്കു രോഗം. ആകെ രോഗബാധിതർ 8,744. ആൾക്കൂട്ടങ്ങൾ പാടില്ലെന്നു നിർദേശം.

രോഗികളുടെ എണ്ണം 1000 കടന്ന് ബെൽജിയവും. ഇന്നലെ രോഗം സ്ഥിരീകരിച്ചത് 172 പേർക്ക്. ആകെ രോഗബാധിതർ 1058. 252 പേർ ആശുപത്രികളിൽ.

ബഹറിനിൽ ആദ്യ മരണം. മരിച്ചത് ഇറാനിൽ നിന്നെത്തിയ അറുപത്തഞ്ചുകാരൻ. രാജ്യത്താകെ 214 പേർക്ക് രോഗം.

പൊതുഇടങ്ങൾ അടച്ച് സൗദി. സർക്കാർ ഓഫിസുകളും അടയ്ക്കുന്നു. കുവൈറ്റിൽ ഷോപ്പിങ് മാളുകൾ അടച്ചു.

ജയിംസ് ബോണ്ട് ചിത്രത്തിലെ നായിക ഓൾഗ കുരിലെങ്കോയ്ക്കും കൊവിഡ് 19 സ്ഥിരീകരിച്ചു. താൻ വീട്ടിൽ സമ്പർക്ക വിലക്കോടെ കഴിയുകയാണെന്ന് ഓൾഗ. ഒരാഴ്ചയായി തനിക്കു പനിയും ചുമയും അനുഭവപ്പെട്ടിരുന്നെന്നും അവർ. 2008ൽ ബോണ്ട് ചിത്രം ക്വാണ്ടം ഒഫ് സൊലെയ്സിൽ അഭിനയിച്ച നടിയാണ് ഓൾഗ. ഹോളിവുഡ് താരം ടോം ഹാങ്ക്സ്, നടിയും ഗായികയുമായ റീത്ത വിൽസൺ എന്നിവർ നേരത്തേ കൊവിഡ് 19 ബാധിച്ചതായി വെളിപ്പെടുത്തിയിരുന്നു.

മെക്സിക്കോയിലും ആദ്യ മരണം. മരിച്ചത് വ്യവസായി ജോസ് കുരി. യുഎസ് സന്ദർശിച്ചു മടങ്ങിയെത്തിയ ഇദ്ദേഹത്തിനു കൊവിഡ് 19 സ്ഥിരീകരിച്ചിരുന്നു.



ഇന്ത്യയിൽ കൊവിഡ് 19 ബാധിതരുടെ എണ്ണം **114** ആയി

പുതുതായി നാലു പേർ

രോഗം ഒഡീശയിലുമെത്തി

വിമാനത്താവളങ്ങളിൽ പരിശോധിച്ചത് 12 ലക്ഷം പേരെ

കിംവദന്തികളിൽ പരിഭ്രാന്തരാകരുതെന്നു പ്രധാനമന്ത്രി

പാർലമെന്റിലേക്ക് എത്തുന്ന ഉദ്യോഗസ്ഥരുടെയും സന്ദർശകരുടെയും ശരീര ഊഷ്മാവ് പരിശോധിക്കുന്ന ആരോഗ്യപ്രവർത്തകർ.

● യാത്രാ നിയന്ത്രണം കർക്കശമാക്കി ആരോഗ്യമന്ത്രാലയം. യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ളവർക്ക് 18 മുതൽ യാത്രാവിലക്ക്. സ്കൂളുകൾ, നീന്തൽക്കുളങ്ങൾ, മാളുകൾ തുടങ്ങി ആൾക്കൂട്ട സാധ്യതയുള്ള എല്ലാ രംഗങ്ങളിലും നിയന്ത്രണം.

● ബംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസ് എല്ലാ അക്കാഡമിക പ്രവർത്തനങ്ങളും നിർത്തി. 15 ദിവസത്തേക്കാണു നിയന്ത്രണം. വിദ്യാർഥികളെല്ലാവരും വീടുകളിലേക്കു മടങ്ങണം. ക്ലാസുകളും പരീക്ഷകളും സെമിനാറുകളും യോഗങ്ങളുമൊന്നും ഉണ്ടായിരിക്കില്ലെന്നു ഡയറക്റ്റർ.

● കോയമ്പത്തൂർ കേന്ദ്രമായ ഇഷ യോഗ സെന്റർ ലോകമൊട്ടാകെയുള്ള എല്ലാ കേന്ദ്രങ്ങളും അടച്ചു. എല്ലാ പരിപാടികളും മാറ്റിവച്ചു. സെന്ററിലേക്കു വരുന്നവരെയും പോകുന്നവരെയും പരിശോധനയ്ക്കു വിധേയരാക്കും. സെന്ററിൽ നിന്നു പോയവരെ രണ്ടാഴ്ചക്കാലം നിരീക്ഷിക്കും. സെന്ററിന്റെ ആവശ്യത്തിനു വേണ്ടി യാത്ര ചെയ്യുന്നവരെല്ലാം തത്കാലം അതു നിർത്തിവയ്ക്കണമെന്നു ജഗ്ഗി വാസുദേവ്.

● ഡൽഹി ഹൈക്കോടതിയുടെ പ്രവർത്തനം പരിമിതപ്പെടുത്തി. 20 വരെ ഏതാനും ബെഞ്ചുകൾ മാത്രം. കോടതിയിലും കൊറോണ വൈറസ് പ്രതിരോധത്തിനു നടപടികൾ. തെർമൽ സ്കാനറുകൾ ഉടൻ സ്ഥാപിക്കും.

● മധ്യപ്രദേശിലെ മോവുവിൽ നിരീക്ഷണത്തിലിരുന്ന ഇരുപത്താറുകാരി ആശുപത്രിയിൽ നിന്നു കടന്നു. 12 മണിക്കൂറിനുശേഷമാണു കണ്ടെത്തി തിരികെ ആശുപത്രിയിൽ പ്രവേശിപ്പിക്കാനായത്. ഇന്തോനേഷ്യയിൽ നിന്നു വന്ന യുവതി ആശുപത്രിയിൽ നിന്നു വീട്ടിലേക്കാണു കടന്നത്. കുടുംബാംഗങ്ങളെയും നിരീക്ഷണത്തിലാക്കി.

● ഒഡീശയിൽ പഞ്ചായത്ത് ഉപതെരഞ്ഞെടുപ്പുകൾ മാറ്റിവച്ചു. സർക്കാർ- സ്വകാര്യ സ്കൂളുകൾ അടച്ചു. സർക്കാർ- സ്വകാര്യ ബസുകളിലെ ജീവനക്കാർ മാസ്ക് ധരിക്കണമെന്നു നിർദേശം. പശ്ചിമ ബംഗാളിലും തദ്ദേശ ഉപതെരഞ്ഞെടുപ്പുകൾ മാറ്റി.

● വിദേശത്തു നിന്നെത്തുന്നവർക്കു തിരിച്ചറിയൽ മുദ്ര ഏർപ്പെടുത്താൻ മഹാരാഷ്ട്ര സർക്കാർ. സമ്പർക്ക വിലക്ക് അവഗണിക്കപ്പെടുന്നതിനാലാണു തീരുമാനം. തിരിച്ചറിയിൽ മുദ്ര വരുന്നതോടെ ഇവർ വീടിനു പുറത്തിറങ്ങിയാൽ അയൽക്കാർ ആരോഗ്യപ്രവർത്തകരെ അറിയിക്കുമെന്ന് വിലയിരുത്തൽ.

● കൊറോണ ബാധിച്ചു മരിക്കുന്നവരുടെ ആശ്രിതർക്കു നാലു ലക്ഷം രൂപ സഹായധനം നൽകുമെന്നു ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ. അസമിൽ ട്രെയ്ൻ യാത്രക്കാരെയുൾപ്പെടെ പരിശോധിക്കാൻ നീക്കം.

● തമിഴ്നാട്ടൽ തിയറ്ററുകളും മാളുകളും അമ്യൂസ്മെന്റ് പാർക്കുകളും നീന്തൽക്കുളങ്ങളും മൃഗശാലകളും 31 വരെ അടച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങളും അടച്ചു. പൊതു പരീക്ഷകൾക്കു മാറ്റമില്ല.

● നേപ്പാൾ അതിർത്തിയിൽ പരിശോധന കർക്കശമാക്കി യുപി. മാളുകളിലടക്കം നിയന്ത്രണം. 20ന് ഉന്നതല യോഗത്തിനുശേഷം തുടർ നിയന്ത്രണങ്ങൾ തീരുമാനിക്കും.

# ലോകം കാത്തിരിക്കുന്നു, ആ പരീക്ഷണം യുഎസിൽ

സിയാറ്റിലിൽ ഇന്ന് കൊറോണ പ്രതിരോധ വാക്സിന്റെ ആദ്യ ക്ലിനിക്കൽ പരീക്ഷണം

വാഷിങ്ടൺ: ലോകത്തെ ഭീതിയിലാഴ്ത്തുന്ന കൊറോണ വൈറസിനെ പ്രതിരോധിക്കാനുള്ള വാക്സിന്റെ ആദ്യ ക്ലിനിക്കൽ പരീക്ഷണം ഇന്ന്. യുഎസിലെ സിയാറ്റിലിൽ കൈസർ പെർമനന്റ് വാഷിങ്ടൺ ഹെൽത്ത് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലാണു ലോകം ആകാംക്ഷയോടെ കാത്തിരിക്കുന്ന പരീക്ഷണം. യുഎസ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഹെൽത്തിന്റെ പിന്തുണയോടെ നടക്കുന്ന ഗവേഷണത്തിന്റെയും പരീക്ഷണത്തിന്റെയും വിശദാംശങ്ങൾ പുറത്തുവിട്ടിട്ടില്ല.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഹെൽത്തും മാസച്യുസെറ്റ്സ് ആസ്ഥാനമായ ബയൊടെക്നോളജി കമ്പനി മോഡേണ ഇൻകും ചേർന്നു വികസിപ്പിച്ച വാക്സിൻ നാൽപ്പത്തഞ്ചുകാരനും പൂർണ ആരോഗ്യവാനുമായ ആരോഗ്യപ്രവർത്തകനിലാണു പരീക്ഷിക്കുക. വിജയമെങ്കിൽ ഒരു വർഷത്തിനുള്ളിൽ കൊറോണയെ പിടിച്ചുകെട്ടാൻ വൈദ്യശാസ്ത്രത്തിനാകും.

നാൽപ്പത്തഞ്ചുകാരനിൽ വിവിധ ഡോസുകളാണു പരീക്ഷിക്കുന്നത്. തത്കാലം പരീക്ഷണങ്ങളിൽ വൈറസിനെ ഉൾപ്പെടുത്തിയിട്ടില്ലെന്നും അദ്ദേഹത്തിനു രോഗം പിടിപെടില്ലെന്നും അധികൃതർ. പാർശ്വഫലങ്ങളുണ്ടാകുമോ എന്നതാണ് ആദ്യഘട്ടത്തിൽ പരിശോധിക്കുക. അതു വിജയമെങ്കിൽ വലിയതോതിൽ ക്ലിനിക്കൽ പരീക്ഷണം തുടർന്നു നടത്തും.

ലോകത്തിലെ വിവിധ രാജ്യങ്ങളിലായി ഗവേഷകർ രാപകലില്ലാതെ കൊവിഡ് 19നെ ചെറുക്കാനുള്ള മരുന്നു കണ്ടുപിടിക്കാൻ ശ്രമിക്കുമ്പോഴാണ് യുഎസിൽ ആദ്യ പരീക്ഷണം. പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് അതിവേഗം പ്രവർത്തിക്കുന്നതും നിർമിക്കാൻ എളുപ്പമുള്ളതുമായ വാക്സിൻ വികസിപ്പിക്കാനുള്ള ശ്രമത്തിലാണു വൈദ്യശാസ്ത്ര ഗവേഷകർ.

താത്കാലികമായി (ഒന്നോ രണ്ടോ മാസത്തേക്ക്) പ്രതിരോധം സാധ്യമാക്കുന്ന വാക്സിൻ വികസിപ്പിക്കാനും ശ്രമിക്കുന്നുണ്ട് ചില ഗവേഷകർ. അതു സാധ്യമാക്കിയാൽ ലഭിക്കുന്ന ചെറിയ ഇടവേളയിൽ ശാശ്വതമായ പരിഹാരം കണ്ടെത്താമെന്നതാണ് ഇവരുടെ ശ്രമങ്ങൾക്കു പിന്നിൽ.

## ഇനി നമ്മുടെ ലക്ഷ്യം ബ്രേക്ക് ദ ചെയിൻ

Break the Chain

കൈവിടാതിരിക്കാം... കൈ കഴുകൂ...

വൈറസ് വ്യാപനത്തിന്റെ സാധ്യതയും വേഗവും ഗണ്യമായി കുറയ്ക്കുന്നതിനുള്ള മാർഗമാണ് ബ്രേക്ക് ദ ചെയിൻ പദ്ധതി.

സർക്കാർ- അർധ സർക്കാർ ഓഫിസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ ചെയ്യേണ്ട കാര്യങ്ങൾ: സ്ഥാപനത്തിലേക്കു ജീവനക്കാരും പൊതുജനങ്ങളും പ്രവേശിക്കുന്ന കവാടത്തിനു മുന്നിൽ ഹാൻഡ് സാനിറ്റൈസറോ ഹാൻഡ് വാഷ് സോപ്പോ ഉപയോഗിച്ച് കഴുകുന്നതിനായുള്ള സൗകര്യം ഒരുക്കുക.

റെസിഡൻഷ്യൽ അസോസിയേഷനുകളും ഫ്ലാറ്റുകളും കിയോസ്കുകൾ സ്ഥാപിച്ച് വീടുകളിലേക്കും ഫ്ലാറ്റുകളിലേക്കും പ്രവേശിക്കുന്നവരുടെ വൈറസ് മുക്തി ഉറപ്പു വരുത്തുക.

ബസ് സ്റ്റോപ്പുകൾ, മാർക്കറ്റ് എന്നീ പൊതു ഇടങ്ങളിൽ സോപ്പ് ഉപയോഗിച്ച് കൈ കഴുകുന്നതിനുള്ള സൗകര്യം ഒരുക്കുക. രണ്ടാഴ്ചക്കാലം യുവജന സംഘടനകളും സന്നദ്ധ സംഘടനകളും ഇത് ഏറ്റെടുക്കുക.

ഹസ്തദാനം പോലുള്ള ആശംസകൾ ഒഴിവാക്കുക.
മുഖം, മൂക്ക്, കണ്ണുകൾ എന്നിവ സ്പർശിക്കുന്നത് ഒഴിവാക്കുക.
തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും വായും മൂക്കും തൂവാല കൊണ്ടു മൂടുക.
കൈകൾ ഇടയ്ക്കിടെ സോപ്പും വെള്ളവും ഉപയോഗിച്ചു കഴുകുക.

## രോഗവും മരണവും: ചരിത്രമെഴുതിയ കണക്കുകൾ




## പൊലീസിന്റെ മുൻകരുതൽ ഡിജിപി വിലയിരുത്തി

തിരുവനന്തപുരം: കോവിഡ് 19 ബാധയുടെ പശ്ചാത്തലത്തിൽ പൊലീസ് ഇതേവരെ കൈകൊണ്ട നടപടികൾ സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ വിലയിരുത്തി. ജില്ലാ പൊലീസ് മേധാവിമാർ ഉൾപ്പെടെയുള്ള മുതിർന്ന ഉദ്യോഗസ്ഥരുമായി വീഡിയൊ കോൺഫറൻസിലൂടെ ആയിരുന്നു ചർച്ച.

സംസ്ഥാനത്തെ വിവിധ വിമാനത്താവളങ്ങളിൽ നടന്നുവരുന്ന പരിശോധനകളുടെ വിവരം അതിന്റെ ചുമതലയുള്ള ഡിഐജി അനൂപ് കുരുവിള ജോൺ വിശദീകരിച്ചു. എല്ലാ ജില്ലാ പൊലീസ് മേധാവിമാരും തങ്ങളുടെ അധികാര പരിധിയിലെ പ്രവർത്തനങ്ങൾ ഡിജിപിയെ ധരിപ്പിച്ചു. എല്ലാ പരിശോധനാ കേന്ദ്രങ്ങളിലും ആവശ്യത്തിന് പൊലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കാനും അവർക്ക് മാസ്ക്കുകൾ ഉൾപ്പെടെയുള്ള മുൻകരുതൽ സംവിധാനങ്ങൾ ലഭ്യമാക്കാനും ഡിജിപി നിർദേശിച്ചു.

വിനോദസഞ്ചാര കേന്ദ്രങ്ങളിലും മറുനാടൻ തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിലും പ്രത്യേക നിരീക്ഷണവും ബോധവത്കരണവും നടത്തും.

# വിദേശികളോടുള്ള മനോഭാവത്തിൽ മാറ്റം വേണം: കടകംപള്ളി

### വർക്കലയിൽ അവലോകന യോഗം

തിരുവനന്തപുരം: കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ വിദേശ വിനോദസഞ്ചാരികളോടുള്ള മനോഭാവത്തിൽ മാറ്റം ഉണ്ടാകണമെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ. അവർ നമ്മുടെ അതിഥികളാണ്. രോഗം പരത്താൻ വന്നവരാണ് എന്ന നിലയിൽ കാണരുത്. പ്രധാന വിനോദസഞ്ചാര കേന്ദ്രമായ വർക്കലയിൽ ഇറ്റലിയിൽ നിന്നെത്തിയ പതിവു സന്ദർശകന് കൊറോണ ബാധ സ്ഥിരീകരിച്ച സാഹചര്യത്തിൽ വിളിച്ചുചേർത്ത അവലോകന യോഗത്തിനുശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

15,000 കോടി രൂപ വരുമാനം നേടിത്തരുന്ന ടൂറിസം മേഖലയിൽ 15 ലക്ഷത്തിലേറെ പേർ തൊഴിലെടുക്കുന്നു. രണ്ടു പ്രളയത്തിന് ശേഷമുണ്ടായ തകർച്ചയിൽ നിന്ന് ആറ് മാസമായി ടൂറിസം മേഖല കരകയറുകയാണ്. വിദേശത്ത് നിന്നെത്തിയവരിൽ കൊറോണ സ്ഥിരീകരിക്കപ്പെട്ട 21 പേരിൽ രണ്ടുപേർ മാത്രമാണ് വിദേശ പൗരന്മാർ.

കൊറോണ സ്ഥിരീകരിക്കപ്പെട്ട ഇറ്റാലിയൻ പൗരനുമായി ബന്ധപ്പെട്ട 103 പേരുടെയും സാംപിളുകൾ പരിശോധിക്കണം. 30 പേരുടെ സാംപിളുകൾ ഇതിനകം പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. കൂടുതൽ ആരോഗ്യ പ്രവർത്തകരെ സിഎച്ച്സിയിൽ നിയോഗിക്കണം. ആവശ്യമെങ്കിൽ രോഗബാധിതരെ മാറ്റിപ്പാർപ്പിക്കാൻ വർക്കല എസ്ആർ ആശുപത്രി ശുചീകരിച്ച് സജ്ജമാക്കണം- മന്ത്രി നിർദേശിച്ചു.

വിദേശികൾ വളരെയേറെയുള്ള പ്രദേശമായതിനാൽ വാർഡ് കൗൺസിലർമാർ മുൻകൈയെടുത്ത് നിരീക്ഷണ നടപടികൾ സ്വീകരിക്കണം. ഐസൊലേഷനിൽ ഉള്ളവർക്ക് ഭക്ഷണം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കണം. അത് ചെയ്യുന്നവർ ആവശ്യമായ പ്രതിരോധ മുൻകരുതൽ നടപടികൾ സ്വീകരിക്കണം- മന്ത്രി ചൂണ്ടിക്കാട്ടി.

ഐസൊലേഷനിലുള്ളവരുടെ മാനസികാരോഗ്യമുൾപ്പെടെ നിരീക്ഷിക്കാൻ ജില്ലാ തലത്തിൽ 15 ടീം പ്രവർത്തിച്ചു വരുന്നതായി കലക്റ്റർ കെ. ഗോപാലകൃഷ്ണൻ അറിയിച്ചു. വർക്കല മുനിസിപ്പൽ ഹാളിൽ ചേർന്ന യോഗത്തിൽ വി. ജോയ് എംഎൽഎ, മുനിസിപ്പൽ ചെയർപേഴ്സൺ ബിന്ദു ഹരിദാസ്, കൗൺസിൽ അംഗങ്ങൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.

## വിമാനക്കമ്പനികൾ നഷ്ടത്തിലേക്ക്

ന്യൂഡൽഹി: മേയ് മാസത്തോടെ ലോകത്തിലെ മുഴുവൻ വിമാനക്കമ്പനികളും നഷ്ടത്തിലാകുമെന്നു വ്യോമഗതാഗത മേഖലയിലെ ഗതിവിഗതികൾ നിരീക്ഷിക്കുന്ന സെന്റർ ഫൊർ ഏഷ്യ പസഫിക് ഏവിയഷേൻ (സിഎപിഎ). കൊറോണ ഭീഷണിയെത്തുടർന്നു വിമാനയാത്രക്കാർ വൻതോതിൽ കുറയുന്ന പശ്ചാത്തലത്തിലാണു മുന്നറിയിപ്പ്. പ്രതിസന്ധി ഒഴിവാക്കാൻ സർക്കാരുകളും വ്യോമ ഗതാഗത മേഖലയിലെ വ്യവസായികളും കൂട്ടായി മാർഗങ്ങൾ ആലോചിക്കണമെനനും സിഎപിഎ.

വിമാനസർവീസുകൾ നിലച്ചതോടെ കമ്പനികളുടെ കരുതൽ ധനശേഖരം വരെ അതിവേഗം തീരുകയാണ്. മിക്ക കമ്പനികളും ശേഷിയുടെ പകുതി മാത്രമേ സർവീസുകൾ നടത്തുന്നുള്ളൂ. വരും മാസങ്ങളിൽ ബുക്കിങ്ങുകൾ കുറവാണെന്നു മാത്രമല്ല, ബുക്ക് ചെയ്തവർ ബഹുഭൂരിപക്ഷവും ടിക്കറ്റ് റദ്ദാക്കുകയാണ്. സമീപകാലത്തെങ്ങും സ്ഥിതിഗതികൾ പൂർവ നില പ്രാപിക്കുമെന്ന പ്രതീക്ഷ പോലുമില്ല.

കൂട്ടായ ആലോചനകളില്ലാതെയാണ് ഭരണകൂടങ്ങൾ വിമാനയാത്രാ വിലക്കുകൾ പ്രഖ്യാപിക്കുന്നത്. യൂറോപ്പിൽ നിന്നുള്ള വിമാനസർവീസുകൾക്കു വിലക്കേർപ്പെടുത്തും മുൻപ് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് യൂറോപ്യൻ രാജ്യങ്ങളോട് ആലോചിച്ചില്ലെന്നും സിഎപിഎ.

## ഒഡീശയിലും കൊവിഡ് 19

ഭുവനേശ്വർ: ഇറ്റലിയിൽ നിന്നു തിരിച്ചെത്തിയ ഗവേഷകനിലൂടെ ഒഡീശയിലും കൊവിഡ് 19. മുപ്പത്തിമൂന്നുകാരനായ ഇദ്ദേഹത്തെ ഭുവനേശ്വറിലെ ക്യാപ്പിറ്റൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കഴിഞ്ഞ ആറിന് ഇറ്റലിയിൽ നിന്ന് ഡൽഹിയിലെത്തിയ ഇദ്ദേഹം 12ന് ട്രെയ്നിലാണു ഭുവനേശ്വറിലെത്തിയത്. 13ന് രാവിലെ പനിയും ജലദോഷവുമുണ്ടായതിനെത്തുടർന്ന് ഡോക്റ്ററെ കണ്ടു. 14ന് ക്യാപ്പിറ്റൽ ആശുപത്രിയിലെത്തിയതോടെയാണ് ഐസൊലേഷൻ വാർഡിലേക്കു മാറ്റിയത്. ഡൽഹിയിൽ നിന്നു ഭുവനേശ്വറിലേക്ക് ഇദ്ദേഹം യാത്ര ചെയ്ത ട്രെയ്നിലുണ്ടായിരുന്നവരെ കണ്ടെത്താൻ ശ്രമം തുടരുകയാണ്. കുടുംബാംഗങ്ങളെ നിരീക്ഷണത്തിലാക്കി. ഭുവനേശ്വറിലും കട്ടക്കിലും മാളുകൾ അടച്ചു.

## പൗരത്വ നിയമം: പ്രക്ഷോഭങ്ങൾ നിലയ്ക്കുന്നു

ചെന്നൈ: കൊറോണ വൈറസ് ഭീഷണിയിൽ പൗരത്വ നിയമത്തിനെതിരായ പ്രതിഷേധങ്ങളും നിലയ്ക്കുന്നു. തമിഴ്നാട്ടിൽ വിവിധ സ്ഥലങ്ങളിലായി ഷഹീൻബാഗ് മോഡൽ സമരങ്ങളെല്ലാം അവസാനിപ്പിക്കുകയാണെന്നു തമിഴ്നാട് ഇസ്‌ലാമിക് ആൻഡ് പൊളിറ്റിക്കൽ ഓർഗനൈസേഷന് ഇന്നലെ പ്രഖ്യാപിച്ചു. 31 ദിവസം പിന്നിട്ട പ്രക്ഷോഭങ്ങളാണു താത്കാലികമായി നിർത്തിവയ്ക്കുന്നത്.

കൊവിഡ് 19 ദേശീയ ദുരന്തമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ രാജ്യത്തെ ജനതയുടെ ക്ഷേമം മുൻനിർത്തി സമരം നിർത്തുകയാണെന്നു ഫെഡറേഷൻ പ്രസിഡന്റ് മൗലാന പി.എ. കാജാമൊയ്നുദ്ദീൻ ബാഖവി അറിയിച്ചു.

അതേസമയം, ഷഹീൻബാഗിലെ സമരം തുടരുകയാണ്. സർക്കാരിന്റെ ആവർത്തിച്ചുള്ള മുന്നറിയിപ്പുകളും ഇവർ പരിഗണിച്ചിട്ടില്ലെങ്കിലും സമരത്തിന് ആളുകൾ കുറഞ്ഞുതുടങ്ങി. ഈയാഴ്ചയോടെ ഇവിടെയും സമരം നിർത്തുമെന്നാണു റിപ്പോർട്ട്.

## പുരി ക്ഷേത്രത്തിൽ പൂജാരിക്കും മാസ്ക്

പുരി: പുരി ജഗന്നാഥ ക്ഷേത്രത്തിൽ പൂജാരിമാർക്കും ജീവനക്കാർക്കും മാസ്ക് നിർബന്ധമാക്കി. തീർഥാടകർക്കു നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ക്യൂവിൽ രണ്ടു മീറ്റർ അകലം പാലിക്കണം. ക്ഷേത്ര ദർശനത്തിനെത്തുന്നവർ ആരോഗ്യം സംബന്ധിച്ച വിവരങ്ങൾ പൂരിപ്പിച്ചു നൽകണം. ക്ഷേത്രത്തിലെ അരുണസ്തംഭത്തിലും ഗരുഡ സ്തംഭത്തിലും തൊട്ടു തൊഴുന്നത് നിരോധിച്ചു.

കൊണാർക്കിലെ സൂര്യക്ഷേത്രം, ധൗലിയിലെ ശാന്തി സ്തൂപം, ഖണ്ഡഗിരി- ഉദയഗിരി ഗുഹകൾ എന്നിവടങ്ങളിലും സന്ദർശന വിലക്ക് ഏർപ്പെടുത്തി.

## ബേലൂർ മഠം അന്നദാനം നിർത്തി

കോൽക്കത്ത: ശ്രീ രാമകൃഷ്ണ മിഷന്റെ ആസ്ഥാനമായ ബേലൂർ മഠ് പതിവായുള്ള അന്നദാനം നിർത്തി. മഠത്തോടു ചേർന്ന ക്ഷേത്രത്തിൽ പ്രാർഥനകൾക്കുശേഷം വരുന്നവർക്കെല്ലാം ഭക്ഷണം നൽകുന്നതാണു മഠത്തിലെ പതിവ്. ഞായറാഴ്ച 3000 പേരാണ് അന്നദാനത്തിനെത്തിയത്. കൊറോണ വൈറസ ഭീഷണിയുടെ പശ്ചാത്തലത്തിൽ തത്കാലം ഭക്ഷണ വിതരണം നിർത്തിവയ്ക്കുകയാണെന്ന് അധികൃതർ അറിയിച്ചു. മഠത്തിൽ സന്ദർശകർക്കും നിയന്ത്രണം ഏർപ്പെടുത്തി. ക്ഷേത്രത്തിൽ തിരക്കിനുള്ള സാഹചര്യം ഒഴിവാക്കും. കൂട്ടമായി സന്ദർശകരെ അനുവദിക്കില്ല. ആരെയും അധികനേരം തങ്ങാനും അനുവദിക്കില്ല.

കോൽക്കത്തയിലെ ദക്ഷിണേശ്വർ കാളി ക്ഷേത്രത്തിലും നിയന്ത്രണം ഏർപ്പെടുത്തി. ദർശന സമയം കുറച്ചു. ക്യൂവിൽ രണ്ടു പേർ തമ്മിൽ കുറഞ്ഞത് ഒരു മീറ്റർ അകലം പാലിക്കണമെന്നും നിർദേശം.

## പാർലമെന്റിൽ തെർമൽ സ്ക്രീനിങ്

ന്യൂഡൽഹി: കൊവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി പാർലമെന്റ് സമുച്ചയത്തിൽ തെർമൽ സ്ക്രീനിങ് ഏർപ്പെടുത്തി. ജീവനക്കാരും മാധ്യമപ്രവർത്തകരുമുൾപ്പെടെ മുഴുവൻപേരെയും പരിശോധനയ്ക്കു ശേഷം മാത്രമേ ഉള്ളിലേക്കു കടത്തിവിടുന്നുള്ളൂ. പാർലമെന്റിൽ സന്ദർശകർക്കു നേരത്തേ തന്നെ വിലക്കേർപ്പെടുത്തിയിരുന്നു.

**ഷിജ**

അങ്കമാലി: ചമ്പന്നൂർ കാച്ചപ്പിള്ളി ചാക്കുവിന്റെ മകൾ ഷിജ (ത്രേസ്യ-55) അന്തരിച്ചു. സംസ്കാരം നടത്തി. പരേത അവിവാഹിതയാണ്. സഹോദരങ്ങൾ: എൽസി, ആഗസ്തി, പൗലോസ്, സിസ്റ്റർ ലളിത സിഎസ്എൻ (അസ്സാം), സിസ്റ്റർ സമർപ്പിത (ജർമനി), വർഗീസ്.

**കൗസല്യ**

വൈപ്പിൻ: ചെറായി തോട്ടപ്പിള്ളി പരേതനായ വേലായുധന്റെ ഭാര്യ കൗസല്യ (93) അന്തരിച്ചു. മക്കൾ: ശിവൻ, വത്സൻ, ഉണ്ണി, പരേതയായ കൈരളി, പ്രഭ, ജോസ്, ശശിബ,രജനി. മരുമക്കൾ: ജലജ, ശ്രീദേവി, ഷില, പരേതനായ വേലു, അയ്യപ്പൻ, വിശ്വൻ, ശശി, പരേതനായ കുഞ്ഞുമോൻ.

**കെ.എസ്. വേലായുധൻ**

വൈപ്പിൻ: വൈദ്യുതി ബോർഡ് മുൻ അംഗവും ചീഫ് എൻജിനീയറുമായ ഞാറക്കൽ കൈപോൻ വീട്ടിൽ കെ.എസ്. വേലായുധൻ (68) അന്തരിച്ചു. ഭാര്യ: ഉഷ. മക്കൾ: ആഭ (തദ്ദേശ സ്വയം ഭരണവകുപ്പ് എൻജിനീയർ), ആതിര. മരുമക്കൾ: സുജിത് (ഇറിഗേഷൻ വകുപ്പ് അസി. എക്സി. എൻജിനീയർ, പാലക്കാട്).

**എം.ജി. ബിജു**

കൊച്ചി: പള്ളുരുത്തി കാഞ്ചന ഗോപിയുടെയും പരേതനായ ഗോപിയുടെയും മകൻ എം.ജി. ബിജു (39) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10ന് പള്ളുരുത്തി പൊതുശ്മശാനത്തിൽ.

**അലക്സ് തോമസ്**

രാമമംഗലം: മല്ലശ്ശേരിൽ നടുവില വീട്ടിൽ (മറ്റത്തിൽ) പരേതനായ തോമസിന്റെ മകൻ അലക്സ് തോമസ് (സണ്ണി-61) യുഎസ്എയിൽ അന്തരിച്ചു. ഭാര്യ: ലീലാമ്മ, എളപ്പാറതോട്ടത്തിൽ കോന്നി. മകൻ: ആൽവിൻ അലക്സ് (യുഎസ്എ).

**ബെന്നി**

കോതമംഗലം: പൈങ്ങോട്ടൂർ ചെട്ടിയാകുടിയിൽ കുര്യാക്കോസിന്റെ (കുര്യാച്ചൻ) മകൻ ബെന്നി (64) അന്തരിച്ചു. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് 2.30ന് ആരംഭിച്ച് പോത്താനിക്കാട് ഉമ്മിണിക്കുന്നു സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ. മക്കൾ: ഹാരി (എംഎ കോളജ്), ഹാർഡി (ന്യൂസിലൻഡ്). മരുമക്കൾ: വിനീത, എലിസബത്ത്.

**തങ്കമ്മ**

കോതമംഗലം: ചെറുവട്ടൂർ ചെങ്ങനാട്ട് വീട്ടിൽ മാക്കോതയുടെ (കുഞ്ഞാക്കു) ഭാര്യ തങ്കമ്മ (85) അന്തരിച്ചു. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് 2ന് വീട്ടുവളപ്പിൽ. മക്കൾ: രമണി, കാർത്തിക, രവീന്ദ്രൻ ചെങ്ങനാട്ട്, ശാന്ത, ശാരദ. മരുമക്കൾ: തങ്കപ്പൻ, രാജു, സുകു, രവി.

**ജോർജ് കോര**

പിറവം: പായംതടത്തിൽ (മലയിൽ) ജോർജ് കോര (കുഞ്ഞ്-58) അന്തരിച്ചു. പിറവം എൻഎസ്എസ് കരയോഗം സെക്രട്ടറി ആയിരുന്നു. സംസ്കാരം ഇന്ന് രാവിലെ 11ന് പിറവം രാജാധിരാജ സെന്റ് മേരീസ് യാക്കോബായ ഓർത്തഡോക്സ് ക്രിസ്തൃൻ സുറിയാനി കോൺഗ്രിഗേഷനിലെ ശുശ്രൂഷകൾക്ക് ശേഷം പിറവം വലിയപള്ളി സെമിത്തേരിയിൽ. ഭാര്യ: പിറവം നാരേക്കാട്ട് കുടുംബാംഗം ലിസി. മക്കൾ: ജിജോ, ലിജോ. മരുമക്കൾ: സുമി, പ്രിൻസി.

**കുട്ടൻ**

വൈപ്പിൻ: ചെറായി കരുത്തല പുതുവേലി കുട്ടൻ (59) അന്തരിച്ചു. ഭാര്യ: അംബിക. മക്കൾ: അപ്പു, ശ്രീക്കുട്ടി. മരുമകൻ: അഭി.

**ശ്രീകണ്ഠൻ നായർ**

വെള്ളൂർ: പുളിയറത്തല വീട്ടിൽ ശ്രീകണ്ഠൻനായർ (85) അന്തരിച്ചു. ഭാര്യ: കെ. ശാന്തകുമാരി.

**ചാക്കോ ചെറിയാൻ**

തിരുവല്ല: കുറ്റൂർ തെങ്ങേലി പോത്തടത്ത് (പാപ്പനാവേലി) ചാക്കോ ചെറിയാൻ (രാജു-70) അന്തരിച്ചു. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് 2ന് തിരുമൂലപുരം ബഥനി മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ. ഭാര്യ: മണ്ണിൽ കുടുംബാംഗം അന്നമ്മ. മക്കൾ: മോനച്ചൻ, ബാബു, ബിൻസി, ബിനു, ബിജു. മരുമക്കൾ: ജിൻസി, ആൻസി, ആൻസി, വിപിന, പരേതനായ മോനച്ചൻ.

**ലാലി**

തിരുവല്ല: വരിക്കാട് പുത്തൻപറമ്പിൽ ജോണിന്റെ ഭാര്യ ലാലി (51) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10.30ന് വരിക്കാട് സിഎസ്ഐ പള്ളിയിലെ ശുശ്രൂഷയ്ക്ക് ശേഷം 11ന് കുറ്റപ്പുഴ പള്ളി സെമിത്തേരിയിൽ. പരേത ചിറയിൻകീഴ് പുതുവൽ കുടുംബാംഗമാണ്. മക്കൾ: ലിജു പി. ജോൺ, ലൈജു പി. ജോൺ, താര ജോൺ. മരുമകൾ: ഷേഘ ലിജു.

**സാറാമ്മ**

തിരുവല്ല: രാമൻചിറ തുമ്പുങ്കൽ വറുഗീസ് പോത്തന്റെ ഭാര്യ സാറാമ്മ (അമ്മിണി-82) അന്തരിച്ചു. സംസ്കാരം നാളെ രാവിലെ 9.30ന് തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ സെമിത്തേരിയിൽ. പരേത മല്ലപ്പള്ളി ചെങ്ങരൂർ കൊച്ചുവടവന കുടുംബാംഗമാണ്. മക്കൾ: റോയി, ശോഭ, സോഫി, സോളി. മരുമക്കൾ: ഷാൻലി, ജോളി, രാജൻ, ജോസ്.

**കുഞ്ഞമ്മ**

ഇളമാട്: വേങ്ങൂർ കടമ്പാട്ട് തടത്തിവിള പുത്തൻവീട്ടിൽ പരേതനായ ജോർജിന്റെ ഭാര്യ കുഞ്ഞമ്മ (84) അന്തരിച്ചു. പരേത ഓടനാവട്ടം ചിറക്കോണത്ത് കുടുംബാംഗമാണ്. മക്കൾ: ജോയി കുട്ടി (ബംഗളൂരു), റോസമ്മ ബേബി, ബാബു, ഗ്രേസി ജോൺ, കുഞ്ഞുമോൾ. മരുമക്കൾ: ലാലി (ബംഗളൂരു), മോളമ്മ, ജോൺ, മത്തായിക്കുട്ടി, പരേതനായ ബേബിക്കുട്ടി.

**ലീലാമ്മ**

കൊട്ടാരക്കര: പടിഞ്ഞാറേത്തെരുവ് കൈപ്പൻപ്ലാമൂട്ടിൽ എം. കുഞ്ഞച്ചന്റെ ഭാര്യ ലീലാമ്മ കുഞ്ഞച്ചൻ (64) അന്തരിച്ചു. സംസ്കാരം പിന്നീട്. പരേത നീലേശ്വരം ആലുവിള കുടുംബാംഗമാണ്. മക്കൾ: സഞ്ജയ് കുഞ്ഞച്ചൻ (യുഎസ്), സിമി ഷിജു. മരുമക്കൾ: സുജ (യുഎസ്), ഷിജു ജോൺ (ഉദയാ മൊബൈൽസ്).

**ആർ. സുധാകരൻ**

ചപ്പാത്ത്, വിഴിഞ്ഞം: വേങ്ങപൊറ്റ എസ് പി സദനത്തിൽ ആർ. സുധാകരൻ (പക്കിപ്പിള്ള-62) അന്തരിച്ചു. 1980 കളിൽ ചപ്പാത്ത് നവഭാവന ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തിയ 'ആട്ടക്കളം' എന്ന നാടകത്തിൽ 'പക്കി പിള്ള' എന്ന കഥാപാത്രത്തെ അനശ്വരമാക്കിയിരുന്നു. ഈ പേരിലാണ് പിന്നീട് നാട്ടിൽ അറിയപ്പെട്ടിരുന്നത്. അമച്വർ നാടകരംഗത്ത് പല നാടക ട്രൂപ്പുകളിൽ പ്രവർത്തിച്ചിരുന്നു. ചപ്പാത്ത് ശാന്തിഗ്രാം സന്നദ്ധ സംഘടന സ്ഥാപക അംഗം, സിപിഐ മറപ്പാലം ബ്രാഞ്ച് കമ്മിറ്റി അംഗം, കരിച്ചൽ - കുഴിവിള സൊസൈറ്റി അംഗം എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു വരികയായിരുന്നു. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് 12ന് വീട്ടുവളപ്പിൽ. ഭാര്യ: ഇ. പ്രസന്നകുമാരി. മക്കൾ: പി. സീമ, എസ്പി. മുകേഷ് വല്ലൃക്കാടൻ (സിനിമ - സീരിയൽ നടൻ, ബംഗളൂരു). മരുമക്കൾ: സീമ ജയകുമാർ, ദിവ്യ മുകേഷ്.

**ബാബു**

തുറവൂർ: തുറവൂർ തറയിൽ ബാബു (59) അന്തരിച്ചു. ഭാര്യ: ഷീല. അമ്മ: കമലാക്ഷി. മക്കൾ: അപർണ ബാബു. സഹോദരങ്ങൾ: വി. ശശിധരൻ, വി. സുകുമാരൻ, വി. പ്രകാശൻ, വി. സിനിമോൾ, വി. ശൈലജ.

**രവീന്ദ്രൻ**

ചാലക്കുടി: മേലൂർ വിഷ്ണുപുരം കിഴക്കുമശ്ശേരി ശങ്കുണ്ണിയുടെ മകൻ രവീന്ദ്രൻ (71) അന്തരിച്ചു. പൂലാനി വിഷ്ണുപുരം ശ്രീ ധർമഹികോട്ട് (ജിദ്ദ), നജീബ് സെക്രട്ടറി, സുഖമായ ശാസ്ത്ര മുൻ രക്ഷാധികാരിയും, ട്രസ്റ്റ് മെമ്പറുമായിരുന്നു. സംസ്കാരം നടത്തി. ഭാര്യ: തങ്ക. മക്കൾ: സന്തോഷ്, പരേതയായ സരിത. മരുമകൾ: നിതു.



**കുട്ടൻ**

കാഞ്ഞാണി: ഈന്തം കുന്നിൽ വലിയപറമ്പിൽ കുട്ടൻ (87) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: മാധവി. മക്കൾ: ജയന്തി, രജനി, വേലായുധൻകുട്ടി, രാമനുണ്ണി, ഉണ്ണികൃഷ്ണൻ, രാജു, ഷൺമുഖൻ. മരുമക്കൾ: ദാമോദരൻ, പരേതനായ ശശി, അജിത, ഷീജ, ലതിക, പ്രജീഷ.

**സിദ്ദിഖ്**

മാള: അഷ്ടമിച്ചിറ മാരേക്കാട് മഞ്ഞളിവളപ്പിൽ പരേതനായ മുഹമ്മദിന്റെ മകൻ സിദ്ദിഖ് (78) അന്തരിച്ചു. മക്കൾ: ശമീർ, ശമീന. മരുമക്കൾ: റെജിഷ, ഷാഹിലാൻ.

**അന്നമ്മ**

അന്തിക്കാട്: ചാലയ്ക്കൽ പരേതനായ ചാക്കുവിന്റെ ഭാര്യ അന്നമ്മ (102) അന്തരിച്ചു. മക്കൾ: അമ്മിണി, മാത്തിരി, ജോസഫ്, പരേതനായ ദേവസി, കൊച്ചുത്രേസ്യ, അൽഫോൺസ. മരുമക്കൾ: പരേതനായ തോമസ്, ആന്റണി, ലൂസി, റോസിലി, ജെസേഫ്, ജോൺസൻ.

**ലക്ഷ്മി**

അവിണിശ്ശേരി: അമ്പാടി നഗറിൽ തുമ്പയിൽ കൃഷ്ണനെഴുത്തച്ഛന്റെ ഭാര്യ ലക്ഷ്മി (അമ്മിണി-77) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 9ന് പാറമേക്കാവ് ശാന്തിഘട്ടിൽ. മക്കൾ: ഇന്ദിര, ശശി, രാമചന്ദ്രൻ (അവിണിശ്ശേരി പഞ്ചായത്ത് അംഗം), സുനിത, ബാബു. മരുമക്കൾ: ചന്ദ്രൻ, ഷൈലജ, സായ, നന്ദകുമാർ, ലെൻജി.

**ഫാത്തിമ**

മഞ്ചേരി: മേലാക്കം കോഴിക്കാട്ടുകുന്ന് പരേതനായ ആലങ്ങാടൻ അബൂബക്കറുടെ ഭാര്യ കുമ്മാളി ഫാത്തിമ (74) അന്തരിച്ചു. മക്കൾ: ഇബ്രാഹിംകുട്ടി (ജിദ്ദ), നജീബ് (എഫ്എസിടി മഞ്ചേരി), നൗഷാദ്, ഷംസാദ് കുട്ടിലങ്ങാടി, സബിത. മരുമക്കൾ: സൽമ, ഹസീന, ഹസീന, സലീം, മൊയ്തീൻ.

**അച്ചുതൻ നായർ**

വടക്കാഞ്ചേരി: കോട്ടപ്പുറം പുളിയങ്ങോട്ട് അച്ചുതൻ നായർ (88) അന്തരിച്ചു. ഭാര്യ: സരസ്വതി. മക്കൾ: രാജൻ, മണികണ്ഠൻ, സുബ്രമണ്യൻ, സതി. മരുമക്കൾ: നാരായണൻ, ദീപ, അംബി.

**ഫിലിപ്പ് ജേക്കബ്**

കൊല്ലം: തേക്കേവിള തുമ്പമൺ താന്നുവേലിൽ കുടുംബാംഗം കൊല്ലം എക്സ്പോർട്ട് ഇൻസ്പെക്ഷൻ ഏജൻസി റിട്ട. ഡെപ്യൂട്ടി ഡയറക്ടർ ഫിലിപ്പ് ജേക്കബ് (81) അന്തരിച്ചു. ഭാര്യ: നിരണം മട്ടയ്ക്കൽ കുടുംബാംഗം അന്നാമ്മ ഫിലിപ്പ്. മക്കൾ: ജേക്കബ് ഫിലിപ്പ് (യുഎസ്), മാത്യു ഫിലിപ്പ് (കാനഡ), തോമസ് ഫിലിപ്പ് (യുഎസ്). മരുമക്കൾ: മഞ്ജു (യുഎസ്), നിമ്മി (കാനഡ), ചിത്ര (യുഎസ്).

**വാവാ കുഞ്ഞു റാവുത്തർ**

ശൂരനാട്: തെക്കേമുറി ചരിഞ്ഞയ്യത്ത് പുത്തൻ വീട്ടിൽ വാവാ കുഞ്ഞു റാവുത്തർ (75) അന്തരിച്ചു. കബറടക്കം നടത്തി. ഭാര്യ: റമാബീവി, മക്കൾ: ഷാനവാസ്, റുബീന, റജീന, ഹസീന. മരുമക്കൾ: ഷൈല, അബ്ദുൾ ലതീഫ്, എം.എസ്. ഷാജഹാൻ, ബദറുദീൻ.

**ആന്റു**

മാള: കൊമ്പത്തുകടവ് സ്വദേശി മേയ്ക്കാട്ടുപറമ്പിൽ ആന്റു (53) ഷാർജയിൽ അന്തരിച്ചു. സംസ്കാരം പിന്നീട്. ഭാര്യ: ഗാനി. മക്കൾ: അനീമ, അൽന.

**കെ.കെ. ദേവൻ മാസ്റ്റർ**

കുന്നംകുളം: ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് മുൻ വൈസ് പ്രസിഡന്റും, കേരള സർവീസ് പെൻഷനേഴ്സ് യൂണിയൻ ഭാരവാഹിയുമായിരുന്ന പുശപ്പിള്ളി കുഴുപ്പുള്ളിയിൽ കെ.കെ. ദേവൻ മാസ്റ്റർ (82) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 9.30ന് കോട്ടപ്പടി വാതക ശ്മശാനത്തിൽ. ഭാര്യ: തങ്കമണി. മക്കൾ: ഷിജ, ഷീന, അമ്പിളി, ഷൈജു.



**മുണ്ടൻ**

വടക്കാഞ്ചേരി: പുന്നംപറമ്പ് വാലയ്ക്കൽ മുണ്ടൻ (88) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10ന് പുതുരുത്തി പഞ്ചായത്ത് ശ്മശാനത്തിൽ. ഭാര്യ: കാർത്ത്യായനി. മക്കൾ: ശോഭന, അമ്പിളി. മരുമകൻ: സുരേഷ്.

**ജെ.എം. അബ്ദുൾ സലാം**

കോഴിക്കോട്: എം.കെ. റോഡ് പടന്നപ്പള്ളി റേഷൻ ഷോപ്പ് (എആർഡി-62) ഉടമ ജെ.എം. അബ്ദുൾ സലാം (72) അന്തരിച്ചു. മുൻ നല്ലളം എയുപി സ്കൂളിന് പിൻവശമുള്ള 'ജെറിഷ്മ' വസതിയിൽ അന്തരിച്ചു. ഭാര്യ: ചെറിയ ഒറ്റയിൽ അസ്മ. മക്കൾ: ഇംതിയാസ്, ജെറീഷ (ഇരുവരും ദുബായ്). മരുമക്കൾ: മൻസൂർ, സെഹ്ബ. സഹോദരങ്ങൾ: ജെ.എം. അഹമ്മദ് കോയ (പ്രൊഡ്യൂസ് മർച്ചന്റ്), ജെ.എം. അബ്ദുൾ റഷീദ് (റേഷൻ ഷോപ്പ്, വഹീദ, പരേതനായ ജെ.എം. ബഷീർ അഹമ്മദ്.

**ദേവു**

തലശ്ശേരി: പൊന്ന്യം കുണ്ടുചിറ വായയിൽ കുരാഞ്ഞി ഹൗസിൽ ദേവു (72) അന്തരിച്ചു. ഭർത്താവ്: പരേതനായ കുമാരൻ. മക്കൾ: പ്രേമലത, സുരേഷ്ബാബു, മഹിജ. മരുമക്കൾ: ദാമോദരൻ, വിനിജ, സുരേഷ്.

**അംബികയമ്മ**

വെള്ളിമൺ: ശ്രീനിലയത്തിൽ ചന്ദ്രശേഖരൻ പിള്ളയുടെ ഭാര്യ അംബികയമ്മ (73) അന്തരിച്ചു. മക്കൾ: ബിന്ദു, ശ്രീകുമാർ, ബീനാകുമാരി. മരുമക്കൾ: ജയദേവൻ, വിജി, സുനിൽദത്ത്.

**എ. സലാഹുദ്ദീൻ**

കടയ്ക്കൽ: തുടയന്നൂർ അജിനാ മൻസിലിൽ എ. സലാഹുദീൻ (58) അന്തരിച്ചു. ഭാര്യ: ഷാനിഫാ ബീവി. മക്കൾ: അജിന, അനസ്. മരുമകൻ: ഷാജി (ദുബായ്).

**ഭാർഗവൻ**

തൃക്കരുവ: റിട്ട. കെഎസ്ആർടിസി ഇൻസ്പെക്ടർ കാഞ്ഞാവെളി തൊടിയിൽ വീട്ടിൽ ഭാർഗവൻ (77) അന്തരിച്ചു.



**ശ്രീധരൻ**

അരിമ്പൂർ: എറവ് കപ്പൽ പള്ളിക്ക് വടക്ക് വടക്കേടത്ത് ശ്രീധരൻ (81) അന്തരിച്ചു. ഭാര്യ: ചന്ദ്രിക. മക്കൾ: മനോജ്, സതീഷ് ബാബു, ശാലിനി. മരുമക്കൾ: ശ്രീദേവി, ജാൻസി, ഹരിദാസ്.

**വേലായുധൻ**

വടക്കാഞ്ചേരി: തെക്കുംകര പുന്നംപറമ്പ് കോളനി അണ്ടോക്കിൽ വേലായുധൻ (93) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10ന് പുതുരുത്തി പുണ്യതീരത്ത്. ഭാര്യ: പരേതയായ പാറു. മക്കൾ: കാർത്ത്യായനി, തങ്കമണി. മരുമക്കൾ: പരശു, രാധാകൃഷ്ണൻ.

**പി.ഡി. ലൂക്കോസ്**

തലയൂർ: റിട്ട. പോലീസ് ഉദ്യോഗസ്ഥൻ പറകി മാമൂട്ടിൽ പി.ഡി. ലൂക്കോസ് (90) അന്തരിച്ചു. ഭാര്യ: ലീലാമ്മ. മക്കൾ: ഷാജി ലൂക്ക്, ജസ്റ്റസ് ലൂക്ക്, അന്നമ്മ ലൂക്ക്. മരുമക്കൾ: ബിന്ദു ഉമ്മൻ, ജൂബി, പി.എം. രാജൻ.

**കുഞ്ഞിക്കണ്ണൻ നായർ**

പേരാമ്പ്ര: പാലേരിയിലെ പഴയകാല കോൺഗ്രസ് പ്രവർത്തകൻ പടിഞ്ഞാറ്റാലിൽ കുഞ്ഞിക്കണ്ണൻ നായർ (90) അന്തരിച്ചു. ഭാര്യ: പരേതയായ അമ്മാളു അമ്മ. മകൾ: തങ്കമണി. മരുമകൻ: സത്യനാഥൻ മാസ്റ്റർ. സഹോദരങ്ങൾ: പി.സി. കുഞ്ഞിരാമൻ നായർ, മാധവി അമ്മ, പരേതനായ ഗോപാലൻ നായർ.

**രാധ**

നെല്ലിക്കോട്: കാട്ടുകുളങ്ങര കൊളങ്ങരമീത്തൽ രാധ (75) അന്തരിച്ചു. സംസ്കാരം നടത്തി. ഭർത്താവ്: പരേതനായ ടി. ഗംഗാധരൻ. മക്കൾ: ഗിരിജ, ഗിരീഷ്കുമാർ, ശ്രീജ, സതീഷ്കുമാർ, പരേതയായ ഗീത. മരുമക്കൾ: ശ്രീജ, ജോഷിത, പ്രദീപ്.

**വി. ഇന്ദിര**

പരവൂർ: കോട്ടപ്പുറം കിഴക്കുംകര വീട്ടിൽ നടേശന്റെ ഭാര്യ വി. ഇന്ദിര (72) അന്തരിച്ചു.

**ശാന്ത**

ഒളവണ്ണ: കൊഴക്കാട്ടാഴം ചക്കിക്കുളങ്ങര സത്യദേവന്റെ ഭാര്യ ശാന്ത (60) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: റിനീഷ്, റിജീഷ്. മരുമക്കൾ: വിജിത, ഗംഗ.

**ഗീത നാരായണൻ**

കോഴിക്കോട്: ചാലപ്പുറം ഗവൺമെന്റ് ഗണപത് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ റോഡിൽ 'പ്രശാന്തി'യിലെ പരേതനായ എ.ആർ. നാരായണന്റെ (ഓർഗനോൺ) ഭാര്യ ഗീത നാരായണൻ (68) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: രാമസ്വാമി (ദുബായ്), സൂര്യനാരായണൻ (ദുബായ്). മരുമക്കൾ: കവിത രാമസ്വാമി, ഗായത്രി സൂര്യനാരായണൻ.

**മേരിക്കുട്ടി**

ഓതറ: കുന്നുതറയിൽ തോമസ് ജോണിന്റെ ഭാര്യ മേരിക്കുട്ടി (72) അന്തരിച്ചു. പരേത കുറിയന്നൂർ വടക്കേമണ്ണിൽ കുടുംബാംഗമാണ്.

**ശങ്കരൻ**

മാതാപ്പുഴ: ചെനക്കലങ്ങാടി കാളാടൻ ശങ്കരൻ (87) അന്തരിച്ചു. ഭാര്യ: ലക്ഷ്മി. മക്കൾ: ഷാജി മോഹൻ, ഷൈജു, ജീജ. മരുമക്കൾ: പ്രീത, ജിജിത, ജയേഷ്.

**എം.കെ. നാഗലക്ഷ്മി**

ബേപ്പൂർ, നടുവട്ടം: അങ്ങാടിപ്പുറം പരവത്ത് മഠത്തിൽ പരേതനായ റിട്ട. ഡെപ്യൂട്ടി കലക്ടർ എ. സുബ്രഹ്മണ്യയ്യരുടെ ഭാര്യ, മുതുവറ മഠത്തിൽ എം.കെ. നാഗലക്ഷ്മി (85) ബേപ്പൂർ നടുവട്ടം തട്ടാടത്തുംകാവ് സ്കൂളിനടുത്തുള്ള മകന്റെ വസതിയായ 'ലക്ഷ്മി'യിൽ അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: പരേതനായ എ.എസ്. അനന്തരാമൻ, എ.എസ്. രാമചന്ദ്രൻ (റിട്ട. മാനേജർ, കർണ്ണാടക ബാങ്ക്), എ.എസ്. കൃഷ്ണമൂർത്തി (കൊടക് മഹീന്ദ്ര ബാങ്ക്). മരുമക്കൾ: ഉഷ (ഫെഡറൽ ബാങ്ക്), ലക്ഷ്മി, രാധിക.

## കെഎസ്ആർടിസി ബസും കാറും കൂട്ടിയിടിച്ച് ഒരാൾ മരിച്ചു

കല്ലമ്പലം: കെഎസ്ആർടിസി സൂപ്പർ ഫാസ്റ്റ് ബസും മാരുതി കാറും കൂട്ടിയിടിച്ച് കാർ ഓടിച്ചിരുന്നയാൾ മരിച്ചു. എറണാകുളം കടവന്ത്ര പൗർണമിയിൽ നന്ദകുമാർ (70, റിട്ട. ജോയിന്റ് ആർടിഒ) ആണ് മരിച്ചത്.

ദേശീയ പാതയിൽ നാവായിക്കുളം ഇരുപത്തെട്ടാം മൈലിനു സമീപം ഇന്നലെ വൈകിട്ട് നാലരയോടെയായിരുന്നു അപകടം.

കൊല്ലം ഭാഗത്തേക്ക്പോകുകയായിരുന്ന ബസും എതിർദിശയിൽ നിന്നും വരുകയായിരുന്ന കാറും തമ്മിലാണ് കൂട്ടിയിടിച്ചത്. ഇടിയുടെ ആഘാതത്തിൽ കാറിനു മുൻവശം തകർന്നു. ഗുരുതരമായി പരുക്കേറ്റ നന്ദകുമാർ സംഭവസ്ഥലത്തു വച്ചുതന്നെ മരിച്ചു.



നന്ദകുമാർ

മൃതദേഹം പാരിപ്പള്ളി മെഡിക്കൽകോളജ് ആശുപത്രി മോർച്ചറിയിലേക്ക്മാറ്റി.

ഭാര്യ: ലീന. മക്കൾ: പാർവതി (ടെക്നോപാർക്ക്), അരുൺകുമാർ (കാനഡ). മരുമകൻ: സജിത്ത് (ടെക്നോപാർക്ക്). മൃതദേഹം പോസ്റ്റ്മോർട്ടത്തിനു ശേഷം ഇന്ന് വീട്ടുവളപ്പിൽ സംസ്കരിക്കും. കല്ലമ്പലം പൊലിസ് കേസെടുത്തു.

## ആദിവാസി യുവാവിന്റെ കൊലപാതകം; അന്വേഷണം ഊർജിതമാക്കി

വടക്കഞ്ചേരി: ആദിവാസി യുവാവിന്റെ കൊലപാതകത്തിൽ പൊലിസ് അന്വേഷണം ഊർജിതമാക്കി. മംഗലംഡാം തളികക്കല്ല് കോളനിയിലെ രാജഗോപാലിന്റെ മകൻ മോഹനനെയാണ് (28) വനത്തിനുള്ളിൽ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തിയത്. വനത്തിൽ ബന്ധപ്പെട്ട് ഇരു വിഭാഗങ്ങൾ തമ്മിലുള്ള തർക്കമാണ് കൊലപാതകത്തിൽ കലാശിച്ചത്. കുഞ്ചിയാർപതി അയ്യപ്പൻപാടി ഉൾവനത്തിൽ തോട്ടം തൊഴിലാളികളാണ് മോഹനന്റെ മൃതദേഹം കണ്ടത്.

സംഭവുമായി ബന്ധപ്പെട്ട് ആറ് പേർക്കെതിരെ പൊലിസ് കൊലക്കുറ്റത്തിന് കേസെടുത്തിട്ടുണ്ട്. തളികക്കല്ല് കോളനിയിലെ വേലായുധൻ, മക്കളായ ബൈജു, സൈജു, സുനി, മറ്റ് കോളനി നിവാസികളായ സുദേവൻ, കുഞ്ഞൻ എന്നിവർക്കെതിരെയാണ് കേസെടുത്തിരിക്കുന്നത്. മോഹനനെ ആക്രമിക്കുന്നതിനിടെ പരുക്കേറ്റ കോളനിവാസി ശശീന്ദ്രന്റെ മൊഴിയുടെ അടിസ്ഥാനത്തിലാണ് പ്രതികൾക്കായി അന്വേഷണം നടത്തുന്നത്. സംഭവത്തിന് ശേഷം പ്രതികളെല്ലാം ഉൾകാട്ടിൽ പോയി രക്ഷപ്പെട്ടിരിക്കാമെന്നാണ് പൊലിസ് നിഗമനം. വനം വകുപ്പിന്റെ സഹായത്തോടുകൂടിയും കാടിനെ കുറിച്ച് വ്യക്തമായി അറിയുന്ന ആദിവാസികളുടെയും സഹായത്തോടെയാണ് അന്വേഷണം പുരോഗമിക്കുന്നത്.

ആലത്തൂർ ഡിവൈഎസ്പി കെ.എം. ദേവസ്യ, മംഗലംഡാം എസ്ഐ നിൽഹെർ ഫെർണാണ്ടസ് എന്നിവരുടെ നേതൃത്വത്തിലാണ് അന്വേഷണം നടക്കുന്നത്. മോഹനന്റെ മൃതദേഹം തൃശൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തി. തലയിൽ കൊടുവാൾകൊണ്ട് വെട്ടിയതിനെ തുടർന്നുണ്ടായ ആഴത്തിലുള്ള മുറിവാണ് മരണ കാരണം. ഇന്ന് ഉച്ചയ്ക്ക് ഒരു മണിയോടു കൂടി കോളനിയിലെത്തിച്ച മൃതദേഹം സംസ്കരിച്ചു. കെ.ഡി. പ്രസേനൻ എംഎൽഎ, വണ്ടാഴി പഞ്ചായത്ത് പ്രസിഡന്റ് സുമാവലി മോഹൻദാസ് തുടങ്ങിയവർ കോളനിയിലെത്തി മൃതദേഹത്തിൽ അന്തിമോപചാരമർപ്പിച്ചു.

## ബൈക്കപകടത്തിൽ പരുക്കേറ്റ് ചികിത്സയിലായിരുന്ന യുവാവ് മരിച്ചു

കുന്നംകുളം: കാറും ബൈക്കും കൂട്ടിയിടിച്ച് ഗുരുതര പരുക്കേറ്റ് ചികിത്സയിലായിരുന്ന യുവാവ് മരിച്ചു. അക്കിക്കാവ് ലക്ഷം വീട് കോളനിയിൽ പരേതനായ ചെമ്മണ്ണൂർ വീട്ടിൽ മോഹനന്റെ മകൻ രാഹുൽ (കണ്ണൻ-27) ആണ് മരിച്ചത്.

ഞായറാഴ്ച രാവിലെ ഒറ്റപ്പിലാവ് പുതിയഞ്ചേരി ക്ഷേത്രത്തിനു സമീപമായിരുന്നു അപകടം. ബൈക്കിൽ സഞ്ചരിച്ചിരുന്ന രാഹുൽ മറ്റൊരു വാഹനത്തെ മറി കടക്കുന്നതിനിടയിൽ അമിത വേഗതയിൽ വന്ന കാർ ഇടിക്കുകയായിരുന്നു.

അരക്കെട്ടിനും കാലിനും ഗുരുതരമായി പരുക്കേറ്റ യുവാവിനെ പെരുമ്പിലാവിലെ സ്വകാര്യ ആശുപത്രിയിലും പിന്നീട് തൃശൂരിലെ സ്വകാര്യ ആശുപത്രിയിലും എത്തിച്ചെങ്കിലും മരിക്കുകയായിരുന്നു. അറിയപ്പെടുന്ന മലവാഴ്‌വാട്ടം മരംകേറ്റ കലാകാരനായിരുന്നു. അമ്മ: ശാന്തി.

രാഹുൽ

## വാക്കുതർക്കം; ഒരാൾ കുത്തേറ്റ് മരിച്ചു, നാല് പേർക്ക് പരിക്ക്

കരുനാഗപ്പള്ളി: വാക്കുതർക്കത്തെ തുടർന്ന് ഒരാൾ കുത്തേറ്റ് മരിച്ചു. നാല് പേർക്ക് പരുക്കേറ്റു.

ചവറ മുകുന്ദപുരം അമ്മാച്ചൻ കാവിന് സമീപം ചെറുകുളം കോളനിയിൽ നിസാർ (44) ആണ് മരിച്ചത്. നിസാറിന്റെ മക്കളായ നിഷാദ് (19), നബീൽ (15), അയൽവാസികളായ ഷാനു (30), ഷാനുവിന്റെ സഹോദരൻ ഷാജി (36) എന്നിവർക്കാണ് പരുക്കേറ്റത്.

നിസാർ

പരുക്കേറ്റവർ തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്. ഞായറാഴ്ച രാത്രി 10 മണിയോടെയായിരുന്നു സംഭവം. നിസാറുമായി സമീപവാസികളായ ഷാനുവും ഷാജിയും വാക്കുതർക്കത്തിൽ ഏർപ്പെടുകയും പ്രകോപിതനായ നിസാർ വീടിനകത്തു കയറി ആയുധം എടുത്തു കൊണ്ട് വന്ന് ഷാനുവിനെയും ഷാജിയെ കുത്തുകയായിരുന്നുവെന്നുമാണ്.

കൈയേറ്റത്തിനിടെ നിസാറിന്റെ കൈയിൽ ഉണ്ടായിരുന്ന ആയുധം വാങ്ങി ഷാനു നിസാറിനെ തിരിച്ചു കുത്തി. രക്തം വാർന്ന് കുഴഞ്ഞുവീണ നിസാറിനെ ഓടികൂടിയ നാട്ടുകാർ ജില്ലാ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിക്കുകയായിരുന്നു. ഷാബയാണ് നിസാറിന്റെ ഭാര്യ.

പോസ്റ്റ്മോർട്ടത്തിന് ശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടു നൽകി. നിസാറിന്റെ മരണവുമായി ബന്ധപ്പെട്ട് കേസിലുൾപ്പെട്ട പരുക്കേറ്റ് ചികിത്സയിലുള്ള ഷാനു, ഷാജി എന്നിവർ പൊലിസ് നിരീക്ഷണത്തിലാണ്.

## പബ്ലിക് പ്രോസിക്യൂട്ടർ ഫുട്ബോൾ കളിക്കിടെ കുഴഞ്ഞു വീണു മരിച്ചു

മഞ്ചേരി: സുഹൃത്തുക്കൾക്കൊപ്പം ടർഫിൽ പന്തുകളിക്കുകയായിരുന്ന ജില്ലാ പബ്ലിക് പ്രോസിക്യൂട്ടർ കുഴഞ്ഞു വീണു മരിച്ചു. മഞ്ചേരി അഡീഷണൽ ജില്ലാ സെഷൻസ് കോടതി (മൂന്ന്) പബ്ലിക് പ്രോസിക്യൂട്ടർ വെട്ടത്തൂർ കാര്യാവട്ടം കുണ്ടോട്ടുപാറക്കൽ മൊയ്തുട്ടിമാൻ ഹാജിയുടെ മകൻ അഡ്വ. കെ.പി. അബ്ദുൾ ഗഫൂർ (51) ആണ് മരിച്ചത്. ഇന്ത്യൻ നാഷണൽ ലീഗ് സംസ്ഥാന പ്രവർത്തക സമിതി അംഗമായിരുന്നു. ഞായറാഴ്ച രാത്രിയായിരുന്നു സംഭവം. മാതാവ്: ആയിഷ പൂമ്മണ്ണ. ഭാര്യ: സലീന, മടത്തൊടി കൊളപ്പറമ്പ്. മക്കൾ: യാസീൻ, സിമി (ഇരുവരും വിദ്യാർഥികൾ). സഹോദരൻ: ജലീൽ.

അഡ്വ. കെ.പി. അബ്ദുൾ ഗഫൂർ

# കൊവിഡ് 19 പ്രതിരോധം: ആരോഗ്യ പ്രവർത്തകർക്ക് അവസരം

തിരുവനന്തപുരം: കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമാകാൻ ആരോഗ്യ പ്രവർത്തകർക്ക് അവസരം. വീടുകൾ, ആശുപത്രികൾ, ഐസൊലേഷൻ വാർഡുകൾ, എയർപോർട്ടുകൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാൻഡുകൾ തുടങ്ങിയ ഇടങ്ങളിലെ ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങളിൽ സന്നദ്ധരായ ആരോഗ്യ പ്രവർത്തകർക്ക് പങ്കാളികളാകാം. താത്പര്യമുള്ള ആരോഗ്യ പ്രവർത്തകർ https://forms.gle/3FtcS7ovp1YGG9539 എന്ന ലിങ്ക് സന്ദർശിച്ച് വോളണ്ടിയർ ഫോം പൂരിപ്പിക്കുക. ആരോഗ്യവകുപ്പ് നിങ്ങളെ ബന്ധപ്പെടും.

# യോഗം മാറ്റിവച്ചു

തിരുവനന്തപുരം: യന്ത്രവത്കൃത മത്സ്യബന്ധന വ്യവസായ മേഖലയിലെ തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി മിനിമം വേതന ഉപദേശക സമിതി ഈ മാസം 17 ന് വിഴിഞ്ഞം ഫിഷറീസ് ഗസ്റ്റ് ഹൗസിൽ ചേരാനിരുന്ന തെളിവെടുപ്പു യോഗം സാങ്കേതിക കാരണങ്ങളാൽ മാറ്റിവച്ചതായി അധികൃതർ അറിയിച്ചു.

# കുട്ടനാട്: യാതൊരു വിട്ടുവീഴ്ചയ്ക്കും തയാറല്ലെന്ന് ജോസ് കെ. മാണി വിഭാഗം

ആലപ്പുഴ : കുട്ടനാട് സീറ്റിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും കേരളാ കോൺഗ്രസ് (എം) തയാറല്ലെന്ന് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പ്രമോദ് നാരായൺ. കുട്ടനാട് സീറ്റിൽ കോൺഗ്രസ് പാർട്ടി മത്സരിക്കണമെന്ന് കേരളാ കോൺഗ്രസ് ആവശ്യപ്പെട്ടു എന്ന വാർത്ത അടിസ്ഥാനരഹിതമാണ്.

കുട്ടനാട് ഉപതെരെഞ്ഞെടുപ്പിന്റെ കാര്യത്തിൽ മറ്റാരുടെയെങ്കിലും വക്കാലത്ത് ഏറ്റെടുക്കേണ്ട ബാധ്യത കേരളാ കോൺഗ്രസിനില്ല. കോൺഗ്രസ് പാർട്ടിയുടെ നിലപാട് ഉന്നയിക്കുന്നതിന് ഉത്തരവാദിത്വമുള്ള ഉന്നതമായ നേതൃത്വം അവർക്കുണ്ട്. സ്വന്തമായ അസ്തിത്വവും സ്വതന്ത്ര നിലപാടുകളുമുള്ള പാർട്ടിയാണ് കേരളാ കോൺഗ്രസ് (എം).

കുട്ടനാട് സീറ്റ് സംബന്ധിച്ച് നടന്ന എല്ലാ ചർച്ചകളിലും കുട്ടനാട് സീറ്റ് കേരളാ കോൺഗ്രസിന് അവകാശപ്പെട്ടതാണെന്ന തങ്ങളുടെ നിലപാട് യുഡിഎഫ് നേതൃത്വത്തെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. 2011ലെ അസംബ്ലി തെരെഞ്ഞടുപ്പിൽ കേരളാ കോൺഗ്രസ് എംമ്മിന് സ്വന്തം അക്കൗണ്ടിൽ ലഭിച്ച പുനലൂർ സീറ്റിൽ സ്ഥാനാർഥിയെ പ്രഖ്യാപിക്കുകയും പ്രചരണം ആരംഭിക്കുകയും ചെയ്തതാണ്. എന്നാൽ യുഡിഎഫ് നേതൃത്വം പാർട്ടി ചെയർമാനായിരുന്ന കെ.എം. മാണിയുമായി നടത്തിയ ധാരണയെത്തുടർന്ന് പുനലൂർ സീറ്റ് കോൺഗ്രസിന് വിട്ടുകൊടുക്കുയും പകരം കുട്ടനാട് സീറ്റ് ഏറ്റെടുക്കുകയുമാണ് ഉണ്ടായത്.

അതുകൊണ്ടുതന്നെ കുട്ടനാട് കേരളാ കോൺഗ്രസ് എമ്മിന് അകവാശപ്പെട്ടതാണ്. യുഡിഎഫ് നേതൃതല ചർച്ചകളിലും ഉഭയകക്ഷി ചർച്ചകളിലും പാർട്ടിയ്ക്ക് ഇക്കാര്യത്തിലുള്ള ഉറച്ച നിലപാട് ചെയർമാൻ ജോസ് കെ. മാണി എംപി യുഡിഎഫ് നേതൃത്വത്തെ അറിയിച്ചിട്ടുണ്ട്. അതിനിടയിൽ ഉയർന്നുവരുന്ന ഇത്തരം പ്രചരണങ്ങളെ പൂർണമായും തള്ളിക്കളയുന്നു- പ്രമോദ് നാരായൺ പ്രസ്താവനയിൽ പറഞ്ഞു.

## പരീക്ഷകളെല്ലാം മാറ്റണമെന്ന് കെ. സുരേന്ദ്രൻ

തിരുവനന്തപുരം: കൊറോണ രോഗ ഭീതി വ്യാപകമാകുന്നതിന്റെ പശ്ചാത്തലത്തിൽ സർവകലാശാല പരീക്ഷകളടക്കം എല്ലാ പരീക്ഷകളും മാറ്റിവയ്ക്കണമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ ആവശ്യപ്പെട്ടു. സർവകലാശാലാ പരീക്ഷകളെഴുതുന്ന കുട്ടികളാണ് കൂടുതൽ ദുരിതത്തിലാകുന്നത്. ഹോസ്റ്റലിൽ താമസിച്ചു പഠിച്ചിരുന്ന വിദ്യാർഥികൾക്ക് പരീക്ഷക്കാലത്ത് താമസിക്കാൻ സ്ഥലം കിട്ടുന്നില്ല. ഹോസ്റ്റലുകൾ അടച്ചു. കൊറോണ ഭീതിയിൽ വിദ്യാർഥികൾക്ക് താമസിക്കാൻ ആരും ഇടം നൽകുന്നില്ല. ഈ സാഹചര്യത്തിൽ പരീക്ഷകൾ കൂടി മാറ്റി വയ്ക്കുന്നതാണ് നല്ലത്.

## തൊഴിൽ വകുപ്പ് കോൾ സെന്റർ: ഫെബ്രുവരിയിൽ 246 പരാതികൾ പരിഹരിച്ചു

തിരുവനന്തപുരം: സംസ്ഥാനത്തെ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി ലേബർ കമ്മിഷണറേറ്റിൽ പ്രവർത്തിച്ചു വരുന്ന കോൾ സെന്ററിൽ 246 പരാതികൾക്കു പരിഹാരമായി. ഫെബ്രുവരിയിൽ ആകെ ലഭിച്ച 248 പരാതികളിൽ 246 എണ്ണം പരിഹരിച്ചു. പരിചയ സർട്ടിഫിക്കറ്റുകളുമായി ബന്ധപ്പെട്ട തർക്കങ്ങൾ, ഗ്രാറ്റുവിറ്റി പ്രശ്നങ്ങൾ, അവധി ദിനങ്ങൾ നിഷേധിക്കൽ തുടങ്ങി തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട എല്ലാ പരാതികളും കോൾ സെന്ററിന്റെ 180042555214 എന്ന നമ്പറിൽ അറിയിക്കാം.

ആവാസ്, വേതന സുരക്ഷാ പദ്ധതി തുടങ്ങിയ പദ്ധതികളെക്കുറിച്ചുള്ള സംശയങ്ങൾക്കും ഇവിടെനിന്ന് കൃത്യമായ മറുപടിയും മാർഗനിർദേശവും ലഭിക്കും. രാവിലെ ഏഴു മുതൽ വൈകിട്ട് ഏഴു വരെയാണു സെന്ററിന്റെ പ്രവർത്തനം. ഞായറാഴ്ച രാവിലെ എട്ടു മുതൽ വൈകിട്ട് അഞ്ചു വരെയും സേവനം ലഭിക്കും.

## കേരള സർക്കാർ ദർഘാസുകൾ

09-03-2020 മുതൽ 15-03-2020 വരെ പ്രസിദ്ധീകരിച്ച ദർഘാസുകൾ

**പൊതുമരാമത്ത് വകുപ്പ്**

ദർഘാസ് : 2020_PWD_346792_2 * Executive Engineer * Kasaragod Development Package 2016-2017 - Construction of C * അവസാന തീയതി : 19-Mar-2020 * അടങ്കൽ : 1025888

ദർഘാസ് : 2020_PWD_349714_1 * Executive Engineer * Renovation of existing fire-detection system in the Kerala N * അവസാന തീയതി : 23-Mar-2020 * അടങ്കൽ : 1272432

ദർഘാസ് : 2020_PWD_350042_1 * Executive Engineer * Daily Operation (Labour Supply) of Centralized A/C plant and * അവസാന തീയതി : 23-Mar-2020 * അടങ്കൽ : 1706669

ദർഘാസ് : 2020_PWD_342852_2 * Executive Engineer * SITC of VD4 12.80.20 breaker to replace it on Vmax 12.08.20 * അവസാന തീയതി : 23-Mar-2020 * അടങ്കൽ : 709083

ദർഘാസ് : 2020_PWD_350039_1 * Executive Engineer * Daily operation of 500 KVA D.G set and 750 KVA Transformer i * അവസാന തീയതി : 23-Mar-2020 * അടങ്കൽ : 1909713

ദർഘാസ് : 2020_PWD_349925_1 * Executive Engineer * Urgent Maintenance to the existing EI at Boys and Girls Host * അവസാന തീയതി : 23-Mar-2020 * അടങ്കൽ : 775954

ദർഘാസ് : 2020_PWD_349384_1 * Executive Engineer * KSTP-II-Road Safety capacity Building and Program Management * അവസാന തീയതി : 23-Mar-2020 * അടങ്കൽ : 3844179

ദർഘാസ് : 2020_PWD_349913_1 * Executive Engineer * Construction of Food Safety Commissionerate Thiruvananthapur * അവസാന തീയതി : 23-Mar-2020 * അടങ്കൽ : 4099107

ദർഘാസ് : 2020_PWD_350429_1 * Executive Engineer * GMC EKMProviding Ramp facility to Academic Block D and EComm * അവസാന തീയതി : 24-Mar-2020 * അടങ്കൽ : 1784879

ദർഘാസ് : 2020_PWD_350347_1 * Executive Engineer * Truss Roofing over Radio Therapy Minor OT at Medical College * അവസാന തീയതി : 27-Mar-2020 * അടങ്കൽ : 1696041

ദർഘാസ് : 2020_PWD_350160_1 * Executive Engineer * Maintenance works like repairs of compound wall toilet etc * അവസാന തീയതി : 26-Mar-2020 * അടങ്കൽ : 1251331

ദർഘാസ് : 2020_PWD_350146_1 * Executive Engineer * Plan fund 2019 20 Urgent special repair works to ward 1 T * അവസാന തീയതി : 26-Mar-2020 * അടങ്കൽ : 2413778

ദർഘാസ് : 2020_PWD_342005_2 * Executive Engineer * Balance works to Geriatric care center East side including * അവസാന തീയതി : 26-Mar-2020 * അടങ്കൽ : 2689979

ദർഘാസ് : 2020_PWD_349611_1 * Executive Engineer * Construction of building for Primary Health Centre at Parapp * അവസാന തീയതി : 19-Mar-2020 * അടങ്കൽ : 4114249

ദർഘാസ് : 2020_PWD_349671_1 * Executive Engineer * MPLADS 2019 20 Construction of Anganwadi in Ward No.18 Kada * അവസാന തീയതി : 18-Mar-2020 * അടങ്കൽ : 1333113

ദർഘാസ് : 2020_PWD_350350_1 * Executive Engineer * Construction of toilet block for Govt Polytechnic college pe * അവസാന തീയതി : 23-Mar-2020 * അടങ്കൽ : 1428323

ദർഘാസ് : 2020_PWD_350248_1 * Executive Engineer * Balance work of Construction for first floor of ladies hoste * അവസാന തീയതി : 24-Mar-2020 * അടങ്കൽ : 2833940

ദർഘാസ് : 2020_PWD_350272_1 * Executive Engineer * Animal Husbandry Construction of new layer shed Grama Sree * അവസാന തീയതി : 24-Mar-2020 * അടങ്കൽ : 3510028

ദർഘാസ് : 2020_PWD_349105_1 * Executive Engineer * W and C Hospital Alappuzha Gender Budgeting Construction o * അവസാന തീയതി : 17-Mar-2020 * അടങ്കൽ : 1502347

ദർഘാസ് : 2020_PWD_350254_1 * Executive Engineer * Govt.TDMC Hospital Vandanam Alappuzha Construction of Shed f * അവസാന തീയതി : 21-Mar-2020 * അടങ്കൽ : 1933917

ദർഘാസ് : 2020_PWD_349872_1 * Executive Engineer * MLA-ADS 2018-19- Maintenance of Kalluvaathukkal Grama * അവസാന തീയതി : 27-Mar-2020 * അടങ്കൽ : 4114033

ദർഘാസ് : 2020_PWD_349694_1 * Executive Engineer * PWD/2019-2020/5826/KTM * അവസാന തീയതി : 21-Mar-2020 * അടങ്കൽ : 4955591

ദർഘാസ് : 2020_PWD_349579_1 * Executive Engineer * PWD/2019-2020/5825/KTM * അവസാന തീയതി : 21-Mar-2020 * അടങ്കൽ : 1891688

ദർഘാസ് : 2020_PWD_350304_1 * Executive Engineer * Providing flooring painting and other allied works in Animal * അവസാന തീയതി : 24-Mar-2020 * അടങ്കൽ : 1382019

ദർഘാസ് : 2020_PWD_350405_1 * Executive Engineer * College of Engineering Attingal Special Repair works * അവസാന തീയതി : 26-Mar-2020 * അടങ്കൽ : 4457202

ദർഘാസ് : 2020_PWD_349938_1 * Executive Engineer * Construction of Lift room in KHRI Building * അവസാന തീയതി : 24-Mar-2020 * അടങ്കൽ : 1499074

ദർഘാസ് : 2020_PWD_343864_2 * Executive Engineer * NH 66 Old NH 47 Provision for delineators and road studs fr * അവസാന തീയതി : 18-Mar-2020 * അടങ്കൽ : 1850858

ദർഘാസ് : 2020_PWD_344076_2 * Executive Engineer * Traffic safety 2019-2020 NH66 (Old NH 47) Construction of dr * അവസാന തീയതി : 18-Mar-2020 * അടങ്കൽ : 3957102

ദർഘാസ് : 2020_PWD_344822_2 * Executive Engineer * Road widening work in connection with junction improvement a * അവസാന തീയതി : 17-Mar-2020 * അടങ്കൽ : 3325767

ദർഘാസ് : 2020_PWD_349345_1 * Executive Engineer * NH66 (old NH 47) Reconstruction of erroded shoulders fro km * അവസാന തീയതി : 18-Mar-2020 * അടങ്കൽ : 1408412

ദർഘാസ് : 2020_PWD_344948_2 * Executive Engineer * Reconstruction of damaged drain with footpath from SD Colle * അവസാന തീയതി : 17-Mar-2020 * അടങ്കൽ : 3642909

ദർഘാസ് : 2020_PWD_350410_1 * Executive Engineer * SLTF 2019 20 Providing drainage facilities to Eroor Puthenku * അവസാന തീയതി : 24-Mar-2020 * അടങ്കൽ : 1479674

ദർഘാസ് : 2020_PWD_350426_1 * Executive Engineer * SLTF 2019-20 Improvements to MG Road from Medical Trust Jn. * അവസാന തീയതി : 24-Mar-2020 * അടങ്കൽ : 1785577

വിശദവിവരങ്ങൾ https://etenders.kerala.gov.in സന്ദർശിക്കുക

Ro.No: 09-15/Mar/2020/PRD/5

# യൂണിവേഴ്സിറ്റി ന്യൂസ്

## എം ജി

### പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ എംഎസ്സി (സിഎസ്എസ് - 2015-2017 അഡ്മിഷൻ സപ്ലിമെന്ററി, 2018 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2012, 2013, 2014 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ 20 ന് ആരംഭിക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

ഒന്നാം സെമസ്റ്റർ എംഎ/എംസിജെ/എംഎംഎച്ച്/എംഎസ്ഡബ്ല്യു/എംടിഎ ആൻഡ് എംടിടിഎം (2015-2017 അഡ്മിഷൻ സപ്ലിമെന്ററി, 2018 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/2012, 2013, 2014 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകളും ഒന്നാം സെമസ്റ്റർ എംകോം (സിഎസ്എസ് - 2015-2017 അഡ്മിഷൻ സപ്ലിമെന്ററി, 2018 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/2012, 2013, 2014 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകളും ഒന്നാം സെമസ്റ്റർ എംഎച്ച്ആർഎം (2019 അഡ്മിഷൻ റഗുലർ/2018 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളും 20ന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ

### പരീക്ഷഫലം

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ പിജിസിഎസ്എസ് എംഎസ്സി ബയോഇൻഫർമാറ്റിക്സ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 27 വരെ ഓൺലൈനായി അപേക്ഷിക്കാം.

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എംഎസ്സി കംപ്യൂട്ടർ സയൻസ് (റഗുലർ, സപ്ലിമെന്ററി, ബെറ്റർമെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 28 വരെ ഓൺലൈനായി അപേക്ഷിക്കാം.

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എംഎസ്സി സുവോളജി (റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 26 വരെ ഓൺലൈനായി അപേക്ഷിക്കാം.

2019 നവംബറിൽ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നടന്ന ഒന്നാം സെമസ്റ്റർ (2019-2021 ബാച്ച്) എംഎ മലയാളം, ഇംഗ്ലീഷ്- സിഎസ്എസ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

### ചുമതലയേറ്റു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഫിനാൻസ് ഓഫീസറായി ബിജു മാത്യു ചുമതലയേറ്റു. മൂവാറ്റുപുഴ വാഴക്കുളം സ്വദേശിയാണ്. ഭാര്യ: ഡെൻസി ബിജു മകൻ: സബിൻ ബിജു(വിദ്യാർഥി).

### സെനറ്റ് തെരഞ്ഞെടുപ്പ്; 27 വരെ പത്രിക പിൻവലിക്കാം

മഹാത്മാ ഗാന്ധി സർവകലാശാല സെനറ്റിലേക്ക് വിവിധ മണ്ഡലങ്ങളിൽ നിന്ന് ലഭിച്ച സാധുവായ നാമനിർദേശ പത്രിക സംബന്ധിച്ച വിജ്ഞാപനം പ്രസിദ്ധീകരിച്ചു. സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും. 27ന് രാവിലെ 11.30 വരെ പത്രിക പിൻവലിക്കാം.

## കാലിക്കറ്റ്

### കെ.മുഹമ്മദ് ഇസ്മായിൽ സി.എച്ച് ചെയർ ഡയറക്ടർ

കാലിക്കറ്റ് സർവകലാശാലാ സി.എച്ച്. മുഹമ്മദ് കോയ ചെയറിന്റെ പുതിയ ഡയറക്ടറായി കെ.മുഹമ്മദ് ഇസ്മായിലിനെ വൈസ് ചാൻസലർ നിയമിച്ചു. മൂന്ന് വർഷത്തേക്കാണ് നിയമനം. കുടുംബശ്രീ മലപ്പുറം ജില്ലാ മിഷൻ മുൻ കോർഡിനേറ്ററും കെഎച്ച്എസ്ടിയു സംസ്ഥാന മുൻ പ്രസിഡന്റുമായിരുന്നു അദ്ദേഹം. നിലവിലുള്ള ഡയറക്ടർ പി.കെ. അബ്ദുൽ ലത്തീഫിന്റെ കാലാവധി അവസാനിച്ചതിനെ തുടർന്നാണ് നിയമനം.

### ബിഎഡ് മൂല്യനിർണയ ക്യാംപ്

ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബിഎഡ് പരീക്ഷയുടെ മൂല്യനിർണയ ക്യാംപ് 19, 20, 21, 23 തിയതികളിൽ കോഴിക്കോട് ജിസിടിഇ, തൃശൂർ ഐ.എ.എസ്.ഇ, ഫാറൂഖ് ട്രെയിനിങ് കോളെജ്, ഒറ്റപ്പാലം എൻഎസ്എസ് ട്രെയിനിങ് കോളെജ് എന്നിവിടങ്ങളിൽ നടക്കും. പാനലിൽ ഉൾപ്പെട്ട ട്രെയിനിങ് കോളെജ് അധ്യാപകർ ചെയർമാന്മാരുമായി ബന്ധപ്പെട്ട് നിർബന്ധമായും ക്യാംപിൽ പങ്കെടുക്കണമെന്ന് പരീക്ഷാ കൺട്രോളർ.

### പ്രിലിമിനറി ഗ്രേഡ് കാർഡ് വിതരണം

2019 മേയിൽ നടത്തിയ അഫ്സൽ -ഉൽ-ഉലമ പ്രിലിമിനറി ഒന്നാം വർഷ പരീക്ഷയുടെ ഗ്രേഡ് കാർഡുകൾ നാളെ മുതൽ അതത് പരീക്ഷാ കേന്ദ്രങ്ങളിൽ വിതരണം ചെയ്യും.

### എൽഎൽബി സ്പെഷ്യൽ സപ്ലിമെന്ററി മാർക്ക് ലിസ്റ്റ്

കാലിക്കറ്റ് സർവകലാശാല രണ്ട്, നാല്, ആറ് സെമസ്റ്റർ ത്രിവത്സര എൽഎൽബി (2008 മുതൽ 2012 വരെ പ്രവേശനം), ആറ്, എട്ട്, പത്ത് സെമസ്റ്റർ പഞ്ചവത്സര എൽഎൽബി (2008 മുതൽ 2010 വരെ പ്രവേശനം) സ്പെഷ്യൽ സപ്ലിമെന്ററി പരീക്ഷയുടെ മാർക്ക് ലിസ്റ്റുകൾ ഏപ്രിൽ 30 വരെ സ്പെഷ്യൽ സപ്ലിമെന്ററി എക്സാം യൂണിറ്റിൽ നിന്നും വിതരണം ചെയ്യും.

### പരീക്ഷാഫലം

2019 നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംഎസ്സി കംപ്യൂട്ടർ സയൻസ് പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിന് 26 വരെ അപേക്ഷിക്കാം.

### ബിവോക് മൾട്ടിമീഡിയ വൈവ

ആറാം സെമസ്റ്റർ ബിവോക് മൾട്ടിമീഡിയ ഇന്റേൺഷിപ്പ്, പ്രൊജക്റ്റ ഇവാലുവേഷൻ/വൈവ എന്നിവ 21ന് നടക്കും.

## കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ ഡയറക്ടർ 0471-2305230, ഓഫീസ് 2305193, ഫാക്സ് 2301740

www.kerala.gov.in www.keralalotteries.com

**വിൻവിൻ W- 556 നറുക്കെടുപ്പ് ഫലം 16/03/2020**

സ്ഥലം: ഗോർഖി ഭവൻ, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം

**ഒന്നാം സമ്മാനം 75 ലക്ഷം രൂപ** WD 864122 (IDUKKI)

**സമാശ്വാസ സമ്മാനം 8000 രൂപ**

WA 864122 WB 864122 WC 864122 WE 864122 WF 864122 WG 864122 WH 864122 WJ 864122 WK 864122 WL 864122 WM 864122

**2-ാം സമ്മാനം 5 ലക്ഷം രൂപ**

WG 872603 (KOTTAYAM)

**3-ാം സമ്മാനം 1 ലക്ഷം രൂപ**

| | | | |
|---|---|---|---|
| WA 802522 (KOTTAYAM) | WB 154894 (ALAPPUZHA) | WC 496586 (ERNAKULAM) | WD 316467 (KOLLAM) |
| WE 365573 (KOZHIKKODE) | WF 404349 (PALAKKAD) | WG 284790 (KASARGODE) | WH 128508 (THRISSUR) |
| WJ 439997 (THIRUVANANTHAPURAM) | WK 242018 (THRISSUR) | WL 742664 (ERNAKULAM) | WM 494198 (ERNAKULAM) |

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

**4-ാം സമ്മാനം 5000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1907 | 2011 | 3357 | 4171 | 4302 | 4424 | 5118 | 5325 | 5764 | 5782 |
| 6124 | 6179 | 6354 | 8752 | 9098 | 9223 | 9369 | 9665 | | |

**5-ാം സമ്മാനം 2000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0100 | 0330 | 2339 | 3384 | 3623 | 4438 | 6015 | 6650 | 7968 | 8033 |

**6-ാം സമ്മാനം 1000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0836 | 0897 | 2607 | 4321 | 7098 | 7567 | 8552 | 8853 | 8968 | 9327 |
| 9609 | 9954 | | | | | | | | |

**7-ാം സമ്മാനം 500 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0399 | 0597 | 0803 | 1150 | 1194 | 1349 | 1564 | 1914 | 1925 | 2036 |
| 2342 | 2591 | 2691 | 2850 | 2870 | 2940 | 2973 | 3170 | 3226 | 3323 |
| 3442 | 3570 | 3652 | 3772 | 3802 | 3872 | 4114 | 4319 | 4332 | 4523 |
| 4547 | 4570 | 4749 | 4872 | 5095 | 5156 | 5224 | 5236 | 5243 | 5304 |
| 5311 | 5477 | 5973 | 6017 | 6396 | 6615 | 6730 | 7224 | 7263 | 7428 |
| 7438 | 7460 | 7464 | 7539 | 7555 | 7694 | 7763 | 7816 | 7838 | 7858 |
| 7978 | 7985 | 8084 | 8196 | 8204 | 8409 | 8420 | 8493 | 8497 | 8641 |
| 8819 | 9050 | 9280 | 9402 | 9739 | 9780 | 9849 | 9881 | | |

**8-ാം സമ്മാനം 100 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0040 | 0070 | 0473 | 0495 | 0546 | 0674 | 0837 | 1322 | 1328 | 1391 |
| 1783 | 1917 | 1943 | 1985 | 2105 | 2199 | 2262 | 2416 | 2441 | 2482 |
| 2516 | 2644 | 2713 | 2746 | 2775 | 2855 | 2861 | 2920 | 3023 | 3097 |
| 3214 | 3286 | 3346 | 3430 | 3536 | 3649 | 3874 | 4514 | 4515 | 4552 |
| 4562 | 4840 | 4900 | 5017 | 5187 | 5386 | 5415 | 5433 | 5441 | 5559 |
| 5564 | 5928 | 5930 | 5965 | 5970 | 6037 | 6057 | 6066 | 6147 | 6148 |
| 6178 | 6290 | 6341 | 6586 | 6636 | 6643 | 6647 | 6821 | 6845 | 6898 |
| 6986 | 7130 | 7139 | 7161 | 7365 | 7440 | 7443 | 7469 | 7487 | 7497 |
| 7566 | 7572 | 7681 | 7807 | 7851 | 7892 | 7989 | 7990 | 8070 | 8224 |
| 8329 | 8365 | 8444 | 8458 | 8556 | 8604 | 8618 | 8650 | 8747 | 8748 |
| 8785 | 8798 | 8823 | 8859 | 8967 | 8979 | 9044 | 9054 | 9086 | 9106 |
| 9146 | 9230 | 9260 | 9266 | 9357 | 9363 | 9440 | 9649 | 9683 | 9804 |

(ഒപ്പ്) കനേഷ്യസ്, ഡെപ്യൂട്ടി ഡയറക്ടർ ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം.

വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക

നറുക്കെടുപ്പ് തത്സമയ സംപ്രേഷണം എല്ലാ ദിവസവും കൈരളി, കൗമുദി ചാനലുകളിൽ

## ഇന്നു നിങ്ങൾക്ക്

ബ്രഹ്മശ്രീ കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്

അശ്വതി: മംഗളകർമ്മങ്ങളിൽ പങ്കെടുക്കും. ലാഭശതമാനവ്യവസ്ഥകളിൽ പങ്കുചേരും. പ്രവൃത്തിയിൽ നിഷ്കർഷ വർധിക്കും.

ഭരണി: മാതാപിതാക്കളുടെ ആവശ്യങ്ങൾ സാധിപ്പിക്കും. ഗൃഹോപകരണങ്ങൾ മാറ്റി വാങ്ങും. സമ്മാന പദ്ധതികളിൽ വിജയിക്കും

കാർത്തിക: അനാവശ്യമായ ആധി ഉപേക്ഷിക്കണം. നിസാരകാര്യങ്ങൾക്ക് കൂടുതൽ പ്രയത്നം വേണ്ടിവരും. ശുഭകർമ്മങ്ങളിൽ നിന്നും പിന്മാറുകയാണ് നല്ലത്.

രോഹിണി: ആഗ്രഹസാഫല്യത്താൽ ആത്മനിർവൃതിയുണ്ടാകും. സജ്ജീവസാന്നിധ്യത്താൽ സർവകാര്യ വിജയമുണ്ടാകും. സന്ധിസംഭാഷണം വിജയിക്കും.

മകയിരം: ഗൃഹോപകരണങ്ങൾ മാറ്റിവാങ്ങും. സന്ധിസംഭാഷണശൈലി പ്രവർത്തന വിജയത്തിനു വഴിയൊരുക്കും.

തിരുവാതിര: സന്താനസംരക്ഷണത്താൽ ആശ്വാസം തോന്നും. സർവകാര്യ വിജയമുണ്ടാകും. വിവാദങ്ങളിൽ നിന്നും ഒഴിഞ്ഞുമാറും.

പുണർതം: കുടുംബസമേതം പുണ്യതീർത്ഥ-ഉല്ലാസയാത്ര പുറപ്പെടും. ഗൃഹോപകരണങ്ങൾ മാറ്റിവാങ്ങും. ഭൂമിക്രയവിക്രയങ്ങളിൽ പണം മുടക്കും.

പൂയ്യം: കഠിനപ്രയത്നങ്ങൾക്ക് സ്വൽപ്പം ഫലമുണ്ടാകും. ആരാധനാലയ ദർശനം നടത്താനിടവരും. സജീവസാന്നിധ്യത്താൽ സർവകാര്യവിജയമുണ്ടാകും.

ആയില്യം: മാനസിക വിഭ്രാന്തി വർധിക്കും. വ്യവസ്ഥകൾ പാലിക്കാൻ കഠിനപ്രയത്നം വേണ്ടിവരും. ആത്മവിശ്വാസം കുറയും. ദൂരയാത്ര മാറ്റിവെക്കും.

മകം: ദമ്പതികളുടെ ആഗ്രഹങ്ങൾ പരിഗണിക്കപ്പെടും. വിമർശനങ്ങളിൽ നിന്നും കുറ്റവിമുക്തനാകും. പുതിയ തൊഴിലിന്റെ ആവശ്യത്തിനായി ദൂരയാത്രപുറപ്പെടും.

പൂരം: സഹപ്രവർത്തകരെ സഹായിക്കാൻ നിർബന്ധിതനാകും. ആത്മാർത്ഥമായ പ്രവർത്തനങ്ങളാൽ സ്ഥാനക്കയറ്റമുണ്ടാകും.

ഉത്രം: ദേവാലയദർശനത്താൽ ആശ്വാസമുണ്ടാകും. ആഗ്രഹിക്കുന്ന കാര്യങ്ങൾ സാധിക്കും. പുതിയ വ്യാപാരം തുടങ്ങുന്നതിനെപ്പറ്റി നിർദേശം തേടും.

അത്തം: അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തും. മനസന്തോഷമുണ്ടാകും. ക്ലേശകരമായ വിഭാഗത്തിലേക്ക് ഉദ്യോഗമാറ്റമുണ്ടാകും.

ചിത്തിര: വാക്കും പ്രവൃത്തിയും ഫലപ്രദമാകും. ഗൃഹനിർമ്മാണം വേഗതയിലാക്കാൻ നിർദേശം നൽകും. ആരോഗ്യം തൃപ്തികരമായിരിക്കും.

ചോതി: അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ സാധിക്കും. നിബന്ധനകൾക്കതീതമായി പ്രവർത്തിക്കാൻ ഉത്സാഹമുണ്ടാകും.

വിശാഖം: വീഴ്ചകളുണ്ടാവാതെ സൂക്ഷിക്കണം. തൃപ്തിയായ വിഷയത്തിൽ ഉപരിപഠനത്തിന് ചേരും. ജാമ്യം നിൽക്കരുത്.

അനിഴം: സ്വസ്ഥതയും സമാധാനവും ദാമ്പത്യസൗഖ്യവും ഉണ്ടാകും. പുതിയ ആവിഷ്കരണ ശൈലി അവലംബിക്കും. പ്രശസ്തസേവനത്തിന് അംഗീകാരം ലഭിക്കും.

തൃക്കേട്ട: മംഗളകർമ്മങ്ങൾക്ക് നേതൃത്വം നൽകും. നിരവധി കാര്യങ്ങൾ ചെയ്തുതീർക്കും. ആരാധനാലയ ദർശനത്താൽ ആശ്വാസമുണ്ടാകും.

മൂലം: കക്ഷിരാഷ്ട്രീയ പ്രവർത്തനങ്ങൾ ഉപേക്ഷിക്കും. അസുഖങ്ങൾക്ക് ആയുർവേദ-പ്രകൃതി ചികിത്സകൾ തുടങ്ങും. വിദേശ ഉദ്യോഗം ഉപേക്ഷിച്ച് ജന്മനാട്ടിലേക്ക് പോകാൻ തീരുമാനിക്കും.

പൂരാടം: ദാമ്പത്യസൗഖ്യവും സ്വസ്ഥതയും സമാധാനവും ബന്ധുസഹായവും പ്രതാപവും ഉണ്ടാകും. സാഹചര്യങ്ങൾക്കനുസരിച്ച് സ്വയംപര്യാപ്തത ആർജിക്കും.

ഉത്രാടം: വിജ്ഞാനപ്രദമായ വിഷയങ്ങൾ കൈമാറും. പുതിയ വ്യാപാര വിതരണങ്ങൾ തുടങ്ങും. സ്വജനങ്ങൾ ശത്രുക്കളായിത്തീരും.

തിരുവോണം: കരാറു ജോലികൾ പൂർത്തീകരിക്കും. തൃപ്തിയായ വിഭാഗത്തിലേക്ക് ഉദ്യോഗമാറ്റമുണ്ടാകും. വിജ്ഞാനം ആർജിക്കും. പുതിയ പാഠ്യപദ്ധതിയ്ക്ക് ചേരും.

അവിട്ടം: ഔദ്യോഗികമായ യാത്രകൾ മാറ്റിവെക്കും. അസുഖങ്ങൾ വർധിക്കും. മാതാപിതാക്കളുടെ ആഗ്രഹങ്ങൾ സാധിപ്പിക്കും.

ചതയം: പുതിയ ചുമതലകൾ ഏറ്റെടുക്കും. ആഗ്രഹിക്കുന്ന കാര്യങ്ങൾ സാധിക്കും. വ്യവസ്ഥകൾ പാലിക്കും. സ്വസ്ഥതയും സമാധാനവും ഉണ്ടാകും.

പൂരോരുട്ടാതി: അർപ്പണ മനോഭാവത്തോടുകൂടിയ പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിനേടും. സാമ്പത്തിക നീക്കിയിരുപ്പ് ഉണ്ടാകും. സംശയങ്ങൾക്ക് വിശദീകരണം തേടും.

ഉത്രട്ടാതി: ന്യായമായ ആവശ്യങ്ങൾ അവതരിപ്പിക്കും. കഫ-നീർദോഷ രോഗങ്ങളാൽ അവധിയെടുക്കും. മേലധികാരിയുടെ ആജ്ഞകൾ അർധമനസോടുകൂടി അനുസരിക്കും.

രേവതി: തൊഴിൽമേഖലകളോട് ബന്ധപ്പെട്ട് ദൂരയാത്രവേണ്ടിവരും. വ്യവസ്ഥകൾ പാലിക്കും. പുതിയ ഗൃഹം വാങ്ങാൻ അന്വേഷിക്കും.

# CLASSIFIEDS

Largest collection of Wedding Cards & Printing
VALAVI & CO.
Near Market Bridge, Broadway, Ernakulam Ph:2353765, 2374985
Shop 119, 2nd Floor, Attukal Shopping Complex East Fort, Trivandrum Ph: 0471 2571105
Kalliath Royal Square, 1st Floor, Palace Road Trichur-20 Ph:0487 2322182

സാമ്പത്തികം
ധനകാര്യ സ്ഥാപനങ്ങളിൽ പണയം നൽകിയ സ്വർണ്ണം, പ്രോപ്പർട്ടി മുതലായവ തിരിച്ചെടുക്കുന്നതിനും പുതുക്കി വെയ്ക്കുന്നതിനും മാറ്റി വെയ്ക്കുന്നതിനും ബന്ധപ്പെടുക.
Kmass Agency
9895057618

Pest Control
ചിതൽ നിയന്ത്രണം
കെട്ടിടം പണിക്ക് മുൻപും പിൻപും, പാറ്റ, ഉറുമ്പ്, ചെള്ള്, ഫംഗസ്, മൂട്ട, തേനീച്ച, കടന്നൽ എല്ലാ കീടങ്ങളുടെയും നിയന്ത്രണത്തിന്
9496565984

FOR SALE
ബിൽഡിങ് മെറ്റീരിയൽസ്
ഗ്രാനൈറ്റ് സ്ലാബുകൾ Sqft 65 രൂപയ്ക്ക് കേരളത്തിൽ എവിടെയും എത്തിച്ചു കൊടുക്കുന്നു.
9562355991, 8553187507

സാരസ്വതാരിഷ്ടം
സാരസ്വതാമൃത രസായനം ഓർമ്മശക്തി വർദ്ധിപ്പിക്കുന്നു കുട്ടികളിലെ പഠന വൈകല്യങ്ങൾ മാറുന്നു.
പ്രായത്തിന് അനുസരിച്ച് തടിയിലും തൂക്കത്തിലും വ്യത്യാസം വരുത്തി ശരീരം അഴകുള്ള താക്കി മാറ്റുന്നു.
എസ്.എൻ ആയുർവേദ ഔഷധശാല ഉല്പന്നം
Ph- 6282228687

ഈ പേജിൽ പരസ്യം ചെയ്യാൻ ബന്ധപ്പെടുക.
9387590005
8589003187
9020531400
9048854547

## ഇംഗ്ലീഷ് ഫുട്ബോൾ അസോസിയേഷനെതിരേ റൂണി

ലണ്ടൻ: കൊവിഡ് 19 വ്യാപിക്കുന്ന പശ്ചാത്തലത്തിൽ ഫുട്ബോൾ മത്സരങ്ങൾ നിർത്തി വെക്കാൻ ഇംഗ്ലീഷ് ഫുട്ബോൾ അസോസിയേഷൻ വൈകിയതിനെതിരെ രൂക്ഷ വിമർശനവുമായി വെയ്ൻ റൂണി. ഇംഗ്ലണ്ടിലെ ഫുട്ബോൾ താരങ്ങളെ സർക്കാരും ഫുട്ബോൾ അസോസിയേഷനുകളും ഗിനിപ്പന്നികളെപ്പോലെയാണ് കാണുന്നതെന്ന് മുൻ ഇംഗ്ലീഷ് താരം വ്യക്തമാക്കി.

സൺഡേ ടൈംസ് ദിനപത്രത്തിൽ ലേഖനമെഴുതിയാണ് റൂണി പ്രതിഷേധം അറിയിച്ചത്. ഫുട്ബോൾ അസോസിയേഷനുകളുടെ ലാഭക്കൊതിയാണ് മത്സരങ്ങൾ റദ്ദാക്കാൻ വൈകിയതിന് കാരണം. ഈ സീസൺ സെപ്റ്റംബർ വരെ നീട്ടിയാലും കളിക്കാൻ താരങ്ങൾ സന്നദ്ധരാണെന്നും റൂണി പറഞ്ഞു.

കിരീടമോ റിലഗേഷനോ ഒന്നുമല്ല ജനങ്ങളുടെ ആരോഗ്യത്തിനാണ് പ്രാധാന്യം നൽകേണ്ടത്. ബാക്കിയുള്ള കായിക മത്സരങ്ങൾ നിർത്തിയപ്പോൾ ഫുട്ബോൾ മാത്രം ആരെയോ കാത്തിരിക്കുകയായിരുന്നു. അവസാനം എടുത്ത തീരുമാനം ശരിയായിരുന്നു. അത് സമാധാനം നൽകിയെന്നും റൂണി പറഞ്ഞു.

## കായിക സ്തംഭനം ഇതുവരെ

### ക്രിക്കറ്റ്

**ഇന്ത്യ-സൗത്താഫ്രിക്ക**
രണ്ടാം ഏകദിനം, മൂന്നാം ഏകദിനം
വേണ്ടെന്നുവച്ചു

**ഐ.പി.എൽ.**
മാർച്ച് 29 ന് തുടങ്ങേണ്ടത് ഏപ്രിൽ 15 ലേക്ക്
മാറ്റിവച്ചു

**ഓസ്ട്രേലിയ - ന്യൂസിലാന്റ്**
രണ്ടാമത്തെയും മൂന്നാമത്തെയും ഏകദിനം -
വേണ്ടെന്നുവച്ചു

**വേൾഡ് കപ്പ് ഫുട്ബോൾ**
ഷൺഗായ് -
വേണ്ടെന്നു വച്ചു

### ബാഡ്മിന്റൺ

**ചൈനമാസ്റ്റേഴ്സ്**
നീട്ടിവച്ചു

**ഏഷ്യൻ ടീം സീഷിപ്പ്സ്**
ചൈന, ഹോങ്കോങ്
പിൻവലിച്ചു
ജർമ്മൻ ഓപ്പൺ
വേണ്ടെന്നുവച്ചു

**ഏഷ്യ ചാമ്പ്യൻഷിപ്പ്സ്**
ചൈനയിൽ നിന്ന് മാനിലയിലേക്ക്

ഇന്ത്യ ഓപ്പൺ - നിർത്തിവെച്ചു
സ്വിസ് ഓപ്പൺ - നിർത്തിവെച്ചു
മലേഷ്യ ഓപ്പൺ - നിർത്തിവെച്ചു
സിങ്കപ്പൂർ ഓപ്പൺ - നിർത്തിവെച്ചു

### ഫുട്ബോൾ

ചാമ്പ്യൻസ് ലീഗ് - ഈ ആഴ്ചയിലെ മത്സരം നീട്ടിവച്ചു
ഇ.പി.എൽ., യൂറോപ്യൻ ലീഗുകൾ - നീട്ടിവച്ചു

### ടെന്നീസ്

ഓൾ എഐടിഎ ടൂർണമെന്റ് - വേണ്ടെന്നുവച്ചു
ബിഎൻപി പരിഭാസ് ഓപ്പൺ - വേണ്ടെന്നുവച്ചു
മിയാമി ഓപ്പൺ - വേണ്ടെന്നുവച്ചു
മോണ്ടെ കാർലൊ മാസ്റ്റേഴ്സ് - വേണ്ടെന്നുവച്ചു

### അത്ലറ്റിക്സ്

വേൾഡ് ഇൻഡോർ ചാമ്പ്യൻഷിപ്പ് - നാൻജിംഗ് - നീട്ടിവെച്ചു മാർച്ച് 21.

### ഫീൽഡ് ഹോക്കി

ഇന്ത്യാസ് ടൂർ ഓഫ് ജപ്പാൻ - നീട്ടിവെച്ചു
ഓൾ ഫിച്ച് പ്രൊ ലീഗ് മാച്ചസ് ഏപ്രിൽ 15 വരെ മരവിപ്പിച്ചു

### ബാസ്കറ്റ്ബോൾ

എൻബിഎ - നിർത്തിവച്ചു

### ഷൂട്ടിംഗ്

ന്യൂഡൽഹി വേൾഡ്കപ്പ് - നീട്ടിവെവച്ചു
ഒളിമ്പിക്സ് ടെസ്റ്റ് ഈവന്റ് - വേണ്ടെന്നുവച്ചു

### ബോക്സിംഗ്

വേൾഡ്കപ്പ് - ജർമനി - വേണ്ടെന്ന് വച്ചു

### ഫോർമുല 1

ഓസ്ട്രേലിയൻ ജി.പി - വേണ്ടെന്ന് വച്ചു
ബഹ്റിൻ ജി.പി. നീട്ടിവച്ചു
വിയറ്റ്നാംസ് ജി.പി. നീട്ടിവച്ചു
ചൈനീസ് ജി.പി - നീട്ടിവച്ചു

# ബിസിസിഐ ഓഫിസ് അടച്ചു

## ■ കെസിഎ ഓഫിസും

മുംബൈ: അടുത്ത ഒരാഴ്ചത്തേക്ക് ഓഫിസ് പ്രവർത്തനങ്ങൾ ഉണ്ടായിരിക്കില്ലെന്ന് ബിസിസിഐ അറിയിച്ചു. ജീവനക്കാനോട് അവരവരുടെ വസതിയിലിരുന്ന് ജോലി ചെയ്താൽ മതിയെന്ന് ആവശ്യപ്പെട്ടതായി സെക്രട്ടറി ജയ് ഷാ പറഞ്ഞു. ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ ജീവനക്കാർ വീട്ടിലിരുന്ന ജോലി ചെയ്താൽ മതിയെന്നും ബിസിസിഐ ആവശ്യപ്പെട്ടു. ഇതിന്റെ പാത പിന്തുടർന്ന് കേരള ക്രിക്കറ്റ് അസോസിയേഷൻ ഓഫീസുകൾ ഒരാഴ്ചത്തേക്ക് അടച്ചിടും

ഓഫിസുകൾ ഒരാഴ്ചത്തേക്ക് അടച്ചിടാൻ തിരുമാനിച്ചതായി കെസിഎ സെക്രട്ടറി അഡ്വ. ശ്രീജിത്ത് വി നായർ അറിയിച്ചു. മുൻകരുതൽ നടപടിയെന്ന നിലയിൽ, കേരള ക്രിക്കറ്റ് അസോസിയേഷൻ എല്ലാ പരിപാടികളും താൽകാലികമായി നിർത്തിവെക്കണമെന്ന് ജില്ലാ ക്രിക്കറ്റ് അസോസിയേഷനുകൾക്ക് നേരത്തെ നിർദ്ദേശം നൽകിയിരുന്നു.

കോച്ചിംഗ് ക്യാമ്പുകൾ, ലീഗ് മത്സരങ്ങൾ, പ്രാക്ടീസ് നെറ്റുകൾ, സെലക്ഷൻ ട്രയലുകൾ, ഗ്രൂപ്പ് ഒത്തുചേരൽ തുടങ്ങിയ എല്ലാ പരിപാടികളും ഈ മാസം 31 വരെ നടത്തരുതെന്നാണ് നിർദേശം. അക്കാദമി ഹോസ്റ്റലുകൾ, ജിംനേഷ്യം, ഫിറ്റ്നസ് സെന്ററുകൾ എന്നിവയുടെ പ്രവർത്തനങ്ങളും താൽക്കാലികമായി നിർത്തിവയ്ക്കണമെന്ന് കേരള ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡന്റ് സജൻ കെ വർഗീസ്, സെക്രട്ടറി അഡ്വ. ശ്രീജിത്ത് വി നായർ എന്നിവർ അറിയിച്ചു.

# ഐപിഎൽ ക്യാംപുകൾ നിർത്തി

ബംഗളൂരു: ഐപിഎൽ ഫ്രാഞ്ചൈസികൾ താരങ്ങളുടെ പരിശീലനക്യാംപുകൾ താത്കാലികമായി അടച്ചു. ഇനിയൊരു അറിയിപ്പ് ഉണ്ടാകുംവരെയാണിത്. നിലവിൽ ഐപിഎൽ ഏപ്രിൽ 15 വരെ നീട്ടിയിട്ടുണ്ട്. മാർച്ച് 21നു ക്യാംപ് തുടരുമെന്ന് ബംഗളൂരു റോയൽ ചലഞ്ചേഴ്സ് അധികൃതർ അറിയിച്ചു. അതേസമയം, മറ്റുള്ള ഫ്രാഞ്ചൈസികൾ ക്യാംപ് എന്നു തുടങ്ങുമെന്ന് വ്യക്തമാക്കിയിട്ടില്ല.

നേരത്തെ പരിശീലന ക്യാമ്പ് തുടങ്ങിയ ചെന്നൈ സൂപ്പർ കിങ്സ് കഴിഞ്ഞ ശനിയാഴ്ച തന്നെ നിർത്തിയിരുന്നു. തുടർന്ന് മുൻ ഇന്ത്യൻ ക്യാപ്റ്റൻ മഹേന്ദ്ര സിംഗ് ധോണിയടക്കമുള്ളവർ ചെന്നൈ വിട്ടിരുന്നു. മാർച്ച് 21ന് പരിശീലന ക്യാമ്പ് തുടങ്ങാൻ പദ്ധതിയിട്ടിരുന്നു റോയൽ ചലഞ്ചേഴ്സും പരിശീലന ക്യാമ്പ് മാറ്റിവെച്ചിട്ടുണ്ട്. കൂടാതെ നിലവിലെ ചാമ്പ്യന്മാരായ മുംബൈ ഇന്ത്യൻസ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് എന്നിവരെല്ലാം പരിശീലന ക്യാമ്പ് നിർത്തിവെച്ചിട്ടുണ്ട്.

## ദക്ഷിണാഫ്രിക്കൻ ടീം ഇന്ത്യയിൽ കുടുങ്ങി

കോൽക്കത്ത· കൊറോണ വൈറസ് ബാധയ്ക്കിടെ ഇന്ത്യയിൽ കുരുങ്ങി ദക്ഷിണാഫ്രിക്കൻ ക്രിക്കറ്റ് ടീമംഗങ്ങൾ. മൂന്ന് ഏകദിനങ്ങളടങ്ങിയ പരമ്പരയ്ക്കായി ഇന്ത്യയിലെത്തിയ ദക്ഷിണാഫ്രിക്കൻ ടീമിന് ഒരു മത്സരം പോലും കളിക്കാനായില്ലെന്നു മാത്രമല്ല, ഇതുവരെ ഇന്ത്യയിൽനിന്ന് നാട്ടിലേക്കു മടങ്ങാനുമായില്ല. പരമ്പരയിലെ മൂന്നാം ഏകദിനത്തിനു വേദിയാകേണ്ടിയിരുന്ന കൊൽക്കത്തയിലാണ് നിലവിൽ ദക്ഷിണാഫ്രിക്കൻ ടീം ഉള്ളത്. ചൊവ്വാഴ്ച രാവിലെ ദുബായ് വഴി ഇവർ നാട്ടിലേക്കു മടങ്ങുമെന്നാണ് റിപ്പോർട്ട്.

ഏകദിന പരമ്പരയിലെ ആദ്യ മത്സരത്തിനായി ദക്ഷിണാഫ്രിക്കൻ ടീമും ഇന്ത്യൻ ടീമും മാർച്ച് 11ന് ഹിമാചൽ പ്രദേശിലെ ധരംശാലയിൽ എത്തിയിരുന്നു. എന്നാൽ, കനത്ത മഴയെ തുടർന്ന് ഒരു പന്തുപോലും എറിയാതെ ഈ മത്സരം ഉപേക്ഷിക്കുകയായിരുന്നു. ഇതിനു പിന്നാലെ കൊറോണ വൈറസ് പടർന്നുപിടിച്ചതോടെ പരമ്പരയിലെ ശേഷിച്ച രണ്ടു മത്സരങ്ങളും ബിസിസിഐ റദ്ദാക്കി. 15ന് ലക്നൗവിലും 18ന് കൊൽക്കത്തയിലും നടക്കേണ്ടിയിരുന്ന മത്സരങ്ങളാണ് റദ്ദാക്കിയത്. ഇതോടെ ഒരു മത്സരം പോലും കളിക്കാനാകാതെയാണ് ദക്ഷിണാഫ്രിക്കൻ ടീം നാട്ടിലേക്കു മടങ്ങുന്നത്.

കോൽക്കത്തയിൽ തങ്ങുന്ന ദക്ഷിണാഫ്രിക്കൻ ടീമിനെ വിമാനത്താവളത്തിന് തൊട്ടടുത്തുതന്നെയാണ് താമസിപ്പിച്ചിരിക്കുന്നതെന്ന് ബംഗാൾ ക്രിക്കറ്റ് അസോസിയേഷൻ (സിഎബി) അവിഷേക് ഡാൽമിയ വ്യക്തമാക്കി.

## ഒളിംപിക്സ്, യൂറോകപ്പ്

# മാറ്റിവയ്ക്കണം

### അടച്ചിട്ട സ്റ്റേഡിയത്തിലെ ഒളിംപിക്സ് ആലോചനയില്ല

ലണ്ടൻ: ഒളിംപിക്സും യൂറോ കപ്പും മാറ്റിവയ്ക്കണമെന്ന ആവശ്യമായി വിവിധ കായികതാരങ്ങളും കായിക സംഘടനകളും രംഗത്ത്. ലോകോത്തക ബ്രിട്ടീഷ് അത്‌ലറ്റ് ഗുയ് ലിയർമന്താണ് ഒളിംപിക്സ് ഒക്ടോബറിലേക്കോ അടുത്ത വർഷത്തേക്കോ മാറ്റിവയ്ക്കണമെന്ന ആഹ്വാനവുമായി രംഗത്തെത്തിയിരിക്കുന്നത്. അതേസമയം, എപ്പോൾ വേണമെങ്കിലും ഒളിംപിക്സ് നടത്താൻ ജപ്പാൻ തയാറാണെന്ന് ജപ്പാൻ ഒളിംപിക് കമ്മിറ്റിയും സർക്കാരും വ്യക്തമാക്കി. നിശ്ചയിച്ച സമയത്തു തന്നെ ഒളിംപിക്സ് നടക്കുമെന്ന ജാപ്പനീസ് പ്രധാനമന്ത്രി ഷിൻസോ ആബെ പറഞ്ഞിരുന്നു. അന്താരാഷ്ട്ര ഒളിംപിക് കമ്മിറ്റിയും ഇതേനിലപാടിൽത്തന്നെയാണ്. അതേസമയം, കൊറോണ ഏറഎ നാശം വിതച്ച ചൈന പതിയെ കായിക മത്സരങ്ങൾ തുടങ്ങിയിട്ടുണ്ട്. ഒളിംപിക് ട്രയൽസ് ചൈനയിൽ ആരംഭിച്ചിട്ടുണ്ട്. ഒളിംപിക്സ് നടത്തുന്നതിനും യോഗ്യതാ മത്സരങ്ങൾ അവസാനിപ്പിക്കുന്നതിനും തത്കാലം ഒരു ഡെഡ് ലൈൻ നൽകിയിട്ടില്ലെന്ന് ഐഒസി വൈസ് പ്രസിഡന്റ് അറിയിച്ചു. മേയ് മാസത്തിൽ ടോക്കിയോ ഒളിംപിക്സ് നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള ഡെഡ് ലൈൻ വേണമെന്നായിരുന്നു മുമ്പു പറഞ്ഞിരുന്നത്. അതേസമയം, അടച്ചിട്ട സ്റ്റേഡിയത്തിൽ ഒളിംപിക്സ് നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നേയില്ലെന്ന് ഐഒസി വൃത്തങ്ങൾ അറിയിച്ചു.

## യുവേഫ മീറ്റിങ് ഇന്ന്

ജൂണിൽ നടക്കുന്ന യൂറോ കപ്പ് ഫുട്ബോൾ കൊറോണ ഭീതിയൊഴിയുന്നതുവരെ മാറ്റിവയ്ക്കണമെന്ന് ഇറ്റാലിയൻ ഫുട്ബോൾ അസോസിയേഷൻ യുവേഫയോട് ആവശ്യപ്പെട്ടു. ഇന്നലെ നടന്ന യോഗത്തിലാണ് ഇറ്റലി ഈ ആവശ്യമുന്നയിച്ചത്. 55 അംഗ രാജ്യങ്ങളുടെ പ്രതിനിധികളുമായി യുവേഫ ചർച്ച നടത്തി. വൈകാതെ അന്തിമ തീരുമാനമുണ്ടാകുമെന്നാണ് വിവരം.

ഇറ്റിലായൻ സീരീ എ ഫുട്ബോൾ ലീഗും സീസൺ അവസാനിപ്പിക്കാനുള്ള ആലോചനയിലാണ്. അതേസമയം, ലാ ലിഗ നിശ്ചയിച്ച സമയത്തുതന്നെ പൂർത്തിയാക്കാനായില്ലെങ്കിലും മത്സരങ്ങൾ നടത്താനാകുമെന്നാണ് പ്രതീക്ഷയെന്ന് ലാ ലിഗ പ്രസിഡന്റ് ഗൈലം ബലാഗ് പറഞ്ഞു. ഇപ്പോൾ താൽക്കാലികമായി രണ്ടാഴ്ചത്തേക്ക് ലാലിഗ നിർത്തിവെച്ചിരിക്കുകയാണ്. എന്നാൽ സ്പെയിനിലെ സ്ഥിതി വഷളാകുന്ന അവസ്ഥയിൽ ലീഗ് അനിശ്ചിതകാലത്തേക്ക് നീളാൻ ആണ് സാധ്യത.

ജൂലൈ വരെയോ സെപ്റ്റംബർ വരെയോ നീണ്ടു നിന്നാലും ലീഗ് പൂർത്തിയാക്കും എന്ന് തെബാസ് പറഞ്ഞു. യൂറോ കപ്പ് ഇതിനായി നീട്ടിവെക്കും എന്നാണ് പ്രതീക്ഷയെന്നും അദ്ദേഹം പറഞ്ഞു. . ലാലിഗയിൽ ഇപ്പോൾ മൂന്ന് താരങ്ങൾക്ക് കൊറോണ ബാധ സ്ഥിരീകരിച്ചിട്ടുണ്ട്. യൂറോപ്പിലെ എല്ലാ ഫുട്ബോൾ ലീഗുകളും നിർത്തിവച്ചിരിക്കുകയാണ്.

### ചാംപ്യൻസ്, യൂറോപ്പ ലീഗുകൾ മിനി ടൂർണമെന്റാക്കിയേക്കും

യൂറോ കപ്പിന്റെയും ചാമ്പ്യൻസ് ലീഗിന്റെയും ഭാവി ഇന്ന് യുവേഫയുടെ മീറ്റിംഗിൽ അറിയാനാകും. ഇന്നു നടക്കുന്ന മീറ്റിങ്ങിൽ യൂറോപ്പ് നീട്ടുന്നതടക്കമുള്ള കാര്യങ്ങൾ ചർച്ചയാകും. ചാംപ്യൻസ് ലീഗ്, യൂറോപ്പ ലീഗ് പോരാട്ടങ്ങൾ മിനി ടൂർണമെന്റാക്കി മാറ്റാൻ യുവേഫ ആലോചിക്കുന്നുണ്ട്. കൂടുതൽ ദിവസങ്ങളിലേക്ക് നീരീക്ഷ നീണ്ടാൽ നോക്കൗട്ട് ഘട്ടങ്ങളിലെ രണ്ടു ലെഗ്ഗുകൾ എന്നത് ഒരു ലെഗ് ആക്കി ചുരുക്കിയേക്കും.

## ആനന്ദ് ജർമനിയിൽ കുടുങ്ങി

ഫ്രാങ്ക്ഫർട്ട്: ഇന്ത്യൻ ചെസ് ഇതിഹാസം വിശ്വനാഥൻ ആനന്ദ് ജർമനിയിൽ കുടുങ്ങി. ചെസ് ടൂർണമെന്റിനായി ജർമനിയിൽ പോയതായിരുന്നു ആനന്ദ്. കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ യാത്രാ നിയന്ത്രണം ഏർപ്പെടുത്തിയതോടെയാണ് അൻപതുകാരനായ ആനന്ദ് ജർമനിയിൽ കുടുങ്ങിയത്. അപൂർവം വിഭാഗങ്ങളിൽപ്പെടുന്ന വീസകളൊഴികെ എല്ലാ വീസകളും മാർച്ച് 31 വരെ കേന്ദ്ര സർക്കാർ റദ്ദാക്കിയിരിക്കുകയാണ്.

ബുണ്ടസ് ലിഗ ചെസ് ലീഗിൽ പങ്കെടുത്ത ശേഷം വിശ്വനാഥൻ ആനന്ദ് ഇന്നലെ നാട്ടിലേക്ക് മടങ്ങിയെത്തേണ്ടതായിരുന്നു. ഇതിനിടെയാണ് കൊറോണ വൈറസ് പടർന്നുപിടിച്ചതും ലോകമാകെ യാത്രാവിലക്കുകൾ നിലവിൽ വന്നതും. ഇതോടെ ഫ്രാങ്ക്ഫർട്ടിലെ താമസ സ്ഥലത്തുതന്നെ തുടരേണ്ട അവസ്ഥയിലാണ് ആനന്ദെന്ന് ഭാര്യ അരുണ അറിയിച്ചു.

റഷ്യയിൽ ഉടൻ ആരംഭിക്കുന്ന ഫിഡെ കാൻഡിഡേറ്റ്സ് ടൂർണമെന്റിൽ കമന്റേറ്ററായി എത്തേണ്ട ആനന്ദ്, ഇപ്പോഴത്തെ സാഹചര്യത്തിൽ ജർമനിയിലിരുന്ന് ഈ ജോലി നിർവഹിക്കും. നിലവിലെ ലോക ചാംപ്യനായ സ്വീഡന്റെ മാഗ്നസ് കാൾസന്റെ എതിരാളിയെ കണ്ടെത്താനുള്ള ടൂർണമെന്റാണിത്. ഒരു വെബ്സൈറ്റിനു വേണ്ടിയാണ് ആനന്ദ് ഈ ടൂർണമെന്റിൽ കമന്റേറ്ററായി ജോലി ചെയ്യുന്നത്.

## പാക്കിസ്ഥാൻ-ബംഗ്ലാദേശ് പരമ്പര റദ്ദാക്കി

കറാച്ചി: ബംഗ്ലാദേശിന്റെ പാകിസ്ഥാൻ സന്ദർശനം ഇപ്പോൾ നടക്കില്ല. കൊറൊണ വൈറസ് ബാധയുള്ള സാഹചര്യത്തിൽ തൽക്കാലം പരമ്പര ഉപേക്ഷിക്കാൻ പാകിസ്ഥാൻ ക്രിക്കറ്റ് ബോർഡ് തീരുമാനിച്ചു. ഒരു ഏകദിനവും ഒരു ടെസ്റ്റും ആയിരുന്നു ഇരു ടീമും തമ്മിൽ കളിക്കേണ്ടിയിരുന്നത്. കറാച്ചിയിൽ വെച്ച് നടക്കേണ്ട ഈ രണ്ട് മത്സരങ്ങളും തൽക്കാലം മാറ്റിവെക്കുന്നതാണ് നല്ലത് എന്ന് രണ്ട് രാജ്യങ്ങളും തീരുമാനിക്കുകയായിരുന്നു.

സമീപ ഭാവിയിൽ തന്നെ ഈ ഏകദിനവും ടെസ്റ്റും നടക്കും. മാർച്ച് 2021ന് മുമ്പ് ഇരു രാജ്യങ്ങളും തമ്മിലുള്ള ടെസ്റ്റ് മത്സരം എന്തായാലും നടക്കേണ്ടതുണ്ട്

## ക്രിക്കറ്റ് പരമ്പര നീട്ടി

കാഡിഫ്: അയർലൻഡ്-സിംബാബ്‌വേ ക്രിക്കറ്റ് പരമ്പര നീട്ടി.. ലോകമെമ്പാടും കൊറോണ പടർന്ന് പിടിക്കുന്നതിനിടയിൽ സുരക്ഷയ്ക്ക് മുൻഗണന നൽകുവാനായണ് ഈ തീരുമാനമെന്ന് ബോർഡ് വൃത്തങ്ങൾ അറിയിച്ചു. അയർലൻഡിനെ ആതിഥേയത്വം വഹിക്കുവാൻ തങ്ങൾ സജ്ജരായിരുന്നുവെങ്കിലും കളിക്കാരുടെയും കാണികളുടെയും സുരക്ഷയെക്കരുതി ഇരു ബോർഡുകളും ഐകകണ്ഠേനയെടുത്ത തീരുമാനമാണ് പരമ്പര മാറ്റി വയ്ക്കുകയെന്നതാണ് സിംബാബ്‌വേ ക്രിക്കറ്റ് അധികാരികൾ വ്യക്തമാക്കിയത്.

കളിക്കാരുടെ കുടുംബാംഗങ്ങളും ഈ സ്ഥിതിവിശേഷത്തിൽ ആശങ്കാകുലരാണെന്നാണ് അയർലണ്ട് ബോർഡ് വക്താവ് വെളിപ്പെടുത്തിയത്. അതിനാൽ തന്നെ അനാവശ്യമായ ധൃതി ഇപ്പോൾ ആവശ്യമില്ലെന്നും സ്ഥിതി മെച്ചപ്പെട്ട ശേഷം പരമ്പരയെക്കുറിച്ച് ചിന്തിക്കാമെന്നും അയർലൻഡ് പ്രതിനിധി പറഞ്ഞു.

## പൊലീസ് അത്‌ലറ്റിക്സ്: കേരളത്തിന് മൂന്നാം സ്ഥാനം

പഞ്ചകുല(ഹരിയാന): ഓൾ ഇന്ത്യ പൊലീസ് അത് ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ കേരളാ പോലീസ് 18 മെഡലുകളുമായി മൂന്നാം സ്ഥാനത്തെത്തി. പഞ്ചാബ് പോലീസിന് ഒന്നാം സ്ഥാനവും സി.ആർ.പി.എഫിന് രണ്ടാം സ്ഥാനവും ലഭിച്ചു. എട്ട് സ്വർണ്ണവും അഞ്ച് വെള്ളിയും അഞ്ച് വെങ്കലവുമാണ് കേരളാ പോലീസ് നേടിയത്. സംസ്ഥാന പോലീസിന്റെ വിഭാഗത്തിൽ റണ്ണറപ്പായത് കേരളാ പോലീസ് ആണ്. ഈ വിഭാഗത്തിലും പഞ്ചാബ് പോലീസിനാണ് ഒന്നാം സ്ഥാനം.

100 മീറ്റർ, 200 മീറ്റർ ഓട്ടത്തിൽ ടി.മിഥുൻ, 400 മീറ്റർ ഹർഡിൽസ്, 800 മീറ്റർ ഓട്ടം എന്നിവയിൽ തോംസൺ പൗലോസ്, 110 മീറ്റർ ഹർഡിൽസിൽ മുഹമ്മദ് ഫായിസ്, ഹൈജെമ്പിൽ മനു ഫ്രാൻസിസ്, വനിതകളുടെ ലോങ് ജംപിൽ രമ്യാ രാജൻ എന്നിവർക്കാണ് സ്വർണ്ണം. വനിതകളുടെ 4X100 മീറ്റർ റിലേയിൽ സിനി.എസ്, ഷിൽബി.എ.പി, രമ്യാ രാജൻ, മഞ്ജു.കെ എന്നിവരടങ്ങിയ ടീം സ്വർണ്ണം നേടി. 100 മീറ്റർ ഓട്ടത്തിൽ കെ.പി അശ്വിൻ, 400 മീറ്റർ ഓട്ടത്തിൽ എം.എസ് ബിപിൻ, ലോങ് ജംപിൽ മുഹമ്മദ് അനീസ്, 110 മീറ്റർ ഹർഡിൽസിൽ എം.വി ഫഹദ്, വനിതകളുടെ ഹൈജെമ്പിൽ ആതിര സോമൻ എന്നിവരാണ് വെള്ളി മെഡൽ നേടിയത്. 100 മീറ്റർ ഓട്ടത്തിൽ കെ.മഞ്ജു, 400 മീറ്റർ ഓട്ടത്തിൽ സ്മൃതിമോൾ രാജേന്ദ്രൻ, വനിതകളുടെ ലോങ് ജംപിൽ ആൽഫി ലൂക്കോസ് എന്നിവർക്കാണ് വെങ്കലം. 4X100 മീറ്റർ റിലേയിൽ എം.വി ഫഹദ്, ടി.മിഥുൻ, രാഹുൽ ജി.പിള്ള, കെ.പി അശ്വിൻ എന്നിവരടങ്ങിയ ടീമിനും വനിതകളുടെ 4X400 മീറ്റർ റിലേയിൽ സ്മൃതിമോൾ രാജേന്ദ്രൻ, അൻസ ബാബു, നിബ.കെ.എം, ജെയ്സ് റാണി സെബാസ്റ്റ്യൻ എന്നിവരടങ്ങിയ ടീമിനും വെങ്കലം ലഭിച്ചു. സി.വി പാപ്പച്ചൻ ആണ് കേരളാ പോലീസ് ടീമിന്റെ കണ്ടിജന്റ് മാനേജർ. കെ.എസ് ബിജു, ടി.എം മാർട്ടിൻ എന്നിവർ ടീമിന്റെ മാനേജർമാരും ജിജു സാമുവൽ, വിവേക്, ശ്രീജിത്ത്. എസ് എന്നിവർ പരിശീലകരും ആയിരുന്നു.

*ഓൾ ഇന്ത്യ പൊലീസ് അത് ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനവും സംസ്ഥാന പോലീസ് വിഭാഗത്തിൽ റണ്ണറപ്പുമായ കേരളാ പോലീസ് ടീം അംഗങ്ങൾ ട്രോഫിയുമായി.*

# അതു വ്യാജം !

ലിസ്ബൺ: പോർച്ചുഗീസ് ഫുട്ബോളർ ക്രിസ്റ്റിയാനോ റൊണാൾഡോയുടെ ഉടമസ്ഥതയിലുള്ള ഹോട്ടലുകൾ ആശുപത്രികളാക്കി മാറ്റുന്നുവെന്നത് വാർത്ത വ്യാജം. തെറ്റായ വാർത്തയാണ് പ്രചരിക്കുന്നതെന്ന് പെസ്റ്റാന സിആർ7 ഹോട്ടൽ ഗ്രൂപ്പ് മാനേജ്മെന്റ് വ്യക്തമാക്കി. കൊവിഡ് 19 പടരുന്ന പശ്ചാത്തലത്തിൽ താരത്തിന്റെ ഹോട്ടലുകൾ താൽക്കാലിക ആശുപത്രികളാക്കുന്നുവെന്ന് സ്പാനിഷ് മാധ്യമമായ മാർസയാണ് വാർത്ത നൽകിയത്. പിന്നീട് ആ വാർത്ത അവർ പിൻവലിച്ചിരുന്നു.

എങ്കിലും വിവിധ മാധ്യങ്ങൾ തെറ്റായ വിവരം വാർത്തയാക്കി. ഹോട്ടൽ ഗ്രൂപ്പ് നിലപാട് വ്യക്തമാക്കിയതോടെ ഇക്കാര്യത്തിൽ ആശയകുഴപ്പമൊഴിയുകയായിരുന്നു. തന്റെ ബ്രാൻഡായ 'സിആർ7'ന്റെ പേരിലുള്ള ഹോട്ടലുകളാണ് ക്രിസ്റ്റ്യാനോ ആശുപത്രികളാക്കി മാറ്റുമെന്ന് വാർത്തകൾ വന്നിരുന്നത്. ഈ ആശുപത്രികളിൽ സേവനം ചെയ്യുന്ന ഡോക്ടർമാരും നഴ്സുമാരുമടങ്ങിയ സ്റ്റാഫുകളുടെ ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾ താരം വഹിക്കുമെന്നും പ്രചരിച്ചു.

ഞങ്ങൾ ഹോട്ടലുകൾ നടത്തുകയാണ്. അവയെ ആശുപത്രികളാക്കി മാറ്റുന്നില്ല. എങ്ങനെയായിരുന്നോ അങ്ങനെ തന്നെ തുടരും. ഇതുസംബന്ധിച്ച് മാധ്യമങ്ങളിൽ നിന്ന് നിരവധി അന്വേഷണങ്ങൾ വരുന്നുണ്ടെന്നും ലിസ്ബണിലെ ഹോട്ടലിന്റെ ഔദ്യോഗിക വക്താവ് അറിയിച്ചു.

അതേസമയം വിവാദത്തിൽ റൊണാൾഡോ പ്രതികരിക്കാൻ തയ്യാറായിട്ടില്ല. താരമിപ്പോൾ പോർച്ചുഗലിലെ മദീരയിൽ ക്വാറന്റൈനിലാണ്.

ടീമംഗമായ റുഗാനിയിൽ കൊവിഡ് 19 വൈറസ് ബാധ സ്ഥിരീകരിച്ച സാഹചര്യത്തിലാണിത്. പോർച്ചുഗലിൽ ഇതുവരെ 170ഓളം പേർക്കാണ് വൈറസ് ബാധ സ്ഥിരീകരിച്ചത്. ആരും ഇതുവരെ ഇവിടെ മരണപ്പെട്ടിട്ടില്ല

SENSEX: 31,390.07 (−2,713.41)

NIFTY: 9,197.40 (-757.80)

## വിനിമയ നിരക്ക്

| | |
|---|---|
| ഡോളർ | 74.33 |
| യൂറോ | 83.19 |
| പൗണ്ട് | 91.52 |
| സ്വിസ്ഫ്രാങ്ക് | 78.81 |
| സിംഗപ്പൂർ ഡോളർ | 53.45 |
| ഓസ്ട്രേലിയൻ | 46.25 |
| കനേഡിയൻ | 53.45 |
| ബഹറിൻ ദിനാർ | 196.49 |
| കുവൈറ്റ് ദിനാർ | 240.28 |
| ഒമാനി റിയാൽ | 191.74 |
| സൗദി റിയാൽ | 19.78 |
| യു എ ഇ ദിർഹം | 20.14 |
| ഖത്തർ | 20.14 |

# ഇ- കൊമേഴ്സിൽ തകർപ്പൻ സെയിൽ

**ഫ്ലിപ്പ്കാർട്ട്, ആമസോൺ, ബിഗ് ബാസ്ക്കറ്റ്, ഗ്രാഫേഴ്സ് എന്നിവയ്ക്ക് സാധാരണ ഗതിയിൽ ലഭിക്കുന്നതിനേക്കാൾ 20 മുതൽ 30 ശതമാനം വരെ വർധനയാണ് പ്രതിദിനം ലഭിക്കുന്ന ഓർഡറുകളിൽ ഉണ്ടായത്.**

കൊച്ചി: കടളിലെ ഷോപ്പിങ്ങ് കുറഞ്ഞതോടെ കൊവിഡ് 19 കാലത്ത് ഇ-കൊമേഴ്സ് കമ്പനികൾക്ക് വൻ നേട്ടം. ആഗോളതലത്തിലെ പ്രധാന ഇ-കൊമേഴ്സ് കമ്പനികളുടെ കണക്കുകൾ തന്നെ ഇത് വ്യക്തമാക്കുന്നു. വൈറസ് പടരുമെന്ന ഭീതിയിൽ ആളുകൾ ഷോപ്പിങ് കുറക്കുകയും, സാധനങ്ങൾ വാങ്ങാൻ ഇ-കൊമേഴ്സ് കമ്പനികളെ ആശ്രയിക്കുകയും ചെയ്തതാണ് വൻ നേട്ടത്തിനിടയാക്കിയത്. നഗരത്തിലെ ഷോപ്പിങ് മാളുകളും മറ്റും സർക്കാർ നിർദ്ദേശത്തെ തുടർന്ന് അടച്ചിട്ടതോടെയാണ് ഇ-കൊമേഴ്സ് കമ്പനികൾക്ക് വൻതോതിൽ നേട്ടം കൊയ്യാൻ സാധിച്ചത്.

ഫ്ലിപ്പ്കാർട്ട്, ആമസോൺ, ബിഗ് ബാസ്ക്കറ്റ്, ഗ്രാഫേഴ്സ് എന്നിവയ്ക്ക് സാധാരണ ഗതിയിൽ ലഭിക്കുന്നതിനേക്കാൾ 20 മുതൽ 30 ശതമാനം വരെവർധനവാണ് പ്രതിദിനം ലഭിക്കുന്ന ഓർഡറുകളിൽ ഉണ്ടായത്.

സാനിറ്റൈസറുകൾ, സോപ്പ്, നിത്യോപയോഗ സാധനങ്ങൾ തുടങ്ങിയവയെല്ലാം ചൂടപ്പം പോലെയാണ് ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളിൽ വിറ്റഴിക്കപ്പെടുന്നത്. ആളുകൾ പുറത്തിറങ്ങാത്ത സാഹചര്യം ശക്തിപ്പെടുകയും ഉത്പന്നങ്ങൾ വാങ്ങാൻ ഇ-കൊമേഴേസ് കമ്പനികളെ മാത്രം ആശ്രയിക്കുന്ന സാഹചര്യമാണ് ഇപ്പോൾ രൂപപ്പെട്ടുവരുന്നത്.

ആയുർവേദ ഉത്പ്പന്നങ്ങൾ, കുട്ടികളുടെ ഭക്ഷണ വിഭവങ്ങൾ, മൃഗങ്ങൾക്കുള്ള ഭക്ഷ്യ ഉത്പ്പന്നങ്ങൾ തുടങ്ങിയവയ്ക്കെല്ലാം വലിയ ഡിമാൻഡാണ് ഇ-കൊമേഴ്സ് ഫ്ളാറ്റഫോമുകളിൽ ഉണ്ടായിട്ടുള്ളത്.

ഓൺലൈൻ ഏജൻസികളായ ബിഗ് ബാസ്ക്കറ്റ്, ഗ്രോഫേഴ്സ് തുടങ്ങിയവയുടെ ബിസിനസ് ഇന്ത്യയിൽ വൻ തോതിൽ വർധിച്ചതായി അവകാശവാദം. മാവ്, അരി, പയറുവർഗങ്ങൾ, അണുനാശിനി, ഹാൻഡ് സാനിറ്റൈസർ, ഡയപ്പർ, പേഴ്സണൽ കെയർ ഇനങ്ങൾ എന്നിവയെല്ലാം ഓൺലൈൻ ആയി വൻതോതിൽ ജനങ്ങൾ ശേഖരിക്കുന്നതായി ബിഗ് ബാസ്ക്കറ്റ്, ഗ്രോഫേഴ്സ് എന്നിവയിലെ ഉന്നത ഉദ്യോഗസ്ഥരെ ഉദ്ധരിച്ചുള്ള റിപ്പോർട്ട് പറയുന്നു.

ബിഗ് ബാസ്ക്കറ്റിന്റെ വളർച്ചാനിരക്ക് ഇരട്ടിയായി. ഓർഡർ എണ്ണം 15 മുതൽ 20 ശതമാനം വരെ കൂടിയെന്ന് സിഇഒ ഹരി മേനോൻ പറഞ്ഞു. ഉപയോക്താക്കൾ വർധിക്കുന്നതിനനുസരിച്ച് സംഭരണ ശേഷി ഉയർത്തുന്നതിനു പുറമേ ഡെലിവറി വാഹനങ്ങളുടെയും ജീവനക്കാരുടെയും എണ്ണം കൂട്ടുകയാണെന്നും മേനോൻ പറഞ്ഞു .

# ഭാരതി അക്സയ്ക്ക് ഫിന്നൊവിറ്റി പുരസ്കാരം

കൊച്ചി: ഇൻഷുറൻസ് മേഖലയിലെ നവീനവത്കരണത്തിനായി ലഭിക്കുന്ന ഫിന്നൊവിറ്റി പുരസ്കാരം ഭാരതി അക്സ ലൈഫ് ഇൻഷുറൻസിന്. ഉപഭോക്താക്കൾക്കും വിതരണക്കാർക്കും ആഭ്യന്തര ഇടപാടുകർക്കുമായി പരിധിയില്ലാത്ത സേവനങ്ങൾ ഉറപ്പുനൽകുന്ന ഇഎഎസ്ഇ ഡിജിറ്റൽ സംവിധാനം യാഥാർഥ്യമാക്കിയതു പരിഗണിച്ചാണു പുരസ്കാരം. ഉത്പന്ന അനുയോജ്യ പരിശോധന, പ്രിമിയം കണക്കുകൂട്ടൽ, പണമടവ്, ഇ പോളിസി നൽകൽ തുടങ്ങിയവയെല്ലാം ഇഎഎസ്ഇയിൽ ലഭ്യമാണ്. ഒന്നര മിനിട്ട് തീരുമാനംകൊണ്ടും അര മിനിട്ട് പ്രസാധനം കൊണ്ടും പോളിസി സാധ്യമാകുന്ന ഏറ്റവും വേഗതയേറിയതും സമഗ്രവുമായ സംവിധാനമാണിത്. ഫിന്നൊവിറ്റി പുരസ്--കാരം വഴി ഭാരതി അക്--സയുടെ അതിവേഗവും സുതാര്യതയുമുള്ള പോളിസി നടപടികൾ അംഗീകരിക്കപ്പെട്ടതിൽ സന്തോഷമുണ്ടെന്ന് എംഡിയും സിഇഒയുമായ വികാസ് സേഥ് പറഞ്ഞു. ഒരേസമയം ഓൺലൈനും ഓഫ്ലൈനുമായി ഉപഭോക്താക്കൾക്ക് എവിടെയും എപ്പോഴും സേവനമെത്തിക്കുന്നതിൽ ഭാരതി അക്സ എന്നും മുന്നിലായിരുന്നെന്ന് സിഒഒ ഇഷിത മുഖർജി ചൂണ്ടിക്കാട്ടി.

## പലിശ നിരക്ക് പൂജ്യം; നടപടിയുമായി യുഎസ് ഫെഡ് റിസർവ്

ന്യൂയോർക്ക്: സാമ്പത്തിക മാന്ദ്യത്തിന്റെ സൂചന നൽകി കൊവിഡ്19 ലോകമാകെ വ്യാപിക്കുന്നതിന്റെ പശ്ചാത്തലത്തിൽ സമ്പദ്ഘടനയ്ക്ക് കരുത്തേകുന്നതിന്റെ ഭാഗമായി യുഎസ് ഫെഡ് റിസർവ് പലിശനിരക്ക് പൂജ്യം ശതമാനത്തലേയ്ക്ക് കുറച്ചു.

രണ്ടാഴ്ചക്കിടെ ഇത് രണ്ടാംതവണയാണ് അടിയന്തര സാഹചര്യം പരിഗണിച്ച് ഫെഡ് റിസർവ് പലിശ നിരക്ക് താഴ്ത്തുന്നത്. മാർച്ച് മൂന്നിനാണ് ഇതിനുമുമ്പ് നിരക്ക് അരശതമാനമായി കുറച്ചത്. അന്നുതന്നെ പലിശനിരക്ക് പൂജ്യമാക്കണമെന്ന നിർദേശം ഉയർന്നിരുന്നു.

യുഎസ് ഫെഡ് റിസർവിന്റെ ഗവേണിങ് ബോർഡ് യോഗം ബുധനാഴ്ച ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തിയിരുന്നു. തുടർന്നാണ് വീണ്ടും നിരക്കിൽ കുറവുവരുത്താനുള്ള തീരുമാനമെടുത്തത്. 2008ലെ സാമ്പത്തിക പ്രതിസന്ധിയുടെ സമയത്ത് നിരക്കു കുറച്ചപ്പോൾ നേരിടേണ്ടിവന്ന പണലഭ്യതക്കുറവും വിപണിയിലെ അപകടാവസ്ഥയും തടയുന്നതിനാണ് പ്രതീക്ഷിച്ചതിലും വേഗത്തിൽ നിരക്കുകുറയ്ക്കാൻ യുഎസ് തയാറായത്.

## കാറുകൾ നേരിട്ട് വാങ്ങാൻ ട്രൂവാല്യു

ന്യൂഡെൽഹി: ട്രൂ വാല്യൂ ഔട്ട്ലെറ്റുകൾ ഇനി ഉടമകളിൽനിന്ന് നേരിട്ട് കാറുകൾ വാങ്ങുമെന്ന് മാരുതി സുസുകി പ്രഖ്യാപിച്ചു. മാരുതി സുസുകിയുടെ പ്രീ-ഓൺഡ് കാർ വിൽപ്പന ശൃംഖലയാണ് ട്രൂ വാല്യൂ. വാങ്ങാനുദ്ദേശിക്കുന്ന കാറുകൾ ഉടമകളുടെ വീട്ടിൽ ഇരിക്കുമ്പോൾ തന്നെ ഡിജിറ്റൽ മാർഗത്തിലൂടെ ട്രൂ വാല്യൂ മൂല്യനിർണയം നടത്തും.

2019 -20 സാമ്പത്തിക വർഷം മാരുതി സുസുകി ട്രൂ വാല്യൂ ഇന്ത്യയിൽ നാല് ലക്ഷത്തിലധികം യൂസ്ഡ് കാറുകൾ വിറ്റു. 2020 ഫെബ്രുവരി വരെയുള്ള കണക്കാണിത്. കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിലെ വിൽപ്പനയുമായി താരതമ്യം ചെയ്യുമ്പോൾ 3.7 ശതമാനം വളർച്ചയുണ്ട്.

നിലവിൽ രാജ്യത്തെ 280 നഗരങ്ങളിലായി 570 ഓളം ട്രൂ വാല്യൂ ഔട്ട്ലെറ്റുകളാണ് പ്രവർത്തിക്കുന്നത്. ഓരോ മാസവും എട്ട് ലക്ഷത്തോളം പേർ വെബ്സൈറ്റ് സന്ദർശിക്കുന്നു. 376 പരിശോധനകൾ നടത്തി സാക്ഷ്യപ്പെടുത്തിയാണ് ട്രൂ വാല്യൂ കാറുകൾ വിൽക്കുന്നത്. കാറുകൾക്ക് ഒരു വർഷം വരെ വാറന്റിയും മൂന്ന് സൗജന്യ സർവീസുകളും ലഭിക്കും.

**കണ്ണൂർ ജില്ലയിലെ പൈപ്പ് ലൈൻ ഈ മാസം കമ്മിഷൻ ചെയ്യും**

# പൈപ്പ് ലൈൻ വഴി ലാഭം 900 കോടി

**പൈപ്പ് ലൈനിൽ നിന്ന് വ്യവസായശാലകൾക്ക് നൽകുന്നതുകൂടാതെ ഉപശൃംഖലകൾ സ്ഥാപിച്ച് വീടുകളിലും വാഹനങ്ങളിലും പ്രകൃതിവാതകം എത്തിക്കുന്നതോടെ സർക്കാരിന്റെ വരുമാനം കൂടും. നികുതി ഇനത്തിൽ 900 കോടി രൂപ വരുമാനമുണ്ടാകുമെന്നാണ് പ്രതീക്ഷ.**

കൊച്ചി: പൈപ്പ് ലൈൻ വഴി പാചകവാതകം വടക്കൻ കേരളത്തിലേക്കും ഇ- ഗെയ്‌ലിന്റെ നേതൃത്വത്തിൽ നടക്കുന്ന കൊച്ചി-മംഗളൂരു പ്രകൃതി വാതക പൈപ്പ്ലൈൻ പദ്ധതിയിൽ കണ്ണൂർ ജില്ലയിലെ പൈപ്പ് ലൈൻ ഈ മാസം കമ്മിഷൻ ചെയ്യും. ഇവിടെ നിന്നു വീടുകളിലേക്കും സ്ഥാപനങ്ങളിലേക്കും പ്രകൃതിവാതകം എത്തിക്കാനുള്ള കരാറെടുത്തിരിക്കുന്ന ഐഒസി-അദാനി സംയുക്തസംരംഭം ഇതിനുള്ള സർവേ കണ്ണൂരിൽ തുടങ്ങി.

കൊച്ചി-കൂറ്റനാട്, ബെംഗളൂരു-മംഗളൂരു പൈപ്പ് ലൈൻ (കെകെബിഎംപിഎൽ) പദ്ധതിയുടെ ഭാഗമായാണു കൊച്ചി മുതൽ മംഗളൂരു വരെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നത്. ഇതിൽ കൊച്ചി മുതൽ പാലക്കാട് കൂറ്റനാട് വരെയുള്ള ഭാഗം നേരത്തേ കമ്മിഷൻ ചെയ്തിരുന്നു. കൂറ്റനാട് മുതൽ കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ വരെയുള്ള ഭാഗത്തെ കമ്മിഷനിങ്ങാണ് ഈ മാസം നടക്കുക. കുറുമാത്തൂർ മുതൽ നീലേശ്വരം പേരോൽ വരെയുള്ള ഭാഗത്തെ പൈപ്പിടൽ പൂർത്തിയായിട്ടുണ്ട്. ചന്ദ്രഗിരിപ്പുഴയ്ക്കു കുറുകേ പൈപ്പിടുന്ന ജോലി കൂടി പൂർത്തിയായാൽ കൊച്ചി-മംഗളൂരു 380 കിലോമീറ്റർ പൈപ്പ് ലൈൻ പൂർണമായി പ്രവർത്തനസജ്ജമാകും. ഇവിടെ 1.4 കിലോമീറ്റർ ദൂരം പൈപ്പിടാനായി മാഹിനാബാദ് ഭാഗത്തു മണ്ണു തുരക്കൽ പുരോഗമിക്കുകയാണ്. കണ്ണൂർ ജില്ലയിൽ 112 കിലോമീറ്ററും കാസർകോട് 80 കിലോമീറ്ററുമാണു പദ്ധതിയിലുള്ളത്.

### 100 കിലോമീറ്ററിൽ ഒരു ഐപി സ്റ്റേഷൻ

ഓരോ 100 കിലോമീറ്റർ ദൂരത്തിലും ഒരു ഐപി(ഇന്റർമീഡിയറ്റ് പിഗ്ഗബിൾ) സ്റ്റേഷനുണ്ട്. പൈപ്പ് ലൈനിന്റെ ഉൾവശം കൃത്യമായ ഇടവേളകളിൽ ശുചിയാക്കുകയാണ് ഐപി സ്റ്റേഷന്റെ പ്രധാന ചുമതല. പൈപ്പ് ഇൻസ്പെക്ഷൻ ഗേജ് സംവിധാനം ഉപയോഗിച്ചാണു ശുചീകരണം. ഐപി സ്റ്റേഷനിലും വാൽവ് സ്റ്റേഷനുകളിലും പൈപ്പ് ലൈൻ പ്രവർത്തിപ്പിക്കാൻ ജീവനക്കാരുണ്ടാകില്ല. ഇവ അൺമാൻഡ് (ആളില്ലാത്ത) സ്റ്റേഷനുകളായാണു വിഭാവനം ചെയ്തിരിക്കുന്നത്. സുരക്ഷാ ജീവനക്കാർ മാത്രമാണുണ്ടാകുക.

### നിയന്ത്രണകേന്ദ്രം കൊച്ചി

കൊച്ചി-മംഗളൂരു പൈപ്പ്ലൈനിന്റെ പൂർണ നിയന്ത്രണം കൊച്ചിയിലെ റീജനൽ ഗ്യാസ് മാനെജ്മെന്റ് സെന്ററിൽ ഇരുന്നാണ്. സ്റ്റേഷനുകളിൽ സ്ഥാപിക്കുന്ന സിസിടിവി ക്യാമറകളുടെ നിരീക്ഷണം, പ്രധാന പൈപ്പ് ലൈൻ വഴിയുള്ള വാതക വിതരണത്തിൽ എന്തെങ്കിലും തകരാർ സംഭവിച്ചാൽ അതറിയാനുള്ള സംവിധാനം എന്നിവയെല്ലാം ഇവിടെയാണുള്ളത്.

ഒരു ഓപ്പറേഷനൽ മെയിന്റനൻസ് ബേസ് മാത്രം ജില്ലകളിലുണ്ടാകും. സ്കാഡ (സൂപ്പർവൈസറി കൺട്രോൾ ആൻഡ് ഡേറ്റ അകിസിഷൻ) സംവിധാനം ഉപയോഗിച്ചാണു പ്രധാന പൈപ്പ്ലൈനിലെ വാതകനീക്കം കൊച്ചിയിലെ കേന്ദ്രത്തിൽ നിരീക്ഷിക്കുന്നത്.

### കൊച്ചി മുതൽ മംഗളൂരു വരെയുള്ള വാതക പാത ഇങ്ങനെ:

പുതുവൈപ്പിൻ എൽഎൻജി പെട്രോനെറ്റ്- പുതുവൈപ്പ് ഗെയ്ല്‌ഡെസ്പാച്ച് കേന്ദ്രം- കളമശ്ശേരി ഏലൂർ ഐപി സ്റ്റേഷൻ- കൂറ്റനാട് ഐപി സ്റ്റേഷൻ- ഉണ്ണികുളം ഐപി സ്റ്റേഷൻ- കുറുമാത്തൂർ ഐപി സ്റ്റേഷൻ- കാസർകോട് ഇച്ചിലംപാടി ഐപി സ്റ്റേഷൻ- എംസിഎഫ് പ്ലാന്റ്.

പൈപ്പ് ലൈനിൽ നിന്ന് വ്യവസായശാലകൾക്ക് നൽകുന്നതുകൂടാതെ ഉപശൃംഖലകൾ സ്ഥാപിച്ച് വീടുകളിലും വാഹനങ്ങളിലും പ്രകൃതിവാതകം എത്തിക്കുന്നതോടെ സർക്കാരിന്റെ വരുമാനം കൂടും. നികുതി ഇനത്തിൽ 900 കോടി രൂപ വരുമാനമുണ്ടാകുമെന്നാണ് പ്രതീക്ഷ. കൊച്ചിയിലെ വൻകിട വ്യവസായശാലകൾക്ക് പ്രകൃതി വാതകം നൽകുന്ന വകയിൽ നിലവിൽ 300 കോടി രൂപ നികുതി ലഭിക്കുന്നുണ്ട്.

പുതുവൈപ്പിനിലെ പ്രധാന ടെർമിനലിൽനിന്ന് കൊച്ചിയിലെ വ്യവസായശാലകളിലേക്ക് പ്രതിദിനം 38.3 ലക്ഷം ക്യൂബിക് മീറ്റർ സിഎൻജി കൊടുക്കുന്നു. ഇതിൽ 28 ലക്ഷവും ബിപിസിഎല്ലിനാണ്. ഫാക്റ്റിന്റെ ഉപയോഗം ഒൻപതുലക്ഷമാണ്. മറ്റ് വ്യവസായശാലകൾ 1.3 ലക്ഷം ക്യൂബിക് മീറ്റർ ഉപയോഗിക്കുന്നു. എച്ച്ഒസിഎൽ, സബ് കെമി, ടാറ്റ സെറാമിക്സ്, നിറ്റ ജലാറ്റിൻ, മലയ റബ്ടെക് തുടങ്ങിയവയാണ് ഇതിൽ പ്രധാന സ്ഥാപനങ്ങൾ. വാഹനങ്ങളിലും വീടുകളിലുംമാത്രമായി 34,600 ക്യൂബിക് മീറ്റർ പ്രകൃതി വാതകം ഉപയോഗിക്കുന്നു. മംഗളൂരു ലൈൻ കമീഷൻ ചെയ്യുന്നതോടെ 60 ലക്ഷം ക്യൂബിക് മീറ്ററായി പ്രതിദിന ഉപഭോഗം ഉയരുമെന്നാണ് കരുതുന്നത്.

എൽപിജി ഉപയോഗിക്കുന്ന വ്യവസായ മേഖല സിഎൻജിയിലേക്ക് മാറുന്നതോടെ കിലോയ്ക്ക് 17 രൂപവീതം ലാഭിക്കാം. അതായത്, 1000 കിലോ എൽപിജി ദിവസവും ഉപയോഗിക്കുന്ന വ്യവസായശാലകൾക്കുപോലും 17,000 രൂപ ലാഭം. കിലോമീറ്ററിന് ആറുരൂപവീതം പെട്രോളിന് ചെലവിടുന്ന ടാക്സി വാഹനങ്ങൾക്ക് സിഎൻജിയിലേക്ക് മാറിയാൽ രണ്ടുരൂപ കൊടുത്താൽ മതിയാകും. ഇന്ധന ചെലവുമാത്രം പ്രതിമാസം 5000 രൂപ ലാഭിക്കാം. പാചക വാതകം ഉപയോഗിക്കുന്നവർ പൈപ്ഡ് നാച്ചുറൽ ഗ്യാസിലേക്ക് മാറിയാൽ 250 രൂപയാണ് പ്രതിമാസം ലാഭം.

# ഇളവുകളില്ല; മാന്ദ്യത്തിൽ വലഞ്ഞ് സംരംഭകർ

കൊച്ചി: പ്രതീക്ഷയോടെ കാത്തിരുന്ന ജിഎസ്ടി കൗൺസിൽ യോഗത്തിൽ നിന്ന് ഇളവുകൾ ഒന്നും ലഭിക്കാത്ത് ഇടത്തരം സംരഭകരയടക്കം തളർത്തുന്നു. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ജിഎസ്ടിയും പിഎഫും ബാങ്ക് വായ്പാ തിരിച്ചടവുമടക്കമുള്ള കാര്യങ്ങളിൽ വൻ പ്രതിസന്ധിയാണ് സംസ്ഥാനത്ത്. സാമ്പത്തിക മുരടിപ്പിനൊപ്പം കൊറോണ കൂടി വന്നതോടെ വിപണിയിടിയുക മാത്രമല്ല, ഓഫീസുകളുടെ പ്രവർത്തനങ്ങൾ പോലും താളം തെറ്റി. ജിഎസ്ടി ഫയൽ ചെയ്യുന്നതടക്കമുള്ള പല കാര്യങ്ങളിലും പ്രതിസന്ധി നേരിടുന്നു.

കേരളത്തിലെ സംരംഭകർക്ക് ജിഎസ്ടി ഫയൽ ചെയ്യുന്നതിനുള്ള അവസാന തിയതി 22 ആണ്. എന്നാൽ ഓഫീസ് പ്രവർത്തനം തന്നെ അവതാളത്തിലായതു കൊണ്ട് പല സംരംഭങ്ങൾക്കും അതിന് കഴിയില്ലെന്ന് ഉറപ്പായിട്ടുണ്ട്. വൈകുന്ന ഓരോ ദിവസത്തിനും 100 രൂപ വീതം പിഴ നൽകേണ്ടതുണ്ട്. സർക്കാരിന്റെ ഭാഗത്തു നിന്ന് ഉചിതമായ നടപടി ഉണ്ടാകുമെന്നാണ് പ്രതീക്ഷ.

പല സ്ഥാപനങ്ങൾക്കും പ്രൊവിഡന്റ് ഫണ്ട് തുക പോലും അടച്ചു തീർക്കാനാവാത്ത സ്ഥിതിയുണ്ട്. ഇങ്ങനെ വരുമ്പോൾ പിഎഫ് ഉടമയ്ക്ക് ലഭിക്കേണ്ടിയിരുന്ന പലിശയടക്കമുള്ള തുക തൊഴിലുടമ പിന്നീട് അടയ്ക്കേണ്ടി വരുന്നുണ്ട്. വലിയ തുകയാണ് ഡാമേജ് ഇനത്തിലും തൊഴിലുടമ അടയ്ക്കേണ്ടി വരുന്നത്. നിലവിൽ രണ്ടു മാസം വരെ പിഎഫ് തുക അടയ്ക്കാൻ വൈകിയാൽ 5 ശതമാനവും ആറു മാസം വരെയുള്ളതിന് 15 ശതമാനവും അതിലേറെ വൈകിയാൽ 25 ശതമാനവും പിഴയൊടുക്കേണ്ടി വരുന്നു. കൊറോണയടക്കമുള്ള പ്രശ്നങ്ങൾ കാരണം ഓഫീസുകൾ പ്രവർത്തിക്കാതാകുമ്പോൾ പിഎഫ് അടയ്ക്കാനുള്ള നടപടികൾ നിലയ്ക്കുകയും പിഴയിലേക്ക് കാര്യങ്ങൾ ചെന്നെത്തുകയും ചെയ്യും. ഇതിൽ നടപടി ഉണ്ടായില്ലെങ്കിൽ പൊതുവേ മാന്ദ്യത്തിൽ വലയുന്ന സംരംഭകന് വലിയ പ്രഹരമാകും. ബാങ്ക് പലിശയിൽ ഇളവ് ലഭിക്കേണ്ടതാണ് ചുരുങ്ങിയത് വായ്പാ തിരിച്ചടവിന്റെ കാര്യത്തിലെങ്കിലും സമയം നീട്ടിക്കൊടുക്കാനുള്ള സംവിധാനം ഉണ്ടാവേണ്ടിയിരിക്കുന്നു എന്നതും വ്യാപാരമേഖലയുടെ ആവശ്യമാണ്. തദ്ദേശ സ്ഥാപനങ്ങളിലെ നികുതി, ലൈസൻസ് പുതുക്കൽ തുടങ്ങിയ കാര്യങ്ങളിലെല്ലാം സാവകാശം അനുവദിക്കേണ്ടതുണ്ട്.

എന്നാൽ സർക്കാരിന്റെ ഭാഗത്തു നിന്ന് അനുകൂലമായ തീരുമാനത്തിനു വേണ്ടി കാത്തിരിക്കുകയാണ് വ്യാപാരി വ്യവസായി സമൂഹം.

# കൊവിഡ് 19: ആശങ്കയുമായി ഇന്ത്യ, ആശ്വാസം പകർന്ന് ഗൾഫ്

കൊച്ചി: കൊവിഡ് 19 ആഘാതത്തിൽ തകരുന്ന ഇന്ത്യൻ വിപണിക്ക് കരുത്തു പകരാൻ പാക്കെജുകൾ ഒന്നും ഒരുക്കാത്ത കേന്ദ്രസർക്കാർ നിലപാട് വ്യാവസായ മേഖലയിൽ വിമർശനം ഏറ്റുവാങ്ങുന്നു. കഴിഞ്ഞ ദിവസം നടന്ന ജിഎസ്ടി കൗൺസിൽ യോഗത്തിൽ പോലും വില വർധനവിന് കാരണമാവുന്ന നിർദേശമാണ് മുന്നോട്ടുവച്ചത്.

ഇന്ത്യൻ വ്യാപാരലോകം മാതൃകയായി മുന്നോട്ടു വയ്ക്കുന്നത് സൗദിയും യുഎഇയും പ്രഖ്യാപിച്ച നടപടികളാണ്.യുഎഇ സെൻട്രൽ ബാങ്ക് കഴിഞ്ഞ ദിവസം 10,000 കോടി ദിർഹത്തിന്റെ സാമ്പത്തിക ഉത്തേജക പദ്ധതിക്കാണ് പ്രഖ്യാപിച്ചത്.

ഇതനുസരിച്ച് അവിടെ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകളുടെ ഫീസ് കുറച്ചു. ബാങ്ക് ഇടപാടുകൾക്ക് ഈടാക്കിയിരുന്ന ഫീസ് ആറ് മാസത്തേക്കു ഒഴിവാക്കി. കോവിഡ് സാമ്പത്തിക പ്രതിസന്ധിയുള്ള സ്വകാര്യ മേഖലാ സ്ഥാപനങ്ങൾക്ക് ആറ് മാസത്തേക്ക് വായ്പാ തുകയും പലിശയും തിരിച്ചടക്കേണ്ട. ചെറുകിട കമ്പനികളുടെ കുറഞ്ഞ അക്കൗണ്ട് പരിധി (മിനിമം ബാലൻസ്) 10,000 ദിർഹമാക്കി നിജപ്പെടുത്തി.

ചെറുകിട ഇടത്തരം കമ്പനികൾക്കു കൊടുക്കാവുന്ന വായ്പാ പരിധി കൂട്ടി. രണ്ട് ദിവസത്തിനകം ചെറുകിട കമ്പനികൾക്ക് പുതിയ ബാങ്ക് അക്കൗണ്ട് തുറന്നുകൊടുക്കണം. അടിസ്ഥാന മൂലധന ശേഷി വർധിപ്പിച്ച് വായ്പ കൊടുക്കുന്നതിന് ബാങ്കുകളെയും ധനകാര്യ സ്ഥാപനങ്ങളെയും ശക്തമാക്കി. ഉത്തേജക പദ്ധതിയിലെ 5,000 കോടി ദിർഹമും ബാങ്കുകൾക്കു പലിശരഹിത വായ്പയായി നൽകുന്നതോടെ കോവിഡ് മൂലമുണ്ടായ നഷ്ടം നികത്താൻ സാധിച്ചേക്കും. ആസ്തിയുടെ മൂല്യത്തിന്മേലുള്ള വായ്പാ പരിധി അഞ്ച് ശതമാനം വർധിപ്പിച്ചിട്ടുണ്ട്. നൽകാവുന്ന ഭവന വായ്പാ പരിധി 20ൽനിന്ന് 30 ശതമാനമാക്കി വർധിപ്പിച്ചതോടെ ബാങ്കുകൾക്കു കൂടുതൽ വായ്പ അനുവദിക്കാം.

സൗദി അറേബ്യൻ മോണിറ്ററി അഥോറിറ്റി (സാമ) 5000 കോടി റിയാലിന്റെ സാമ്പത്തിക ഉത്തേജക പദ്ധതി പ്രഖ്യാപിച്ചു. വായ്പാ തിരിച്ചടവിന് ആറ് മാസത്തെ സാവകാശം, പലിശ രഹിത വായ്പ തുടങ്ങിയ പ്രഖ്യാപിച്ചിട്ടുണ്ട്. വായ്പ തിരിച്ചടവ് നീട്ടിയ കാലയളവിൽ ബാങ്കിനും ധനകാര്യ സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന നഷ്ടം നികത്താനാണ് 3000 കോടി റിയാൽ നീക്കിവച്ചത്. സ്വകാര്യമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം തടസം കൂടാതെ നടക്കാനും ജീവക്കാരെ നിലനിർത്താനും മറ്റുമായി 1320 കോടി റിയാൽ വായ്പയും അനുവദിക്കും. ചെറുകിട, ഇടത്തരം സംരംഭകരുടെ വായ്പാ നടപടിക്രമങ്ങൾക്കുള്ള തുക ഒഴിവാക്കാൻ ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കുമാണ് 600 കോടി റിയാൽ അനുവദിച്ചത്.

# അരാംകോയ്ക്ക് ഇടിവ്

ന്യൂഡൽഹി: ലോകത്തിലെ ഏറ്റവും ലാഭത്തിൽ പ്രവർത്തിക്കുന്ന കമ്പനികളിലൊന്നായ സൗദി അരാംകോംയുടെ ലാഭത്തിൽ വൻ ഇടിവ് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് റിപ്പോർട്ട്. കമ്പനിയുടെ 2019 ലെ അറ്റാദായത്തിൽ 21 ശതമാനമാണ് മുൻവർഷത്തെ അപേക്ഷിച്ച് ഇടിവ് രേഖപ്പെടുത്തിയത്. കമ്പനിയുടെ അറ്റാദായം 2019 ൽ 88.2 ബില്യൺ ഡോളറായി ചുരുങ്ങി.

കോവിഡ്-19 ഭീതിയെ തുടർന്ന് എണ്ണ വിലയിലുണ്ടായ ഇടിവാണ് കമ്പനിയുടെ ലാഭത്തിൽ തകർച്ച നേരിട്ടത്. സെപ്റ്റംബറിൽ അരാംകോയുടെ എണ്ണ സംഭരണ ശാലയക്ക് നേരെ ഹൂതി വിമതർ നടത്തിയ ആക്രമണവും കമ്പനിയുടെ ലാഭത്തെയും വരുമാനത്തെയുമെല്ലാം ബാധിച്ചിട്ടുണ്ടെന്നാണ് വിദഗ്ധർ പറയുന്നത്. 2020 ൽ അരാംകോ 25 ബില്യൺ ഡോളർ മുതൽ 30 ബില്യൺ ഡോളർ വരെ ചിലവ് കുറക്കാൻ പദ്ധതിയിടുന്നതായി അരാംകോ സിഇഒ അമിൻ നാസർ വ്യക്തമാക്കി. നിലവിൽ എണ്ണ വില കുറഞ്ഞതിനാൽ ചിലവുകൾ കുറക്കാതെ കമ്പനിക്ക് മറ്റ് മാർഗങ്ങളില്ല.

2019 ൽ കമ്പനി 73.2 ബില്യൺ ബില്യൺ ഡോളർ ഓഹരി ഉടമകൾക്ക് ലാഭവിഹിതം നൽകിയിട്ടുണ്ടെന്ന് കമ്പനി വ്യക്തമാക്കി. എന്നാൽ വരുമാനത്തിൽ ഇടിവ് രേഖപ്പെടുത്തിയെങ്കിലും ഓഹരി ഉടമകൾക്ക് ഈ വർഷവും കമ്പനി 75 ബില്യൺ ഡോളർ ലാഭവിഹിതം നൽകിയേക്കും. എന്നാൽ കമ്പനിയുടെ പ്രാഥമിക ഓഹരി വിൽപ്പനയിലൂടെ 29.4 ബില്യൺ ഡോളർ മൂലധന സമാഹരണമാണ് നേടിയത്. ലോകത്തിലെ ഏറ്റവും വലിയ മൂലധന സമാഹരണമാണ് ഐപിഒയിലൂടെ കമ്പനി നേടിയത്.

## സ്വർണം 30,600

| | | | |
|---|---|---|---|
| വെളിച്ചെണ്ണ : മില്ലിങ് | 16,900 | മുതിര | 4000 |
| വെളിച്ചെണ്ണ | 15,500 | എള്ള് | 14,000- 15,000 |
| കൊപ്ര | 10,390-11,200 | മല്ലി | 7600-19,000 |
| പിണ്ണാക്ക് എക്സ്പെല്ലർ | 2400 | പച്ചരി നമ്പർ 2 | 2600-3400 |
| പിണ്ണാക്ക് റോട്ടറി | 3100 | പുഴുക്കലരി (ജയ) | 3400- 3500 |
| കുരുമുളക് അൺഗാർബിൾഡ് | 30,000 | | |
| പുതിയ കുരുമുളക് | 29,000 | ജാതിക്ക തൊണ്ടൻ (കിലോ) | 200-240 |
| കുരുമുളക് ഗാർബിൾഡ് | 32,000 | ജാതിക്ക തൊണ്ടില്ലാത്തത് (കിലോ) | 400-450 |
| ചുക്ക് മീഡിയം | 26,500 | | |
| ചുക്ക് ബെസ്റ്റ് | 27,500 | ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ) | 1100- 1500 |
| മഞ്ഞൾ നാടൻ | ഇല്ല | | |
| സേലം - ഈറോഡ് | 7200-7600 | ഗ്രാമ്പൂ (കിലോ) | 550 |
| കാഞ്ഞിരക്കുരു | 1850 | | |
| അടയ്ക്ക ന്യൂ | 24,000- 25,000 | റബർആർ എസ് എസ് 5 ഗ്രേഡ് | 12,000-12,700 |
| അടയ്ക്ക ഓൾഡ് | 25,000- 26,000 | | |
| പഞ്ചസാര | 3600 | റബർആർ എസ് എസ് 4 ഗ്രേഡ് | 12,900 |
| മുളക് | 15,000-27,000 | ഒട്ടുപാൽ | 8,300 |
| ഉഴുന്ന് | 9,000-10,000 | ലാറ്റക്സ് | 7,900 |
| ചെറുപയർ | 9500-10,500 | സ്വർണം | 30,600 |
| കടല | 5100-6300 | പാം ഓയിൽ | 7300 |

# ഏപ്രിലിൽ കാത്തിരിക്കുന്നു, ഈ നാല് മാറ്റങ്ങൾ

കൊച്ചി: ആദായ നികുതിയുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ നിരവധി മാറ്റങ്ങളാണ് ഏപ്രിൽ ഒന്നു മുതൽ നടപ്പിൽ വരുന്നത് സാധാരണക്കാരെ ബാധിക്കുന്ന പ്രധാന സാമ്പത്തിക മാറ്റങ്ങൾ ഇവയാണ്.

### 1. പുതിയ നികുതി സമ്പ്രദായം

ധനമന്ത്രി നിർമ്മല സീതാരാമൻ ബജറ്റിൽ പ്രഖ്യാപിച്ച പുതിയ നികുതി ഘടന ഏപ്രിൽ ഒന്നിന് നിലവിൽ വരും. അതേസമയം നിലവിലുണ്ടായിരുന്ന രീതി തുടരുകയും ചെയ്യും. നികുതിദായകർക്ക് അവരുടെ താത്പര്യമനുസരിച്ച്, നിക്ഷേപ രീതിയനുസരിച്ച് ഇവിടെ തെരഞ്ഞെടുപ്പ് നടത്താം. പ്രത്യക്ഷ നികുതി ബോർഡിന്റെ അറിയിപ്പ് അനുസരിച്ച് പഴയതും പുതിയതുമായ രീതികൾ ഒരോ വർഷത്തേയും നിക്ഷേപവും നേട്ടവും നോക്കി നികുതി ദായകന് അവലംബിക്കാവുന്നതാണ്. ഭവന വായ്പാ പലിശ, മുതൽ, എൽ ഐ സി, മ്യൂച്ചൽ ഫണ്ട് പോലുള്ള നികുതി സംരക്ഷണ ഉപാധികൾക്ക് കിഴിവുകളും നികുതി ഒഴിവുകളും ലഭിക്കുന്നതാണ് പഴയ രീതി. എന്നാൽ 80 സി അടക്കമുള്ള ചട്ടങ്ങളുടെ പരിധിയിലുള്ള ഇത്തരം നിക്ഷേപങ്ങൾക്ക് യാതൊരു വിധ ഒഴിവുകളും പരിഗണിക്കാത്തതാണ് പുതിയ നികുതി സമ്പ്രദായം. അതേസമയം ഇവിടെ ഒരോ സ്ലാബിനും കുറഞ്ഞ നികുതിയെ അടയ്ക്കേണ്ടതുള്ളു. അതുകൊണ്ട് വ്യക്തികൾ അവരുടെ വരുമാനം, നിക്ഷേപം ഇങ്ങനെ പല ഘടകങ്ങൾ വിലയിരുത്തി വേണം തെരഞ്ഞെടുപ്പ് നടത്താൻ.

അഞ്ച് ലക്ഷം വരെയുള്ള വരുമാനത്തിന് നികുതിയില്ല. അഞ്ച്മുതൽ 7.5 ലക്ഷം വരെ 10 ശതമാനമാണ് നികുതി. 7.5 മുതൽ 10 ലക്ഷം വരെ 15 ശതമാനവും 10 മുതൽ 12.5 ലക്ഷം വരെ 20 ശതമാനവും 12.5 മുതൽ 15 വരെ 25 ശതമാനവും 15 ലക്ഷത്തിന് മുകളിലാണ് വരുമാനമെങ്കിൽ 30 ശതമാനവും- ഇങ്ങനെയാണ് പുതിയ നികുതി സ്ലാബ്. ഒഴിവുകളും കിഴിവുകളും വേണ്ട എന്നുള്ളവർക്ക് ഇത് തെരഞ്ഞെടുക്കാം.

### 2. അടിസ്ഥാന ഇൻഷ്വറൻസ് കവറേജ്

ആരോഗ്യ ഇൻഷ്വറൻസ് മേഖലയിലേക്ക് പരമാവധി ആളുകളെ ഉൾപ്പെടുത്തുവാനുതകുന്ന അടിസ്ഥാന പോളിസിയായ ആരോഗ്യ സഞ്ജീവനി ഏപ്രിൽ ഒന്നിന് നിലവിൽ വരും. ഇൻഷ്വറൻസ് എടുക്കുന്നയാളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്ന പോളിസിയായിരിക്കും ആരോഗ്യ സഞ്ജീവനി. ചുരുങ്ങിയ ചെലവിൽ പരമാവധി അഞ്ച് ലക്ഷം രൂപ വരെയാണ് ഈ പോളിസിയുടെ കവറേജ് എന്നതിനാൽ ഇടത്തട്ടുകാർക്ക് ഏറെ പ്രിയപ്പെട്ടതായിരിക്കുമിത്. നിലവിൽ വിവിധ കമ്പനികൾ നൽകുന്ന വൈവിധ്യമാർന്ന ആരോഗ്യ ഇൻഷ്വറൻസ് പോളിസികളിൽ ഒളിഞ്ഞിരിക്കുന്ന വ്യവസ്ഥകളും മറ്റും ക്ലെയിം സെറ്റിൽമെന്റ് അടക്കമുള്ള കാര്യങ്ങളിൽ പിന്നീട് ആശയക്കുഴപ്പത്തിന് കാരണമാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് വേണ്ടിയാണ് ഇൻഷ്വറൻസ് റെഗുലേറ്ററി അഥോറിറ്റി എല്ലാ കമ്പനികളുടെയും അടിസ്ഥാന പോളിസികൾക്ക് ഒരേ പേരും സ്വഭാവവുമായിരിക്കണമെന്ന് നിശ്ചയിച്ചത്. അതിന്റെ ഭാഗമായി 'ആരോഗ്യ സഞ്ജീവനി പോളിസി' എന്ന പൊതു നാമത്തോടൊപ്പം കമ്പനികളുടെ പേരും ചേർത്ത് അടിസ്ഥാന പോളിസികൾ വിതരണം ചെയ്യാം. ഇതോടെ ഗ്രാമീണ മേഖലകളുടെയും ഇടത്തരക്കാരായ ആളുകളെയും ഇൻഷ്വറൻസ് പ്രാതിനിധ്യം ഉയരുമെന്ന് കരുതുന്നു.

### 3. പാൻ- ആധാർ ബന്ധം

പാൻ ആധാറുമായി ബന്ധിപ്പിക്കുന്നതിനുള്ള അവസാന ദിവസം മാർച്ച് 31 ആണ്. അതായത് ഏപ്രിൽ ഒന്നിന് മുമ്പ് പാൻ ആധാറുമായി ബന്ധിപ്പിച്ചില്ലെങ്കിൽ വലിയ തുക പിഴയൊടുക്കേണ്ടി വന്നേക്കാം. ആദായ നികുതി വകുപ്പിന്റെ വിശദീകരണമനുസരിച്ച് മാർച്ച് 31 ന് മുമ്പ് ഇരു രേഖകളും പരസ്പരം ബന്ധിപ്പിക്കാത്തവർ 10,000 രൂപ പിഴയൊടുക്കേണ്ടി വരും. ആദായ നികുതി ചട്ടത്തിന്റെ സെക്ഷൻ 272 ബി അനുസരിച്ച് അനുച്ഛേദം 139 എ യിലെ വ്യവസ്ഥകൾ പാലിക്കുന്നില്ലെങ്കിൽ അസസിംഗ് ഓഫിസർക്ക് 10000 രൂപ പെനാൽറ്റി നിർദേശിക്കാം. എന്നാൽ ഇത് കർശനമായി നടപ്പാക്കുമോ എന്ന കാര്യം വ്യക്തമല്ല. മാർച്ച് 31 നകം ബന്ധിപ്പിക്കൽ നടന്നിട്ടില്ലെങ്കിൽ പാൻ കാർഡ് പിന്നീട് പ്രവർത്തന രഹിതമാകുമെന്നാണ് അറിയിപ്പ്. ആദായ നികുതി വകുപ്പിന്റെ കണക്കനുസരിച്ച് 30.75 കോടി പാൻ കാർഡുകളാണ് കഴിഞ്ഞ ജനുവരി ഏഴു വരെ ആധാറുമായി ബന്ധിപ്പിച്ചിട്ടുള്ളത്. എട്ട് തവണ തീയതി നീട്ടി നൽകിയിട്ടും 17 കോടിയിലേറെ കാർഡുകൾ ഇനിയും ബന്ധിപ്പിക്കപ്പെടേണ്ടതുണ്ട്.

### 4. വിദേശയാത്രയ്ക്ക് ചെലവേറും

വിദേശയാത്രയ്ക്ക് ഇനി ചെലവേറും. ബജറ്റിലെ നിർദേശമനുസരിച്ച് ഏപ്രൽ ഒന്നു മുതൽ വിദേശയാത്രകൾ ടി സി എസി(ഉറവിട നികുതി)ന്റെ പരിധിയിലാകും. ഏപ്രിൽ ഒന്നിന് ശേഷം ടൂർ ഓപ്പറേറ്റർമാർ അന്തർദേശീയ യാത്രകൾക്ക് അവരുടെ ഇടപാടുകാരിൽ നിന്ന് അഞ്ച് ശതമാനം നികുതി ഉറവിടത്തിൽ നിന്ന് ശേഖരിക്കണം. അതേസമയം പാൻ കാർഡില്ലാത്തവരാണെങ്കിൽ ഇത് 10 ശതമാനമായിരിക്കും.

# കോവിഡ് 19: ഉദ്യോഗാർത്ഥികൾ സഹകരിക്കണം

ആലപ്പുഴ: കോവിഡ് 19 രോഗ വ്യാപന പ്രതിരോധത്തിന്റെ ഭാഗമായി ജില്ലയിലെ എംപ്ലൊയ്മെന്റ് എക്സ്ചേഞ്ചുകളിലെത്തുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം പരിമിതപ്പെടുത്തുന്നതിനായി താഴെപറയുന്ന ക്രമീകരണങ്ങളോട് സഹകരിക്കണമെന്ന് അറിയിക്കുന്നു.അന്വേഷണങ്ങൾ പൂർണ്ണമായും ടെലഫോൺമുഖേന മാത്രം നടത്തുക. ഫോൺ : ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, 04772230622,

ചേർത്തല ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് 04782813038, ചെങ്ങന്നൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് 0479 2450272, കായംകുളം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് 0479 2442502, കുട്ടനാട് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് 0477 2704343, മാവേലിക്കര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് 0479 2344301, ആലപ്പുഴ എംപ്ലോയബിലിറ്റി സെന്റർ0477 2230624, കായംകുളം കരിയർ ഡെവലപ്മെന്റ് സെന്റർ0479 2442502. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ ഓൺലൈൻ (www.eemployment.kerala.gov.in) വഴി നടത്തുക. സ്മാർട്ട് ഫോൺ ഉപയോഗിച്ച് ചെയ്യാവുന്നതാണ്. സർട്ടിഫിക്കറ്റ് കൂട്ടിച്ചേർക്കലും ഓൺലൈനായി ചെയ്യാവുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ നടത്തി 90 ദിവസത്തിനുള്ളിൽ എംപ്ലോയ്മമെന്റ് ഓഫീസുകളിൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയാൽ മതിയെന്ന് ജില്ല എംപ്ലോയ്മെന്റ് ഓഫീസർ അറിയിച്ചു

ചെട്ടികുളങ്ങര ദേവി ക്ഷേത്രത്തിലെ ഏഴാം എതിരേൽപ് ഉത്സവത്തോടനുബന്ധിച്ചു നടന്ന പേള കരയുടെ ഉരുളിച്ച വരവ്

## 109 സാംപിളുകളിൽ 98 നെഗറ്റീവ്

# ജില്ലയിൽ 816 പേർ നിരീക്ഷണത്തിൽ

ആലപ്പുഴ: ജില്ലയിൽ ശക്തമായ കൊറോണ നിരീക്ഷണ പ്രതിരോധ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജില്ലയിൽ 805 പേർ വീടുകളിലും 11 പേർ വിവിധ ആശുപത്രികളിലുമായി നിരീക്ഷണത്തിൽ ഉണ്ടെന്ന് ജില്ല മെഡിക്കൽ ഓഫീസർ അറിയിച്ചു. ഇന്ന് 9 സ്രവ സാമ്പിൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ആകെ 109 സാമ്പിളുകളിൽ പരിശോധനാഫലം ലഭ്യമായ 98 സാമ്പിളുകളും നെഗറ്റീവ് ആണ്.

പൊതുജനങ്ങൾക്കായി 67 ബോധവൽക്കരണ ക്ലാസ്സുകളും, തൊഴിലുറപ്പ് തൊഴിലാളികൾക്കായി 3 ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ആർ.ബി.എസ്.കെ നഴ്സുമാർ, വയോമിത്രം, നഴ്സിംഗ് വിദ്യാർത്ഥികൾ, ബോണ്ടഡ് നഴ്സിംഗ് വിദ്യാർത്ഥികൾ എന്നിവർക്കായി പ്രത്യേക ക്ലാസ്സുകൾ സംഘടിപ്പിച്ചു.താലൂക്ക് ഓഫീസ് ചെങ്ങന്നൂർ, മുതുകുളം സാമൂഹ്യാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ പ്രത്യേക ക്ലാസ്സുകൾ നടന്നു. ബോധവൽക്കരണത്തിന്റെ ഭാഗമായി 56200 നോട്ടീസുകൾ വിതരണം ചെയ്തു.

### മടങ്ങാൻ ഉദ്ദേശിക്കുന്ന വിദേശ വിനോദസഞ്ചാരികൾ അറിയിക്കണം

ആലപ്പുഴ ജില്ലയിലെ ഹോട്ടലുകൾ, റിസോർട്ടുകൾ, ഹോംസ്റ്റേകൾ, സർവ്വീസ് വില്ലകൾ തുടങ്ങിയവയിൽ നിലവിൽ താമസിച്ചു വരുന്ന വിദേശ വിനോദസഞ്ചാരികൾ അവരവർ താമസിക്കുന്ന സ്ഥാപനങ്ങളിൽ തന്നെ പുറത്തിറങ്ങാത്ത വിധം താമസിക്കുന്നുണ്ട് എന്ന് അതത് സ്ഥാപന ഉടമകൾ ഉറപ്പു വരുത്തണമെന്ന് ജില്ലാ കലക്ടർ അറിയിച്ചു.



തുടർന്ന് രോഗലക്ഷണം കാണുകയാണെങ്കിൽ കൺട്രോൾ റൂം (2239999) നമ്പറിൽ അറിയിക്കണം. ഇപ്രകാരം താമസി പ്പിച്ചിട്ടുള്ള വിദേശികൾ വിദേശത്തേയ്ക്ക് മടങ്ങാനുദ്ദേശിക്കുന്നുണ്ടെങ്കിൽ വിവരം ആരോഗ്യവകുപ്പിനെ അറിയിക്കേണ്ടതും ആരോഗ്യവകുപ്പ് പരിശോധന നടത്തി പരിശോധനാഫലം ലഭിച്ചതിനു ശേഷം മാത്രം ഇവരെ മടങ്ങാൻ അനുവദിക്കേണ്ടതുമാണ്. . ഈ നിർദ്ദേശങ്ങൾ ലംഘിച്ച് ഏതെങ്കിലും വിദേശികൾ സമൂഹത്തിൽ ഇടപഴകുന്നതോ പൊതുഗതാഗത സൌകര്യം ഉപയോഗിക്കുന്നതായോ കണ്ടെത്തിയാൽ ബന്ധപ്പെട്ട സ്ഥാപന ഉടമയ്ക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുമെന്ന് ജില്ലാ കലക്ടർ അറിയിച്ചു.

വിദേശികളെ താമസിപ്പിക്കുന്ന സ്ഥാപനങ്ങൾ/ വ്യക്തികൾ ഇത് സംബന്ധിച്ച വിവരം ഇതുവരെ വെളിപ്പെടുത്തിയിട്ടില്ലെങ്കിൽ അടിയന്തിരമായി ആരോഗ്യവകുപ്പിൻറെ കൺട്രോൾ റൂമിൽ (0477 2251650) അറിയിക്കണം. ഇപ്രകാരം ആരോഗ്യവകുപ്പിനെ വിവരം അറിയിക്കാത്ത താമസക്കാരുണ്ടോ എന്ന് പരിശോധിക്കുന്നതിനായി സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. വീഴ്ച വരുത്തുന്നവർക്ക് എതിരെ ക്രിമിനൽ കേസ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്ന് കളക്ടർ അറിയിച്ചു.

അതിഥി തൊഴിലാളികൾക്കായി 29 ബോധവൽക്കരണ ക്ലാസ്സുകൾ, സംഘടിപ്പിച്ചു. മുഹമ്മ, തണ്ണീർമുക്കം, ചേർത്തല സൗത്ത്, മാരാരിക്കുളം നോർത്ത്, കടക്കരപ്പള്ളി, കഞ്ഞിക്കുഴി എന്നിവിടങ്ങളിലായി മൈക്ക് അനൗൺസ്മെന്റ് നടത്തി.

എഫ്.എം ചാനലുകളിലൂടെയും, സോഷ്യൽ മീഡിയകളിലൂടെയും ബോധവൽക്കരണ സന്ദേശങ്ങൾ പ്രക്ഷേപണം ചെയ്തു വരുന്നു.

ജില്ലയിലെ റെയിൽവെ സ്റ്റേഷനുകളിലും, ബസ് സ്റ്റാൻഡുകളിലും, ജില്ലാ അതിർത്തികളിലെ തിരഞ്ഞെടുത്ത കേന്ദ്രങ്ങളിലും യാത്രക്കാരെയും വാഹനങ്ങളെയും നിരീക്ഷിക്കുന്നതിനായി പ്രത്യേക ടീം പ്രവർത്തിക്കുന്നുണ്ട്. ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി 65 പേർക്ക് ടെലി കൗൺസിലിംഗ് നടത്തി

നാരീ ശക്തി പുരസ്കാരം നേടിയ സാക്ഷരതാ പഠിതാവ് ചേപ്പാട് കാർത്തിയായണി അമ്മയെ ചിങ്ങോലി യുവജന സമാജം ഗ്രന്ഥശാല പൊന്നാട നൽകി ആദരിക്കുന്നു

# കാർത്തിയായണി അമ്മയേ ആദരിച്ചു

ഹരിപ്പാട്:നാരീ ശക്തി പുരസ്കാരം നേടിയ സാക്ഷരതാ പഠിതാവ് ചേപ്പാട് കാർത്തിയായണി അമ്മയെ ചിങ്ങോലി യുവജന സമാജം ഗ്രന്ഥശാല പൊന്നാട നൽകി ആദരിച്ചു. കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തുന്ന നാലാം ക്ലാസ്സ് തുല്യതാ പരീക്ഷ യിലെ വിജയി ആയിരുന്നു 95 വയസുള്ള കാർത്യായനി അമ്മ.

2001 ൽ സാക്ഷരതാ മിഷൻ തുല്യതാ പരീക്ഷ നടത്തുവാൻ തീരുമാനമെടുത്ത സമിതിയിൽ ഡയറക്ടർ ആയിരുന്ന മുഞ്ഞിനാട്ട് രാമചന്ദ്രൻ കാർത്യായനി അമ്മയെ പൊന്നാട അണിയിച്ചു. ഉപഹാരവും നൽകി. ഗ്രന്ഥശാല സെക്രട്ടറി എം. എ. കലാം, ഐശ്വര്യ തങ്കപ്പൻ, അഡ്വ. കിരൺകുമാർ, അനീഷ്. എസ്. ചേപ്പാട്., പ്രേരക് കെ. സതി എന്നിവർ പങ്കെടുത്തു

വേമ്പനാകരി പാടശേഖരം നികത്തി റോഡ് നിർമ്മിക്കാൻ പൂഴിയുമായി വന്ന ലോറി ജനകീയ ജലസ്രോതസ്സ് സംരക്ഷണ സമിതി പ്രവർത്തകർ തടയുന്നു

# ടവർ നിർമ്മാണത്തിന്റെ പേരിൽ പാടം നികത്തി റോഡ് നിർമ്മിക്കാൻ നീക്കം

വൈക്കം: ടവർ നിർമ്മാണത്തിന്റെ പേരിൽ പാടം നികത്തി റോഡ് നിർമ്മിക്കാനുള്ള നീക്കത്തിനെതിരെ പ്രതിഷേധം ശക്തമാകുന്നു. ഉദയനാപുരം പഞ്ചായത്തിൽപ്പെട്ട വേമ്പനാകരി പാടശേഖരത്താണ് കെ.എസ്.ഇ.ബി ക്കു വേണ്ടി ടവർ നിർമ്മിക്കുന്നത്. ഇതിന്റെ മറവിൽ നിയമവിരുദ്ധമായി പൂഴിയിറക്കി റോഡ് നിർമ്മിക്കുകയാണെന്ന് ജനകീയ ജലസ്രോതസ്സ് സംരക്ഷണ സമിതി ആരോപിച്ചു.

പൂഴിയിറക്കുന്നത് തടയുകയും ചെയ്തു. തഹസിൽദാറും വില്ലേജ് അധികൃതരും സ്ഥലത്തെത്തി പരിശോധന നടത്തി. വൈക്കം-മുട്ടുങ്കൽ റോഡിന്റെ ഓരത്താണ് കെട്ടിടാവശിഷ്ടങ്ങളും പൂഴിയും ഇറക്കി പത്തു മീറ്ററോളം ഭാഗം നികത്തിയത്. ജനങ്ങളുടെ പ്രതിഷേധത്തെ തുടർന്ന് പൂഴിയിറക്കുന്നത് നിർത്തി. അപ്പർ കുട്ടനാടിന്റെ ഭാഗമായ 40 ഏക്കറോളം വരുന്നതാണ് വേമ്പനാകരി പാടശേഖരം. കുട്ടനാട് പാക്കേജിൽപ്പെടുത്തി പുറംബണ്ട് നിർമ്മിച്ച് കൃഷി വികസിപ്പിക്കുവാൻ നടപടിയായ സാഹചര്യത്തിൽ അനധികൃതമായി പാടം നികത്തി റോഡ് നിർമ്മിക്കുന്നത് പദ്ധതി ലക്ഷ്യത്തിന് തടസ്സമാകുമെന്ന് ജനകീയ സമിതി ആരോപിച്ചു.

നികത്തിയ ഭാഗം പൂഴിയും അവശിഷ്ടങ്ങളും മാറ്റി പൂർവ്വസ്ഥിതിയിലാക്കി നീരൊഴുക്കിനുള്ള സൗകര്യം ഒരുക്കണമെന്ന് ജനകീയ സമിതി ചെയർമാൻ പി.ഡി രാജൻ, സെക്രട്ടറി ആർ.ഷാജി എന്നിവർ ആവശ്യപ്പെട്ടു.

# ബിവറേജസുകൾ അടച്ചിടണമെന്നാവശ്യപ്പെട്ട് നഗരസഭ കളക്ടർക്ക് നിവേദനം നൽകും

ആലപ്പുഴ: കൊറോണ ഭീഷണി നേരിടുന്ന സാഹചര്യത്തിൽ ബാറുകളും ബിവറേജസ് ഔട്ട്ലെറ്റുകളും അടച്ചു പൂട്ടുന്നതിന് നടപടി വേണമെന്ന് കൗൺസിൽ യോഗത്തിൽ റെസുലേഷൻ പാസാക്കി. കൗൺസിലർ എ എം നൗഫൽ ആണ് ആവശ്യം ഉന്നയിച്ചത്. ഇത് സംബന്ധിച്ച് ജില്ലാ കളക്ടർക്ക് രേഖാമൂലം കത്ത് നൽകുവാനും തീരുമാനിച്ചു.

അതേ സമയം കൊറോണ വൈറസുമായി ബന്ധപ്പെട്ട് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനായി വിളിച്ചുകൂട്ടിയ അടിയന്തിര കൗൺസിൽ യോഗം എൽ ഡി എഫ് കൗൺസിലർമാർ അലങ്കോലമാക്കി. പ്രതിപക്ഷം ആവശ്യപ്പെട്ടപ്പോൾ മിനിട്സ് നൽകിയില്ലെന്ന വിഷയവുമായി ബന്ധപ്പെട്ട് ക്ലാർക്കിനെതിരെ നടപടി ആവശ്യപ്പെട്ടാണ് യോഗം പ്രതിപക്ഷം അലങ്കോലപ്പെടുത്തിയത്. കഴിഞ്ഞ ദിവസം കളക്ട്രേറ്റിൽ മന്ത്രി സുധാകരന്റ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ തീരുമാനം എന്ന നിലയിലാണ് കൗൺസിൽ യോഗം വിളിച്ചു ചേർത്തത്. ഇവർ ബഹളം വെച്ചെങ്കിലും സുപ്രധാന തിരുമാനങ്ങൾ കൗൺസിൽ യോഗത്തിലെടുത്തു.

വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് മൂന്നിന് നഗരസഭ അതിർത്തിയിലുള്ള 1300 അയൽക്കൂട്ടങ്ങളിലെ 10,0000ത്തോളം വരുന്ന അംഗങ്ങളെ വിവിധ സ്ഥലങ്ങളിൽ വിളിച്ചു ചേർക്കുവാനും ലഘുലേഖകളുമായി വീടുകളിൽ ചെന്ന് കൊറോണ ബോധവത്ക്കരണം നടത്തുവാനും തീരുമാനിച്ചു. ആശവർക്കമാർ, എ ഡി എസ്, സി ഡി എസ് പ്രതിനിധികൾ, അങ്കണവാടി ജീവനക്കാർ തുടങ്ങിയവരും അണിനിരക്കും. നഗരസഭയുടെ നേതൃത്വത്തിൽ ശക്തമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്താനും തീരുമാനിച്ചതായി ചെയർമാൻ ഇല്ലിക്കൽ കുഞ്ഞുമോൻ പറഞ്ഞു. ചെയർമാൻ ഇല്ലിക്കൽ കുഞ്ഞുമോൻ അധ്യക്ഷത വഹിച്ചു. എ എ റസാക്ക്, ബഷീർ കോയാപറമ്പിൽ, ഡി ലക്ഷ്മണൻ, ആർ ആർ ജോഷിരാജ്, വി എൻ വിജയകുമാർ എന്നിവർ സംസാരിച്ചു.

# ബ്രേക്ക് ദ ചെയിൻ കാംപെയ്ൻ: കളക്ടറേറ്റിൽ സാനിറ്റൈസർ കിയോസ്ക് സ്ഥാപിച്ചു

ആലപ്പുഴ: കോവിഡ് 19ന്റെ വ്യാപനം തടയുന്നതിനായി സംസ്ഥാനത്ത് നടപ്പാക്കുന്ന 'ബ്രേക്ക് ദ ചെയിൻ' കാംപെയിന്റെ ഭാഗമായി ജില്ലാ ഭരണകൂടവും ശുചിത്വ മിഷനും ചേർന്ന് കളക്ടറേറ്റിൽ സാനിറ്റൈസർ കിയോസ്ക് സ്ഥാപിച്ചു. കലക്ടറേറ്റിന്റെ പ്രവേശന കവാടത്തിൽ സ്ഥാപിച്ച സാനിറ്റൈസർ കിയോസ്കിന്റെ ഉദ്ഘാടനം ജില്ല കളക്ടർ എം. അഞ്ജന നിർവ്വഹിച്ചു.

വിവിധ ആവശ്യങ്ങൾക്കായി കളക്ടറേറ്റിൽ എത്തുന്ന പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും കോവിഡ് 19 വൈറസിൽ നിന്ന് പ്രതിരോധം ഉറപ്പാക്കാനാണ് ഇത്തരത്തിൽ സാനിറ്റൈസർ കിയോസ്ക് സ്ഥാപിച്ചത്.ശുചിത്വ മിഷൻ ജില്ല കോ-ഓർഡിനേറ്റർ പി.വി ജയകുമാരി, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ കെ.പി ലോറൻസ്, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുത്തു.

ജില്ലയിലെ പ്രധാനകേന്ദ്രങ്ങളിലും പ്രധാന വ്യാപാരസ്ഥാപനങ്ങൾക്ക് മുമ്പിലും ബ്രേക്ക് ദ ചെയിൻ കാംപെയിനിന്റെ ഭാഗമായി സാനിറ്റൈസർ കിയോസ്ക് സജ്ജീകരിക്കും. ഇതു സംബന്ധിച്ച് ജില്ല കളക്ടർ വിവിധ സംഘടനകളുമായി ചർച്ച നടത്തി. സ്ഥാപനങ്ങൾക്ക് മുമ്പിലും പ്രധാനകേന്ദ്രങ്ങളിലുമായി 20 സാനിറ്റൈസർ കിയോസ്കുകൾ വ്യാപാരി വ്യവസായി ഏകോപന സമിതി സജ്ജീകരിക്കും. ഇതിനായി 20 ലിറ്റർ സാനിറ്റൈസർ എസ്.ഡി. കോളജും സെന്റ് മൈക്കിൾസ് കോളേജും തയ്യാറാക്കി നൽകി. ലയൺസ് ക്ലബ്, റോട്ടറി ക്ലബ്ബ്, ഫെഡറൽ ബാങ്ക്, സിൻഡിക്കേറ്റ് ബാങ്ക് എന്നിവയുടെ സഹായത്തോടെ കൂടുതൽ സാനിറ്റൈസർ നിർമാണത്തിനുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കും. ഇവ ഉപയോഗിച്ച് വിവിധ കോളേജുകൾ സാനിറ്റൈസർ നിർമിച്ച് നൽകാൻ തയ്യാറായിട്ടുണ്ട്. കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി വിവിധ ഇടങ്ങളിൽ

കിയോസ്കുകൾ സ്ഥാപിക്കുന്നതിന്റെ ഏകോപന ചുമതല ശുചിത്വമിഷനാണ്. ഗ്രാമ പഞ്ചായത്ത് -ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകൾ, മറ്റ് സർക്കാർ സ്ഥാപനങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ കൂടുന്ന ഇടങ്ങൾ എന്നിവിടങ്ങളിലും സാനിറ്റൈസർ ലഭ്യമാക്കാനുള്ള നടപടികൾ ജില്ലാഭരണകൂടം തുടങ്ങി.

കളക്ടറേറ്റിൽ സ്ഥാപിച്ച സാനിറ്റൈസർ ബൂത്ത് ജില്ലാ കലക്ടർ എം. അഞ്ജന കൈകൾ കഴുകി ഉദ്ഘാടനം ചെയ്യുന്നു

# കോവിഡ് ബാധിത രാജ്യങ്ങളിൽ നിന്ന് വന്നവർ ആരോഗ്യ വകുപ്പുമായി ബന്ധപ്പെടണം

ആലപ്പുഴ: കോവിഡ് ബാധിത രാജ്യങ്ങളിൽ നിന്ന് വിവിധ എയർപോർട്ടുകൾ വഴി ആലപ്പുഴ ജില്ലയിൽ എത്തിയിട്ടുള്ള മുഴുവൻ പേരും സ്വമേധയാ വീടുകളിൽ തന്നെ കഴിയേണ്ടതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചു. എത്തിച്ചേർന്നതിന്റെ വിശദാംശങ്ങൾ ഉടൻതന്നെ ആരോഗ്യവകുപ്പിന്റെ കൺട്രോൾ റൂമിൽ (0477 2239999) അറിയിക്കുകയും വേണം. കോവിഡ് ബാധിത രാജ്യങ്ങളിൽനിന്ന് വന്നവർ സ്വമേധയാ ആരോഗ്യവകുപ്പിനെ അറിയിക്കുന്നില്ലെന്ന് കണ്ടതിനെ തുടർന്നാണ് ജില്ലാ കലക്ടറുടെ ഈ നിർദ്ദേശം.

ഇപ്രകാരം വന്നവർ കുടുംബാംഗങ്ങൾ ഉൾപ്പെടെയുള്ളവരുമായി സമ്പർക്കത്തിലേർപ്പെടരുത്. ഇവർ ആരോഗ്യ വകുപ്പുമായി ഉടൻ ബന്ധപ്പെടേണ്ടത് സ്വന്തം രോഗപ്രതിരോധത്തിനും സമൂഹത്തിലെ മറ്റുള്ളവരുടെ ആരോഗ്യത്തിനും അത്യന്താപേക്ഷിതമാണെന്നും കലക്ടർ പറഞ്ഞു.നിരീക്ഷണത്തിലുള്ള കാലയളവിൽതെങ്കിലും തരത്തിലുള്ള അസുഖലക്ഷണങ്ങൾ കാണുകയാണെങ്കിൽ ആരോഗ്യവകുപ്പിനെ അറിയിച്ചതിനുശേഷം മാത്രം നിർദ്ദേശങ്ങൾക്കനുസൃതമായി ചികിത്സ തേടണമെന്ന് ജില്ലാ കളക്ടർ അറിയിച്ചുവിദേശ രാജ്യങ്ങളിൽ നിന്നും എത്തിയവർ വീടുകളിൽ 14 ദിവസം ഐസൊലേഷനിൽ നിർബന്ധമായും കഴിയേണ്ടതാണ്.